# അനുഗ്രഹം തലമുറകളിലേയ്ക്ക്

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# അനുഗ്രഹം തലമുറകളിലേയ്ക്ക്


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി – 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 683 562**

●

Cover Page & Design
Binu Varghese
Dentcare Dental Lab Pvt. Ltd., Muvattupuzha

●

Printed at
Five Star Offset Printers, Kochi

●

Price: ` 80


●


All rights reserved with the publisher

# ആമുഖം

അനുഗ്രഹം ദൈവത്തിന്റെ വാഗ്ദത്തമാണ്. ഉല്പത്തി പുസ്തകത്തിന്റെ താക്കോൽ വാക്ക് അനുഗ്രഹം എന്നതാണ്. അബ്രാഹം അനുഗ്രഹിക്കപ്പെട്ടു. അബ്രാഹാമിന്റെ മകനായ യിസ്ഹാക്ക് അനുഗ്രഹിക്കപ്പെട്ടു. യിസ്ഹാക്കിന്റെ മകനായ യാക്കോബ് അനുഗ്രഹിക്കപ്പെട്ടു. യാക്കോബിന്റെ മകനായ യോസേഫ് അനുഗ്രഹിക്കപ്പെട്ടു.

ദൈവത്തിന്റെ വചനം അനുസരിക്കുമ്പോഴാണ് അനുഗ്രഹം ലഭിക്കുന്നത്. വചനം ലഭിച്ചപ്പോൾ അബ്രാഹാം, പിതൃദേശത്തേയും പിതൃഭവനത്തേയും വിട്ട് എങ്ങോട്ടെന്നറിയാതെ പുറപ്പെട്ടു. കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോകുക എന്നാണ് അരുളപ്പാട്. എങ്ങോട്ടെന്നറിയാതെ പുറപ്പെടാൻ കാരണം ദൈവത്തിലുള്ള വിശ്വാസമായിരുന്നു. യിസ്ഹാക്ക് കൈകാലുകൾ കെട്ടപ്പെട്ട് യാഗപീഠത്തിൽ വധം പ്രതീക്ഷിച്ചു കിടക്കുവാൻ കാരണം അപ്പന്റെ ദൈവത്തിലുള്ള വിശ്വാസമാണ്. ഒരു നിർണ്ണായക സമയം വന്നപ്പോൾ യാക്കോബ് പ്രാർത്ഥനയിൽ പോരാടിയത്, “നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല” എന്ന നിർബ്ബന്ധപൂർവ്വമായ പ്രാർത്ഥനയോടെയായിരുന്നു. യൗസേഫിന്റെ ജീവിതത്തിലുടനീളം അനുഗ്രഹസമൃദ്ധിയാണ് കാണുന്നത്. അനുഗ്രഹം ലഭിക്കും എന്ന ഉറച്ച വിശ്വാസം വരാൻ കാരണം ദൈവം യൗസേഫിന് കൊടുത്ത സ്വപ്നങ്ങളാണ്. സ്വപ്നം പേറിക്കൊണ്ട് 30 വയസ്സുവരെ ജീവിച്ചതിനുശേഷമാണ് സ്വപ്നം

സാക്ഷാത്ക്കരിക്കുന്നത്.

തലമുറകളിലൂടെ പകർന്നു വരുന്ന അനുഗ്രഹം നമുക്കും സമ്പാദിക്കാം എന്ന മഹത്തായ ലക്ഷ്യം നമുക്കുണ്ടാകുമെങ്കിൽ വരുംകാലതലമുറകളിലേക്ക് ദൈവികാനുഗ്രഹം കൈമാറാൻ സാധിക്കും. യെശയ്യാവിന്റെ പ്രവചനം എട്ടാം അദ്ധ്യായം 16-ാം വാക്യം: "സാക്ഷ്യം പൊതിഞ്ഞുകെട്ടുക; എന്റെ ശിഷ്യന്മാരുടെ ഇടയിൽ ഉപദേശം മുദ്രയിട്ട് വയ്ക്കുക"എന്നു കാണുന്നു. ലിവിംഗ് ബൈബിളിൽ അത്: "Write down all these things I am going to do, says the Lord, and seal them up for the future. Entrust them to some godly man to pass on down to godly men of future generations."

ദൈവത്തിന്റെ അനുഗ്രഹം തലമുറകൾക്ക് പകർന്നു കൊടുക്കേണ്ടതാണ്. "ഞാൻ ആയിരം തലമുറയോളം ദയ കാണിക്കുമെന്നാണ് പുറപ്പാട് പുസ്തകം 20 : 5 ൽ കാണുന്നത്. അതുതന്നെ പുറപ്പാട് 34 : 7, സംഖ്യാപുസ്തകം 14 :17, ആവർത്തനപുസ്തകം 5 : 4; യിരമ്യാവ് 32 : 8 എന്നീ വേദഭാഗങ്ങളിൽ കാണാം.

തലമുറകൾക്ക് കൈമാറാനുള്ള ദൈവിക അനുഗ്രഹം പ്രാപിക്കാൻ എന്റെ അനുവാചകർക്ക് സാധിക്കട്ടെ എന്നാണ് ഈ ഗ്രന്ഥരചനയിൽക്കൂടെ ഞാൻ ആഗ്രഹിക്കുന്നത്.

അഹരോന്റെ ശവസംസ്ക്കാരസമയത്ത് മോശയുടെ പാട്ട് 90-ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നു:

> *"കർത്താവേ, നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു; പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു."*
>
> *സങ്കീർത്തനങ്ങൾ 90 : 1, 2*

നിത്യനായ ദൈവത്തെ സ്നേഹിച്ചും ദൈവത്തിന്റെ വചനത്തെ ആദരിച്ച് അനുസരിച്ചും പോകുവാൻ കർത്താവായ യേശുക്രിസ്തു നിങ്ങൾക്ക് സകല അനുഗ്രഹവും നൽകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ രചനയിൽ അദ്ധ്വാനിച്ച എന്റെ ആത്മീയ സഹോദരങ്ങളോട് നന്ദി പറഞ്ഞുകൊള്ളട്ടെ. ഏവർക്കും അനുഗ്രഹങ്ങളും സകല ഭാവുകങ്ങളും നേർന്നുകൊണ്ട്,

നിങ്ങളുടെ സ്വന്തം,
**എം.വൈ. യോഹന്നാൻ സാർ.**

# ഒന്ന്

*"അബ്രാഹാമിന്റെ ആയുഷ്ക്കാലം നൂറ്റെഴുപത്തഞ്ചു സംവത്സരം ആയിരുന്നു. അബ്രാഹാം വയോധികനും കാലസമ്പൂർണ്ണനുമായി നല്ല വാർദ്ധക്യത്തിൽ പ്രാണനെ വിട്ടു മരിച്ചു, തന്റെ ജനത്തോടു ചേർന്നു. അവന്റെ പുത്രന്മാരായ യിസ്ഹാക്കും യിശ്മായേലും കൂടി മമ്രേക്കരികെ സോഹരിന്റെ മകനായ എഫ്രോനെന്ന ഹിത്യന്റെ നിലത്തു മക്പേലാഗുഹയിൽ അവനെ അടക്കം ചെയ്തു. അബ്രാഹാം ഹിത്യരോടു വിലയ്ക്കു വാങ്ങിയ നിലത്തു തന്നേ; അവിടെ അബ്രാഹാമിനെയും അവന്റെ ഭാര്യയായ സാറയെയും അടക്കം ചെയ്തു."*

*ഉല്പത്തി 25 : 7 – 10*

അബ്രാഹാമിന്റെ ജീവചരിത്രം വളരെ വിശാലമായും വിപുലമായും ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഉല്പത്തി പുസ്തകത്തിൽ വരച്ചുതരികയാണ്. വിശ്വാസികളുടെ പിതാവായ അബ്രാഹാമിന്റെ ജീവചരിത്രം! വിശ്വാസിയായ ഒരു മനുഷ്യൻ എങ്ങനെയെല്ലാമാണ് ജീവിക്കുന്നത് എന്നും വിശ്വാസിയുടെ ജീവിതത്തിന്റെ കാൽച്ചുവടുകൾ നമുക്ക് എങ്ങനെയെല്ലാം പിൻപറ്റാൻ പറ്റുമെന്നും വിശ്വാസജീവിതത്തിലൂടെ നാം മുന്നേറുമ്പോൾ നമുക്ക് വരുന്ന വിഘ്നങ്ങളും പ്രതിസന്ധികളും എന്തെല്ലാം ആയിരിക്കുമെന്നും അതിലെല്ലാം ജയിച്ചു മുന്നേറുന്ന വിശ്വാസിയുടെ അനുഭവത്തിന്റെ പശ്ചാത്തലം എന്താണെന്നും വളരെ വ്യക്തമായി വരച്ചു കാണിച്ചുതരുന്ന

മനോഹരമായ വേദഭാഗമാണ് അബ്രാഹാമിന്റെ ജീവചരിത്രം ഉൾക്കൊണ്ടിരിക്കുന്ന ഉല്പത്തിപുസ്തകത്തിലെ അദ്ധ്യായങ്ങൾ.

നാം വിശ്വാസികളാണ്; വിശ്വാസത്തിന്റെ പാതയിലൂടെ മുന്നേറുവാൻ വിളിക്കപ്പെട്ടവരാണ്; ദൈവത്തിന്റെ സ്വർഗ്ഗീയമായ വിളി ലഭിച്ചവരാണ്. പരിശുദ്ധാത്മാവിന്റെ ആകർഷണം ലഭിച്ചവരാണ് നാം. യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ അത്ഭുതശക്തിയുടെ സ്വാധീനത്തിൽ വലയം ചെയ്യപ്പെട്ടവരാണ്. അതുകൊണ്ടാണ് നാം വചനം കേൾക്കുകയും വായിക്കുകയും ചെയ്യുന്നത്.

നാം ഒരു വിശേഷജനമാണ്. വിളിക്കപ്പെട്ട, തെരഞ്ഞെടുക്കപ്പെട്ട ജാതിയാണ്. വിളിക്കപ്പെട്ടവർ! തെരഞ്ഞെടുക്കപ്പെട്ടവർ! നാം ഒരു പദവിയുറ്റ ജനമാണ്.

നിത്യനായ ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഈ ഭൂമിയിലാക്കി. മനുഷ്യനെ പരമോന്നത നന്മയിലേക്കു നയിക്കാനുള്ള ദൈവത്തിന്റെ അഗാധമായ സ്നേഹത്തിന്റെ വ്യക്തമായ പ്രതിഫലനമാണ് വിശ്വാസികളുടെ ജീവിതത്തിൽക്കൂടി കാണുന്നത്.

അബ്രാഹാം ദൈവത്തിന്റെ ശബ്ദം കേട്ടു പുറപ്പെട്ടു. ദൈവത്തിന്റെ വചനം കേട്ട്, ദൈവത്തിന്റെ വചനം വിശ്വസിച്ച് ജീവിച്ചു. ദൈവത്തിന്റെ വചനം അനുസരിച്ച് വചനത്തിൽ നിന്നു കടുകിട മാറാതെ ജീവിച്ചു. ഉല്പത്തി ഇരുപത്തിയഞ്ചാം അദ്ധ്യായം ഏഴാം വാക്യം മുതൽ വായിക്കുമ്പോൾ അബ്രാഹാമിന്റെ മരണമാണ് കാണുന്നത്.

ഒരു നീണ്ട യാത്രയുടെ പര്യവസാനം! വിശ്വാസത്തിന്റെ ഒരു സുദീർഘമായ പ്രയാണത്തിന്റെ പര്യവസാനം! മനോഹരമാണത്.

അബ്രാഹാമിന്റെ ജീവിതാവസാനത്തിൽ നിന്ന് ചില പാഠങ്ങൾ നമുക്കു ലഭിക്കുന്നുണ്ട്. ഏതു തരത്തിലുള്ള

വിശ്വാസമാണ് ഒരു മനുഷ്യന് പിൻപറ്റാൻ സാധിക്കുന്നത് എന്നതിന്റെ മനോഹരമായ പാഠങ്ങൾ.

1. അബ്രാഹാം സമാധാനത്തോടെ മരിച്ചു. അത് ദൈവം അബ്രാഹാമിനു കൊടുത്ത ഒരു വാഗ്ദത്തവുമാണ്.

> *"അപ്പോൾ അവൻ അബ്രാഹാമിനോട്: നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്തു നാനൂറു സംവത്സരം പ്രവാസികളായിരുന്നു ആ ദേശക്കാരെ സേവിക്കും; അവർ അവരെ പീഡിപ്പിക്കുമെന്ന് നീ അറിഞ്ഞുകൊൾക. എന്നാൽ അവർ സേവിക്കുന്ന ജാതിയെ ഞാൻ വിധിക്കും; അതിന്റെ ശേഷം അവർ വളരെ സമ്പത്തോടുംകൂടെ പുറപ്പെട്ടുപോരും. നീയോ സമാധാനത്തോടെ നിന്റെ പിതാക്കന്മാരോടു ചേരും; നല്ല വാർദ്ധക്യത്തിൽ അടക്കപ്പെടും."*
>
> *ഉല്പത്തി 15 : 13 – 15*

സമാധാനത്തോടുകൂടിയുള്ള ഒരു മരണം! ദൈവം തരുന്ന ഏറ്റവും വലിയ ഭാഗ്യം അതാണ്. ആശ്വാസകരമായ ഒരു മരണം! സംതൃപ്തിയോടെയുള്ള മരണം! ചെയ്യേണ്ടതു ചെയ്തു തികച്ചു എന്ന സമാധാനത്തോടെയുള്ള മരണം! ഒന്നും ഇനി പൂർത്തീകരിക്കാനില്ല, ദൈവം എന്നെക്കുറിച്ച് കണ്ടിട്ടുള്ളതെല്ലാം ചെയ്യാൻ എനിക്കു ഭാഗ്യം ലഭിച്ചല്ലോ എന്ന സംതൃപ്തിയോടെയുള്ള മരണം!

എപ്പോൾ കടന്നുപോയാലും ഏതു സാഹചര്യത്തിൽ കടന്നുപോയാലും സമാധാനത്തോടെ കടന്നുപോകുവാൻ നമുക്ക് സാധിക്കണം.

നാം ഓരോരുത്തരും ഒരു ദിവസം ഈ ഭൂമിയിൽനിന്നു മാറ്റപ്പെടും. എപ്പോഴാണെന്ന് നമുക്ക് അറിഞ്ഞുകൂടാ. ഒരു ദിവസം നാം ലോകത്തോടു യാത്ര പറയും. കർത്താവായ യേശുവിന്റെ വരവു താമസിക്കുന്നെങ്കിൽ ഇന്ന് ഈ വാക്കുകളെ വായിക്കുന്ന എല്ലാവരും ഈ ഭൂമിയിൽനിന്ന്

മരണം എന്ന വാതിലിൽക്കൂടി അപ്പുറം ലോകത്തിലേക്കു കടക്കും; നിത്യതയിലേക്ക് കടക്കും. അക്കാര്യത്തിൽ നമുക്കാർക്കും സംശയമില്ല. മരണം സുനിശ്ചിതമാണ്.

ജോസഫ് സ്റ്റാലിൻ എന്ന റഷ്യൻ ഭരണാധികാരി മരിക്കാതിരിക്കണമെന്ന് ആഗ്രഹിച്ചു. അതിന്, കിട്ടാവുന്ന എല്ലാ വൈദ്യസഹായവും അദ്ദേഹം തേടി. മരിക്കാതിരിക്കാൻ വേണ്ടി അദ്ദേഹം തന്റെ കഴിവും പണവും എല്ലാം ചെലവഴിച്ചു.

മരണം കൂടാതെ ജീവിച്ചു ജീവിച്ച് മരണമില്ലാത്ത ഒരു അനുഭവം നേടണമെന്ന് അദ്ദേഹം കൊതിച്ചു. എന്നും രാവിലെയും വൈകുന്നേരത്തും ഡോക്ടർമാർ അദ്ദേഹത്തെ പരിശോധിക്കുമായിരുന്നു. അദ്ദേഹത്തിന് എട്ട് കിടപ്പുമുറികൾ ഉണ്ടായിരുന്നു. അദ്ദേഹം ഒരു ദിവസം കിടക്കുന്ന മുറിയിൽ അടുത്ത ദിവസം കിടക്കുകയില്ല. എവിടെയാണ് കിടക്കുന്നത് എന്നാർക്കും അറിയാനും പറ്റുകയില്ല. അത്രമാത്രം രഹസ്യ സ്വഭാവമുള്ള ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്.

ഏതു സമയത്തും ആപത്തുവരാം എന്ന് അദ്ദേഹം പ്രതീക്ഷിച്ചിരുന്നു. പക്ഷേ, മരണം വരരുത് എന്ന് അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ വളരെ നിരാശയോടുകൂടെ വലിയ സങ്കടത്തോടുകൂടെ മനസ്സു മടുത്ത്, പല്ലിറുമ്മി, എല്ലാവരേയും ശപിച്ച് അദ്ദേഹം കടന്നുപോയി എന്നാണ് അദ്ദേഹത്തിന്റെ മകൾ സ്വെറ്റ്ലാന സ്റ്റാലിൻ എഴുതിയിരിക്കുന്നത്.

അപ്പന്റെ മരണത്തെക്കുറിച്ച് ആ മകൾ ഭയത്തോടു കൂടിയാണ് എഴുതിയത്. മരണം, അത് വളരെ ക്രൂരമായിരുന്നു, മരണം അപ്പനെ ആക്രമിക്കുന്നതിന്റെ ആക്രോശങ്ങളും ദീനരോദനങ്ങളും ഞരക്കങ്ങളും അപ്പന്റെ ചുണ്ടിൽനിന്ന് വിതുമ്പി വിതുമ്പി വന്നുകൊണ്ടിരുന്നു.

എല്ലാറ്റിനേയും എല്ലാവരേയും അദ്ദേഹം ശപിച്ചിരുന്നു. നിരാശമുറ്റിയ ഒരു മരണം! ഈ ലോകത്തിൽ നിന്നു കടന്നുപോകുമ്പോൾ സമാധാനത്തോടെ കടന്നു പോകുവാൻ

നമുക്കു സാധിക്കുന്ന താണ് ഏറ്റവും വലിയ ഭാഗ്യം. അത് സാധിക്കണമെങ്കിൽ നമ്മുടെ ഹൃദയത്തിൽ ക്രിസ്തു ഉണ്ടായിരിക്കണം.

ക്രിസ്തു ഹൃദയത്തിലുണ്ടെങ്കിൽ ക്രിസ്തു ഉള്ളേടത്ത് നാം ചെല്ലും. ക്രിസ്തു പോകുന്നേടത്തു നാം ചെല്ലും. ക്രിസ്തുവിനോടുകൂടെ നാം ചെല്ലും. ക്രിസ്തുവിൽ നാം ലയിക്കും.

നിങ്ങളുടെ ജീവിതത്തിൽ യേശുക്രിസ്തു ഇപ്പോൾ വസിക്കുന്നുണ്ടോ? ക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയത്തിൽ വാഴുന്നുണ്ടോ? ക്രിസ്തു നിങ്ങളെ നിയന്ത്രിക്കുന്നുണ്ടോ? ക്രിസ്തുവിന്റെ വചനപ്രകാരമാണോ നിങ്ങൾ ജീവിക്കുന്നത്?

യേശുക്രിസ്തു വസിക്കത്തക്കവണ്ണം നിങ്ങളുടെ ഹൃദയം ഒരുങ്ങിയിരിക്കുന്നതാണോ? ക്രിസ്തു വെറുക്കുന്ന, ക്രിസ്തു വ്യസനിക്കുന്ന, ക്രിസ്തുവിൽനിന്ന് അന്യപ്പെട്ട ഏതെല്ലാം വികാരങ്ങളും വിചാരങ്ങളും മോഹങ്ങളുമാണ് നിങ്ങളുടെ ഹൃദയത്തിലുള്ളത്?

സ്നേഹിതരേ, ഇത് ചിന്തിക്കുമ്പോഴാണ് നമുക്കു മനസ്സിലാകുന്നത്: അയ്യോ, ഈ സ്ഥിതിയിൽ കടന്നുപോയാൽ ഞാൻ നിരാശയോടുകൂടി കടന്നുപോകേണ്ടി വരുമല്ലോ, സങ്കടത്തോടുകൂടി കടന്നുപോകേണ്ടിവരുമല്ലോ എന്ന്.

സുപ്രസിദ്ധ സുവിശേഷകനായ ഡി.എൽ. മൂഡി മരിക്കാറായിക്കിടക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യയും മകൻ വില്യമും അടുത്തുണ്ട്. അദ്ദേഹം പറഞ്ഞു: “സ്വർഗ്ഗം എന്റെ മുമ്പിൽ തുറക്കുന്നു. ഒരു പുതിയ ലോകം ഞാൻ കാണുന്നു. മനോഹരമായ ഉദ്യാനം. മരണം എത്ര മധുരമാണ്! മരണം എത്ര സുന്ദരമാണ്! ഇത്രയും ഭാഗ്യവാനോ ഞാൻ!” അദ്ദേഹം പറയുകയാണ്: “ഇതാ ഭൂമി മാറി മാറിപ്പോകുന്നു! സ്വർഗ്ഗം അടുത്തടുത്തു വരുന്നു! ഞാൻ സ്വർഗ്ഗകവാടത്തിൽ

നിൽക്കുകയാണ്!"

കുറച്ചുനേരം അദ്ദേഹം അബോധാവസ്ഥയിൽ ആയി. അപ്പോൾ മരിക്കുകയാണെന്നു തോന്നി. അദ്ദേഹത്തിന്റെ ഭാര്യ കരയാൻ തുടങ്ങി. പെട്ടെന്നദ്ദേഹം കണ്ണ് തുറന്നു: "മമ്മാ, നീ കരയരുത്. ഞാനിതാ എന്റെ പ്രിയന്റെ അടുക്കലേക്ക് പോകുകയാണ്. മോനേ, വില്യം നീ കരയരുത്. ഇതാ, സുന്ദരമായ ഉദ്യാനങ്ങൾ ഞാൻ കാണുന്നു. മനോഹരമായ പൂന്തോട്ടങ്ങൾ ഞാൻ കാണുന്നു. സ്വർഗ്ഗം ഇത്ര മനോഹരമോ! ഭൂമി എന്റെ പിന്നിലേക്കു മാറിമാറിപ്പോകുന്നു!" പിന്നീട് അദ്ദേഹം ബോധംകെട്ടവനെപ്പോലെ കിടന്നു.

പെട്ടെന്ന് വീണ്ടും കണ്ണുതുറന്നു: "ഞാനിപ്പോൾ സ്വർഗ്ഗത്തിലേക്ക് കടന്നിട്ടാണ് തിരിച്ചു വരുന്നത്. എന്തുഭാഗ്യം! എന്തു സന്തോഷം! നിങ്ങൾ കരയരുത്. പ്രഭാതം പൊട്ടി വിടരുന്നു! ഞാൻ അങ്ങോട്ടു ചെല്ലട്ടെ! എന്റെ കർത്താവിന്റെ അരികിലേക്ക് ഞാൻ പോകട്ടെ!" സമാധാനത്തോടെ കണ്ണടച്ചു.

ജീവിതകാലം ക്രിസ്തുവിനുവേണ്ടി സമർപ്പിച്ചതിനു ശേഷം, ക്രിസ്തുവിനുവേണ്ടി ചെലവഴിച്ച്, ക്രിസ്തുവിനു വേണ്ടി ഓട്ടം ഓടിത്തികച്ച്, സംതൃപ്തിയോടെ കടന്നുപോകുന്ന ഒരു ദൈവദാസന്റെ ചിത്രം!

സമാധാനത്തോടെ കടന്നുപോകുക - എന്തൊരു ഭാഗ്യമാണത്! നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും വോൾട്ടയർ എന്ന ചിന്തകനെക്കുറിച്ച്. വലിയ തത്വജ്ഞാനിയായിരുന്നു. വോൾട്ടയർ ദൈവം ഇല്ല എന്ന് പറയുകയും പഠിപ്പിക്കുകയും ചെയ്തു. അദ്ദേഹം ഒരിക്കൽ പറഞ്ഞു: ഈ വേദപുസ്തകം എന്നുപറയുന്ന പഴഞ്ചൻ പുസ്തകം ഒരു അൻപതു കൊല്ലത്തിൽ കൂടുതൽ നിലനിൽക്കുകയില്ല. അത് ചവറ്റുകൊട്ടയിൽ എറിയപ്പെടും എന്ന്.

എന്നാൽ അദ്ദേഹം അത് എവിടെ ഇരുന്നു പറഞ്ഞുവോ ആ സ്ഥലം ഇന്ന് ഫ്രാൻസിലെ ബൈബിൾ സൊസൈറ്റിയുടെ

കേന്ദ്ര ആസ്ഥാനമാണ്. ലക്ഷോപലക്ഷം വേദപുസ്തക പ്രതികൾ സംഭരിച്ചു വച്ചിരിക്കുന്ന ഗോഡൗൺ!

അദ്ദേഹം മരിക്കാൻ കിടക്കുമ്പോൾ തീർത്തും നിരാശനായിരുന്നു. അദ്ദേഹം ഒരിക്കൽ ഏങ്ങലടിച്ചു കരഞ്ഞു കൊണ്ട് സ്നേഹിതരോട് പറഞ്ഞു: "എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഒരു ദൈവദാസനെ വിളിച്ചുകൊണ്ടു വരാമോ?"

"അയ്യോ! അങ്ങ് എന്താണീപ്പറയുന്നത്? നാമിതെല്ലാം എത്രയോ തവണ ചിന്തിച്ച കാര്യമാണ്. ദൈവമില്ല എന്നല്ലേ അങ്ങ് പഠിപ്പിച്ചത്? ഞങ്ങൾ അതല്ലേ വിശ്വസിക്കുന്നത്?" അദ്ദേഹം പല്ലിറുമ്മിക്കൊണ്ടു പറഞ്ഞു: "വേഗം ചെല്ലൂ. നിങ്ങൾ എന്നെ ഉപേക്ഷിക്കല്ലേ" അവർ പോയില്ല. അദ്ദേഹം വളരെ വേദനയോടും കോപത്തോടും കൂടി പറഞ്ഞു. "ദൈവം എന്നെ ഉപേക്ഷിച്ചു. നിങ്ങളും എന്നെ ഉപേക്ഷിച്ചോ?"

അദ്ദേഹത്തിന്റെ ദീനരോദനങ്ങൾ, ദയനീയമായ പ്രലപനങ്ങൾ കേട്ടുകൊണ്ട് അടുക്കൽ ശുശ്രൂഷിച്ചുകൊണ്ടു നിന്ന നേഴ്സ് പിന്നീട് പറഞ്ഞു: "ഈ ഫ്രാൻസിന്റെ സ്വത്ത് മുഴുവൻ എനിക്കു തന്നാലും ഇനി ഞാൻ ഒരു നിരീശ്വരനെ മരണക്കിടക്കയിൽ ശുശ്രൂഷിക്കയില്ല. ആ മരണം കാണാൻ എനിക്കു വയ്യാ."

അവസാനത്തോടടുത്തപ്പോൾ അദ്ദേഹം മാറി മാറി സ്നേഹിതരെ നോക്കിയിട്ടു പറഞ്ഞു: "അയ്യോ! നരകത്തിന്റെ തീയിലേക്ക് ഞാൻ താണുതാണു പോകുന്നല്ലോ. എന്നെ രക്ഷിക്കാൻ ആരുമില്ലേ? എന്നെ വിടുവിക്കാൻ ആരുമില്ലേ? അയ്യോ! ഞാൻ താണു താണു പോകുന്നു." അദ്ദേഹം നിരാശയോടെ, സങ്കടത്തോടെ, ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട് മരണത്തെ നേരിട്ടു.

അബ്രാഹാമിനെക്കുറിച്ച് നാം വായിക്കുന്നത്, അബ്രാഹാം സമാധാനത്തോടെ കടന്നുപോയി എന്നാണ്.

എന്റെ കർത്താവേ, എനിക്ക് ഇനിയുള്ളകാലം ഒരു വിശ്വാസിയായി ജീവിക്കണം. ക്രിസ്തുവിശ്വാസിയായി, എനിക്കുവേണ്ടി ക്രൂശിൽ ജീവൻ ത്യജിച്ച യേശുക്രിസ്തുവിന്റെ ഒരു പൈതലായി എനിക്കു ജീവിക്കണം. കർത്താവേ, ഞാൻ അതിനായി എന്റെ ദേഹവും ദേഹിയും ആത്മാവും തിരുമുമ്പാകെ സമർപ്പിക്കുന്നു. കർത്താവേ, നിത്യശിക്ഷയിലേക്ക് എന്നെ പറഞ്ഞുവിടല്ലേ. നിന്റെ ജീവന്റെ വചനം ഉൾക്കൊള്ളുവാൻ ഭാഗ്യം തരണമേ. നിന്റെ വചനം സ്വീകരിച്ചു വചനപ്രകാരം ജീവിക്കുവാൻ കൃപ തരണമേ എന്നു നിങ്ങൾ പ്രാർത്ഥിക്കൂ.

തന്നെത്തന്നെ നിങ്ങൾക്കു തരുവാൻ ക്രൂശിൽ ബലിയായി അർപ്പിച്ച യേശു ഇപ്പോൾ നിങ്ങളുടെ അരികത്തു വന്നു നിൽക്കുന്നുണ്ട്. മകനേ, നിന്റെ ജീവിതം നഷ്ടപ്പെടുത്താനുള്ളതല്ല. മകളേ, നിന്റെ ജീവിതം പാഴാക്കാനുള്ളതല്ല. ശ്രേഷ്ഠമായ അനുഭവങ്ങളിലേക്ക് നടന്നു കയറാനുള്ളതാണ് നിന്റെ ജീവിതം. ഉന്നതമായ അനുഗ്രഹത്തിന്റെ ശ്രേണികളിലേക്ക് കുതിച്ചുകയറാനുള്ളതാണ് നിന്റെ ജീവിതം.

യേശുവിന്റെ തിരുരക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. അവന്റെ കരങ്ങളിലേക്ക് നിങ്ങളെത്തന്നെ കൊടുക്കുവിൻ. അവനോടു നിങ്ങൾ വാക്കുപറയുവിൻ.

കർത്താവേ, എന്റെ ജീവിതം ഇതുവരെയും നിന്നെ അറിയാതെ പാഴാക്കിക്കളഞ്ഞു. എന്നാൽ ഇന്ന് എന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു. നാഥാ! ഞാൻ പാപത്തിന്റെ അടിമയായും സാത്താന്റെ സേവകനായും ജീവിച്ചുപോയി. എന്റെ ആത്മാവിന്റെ ഭയാനകമായ സ്ഥിതി ഞാൻ അറിഞ്ഞില്ല. ഇന്ന് ഞാൻ ഇതറിഞ്ഞുകൊണ്ട് സ്വർഗ്ഗത്തിന്റെ അവകാശിയാകുന്ന ക്രിസ്തുവിന്റെ കരങ്ങളിലേക്ക് എന്നെ ഏൽപ്പിച്ചു തരുന്നു. എന്നെ സ്വീകരിക്കണമേ.

# രണ്ട്

*"ഇവർ എല്ലാവരും വാഗ്ദത്തനിവൃത്തി പ്രാപിക്കാതെ ദൂരത്തുനിന്ന് അതുകണ്ട് അഭിവന്ദിച്ചും ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്ന് ഏറ്റുപറഞ്ഞുംകൊണ്ട് വിശ്വാസത്തിൽ മരിച്ചു."*

*എബ്രായർ 11 : 13*

ജീവിച്ചത് എത്രകാലം എന്നുള്ളതല്ല, ജീവിച്ചകാലം പൂർത്തീകരിച്ച് ജീവിതാന്ത്യത്തെ അഭിമുഖീകരിക്കുന്നത് എങ്ങനെ എന്നുള്ളതാണ് ജീവിതത്തിന്റെ ശ്രേഷ്ഠതയുടെ ഉരകല്ല്. നാം എങ്ങനെ ജീവിച്ചു എന്നുള്ളതിനെ മാത്രം അടിസ്ഥാനമാക്കിയാണ് നമ്മുടെ ജീവിതാന്ത്യം.

ഇവിടെ അബ്രാഹാമിന്റേയും മറ്റു പൂർവ്വികപിതാക്കന്മാരുടെയും കാര്യങ്ങൾ വിവരിച്ചുകൊണ്ട് പരിശുദ്ധാത്മാവ് രേഖപ്പെടുത്തുകയാണ്: "ഇവരെല്ലാവരും വാഗ്ദത്ത നിവൃത്തി പ്രാപിക്കാതെ ദൂരത്തുനിന്ന് അതുകണ്ട് അഭിവന്ദിച്ചും ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്ന് ഏറ്റുപറഞ്ഞും കൊണ്ട് വിശ്വാസത്തിൽ മരിച്ചു."

*"അബ്രാഹാം വയോധികനും കാലസമ്പൂർണ്ണനുമായി നല്ല വാർദ്ധക്യത്തിൽ പ്രാണനെവിട്ടു മരിച്ചു, തന്റെ ജനത്തോടു ചേർന്നു."* *ഉല്പത്തി 25 :8*

നല്ല വാർദ്ധക്യത്തിൽ അബ്രാഹാം മരിച്ചു, വയോധികനായി ജീവിതം പൂർത്തീകരിച്ച്, നൂറ്റിഎഴുപത്തിയഞ്ചാമത്തെ വയസ്സിൽ അബ്രാഹാം ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടു. നീണ്ട ഒരു കാലഘട്ടം! തിരിഞ്ഞുനോക്കുമ്പോൾ തീർച്ചയായും

കാലിടറിയ കാലങ്ങളുണ്ട്; പല രംഗങ്ങളിൽ വീഴ്ചകൾ വന്നുപോയി. വിശ്വാസത്തിൽ വ്യതിചലനങ്ങൾ സംഭവിച്ചു പോയി. ജീവിതത്തിൽ പരാജയങ്ങൾ ചിലതെല്ലാം വന്നുപോയി. പക്ഷേ, ആ പരാജയങ്ങളിൽ നിന്നെല്ലാം ദൈവം അബ്രാഹാമിനെ ഉദ്ധരിച്ച്, യഥാസ്ഥാനപ്പെടുത്തി, ജയിപ്പിച്ച് നയിച്ചുകൊണ്ടിരുന്നു. അവസാനത്തിലേക്ക് സമാധാനത്തോടെ എത്തിച്ചേരുവാൻ ദൈവം അബ്രാഹാമിന്റെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിച്ചു.

പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിലും നമുക്ക് പരാജയങ്ങൾ വന്നിട്ടുണ്ട്. പല പല കേടുകൾ സംഭവിച്ചിട്ടുണ്ട്. പോരായ്മകൾ വന്നിട്ടുണ്ട്; ക്ഷീണങ്ങൾ സംഭവിച്ചിട്ടുണ്ട്. ജീവിതത്തിൽ തെറ്റുകൾ പറ്റിയിട്ടുണ്ട്. ആരും കുറ്റവിമുക്തരല്ല. ഞാനെല്ലാം ശരിയായി ചെയ്തു എന്ന് പറയാൻ ആർക്കും സാധിക്കയില്ല. എന്നാൽ സ്നേഹവാനായ ദൈവം, നമ്മെ വാത്സല്യപൂർവ്വം പരിലാളിച്ച് ഇത്രയും കാലം നയിച്ചു, നടത്തി, ജീവിതത്തിന്റെ ഒരു ശോഭനകാലഘട്ടത്തിലേക്ക് എത്തിക്കുകയാണ്. നാം എല്ലാവരും ദൈവത്തിന്റെ പ്രത്യേക കരുതൽ ലഭിച്ചവരാണ്. ദൈവത്തിന്റെ സ്നേഹം ലഭിച്ചവരാണ്.

ദൈവം സ്നേഹിക്കുന്ന ജനം! തീർച്ചയായും നമുക്ക് പല പ്രശ്നങ്ങളും വന്നിട്ടുണ്ട്; മനസ്സിനെ അലട്ടുന്ന പല യാതനകളും വന്നിട്ടുണ്ട്. ദുരിതങ്ങൾ ഏറെ നമുക്ക് വന്നിട്ടുണ്ട്. ഒട്ടേറെ പ്രതിസന്ധികളെ അതിജീവിക്കേണ്ടി വന്നിട്ടുണ്ട്. പ്രശ്നങ്ങൾ നമ്മെ തുറിച്ചുനോക്കുന്ന അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ പലരുടേയും മനസ്സ് പുകഞ്ഞിട്ടുണ്ട്, ഹൃദയം നീറിയിട്ടുണ്ട്, പലപ്പോഴും നൈരാശ്യം വന്നവരുമുണ്ട്.

ഒരിക്കൽ ലണ്ടൻ നഗരത്തിൽ ഒരു വൈകുന്നേര സമയം ഒരാൾ ഒരു വീട്ടിൽ നിന്നിറങ്ങി. അദ്ദേഹം റോഡിൽ എത്തി ഒരു വാടകക്കുതിരവണ്ടി കാത്തു നിൽക്കുകയാണ്. വന്ന കുതിരവണ്ടി കൈകാണിച്ചു നിർത്തി അതിൽക്കയറി, 'തേംസ്' നദിയുടെ തീരത്തേക്ക് പോകുക എന്ന് വണ്ടിക്കാരനോട്

പറഞ്ഞു. അദ്ദേഹത്തിന്റെ മുഖം വളരെ ക്ഷീണിതമാണ്. ചിന്താപരവശനാണ്. അദ്ദേഹം മ്ലാനവദനനാണ്.

കുതിരവണ്ടി ഓടിക്കുന്ന ആൾ അതൊന്നും ശ്രദ്ധിച്ചില്ല. കുറെ നേരം കഴിഞ്ഞപ്പോൾ കട്ടിക്കൂരിരുട്ട് പോലത്തെ കനത്ത മൂടൽമഞ്ഞ്. വഴി തിരിച്ചറിയാൻ വയ്യാതെയായി. ആ കുതിരവണ്ടിക്കാരൻ കുറെനേരം ഇങ്ങനെ ഓടിച്ചുകൊണ്ടു പോയി. പല പല തെരുവുകൾ ഓടിച്ചു നടന്നു. പക്ഷേ, തേംസ് നദീതീരത്ത് എത്തുന്നില്ല.

ലണ്ടൻ നഗരത്തിൽ നല്ല പരിചയമുള്ള കുതിരവണ്ടി ക്കാരനാണ്. പക്ഷേ, അദ്ദേഹത്തിന് മൂടൽമഞ്ഞ് കാരണം വഴി തിരിച്ചറിയാൻ പറ്റുന്നില്ല. എവിടെയെല്ലാമൊക്കെയോ വണ്ടി ചുറ്റിത്തിരിഞ്ഞ് ഒരു ഭാഗത്തെത്തിയപ്പോൾ വണ്ടിക്കാരൻ പറഞ്ഞു: എനിക്ക് സ്ഥലം പിടികിട്ടുന്നില്ല; ഇപ്പോൾ എവിടെയാണ് എത്തിയിരിക്കുന്നതെന്നും എനിക്കറിയാൻ പറ്റുന്നില്ല. നിങ്ങൾ ഇവിടെ ഇറങ്ങിക്കൊള്ളൂ; എനിക്ക് വണ്ടി ഓടിച്ചുകൊണ്ടു പോകാൻ പറ്റുന്നില്ല.

അങ്ങനെ വണ്ടിക്കാരൻ അദ്ദേഹത്തെ അവിടെ ഇറക്കി വിട്ടു. അദ്ദേഹത്തിനും മനസ്സിലാകുന്നില്ല സ്ഥലമേതാണെന്ന്. അദ്ദേഹം ആ മൂടൽമഞ്ഞിൽക്കൂടി തപ്പിത്തപ്പി നടന്നു. എവിടെയോ ഒരു ഭാഗത്ത് തൊട്ടപ്പോൾ ഒരു കുതിരയുടെ മുഖംപോലെ ആകൃതിയുള്ള ഒരു ഭാഗത്ത് അദ്ദേഹത്തിന്റെ കൈ തടഞ്ഞു. പെട്ടെന്നദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹത്തിന്റെ വീടിന്റെ ഗേറ്റിൽ ഒരു കുതിരയുടെ പ്രതിമ വച്ചിട്ടുണ്ട്. സ്വന്തം വീടിന്റെ മുറ്റത്ത് തന്നെ എത്തിയിരിക്കുന്നു എന്ന് അദ്ദേഹത്തിന് മനസ്സിലായി.

അദ്ദേഹം ഏങ്ങലടിച്ചുകൊണ്ട് വീട്ടിലേക്ക് ചെന്നുകയറി. അദ്ദേഹം ഓർത്തു: "എന്റെ ദൈവമേ, ഞാൻ മരിക്കാനായിട്ടാണ് പുറപ്പെട്ടത്. നദിയിൽ ചാടി ജീവിതം അവസാനിപ്പിക്കാനായി പുറപ്പെട്ടു. നിരാശയോടെ ജീവിതം അവസാനിപ്പിക്കാൻ പുറപ്പെട്ടതാണ്. എന്നാൽ ഞാൻ മരിക്കാൻ ദൈവമേ, നീ

എന്നെ അനുവദിച്ചില്ല. ഈ കനത്ത മൂടൽമഞ്ഞ് കാരണം ഞാനിതാ ചുറ്റിത്തിരിഞ്ഞ് അവസാനം ഇവിടെത്തന്നെ എത്തി. കർത്താവേ, എനിക്കിത് മനസ്സിലാകുന്നില്ല, ഇതെന്തൊരു സ്നേഹം! ഞാൻ എന്തിനാ മരിക്കാൻ ശ്രമിച്ചത്? എനിക്കിനിയും ജീവിതത്തിന് ഒരു നല്ലകാലം കിട്ടുമോ?"

അദ്ദേഹം അവിടെ ഇരുന്നു, ബൈബിൾ കൈയിൽ എടുത്ത് വായിക്കാൻ തുടങ്ങി. തിരുവചനത്തിൽ ചില ഭാഗങ്ങൾ വായിച്ചപ്പോൾ അദ്ദേഹത്തിന് ആശ്വാസമായി. യോഹന്നാന്റെ സുവിശേഷം പതിനാലാം അദ്ധ്യായം ആദ്യഭാഗം അദ്ദേഹം വായിച്ചു. അദ്ദേഹം ഏങ്ങലടിച്ചു കരയാൻ തുടങ്ങി.

*"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ."*

*യോഹന്നാൻ 14 : 1*

യേശുക്രിസ്തു അവസാനമായി തന്റെ ശിഷ്യന്മാരോട് പറയുന്ന വാക്കുകൾ.

അദ്ദേഹം ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട് ആ തിരുവചന ഭാഗം മുത്തിക്കൊണ്ട് മുട്ടിന്മേലിരുന്ന് പ്രാർത്ഥിച്ചു. തുടർന്ന് അദ്ദേഹം എഴുതിയത് വിശ്രുതമായ ഒരു കവിതയാണ്. അദ്ദേഹമാണ് ഇംഗ്ലീഷ് സാഹിത്യത്തിലെ സുപ്രസിദ്ധനായ 'വില്യം കൂപ്പർ' എന്ന കവി. ആ കവിതയുടെ ഒരു ചെറിയ ഭാഗം ഇങ്ങനെയാണ്.

God moves in mysterious ways
His wonders to perform
He plants His footsteps in the sea
And rides on the storm

നിഗൂഢമായ വഴികളിലൂടെ ദൈവം ചലിച്ചുകൊണ്ടിരിക്കുന്നു, അവന്റെ അത്ഭുതങ്ങൾ നിവർത്തിക്കുവാൻ, അവന്റെ അത്ഭുതങ്ങൾ നിറവേറ്റുവാൻ. സമുദ്രത്തിലെ തിരമാലകളുടെ മേൽ അവൻ തന്റെ പാദങ്ങൾ ചവിട്ടുന്നു. അവൻ

കൊടുങ്കാറ്റുകളുടെ മീതെ സവാരി ചെയ്യുന്നു.

കൊടുങ്കാറ്റൂതിയാലെന്ത്? കടലിന്റെ അലമാലകൾ തെറുത്തുയർന്നാലെന്ത്? കടൽ ആരവാരം മുഴക്കിയാലെന്ത്? വളരെ നിഗൂഢമായ വഴികളിലൂടെ, അത്യന്തം രഹസ്യമായ വഴികളിലൂടെ, അജ്ഞാതമായ പാതയിലൂടെ നിത്യനായ ദൈവം നമ്മെ നടത്തുന്നു. അവന്റെ അത്ഭുതങ്ങൾ അവൻ നിവർത്തിക്കുന്നു.

ഏതെല്ലാം കടമ്പകൾ ചാടിക്കടന്ന് നാം ഇവിടെ വരെയും വന്നു! പ്രതിസന്ധികളിലൂടെ നാം വന്നെത്തിച്ചേർന്നു. പ്രശ്നങ്ങളെ അഭിമുഖീകരിച്ച രംഗങ്ങൾ! പ്രയാസങ്ങൾ വന്ന അവസരങ്ങൾ! ഏങ്ങലടിച്ചു കരയേണ്ടിവന്ന സമയങ്ങൾ! എന്റെ വേദന കാണാൻ എനിക്ക് ആരുമില്ലല്ലോ എന്നോർത്ത് വിലപിച്ച സമയങ്ങൾ!

എന്റെ ദൈവമേ, ഒരിറ്റ് സ്നേഹം എനിക്ക് കിട്ടാനില്ലല്ലോ, ആരും എന്നെ സ്നേഹിക്കുന്നില്ലല്ലോ, എനിക്കൊരു കൈത്താങ്ങൽ തരാൻ ആരുമില്ലല്ലോ എന്നോർത്ത് വിങ്ങി വിതുമ്പിക്കഴിഞ്ഞ സമയങ്ങൾ! ഓരോന്നോരോന്ന് നിങ്ങൾ ഓർക്കുക. ആരും നിരാശപ്പെടണ്ട; ദൈവത്തിന്റെ കരം നമ്മെ പിടിച്ചുയർത്തി അത്ഭുതകരമായ വഴികളിലൂടെ നമ്മെ നടത്തിക്കൊണ്ട് പോകും. നിങ്ങൾ വിശ്വസിക്കൂ.

ഞാൻ വേറൊരു സംഭവം വായിച്ചു. ഒരു അപ്പനും മകനും! അപ്പൻ നല്ല സുവിശേഷകനാണ്. മകൻ പ്രാർത്ഥിക്കുന്ന ഒരു കുട്ടിയാണ്. സമർത്ഥനാണ്; വേദപുസ്തകം വായിക്കാൻ താത്പര്യമുള്ള കുട്ടിയാണ്. ദൈവത്തിന്റെ വേല ചെയ്യാൻ എല്ലാ ദിവസവും അപ്പനും മകനും വീട്ടിൽ നിന്നിറങ്ങും. അവരുടെ കൈയിൽ ചെറിയ പുസ്തകങ്ങളും ട്രാക്റ്റുകളുമുണ്ട്. അവർ ഓരോ വീട്ടിലും കയറിയിറങ്ങി പുസ്തകവും ട്രാക്റ്റും കൊടുത്തിട്ട് അവരോട് പറയും: “യേശു നിങ്ങളെ സ്നേഹിക്കുന്നു, യേശു നിങ്ങളെ കരുതുന്നു. ഞങ്ങൾക്ക് സമാധാനം തന്ന യേശു നിങ്ങൾക്ക് സമാധാനം തരും.”

ഒരു ദിവസം വലിയ മഴ! ഭയങ്കരമായ തണുത്ത കാറ്റ്! വീട്ടിൽ നിന്നിറങ്ങാൻ തോന്നുന്നില്ല. അപ്പൻ പറഞ്ഞു: “മോനേ ഇന്ന് പോകുന്നില്ല” മോൻ പറഞ്ഞു: “അയ്യോ, ഞാൻ ഡ്രസ്സ് ചെയ്തു, പോകാൻ ഞാൻ തയ്യാറായല്ലോ. നമുക്ക് പോകാം.”

“മോനേ, വയ്യ ഈ തണുപ്പത്ത് വയ്യ.” അപ്പൻ പറഞ്ഞു. അപ്പന് വിഷമമാണെങ്കിൽ ഞാനൊറ്റയ്ക്ക് പോയ്ക്കോട്ടേ? മകൻ ചോദിച്ചു. “നീ ഒറ്റയ്ക്ക് പോകണോ? നല്ല തണുത്ത കാറ്റ്. എന്തൊരു മഴ, എങ്ങനെ നീ പോകും?” അപ്പൻ സംശയിച്ചു.

“അപ്പാ, സാരമില്ല, ഞാൻ പോയ്ക്കോളാം” അവൻ അപ്പന്റെ അനുവാദം വാങ്ങി പോയി. പല വീടുകളിലും കയറി പുസ്തകങ്ങളും ട്രാക്റ്റും കൊടുത്തു. മഴയും തണുപ്പും കാരണം അടച്ചിട്ടിരിക്കുന്ന വീടുകളിലെ വാതിലുകളിൽ അവൻ മുട്ടും, വാതിൽ തുറക്കും. പുസ്തകം കൊടുത്ത് ദൈവത്തിന്റെ സ്നേഹത്തെപ്പറ്റി പറഞ്ഞിട്ട് അവൻ ഇറങ്ങിപ്പോരും. കുറെ വീടുകൾ കയറി, ഇനി അവന്റെ കൈയിൽ ഒരു പുസ്തകം മാത്രമുണ്ട്. അവൻ അതുകൂടി കൊടുത്തിട്ടു പോകാമെന്ന് മനസ്സിൽ നിശ്ചയിച്ചു.

അവൻ നടന്നു. അപ്പോൾ ഒരു വീട് കണ്ടു. അതിന്റെ അകത്ത് ആരും ഉള്ള ലക്ഷണം തോന്നിയില്ല. അകത്ത് ഒരു കാൽപ്പെരുമാറ്റം പോലുമില്ല. എന്നാലും അവൻ കോളിംഗ് ബെൽ അടിച്ചു. ഒന്നടിച്ചു, രണ്ടടിച്ചു, മൂന്നടിച്ചു, ആരും വാതിൽ തുറക്കുന്നില്ല. അവൻ കോളിംഗ്ബെല്ലിൽ കൈ പിടിച്ച് അമർത്തിക്കൊണ്ടേയിരുന്നു. അതുകഴിഞ്ഞ് അവൻ വാതിൽക്കൽ തെരുതെരെ മുട്ടി. ആരും തുറക്കുന്നില്ല. അവൻ പോയാലോ എന്ന് വിചാരിച്ചു. പക്ഷേ, പോകാൻ മനസ്സ് വരുന്നില്ല.

ഗേറ്റിലേക്ക് അവൻ തിരിച്ചു പോകാൻ അല്പം നടന്നതാണ്. പക്ഷേ, പിന്നെയും തിരിച്ചു ചെന്ന് ഒന്നുകൂടി കോളിംഗ്ബെൽ അമർത്തി, എന്നിട്ട് തെരുതെരെ വാതിലിൽ

മുട്ടി. അപ്പോൾ ഒരു സ്ത്രീ വന്ന് വാതിൽ തുറന്നു. വളരെ പാരവശ്യം പൂണ്ട ഒരു സ്ത്രീ. മുഖത്തൊരു സമാധാനമില്ല, സന്തോഷമില്ല, മനസ്സ് പതറിയിരിക്കുന്ന ഒരു സ്ത്രീ.

ഇവൻ വളരെ പുഞ്ചിരിയോടെ, നല്ല സന്തോഷത്തോടെ ആ സ്ത്രീയോട് പറഞ്ഞു: "ഞാൻ സമാധാനസന്ദേശം അറിയിക്കാൻ, യേശു നിങ്ങളെ സ്നേഹിക്കുന്നു എന്ന കാര്യം അറിയിക്കാൻ വന്നതാണ്. ഈ ചെറിയ പുസ്തകം നിങ്ങൾ ഒന്നു വായിച്ചു നോക്കാമോ?" അത് കൊടുത്തിട്ട് അവൻ അവരോട് യാത്ര പറഞ്ഞ് തിരികെ പോന്നു.

അതിന്റെ തൊട്ടടുത്ത കൂട്ടായ്മദിവസം. കൂട്ടായ്മ നടത്തുന്നത് ഈ കുട്ടിയുടെ അപ്പനാണ്. സാക്ഷ്യം പറയാനുള്ളവർക്ക് പറയാം എന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ അതുവരെ ആ കൂട്ടായ്മയിൽ വന്നിട്ടില്ലാത്ത ഈ സ്ത്രീ എഴുന്നേറ്റു പറഞ്ഞു: എനിക്കൊരു സാക്ഷ്യമുണ്ട്. കഴിഞ്ഞദിവസം ഞാൻ പല വിധത്തിൽ മനസ്സ് വിഷമിച്ച് ഭാരപ്പെട്ടിരിക്കുകയായിരുന്നു.

ഞാൻ മരിക്കാമെന്നു വിചാരിച്ച് ഒരു കയറെടുത്ത് മുകളിൽ കെട്ടിയിട്ട് ഒരു കസേര കൊണ്ടുവന്ന് ആ കയറിന്റെ ചുവട്ടിൽ വച്ചു. എന്നിട്ട് കയറിന്റെ കുരുക്ക് എന്റെ കഴുത്തിലിട്ട് കസേരയിൽ നിന്ന് ചാടാൻ തുടങ്ങിയപ്പോഴേക്ക് വീടിന്റെ കോളിംഗ്ബെൽ ആരോ തെരുതെരെ അടിക്കുന്നു. തുറക്കണ്ട എന്ന് തീരുമാനിച്ചു. പക്ഷേ, വീണ്ടും വീണ്ടും ബെല്ലടിക്കുക മാത്രമല്ല വാതിലിൽ തെരുതെരെ മുട്ടുക കൂടി ചെയ്യുന്നു. വിടാതെ ബെൽ അടിച്ചുകൊണ്ടിരിക്കുന്നു.

അപ്പോൾ ഞാൻ എന്റെ കഴുത്തിൽ നിന്ന് കുടുക്ക് ഊരിമാറ്റിവച്ചിട്ട് ചെന്നു. ആരാ വന്നതെന്ന് നോക്കിയിട്ട് പിന്നെ വന്ന് മരിക്കാമെന്ന് വിചാരിച്ചു. വാതിൽ തുറന്നപ്പോൾ ഒരു കൊച്ചുകുട്ടി നിൽക്കുന്നു. നല്ല ഓമനത്വം തുളുമ്പുന്ന ഒരു കൊച്ച്. അവൻ നല്ല പുഞ്ചിരിയോടുകൂടി എന്നോട് പറഞ്ഞു: 'യേശു നിങ്ങളെ സ്നേഹിക്കുന്നു' എന്ന്. എനിക്ക് അത്

ഒരത്ഭുതമായിത്തോന്നി. എന്നെ സ്നേഹിക്കാൻ ആരുമില്ല എന്നോർത്താണ് ഞാൻ മരിക്കാൻ തുടങ്ങിയത്. ആരുമില്ല; ഞാൻ ഒരു വിധവയായ സ്ത്രീ. എനിക്ക് മക്കളില്ല; എനിക്ക് സമാധാനമില്ല ഞാൻ ആർക്കുവേണ്ടി ജീവിക്കണം? ഇങ്ങനെ ഒരു സ്വസ്ഥതയും ഇല്ലാത്തതുകൊണ്ട് മരിക്കാൻ തുടങ്ങിയതാണ്.

ഏതായാലും ഞാൻ ആ കസേര തിരിച്ച് അതിന്റെ സ്ഥാനത്ത് കൊണ്ടുപോയി ഇട്ടു. കയർ ഊരിവച്ചു, എന്നിട്ട് വേദപുസ്തകം വായിച്ചു. ആ കുഞ്ഞ് തന്ന പുസ്തകവും വായിച്ചു. അതോടുകൂടി എനിക്ക് വലിയ സമാധാനം കിട്ടി. യേശു എന്റെ ഹൃദയത്തിലേക്ക് വന്നു. ഞാൻ ഇന്നൊരു ഭാഗ്യവതിയാണ്. ആ കുട്ടി തന്ന പുസ്തകത്തിൽ ഇങ്ങനെ ഇവിടെ നടക്കുന്ന കൂട്ടായ്മയുടെ അഡ്രസ്സ് എഴുതിയിരുന്നു. ആ അഡ്രസ്സ് കണ്ട് ഞാൻ ഇന്ന് ഈ കൂട്ടായ്മയിൽ വന്നതാണ്."

ഈ സ്ത്രീ പറഞ്ഞ ആ കുഞ്ഞ് മുൻനിരയിൽ ഇരിക്കുന്നുണ്ട്. അപ്പനാണ് അന്നു വചനം പറയുന്നയാൾ. അപ്പൻ ആ സ്റ്റേജിൽ നിന്ന് ഇറങ്ങിവന്നിട്ട് കുട്ടിയെ കെട്ടിപ്പിടിച്ചുകൊണ്ട് ഏങ്ങലടിച്ചു കരഞ്ഞു. അവന്റെ നെറുകയിൽ ചുംബിച്ചുകൊണ്ട് അപ്പൻ പറഞ്ഞു: "മോനേ, നീ എന്നെ നല്ല പാഠം പഠിപ്പിച്ചു. ഞാൻ മടിച്ചപ്പോഴും നീ ഇറങ്ങിയല്ലോ. നീ എന്റെ കർത്താവിന്റെ വേലയ്ക്കുവേണ്ടി ഇറങ്ങിയതുകൊണ്ട് നശിക്കുന്ന ആത്മാക്കളെ വീണ്ടെടുക്കാൻ കഴിഞ്ഞല്ലോ."

ദൈവമക്കളേ, ജീവനുള്ള ദൈവം നിങ്ങളെ നടത്തുന്ന വഴികൾ അത്ഭുതകരമാണ്; നിങ്ങൾ നിരാശരായിട്ടിരിക്കുക യാണോ? ആകുലതയോടെ, ഭാരപ്പെട്ടിരിക്കുകയാണോ? നിസ്സഹായാവസ്ഥയിൽ കഴിയുകയാണോ?

നിങ്ങളെ സ്നേഹിക്കുന്ന യേശു ഇതാ, ആരിൽ കൂടിയെങ്കിലും നിങ്ങളോട് സംസാരിക്കാൻ ബദ്ധപ്പെട്ട് നിങ്ങളുടെ ഹൃദയവാതിൽക്കൽ വന്ന് മുട്ടുന്നു. യേശുവിന്റെ സ്നേഹം, യേശുവിന്റെ കരുണ നിങ്ങൾ കാണുക.

നിങ്ങൾ വീണിടത്തു നിന്ന് നിങ്ങളെ എഴുന്നേൽപ്പിച്ച്, നിങ്ങളെ കരംപിടിച്ച് നടത്തി ഒരു നല്ല ജീവിതാന്ത്യത്തിലേക്ക് എത്തിക്കുവാൻ ദൈവം അദ്ധ്വാനിക്കുന്നു. ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രയത്നിക്കുന്നു. എല്ലാ പാകപ്പിഴകളും മാറ്റി നിങ്ങളെ എത്തേണ്ടിടത്ത് എത്തിക്കുവാനായി ദൈവം പരിശ്രമിച്ചുകൊണ്ടു നിൽക്കുകയാണ്. നിങ്ങളുടെ കുറവുകൾ അവൻ പോക്കുന്നു. പോരായ്മകൾ ക്ഷമിക്കുന്നു. നിങ്ങൾക്ക് പറ്റിയ പാകപ്പിഴകളും തെറ്റുകളും പാപങ്ങളും എല്ലാം കഴുകിത്തരുന്ന തിരുരക്തം പുരണ്ട കരം നിങ്ങളെ തലോടുന്നു.

അബ്രാഹാമിന്റെ ജീവിതത്തിൽ നടന്നത് അതാണ്. പല വീഴ്ചകളും താഴ്ചകളുമുള്ള ജീവിതത്തിൽ നിന്ന് ദൈവം അബ്രാഹാമിനെ കരേറ്റുന്നത് അവൻ അറിഞ്ഞു. അവനിതാ ജീവിതാന്ത്യത്തിലേക്ക് വരികയാണ്. കാലസമ്പൂർണ്ണനായി മരിച്ചു! അവൻ സമാധാനമുള്ളവനായി മരിച്ചു. സംതൃപ്തനായി മരിച്ചു. അബ്രാഹാം നല്ല സാക്ഷ്യമുള്ളവനായി മരിച്ചു. ക്രിസ്തുവിന്റെ സത്യസാക്ഷിയായി മരിച്ചു, അബ്രാഹാം ഭാഗ്യശാലിയായി, വിശ്വാസവീരനായി മരിച്ചു.

ആ മഹാഭാഗ്യപദവി ലഭിക്കുവാനായി യേശുവിന്റെ കരങ്ങളിലേക്ക് നിന്റെ ജീവിതം സമർപ്പിക്കാൻ ഇനിയും വൈകണമോ? ഈ നിസ്സാരജീവിതം യേശുവിന്റെ കരങ്ങളിലേക്ക് കൊടുക്കുക. അവനോട് വാക്ക് പറയുക: യേശുവേ, ഇന്നുമുതൽ, ഈ നിമിഷം മുതൽ ഞാനൊരു പുതിയ സൃഷ്ടി.

## മൂന്ന്

*"മരിച്ചവരെ ജീവിപ്പിക്കുകയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും പിതാവാകേണ്ടതിന്നു തന്നേ. "ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കിവെച്ചു" എന്നു എഴുതിയിരിക്കു ന്നുവല്ലോ. "നിന്റെ സന്തതി ഇവ്വണ്ണം ആകും" എന്നു അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്കു പിതാവാകും എന്ന് അവൻ ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിച്ചു. അവൻ ഏകദേശം നൂറു വയസ്സുള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവ മായിപ്പോയതും സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല. ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിന്നു മഹത്വം കൊടുത്തു, അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറച്ചു. അതുകൊണ്ടു അതു അവന്നു നീതിയായി കണക്കിട്ടു."*

*റോമർ 4 : 17 – 22*

വിശ്വാസികളുടെ പിതാവായ അബ്രാഹാമിന്റെ ജീവിതകാലം 175 സംവത്സരം ആയിരുന്നു. തന്റെ

ജീവിതകാലം കഴിഞ്ഞ് അബ്രാഹാം സംതൃപ്തിയോടെ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടു.

വരുംതലമുറയ്ക്ക് അബ്രാഹാമിന് കൊടുക്കുവാനുള്ള സാക്ഷ്യം,

1. അബ്രാഹാം സമാധാനത്തോടെ മരിച്ചു.
2. അബ്രാഹാം സംതൃപ്തിയോടെ, കാലസമ്പൂർണ്ണനായി മരിച്ചു. കാലം തികച്ച് മരിച്ചു.

നാം ഓരോരുത്തരും കാലസമ്പൂർണ്ണരാകുന്നതിനുമുമ്പ്, ദൈവം നമ്മെക്കുറിച്ച് ഉദ്ദേശിക്കുന്ന സമയമാകുന്നതിനുമുമ്പ് നമ്മെ ഈ ഭൂമിയിൽ നിന്ന് മാറ്റിക്കൊണ്ടുപോകുവാൻ ശ്രമിക്കുന്ന, ഉത്സാഹിക്കുന്ന ഒരു ഭയങ്കരനായ ശത്രുവുണ്ട്. അതുകൊണ്ടാണ് നാം വളരെ കരുതലോടുകൂടിയിരിക്കണം എന്ന് പറയുന്നത്.

അബ്രാഹാം ഒരിക്കലും വിശ്വാസത്തിൽ ക്ഷീണിച്ചില്ല. ആശയ്ക്ക് വിരോധമായി ആശയോടെ വിശ്വസിച്ചു. ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ട് ദൈവത്തിന് മഹത്വം കൊടുത്തു. അവൻ വാഗ്ദത്തം ചെയ്തത് പ്രവർത്തിപ്പാനും ശക്തൻ എന്ന് പൂർണ്ണമായി ഉറച്ചു.

സർവ്വവല്ലഭനായ ജീവനുള്ള ദൈവത്തിലുള്ള വിശ്വാസം! ക്രിസ്തുവിലുള്ള വിശ്വാസമാണ് നമ്മെ നിലനിർത്തുന്നത്. 'എന്നെ അറിയുന്ന ജീവനുള്ള ദൈവമുണ്ട്.' 'എന്നെ സ്നേഹിക്കുന്ന കർത്താവായ യേശുക്രിസ്തുവുണ്ട്.' ഇതാണ് വിശ്വാസം.

യേശു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചിരിക്കുന്നു; യേശുവിന്റെ തിരുരക്തത്താൽ എനിക്ക് പാപമോചനം ലഭിച്ചിരിക്കുന്നു; യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നതുപോലെ ഞാനും പഴയമനുഷ്യൻ മരിച്ച് ഒരു

പുതിയ മനുഷ്യനായി ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു; ക്രിസ്തുവിൽ ഞാൻ ഒരു പുതിയ സൃഷ്ടിയായിരിക്കുന്നു. യേശുക്രിസ്തു വീണ്ടും വരും; ക്രിസ്തു വരുമ്പോൾ വിശുദ്ധന്മാരെ മാത്രമേ ചേർക്കുകയുള്ളൂ; വിശുദ്ധിയിലേക്ക് കടന്നു വന്നില്ലെങ്കിൽ ഞാൻ ഉപേക്ഷിക്കപ്പെടും. അതാണ് വിശ്വാസം.

അപ്പൊസ്തലനായ പൗലോസ് പറഞ്ഞു: "ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു." വിശ്വാസം കാത്തുസൂക്ഷിക്കേണ്ടതാണ്. വിശ്വാസത്തിൽ ചാഞ്ചല്യം വരരുത്. വിശ്വാസം നമ്മുടെ ജീവിതത്തിൽ നിന്ന് മാറിപ്പോകരുത്. വിശ്വാസത്തിൽ ക്ഷീണിക്കാതെ ദൈവത്തിന് മഹത്വം കൊടുക്കേണ്ടതാണ്. വിശ്വാസത്തിന്റെ ധൈര്യം! വിശ്വാസത്തിന്റെ കെട്ടുറപ്പ്!

നമ്മുടെ ജീവിതത്തിൽ ഈ വിശ്വാസം നമ്മെ എത്രത്തോളം സ്വാധീനം ചെയ്യുന്നുണ്ട്? ക്രിസ്തുവിലുള്ള വിശ്വാസം! അപ്പൊസ്തലനായ പൗലോസ് തന്റെ ഒടുവിലത്തെ ലേഖനത്തിൽ എഴുതി: "ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതാകുന്നു എന്റെ സുവിശേഷം."

വിശുദ്ധ കുർബ്ബാനയിൽ ഏറ്റവും ഗൗരവമേറിയ സമയത്ത് നാം ഏറ്റുചൊല്ലുന്നു: "ഞങ്ങളുടെ കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഏറ്റുപറയുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി ഞങ്ങൾ നോക്കിപ്പാർക്കുകയും ചെയ്യുന്നു." അതാണ് വിശ്വാസം. കർത്താവിന്റെ ക്രൂശാരോഹണം, കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ്, കർത്താവിന്റെ രണ്ടാമത്തെ വരവ്. ഈ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്നവന് മാത്രമേ സമാധാനത്തോടും സംതൃപ്തിയോടും കൂടെ കടന്നുപോകുവാൻ സാധിക്കുകയുള്ളൂ.

അബ്രാഹാം വിശ്വാസിയായി മരിച്ചു. അബ്രാഹാം സമാധാനത്തോടെ മരിച്ചു. അബ്രാഹാം സംതൃപ്തിയോടെ മരിച്ചു.

വിശ്വാസം എന്നുള്ളത് നമ്മുടെ ബുദ്ധിയ്ക്ക് വിധേയമാകുന്ന കാര്യമല്ല, നമ്മുടെ ബുദ്ധികൊണ്ട് വിശകലനം ചെയ്താൽ കിട്ടുകയില്ല. അത് പഠിച്ചു പഠിച്ച് ഉണ്ടാക്കാവുന്ന ഒന്നല്ല. അത് ദൈവികദാനമാണ്. സൗജന്യമായി ആർക്കും കിട്ടും. ഈ ദാനം ആർക്കും മാറ്റിവയ്ക്കുന്നില്ല; അങ്ങോട്ടെന്തെങ്കിലും കൊടുത്തിട്ട് കിട്ടുന്നതുമല്ല.

ആ ദാനം ഇതുവരെ ലഭിച്ചിട്ടില്ല എന്ന് തോന്നുന്നുണ്ടെങ്കിൽ നിങ്ങൾക്ക് കർത്താവിനോടു പറയാം: "യേശുവേ, എനിക്ക് വിശ്വസിക്കാനുള്ള ഒരു ശിശുമനസ്സ് തരണമേ. ഒരു ശിശുഹൃദയം തരണമേ." ദൈവവചനത്തിന്റെ വള്ളിയും പുള്ളിയും സംശയിക്കാതെ വിശ്വസിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? അത് ഒരു മഹാഭാഗ്യമാണ്. ആ ഉറപ്പുണ്ടെങ്കിൽ നിങ്ങൾക്ക് വിജയിച്ച് വിജയിച്ച് മുന്നോട്ട് പോകാം.

ഞാൻ കരയുമ്പോൾ എന്റെ കരച്ചിൽ കേൾക്കുന്ന ദൈവം! ഞാൻ ഏങ്ങലടിക്കുമ്പോൾ എന്റെ ഏങ്ങലടികൾ ഒപ്പിയെടുക്കുന്ന ദൈവം! ഞാൻ കണ്ണുനീർ തൂകുമ്പോൾ എന്റെ കണ്ണുനീർ തുടച്ചുതരുന്ന ദൈവം! അത് അനുഭവമാണ്.

തെറ്റിദ്ധാരണകൾ പെരുകുമ്പോൾ, ആക്ഷേപങ്ങൾ വർദ്ധിക്കുമ്പോൾ, അവഹേളനങ്ങൾ കൂടിക്കൂടി വരുമ്പോൾ, എല്ലാവരും വെറുക്കുമ്പോൾ, സകലരും പകയ്ക്കുമ്പോൾ എന്നെക്കാണുന്ന, എല്ലാം ശരിയായി ധരിക്കുന്ന ഒരു ദൈവമുണ്ട് എന്ന് അനുഭവിക്കാൻ സാധിക്കുന്നതാണ് മഹാഭാഗ്യം! ജീവിതത്തിൽ ഓരോരോ പ്രശ്നങ്ങളുമായി ദൈവസന്നിധിയിൽ ചെന്ന് മുട്ടുമടക്കുമ്പോൾ, എന്റെ കർത്താവേ എന്ന് വിളിച്ച് ഏങ്ങലടിച്ച് കരയുമ്പോൾ, ആവശ്യങ്ങളിൽപ്പെട്ട് ഞെരുങ്ങി ഉള്ളുവിങ്ങുമ്പോൾ നിങ്ങളുടെ അരികത്ത് വന്ന്

നിങ്ങളുടെ തലമേൽ കരം വയ്ക്കുന്ന ഒരു യേശുവുണ്ട്. ഇതാണ് വിശ്വാസം. ഇത് നാം അനുഭവിക്കുമ്പോൾ, പിന്നെ ആരും പറഞ്ഞുതരണ്ട. പിന്നെ ഈ വചനം വായിക്കുമ്പോൾ നിങ്ങൾക്ക് സംശയം വരില്ല.

നിങ്ങളിൽ രോഗമുള്ളവരില്ലേ? രോഗത്തിന്റെ സൗഖ്യത്തിനു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കൂ. ഭാരമുള്ളവരില്ലേ? കടത്തിന്റെ പ്രയാസത്തിൽ വലയുന്നവരില്ലേ? ജീവിതം വീർപ്പുമുട്ടിക്കഴിയുന്നവരില്ലേ? കുടുംബത്തിലെ ക്ലേശങ്ങളിൽപ്പെട്ട് ഉഴലുന്നവരില്ലേ? കുടുംബത്തിൽ സ്വസ്ഥതയില്ലാതെ, സമാധാനമില്ലാതെ അഴലുന്നവരില്ലേ? ചീത്ത കൂട്ടുകെട്ടിൽ പോയി ജീവിതം താറുമാറാക്കിയവരില്ലേ? യേശുക്രിസ്തുവിന്റെ പാദപീഠത്തിൽ ഇരിക്കുന്നു എന്ന് വിശ്വസിച്ചുകൊണ്ട് നിങ്ങൾ ശാന്തമായി പ്രാർത്ഥിക്കൂ. "തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും ക്രിസ്തു സമീപസ്ഥനാകുന്നു."

''ഞാൻ യേശുവിനെ വാസ്തവമായി ആവശ്യബോധത്തോടെ വിളിച്ചപേക്ഷിക്കുകയാണ്. യേശു എന്റെ അരികത്ത് വന്നിരിക്കുന്നു." ഇങ്ങനെ വിശ്വസിച്ചുകൊണ്ട് നിങ്ങളുടെ ഉള്ളിലെ ആവലാതികളൊന്നൊന്നായി, എണ്ണിയെണ്ണിപ്പറയുക. വേറാരും കേൾക്കണ്ട. നിങ്ങളുടെ ഭാര്യ കേൾക്കണ്ട, ഭർത്താവ് കേൾക്കണ്ട, മക്കൾ കേൾക്കണ്ട, മാതാപിതാക്കൾ കേൾക്കണ്ട, കൂട്ടുകാരും കേൾക്കണ്ട. ഒറ്റയ്ക്കിരുന്ന് നിങ്ങൾ ദൈവത്തോട് ഉള്ളുതുറന്ന് പറയുക. നിങ്ങളുടെ ഭാരങ്ങൾ, വേദനകൾ, നിങ്ങളുടെ സങ്കടങ്ങൾ, നിങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ, നിങ്ങളുടെ ജീവിതത്തിലെ അനേകമനേകം പ്രതിസന്ധികൾ, ഓരോന്നോരോന്നായി പെറുക്കിയെടുത്തുകൊണ്ട് നിങ്ങൾ കർത്താവിന്റെ പാദപീഠത്തിൽ ഇരിക്കുക.

നിങ്ങൾക്ക് വന്ന പരാജയങ്ങളും പാപങ്ങളുമെല്ലാം എണ്ണിയെണ്ണിപ്പറയുക. വന്ന തോൽവികളും വന്ന വീഴ്ചകളും

പറയുക. എല്ലാം തുറന്നുപറഞ്ഞുകൊണ്ട് ദൈവസന്നിധിയിലേക്ക് ചെല്ലുക: കർത്താവേ, ഞാൻ ഇതെല്ലാം തുറന്നു പറയുന്നത് ഇനിമേൽ ആവർത്തിക്കുകയില്ല എന്ന തീരുമാനത്തോടെയാണ്; ഇനിമേൽ ഒരു പുതിയ ജീവിതം നയിക്കുമെന്നുള്ള തീരുമാനത്തോടെയാണ്. എന്റെ ഹൃദയത്തിന്റെ തീരുമാനം നാഥാ, നീ അറിയുന്നുണ്ടല്ലോ.

ലോകത്തിലെ മനുഷ്യരെല്ലാം എന്നെ പുറമെ കാണുന്നു, എന്റെ അകം അവരാരും അറിയുന്നില്ല. എന്നാൽ എന്റെ ഹൃദയത്തിലെ ആഴത്തിലുള്ള ഈ തീരുമാനം നീ അറിയുന്നു. നാഥാ, എന്നോട് മനസ്സലിയണമേ. ഇപ്പോൾ എന്റെ ഈ തീരുമാനം നീ കൈക്കൊണ്ട് ഈ തീരുമാനം നീ പൂർത്തീകരിക്കണം. ഈ തീരുമാനം നീ അർത്ഥവത്താക്കണം. എന്റെ ഈ സമർപ്പണത്തെ നീ കൈക്കൊള്ളണം.

അങ്ങനെ പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ കണ്ണുനീർ തുടയ്ക്കുന്ന ഒരു അരുമകരം നിങ്ങൾക്കനുഭവിക്കാൻ കഴിയും. നിങ്ങളുടെ വിതുമ്പലുകൾ ഏറ്റെടുക്കുന്ന സ്നേഹനിധിയായ യേശുവിന്റെ തലോടൽ, യേശു വന്ന് തന്റെ ആണിപ്പാടുള്ള കരം നിങ്ങളുടെ ശിരസ്സിൽ വയ്ക്കുന്നത് നിങ്ങൾക്കനുഭവിക്കാൻ കഴിയും.

സ്നേഹിതരേ, ഇത് നിങ്ങൾക്കെല്ലാവർക്കും അനുഭവിക്കാവുന്നതാണ്. അതിന് വിദ്യാഭ്യാസം വേണമെന്നില്ല. പാണ്ഡിത്യം വേണമെന്നില്ല. ധനസമൃദ്ധി വേണമെന്നില്ല. ഏതെങ്കിലും തത്വചിന്തകളെക്കുറിച്ചുള്ള അറിവ് വേണമെന്നില്ല. ആകെ വേണ്ടത് ഒരു എളിമയുള്ള മനസ്സ്. കർത്താവേ, എനിക്ക് നീ കൂടിയേ കഴിയൂ. യേശുവേ, ഞാനിപ്പോൾ ആവശ്യക്കാരനാണ്.

എന്റെ സ്വകാര്യദു:ഖങ്ങൾ കാണാൻ, എന്റെ വ്യക്തിപരമായ പ്രയാസങ്ങൾ കാണാൻ നീയേ ഉള്ളൂ. ആരെല്ലാം കണ്ടാലും ആർക്കും സഹായിക്കാൻ പറ്റുകയില്ല. ആരെല്ലാം സഹായിച്ചാലും നീ സഹായിക്കുന്നില്ലെങ്കിൽ ആ സഹായങ്ങൾ വ്യർത്ഥമാണ്.

ആരെല്ലാം എതിർത്താലും നീ എതിർക്കുന്നില്ലെങ്കിൽ മനുഷ്യരുടെ എതിർപ്പുകളൊന്നും സാരമില്ല. കർത്താവേ, ഞാൻ നിന്റെ പാദപീഠത്തിൽ വീഴുന്നു.

നിങ്ങൾക്ക് നിങ്ങളെത്തന്നെ സമർപ്പിക്കാം. വിശ്വാസത്തിൽ ക്ഷീണിക്കാതിരിക്കാം. അബ്രാഹാം വിശ്വാസത്തിൽ ക്ഷീണിച്ചില്ല. ദൈവം അബ്രാഹാമിന് ചില വാഗ്ദത്തങ്ങൾ കൊടുത്തു. ആ വാഗ്ദത്തങ്ങളെ വിശ്വസിച്ചുകൊണ്ട് വിശ്വാസത്തിൽ ക്ഷീണിക്കാതെ വാഗ്ദത്തങ്ങളെ അബ്രാഹാം മുറുകെ പിടിച്ചു.

നിങ്ങൾ വാഗ്ദത്തങ്ങളെ മുറുകെ പിടിക്കൂ. ഈ വചനത്തിൽ തന്നിരിക്കുന്ന വാഗ്ദത്തങ്ങൾ നിധികളാണ്. ഈ നിധി മുറുകെ പിടിച്ചുകൊണ്ട് നിങ്ങൾ കർത്താവിനോട് പ്രാർത്ഥിക്കൂ: കർത്താവേ, നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഇന്ന് കടന്നുപോകരുതേ. നീ എന്റെ അരികത്തേയ്ക്ക് വന്നിരിക്കുന്നത് എന്നെ അനുഗ്രഹിക്കാനാണല്ലോ; എന്റെമേൽ നിന്റെ കരം വയ്ക്കാനാണല്ലോ; നിന്റെ തിരുരക്തത്താൽ എന്നെ കഴുകാനാണല്ലോ; നിന്റെ ക്രൂശിലെ സ്നേഹം എന്റെ ഹൃദയത്തിൽ നിക്ഷേപിക്കാനാണല്ലോ. നാഥാ, നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല. എന്നെ അനുഗ്രഹിച്ചേ നീ പോകാവൂ. എന്റെമേൽ നിന്റെ കരം വച്ചേ നീ പോകാവൂ. നിന്റെ തിരുരക്തത്തിന്റെ മുദ്ര എന്റെ നെറ്റിമേൽ പതിപ്പിച്ചിട്ടേ നീ പോകാവൂ.

നിങ്ങൾക്ക് ദൈവകരങ്ങളിലേക്ക് നിങ്ങളെ ഏൽപ്പിക്കാം. നിങ്ങളെ തലോടുന്ന ക്രിസ്തുവിനെ നിങ്ങൾക്ക് വിശ്വസിക്കാം. അവന് നിങ്ങളെ സ്നേഹമാണ്. നിങ്ങളോട് വഴക്കില്ല. നിങ്ങൾ പാപം ചെയ്തു, തിന്മയിലേക്ക് പോയി എന്ന് യേശു നോക്കുന്നില്ല. ഏത് കൊടുംക്രൂരപാതകിയെപ്പോലും വിടുവിക്കുവാനും പുതിയ ജീവിതം തരുവാനും യേശു മതി യായവനാണ്.

യേശു നിങ്ങളുടെ അരികത്തേക്ക് വന്ന് നിങ്ങളെ തലോടുവാൻ കരം നീട്ടുന്നുണ്ട്. അവൻ നിങ്ങളുടെ ഹൃദയത്തിലേക്ക് നോക്കുന്നു. കർത്താവേ, ഈ നിമിഷം മുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും എന്ന് നിങ്ങൾക്ക് ഉറപ്പ് കൊടുക്കുവാൻ സാധിക്കുമോ? എങ്കിൽ ഇപ്പോൾത്തന്നെ നിങ്ങളുടെമേൽ ക്രിസ്തു തന്റെ കരം വയ്ക്കും.

ക്രിസ്തുവിന്റെ കരത്തിന്റെ സ്പർശമേൽക്കുന്നത് എന്തൊരു ഭാഗ്യമാണ്! ആ കരസ്പർശമല്ലയോ നമ്മെ നിലനിർത്തുന്നത്? ആ കരസ്പർശമല്ലയോ ഇത്രയും കാലം നമ്മെ നടത്തിക്കൊണ്ടു വന്നത്? നാം വീഴാതെ നമ്മെ കാത്തത്, വീണപ്പോൾ എഴുന്നേൽപ്പിച്ചത്, തളർന്നപ്പോൾ നമുക്ക് ബലം തന്നത്, നമ്മെ നയിച്ചു കൊണ്ടുപോന്നത്, നമുക്ക് സുബോധം തന്നത്, ബുദ്ധി തന്നത് എല്ലാം ആ സ്വർഗ്ഗീയകരമല്ലയോ? നമ്മെ അനുഗ്രഹിച്ചത് ആ പരിശുദ്ധ കരമല്ലയോ?

ആ കരത്തിൻകീഴിൽ നിങ്ങൾ വന്നിരിക്കുന്നു എന്ന് വിശ്വസിച്ചുകൊണ്ട് നിങ്ങൾ ക്രിസ്തുവിനോട് പറയൂ: നാഥാ, നിന്റെ തൃക്കരം എന്റെ തലമേൽ ഇപ്പോൾ ഒന്നു വയ്ക്കണമേ, എന്നെ നീ അനുഗ്രഹിക്കണമേ, എന്നെ തലോടണമേ, എന്റെ കണ്ണുനീർ തുടയ്ക്കണമേ, എന്റെ രോഗം മാറ്റണമേ, എന്റെമേൽ നിന്റെ ശക്തി പകരണമേ.

# നാല്

*“അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നേ, കാംക്ഷിച്ചിരുന്നു; ആകയാൽ ദൈവം അവരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല; അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ.” എബ്രായർ 11 : 16*

പൂർവ്വികപിതാക്കന്മാരായ അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ്, മോശ എന്നിവർ, “അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നെ കാംക്ഷിച്ചിരുന്നു.” ആകയാൽ ദൈവം അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും എന്ന് സ്വയം വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല. ദൈവം അവർക്കുവേണ്ടി, വിശ്വാസവീരന്മാർക്കുവേണ്ടി ഒരു സ്വർഗ്ഗീയനഗരം ഒരുക്കിയിരിക്കുന്നു.

നമ്മുടെ പേരിൽ അറിയപ്പെടുവാനും പ്രസിദ്ധനാകുവാനും ജനമദ്ധ്യത്തിൽ പ്രതിഷ്ഠിക്കപ്പെടുവാനും ദൈവം ആഗ്രഹിക്കുമോ അതോ ലജ്ജിക്കുമോ?

ഈ ആധുനികകാലത്ത് നാം ജീവിക്കുന്നു. ഈ കാലത്ത് ജീവിക്കുന്ന നമ്മെപ്രതി ദൈവം അഭിമാനം കൊള്ളുമോ? നമ്മിൽ ഒരാളെക്കുറിച്ച് ദൈവം അഭിമാനത്തോടെ ചിന്തിക്കുമോ? അതോ ദൈവം ലജ്ജയോടെ ഓർക്കുമോ? ഈ മകനെ ഞാൻ വീണ്ടെടുത്തത് വ്യർത്ഥമായിപ്പോയല്ലോ, ഇവനുവേണ്ടി ഞാൻ രക്തം ചിന്തി, പക്ഷേ അവൻ ആ കൃപ

വ്യർത്ഥമാക്കിക്കളഞ്ഞല്ലോ എന്നാണോ ദൈവം ചിന്തിക്കുന്നത്?

ദൈവം നമ്മെ എല്ലാവരേയും കാണുന്നു എന്നുള്ളത് ഒരു സജീവയാഥാർത്ഥ്യമാണ്. സത്യമായും ഒരു ദൈവം ജീവിക്കുന്നു. ദൈവം നമ്മെ അറിയുന്നു. ഞാൻ ഏകാകിയാണ്, എനിക്ക് ആരുമില്ല എന്ന് ഒരുപക്ഷേ നമുക്ക് തോന്നും.

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ആധിപത്യം കൈയാളിയിരുന്ന വിക്ടോറിയ മഹാരാജ്ഞി, പേരുകൊണ്ടുതന്നെ 'Victory', ജയാളി, എന്ന് അറിയപ്പെട്ടി രുന്ന വിക്ടോറിയരാജ്ഞി, ഭർത്താവ് മരിച്ചു കഴിഞ്ഞപ്പോൾ ക്ഷീണിതയായി, അവശയായി ഇങ്ങനെ പറഞ്ഞു: "ഇനി ഞാൻ വിക്ടോറിയ അല്ല. I am no more Victoria. ഇനി ഞാൻ ജയാളിയല്ല. ജയമെല്ലാം തീർന്നു. എന്റെ ജീവിതം പരാജയപ്പെട്ടു."

വാൾട്ടർ സ്കോട്ട്, പ്രസിദ്ധനായ ഗ്രന്ഥകാരനും ചരിത്രകാരനും സാഹിത്യകാരനുമായിരുന്നു. അദ്ദേഹം അനേകം സുപ്രസിദ്ധങ്ങളായ പുസ്തകങ്ങൾ രചിച്ചു. പക്ഷേ, 65–ാം വയസ്സിൽ അദ്ദേഹം ഏറെ നിരാശനായിപ്പറഞ്ഞു: "അയ്യോ, എന്റെ ഏകാന്തത എനിക്ക് അസഹ്യം. എന്നെ തുണയ്ക്കാൻ ആരുമില്ലല്ലോ"

ഡേൽ കാർണിഗി എന്ന പ്രസിദ്ധനായ ഗ്രന്ഥകാരൻ എഴുതിയ ഒരു പുസ്തകമാണ് 'How to Win Friends and Influence Them?' അദ്ദേഹം തന്നെ എഴുതിയ മറ്റൊരു പുസ്തകമാണ് 'How to Win over Worry and Care?' 'എങ്ങനെ ആകുലങ്ങളും നിരാശകളും മാറ്റിയെടുക്കാം?' അനേകരെ ആവേശംകൊള്ളിച്ച ഒരു പുസ്തകമാണത്. എന്നാൽ ആ ഗ്രന്ഥകാരൻ സമാധാനമില്ലാത്തവനായി ആത്മഹത്യ ചെയ്തു.

അസ്വസ്ഥമായ മനസ്സ്, ഹൃദയം നീറുന്ന ചിന്തകൾ, ജീവിതത്തിൽ ആരും തുണയില്ല എന്ന വിചാരങ്ങൾ നിങ്ങളെ

അലട്ടുന്നുണ്ടെങ്കിൽ, നിങ്ങൾ ജീവനുള്ള ദൈവത്തെ പരിചയപ്പെടൂ. ജീവനുള്ള ദൈവത്തെ നിങ്ങൾക്ക് ഈ തിരുവചനത്തിൽക്കൂടി പരിചയപ്പെടാം. വേദപുസ്തകം നിങ്ങൾക്ക് വായിക്കാം. വചനം വായിച്ച് ക്രിസ്തുവിനെ നിങ്ങൾക്ക് തിരിച്ചറിയാം. വേദപുസ്തകത്തിലെ താളുകൾ വായിച്ച് ധ്യാനിച്ചിരുന്ന് നിങ്ങൾക്ക് ഏങ്ങലടിച്ചു കരയാം. ക്രിസ്തുവിന്റെ വചനം വായിച്ച്, യേശുവിന്റെ വചനത്തിന്റെ ആശ്വാസമൂറുന്ന ദിവ്യശക്തി അനുഭവിച്ച് ദൈവത്തെ സ്തുതിക്കാം.

നിങ്ങൾ നിത്യേന വചനം വായിക്കണം. ബാല്യം മുതൽ വചനം വായിച്ചു ശീലിക്കണം. ഈ വിശുദ്ധ വേദഗ്രന്ഥം വായിക്കുമ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും; നിങ്ങൾക്ക് തുണയായി ഒരുവനുണ്ട് എന്ന് മനസ്സിലാകും. നിങ്ങൾക്കപ്പോൾ ദൈവത്തിന് അഭിമാനം കൊടുക്കാൻ സാധിക്കും. ഞാൻ ഇവന്റെ ദൈവം എന്ന് ദൈവം നിങ്ങളെക്കുറിച്ച് അഭിമാനം കൊള്ളുന്ന അവസ്ഥയിലേക്ക് വരും.

ഇവനൊരു വിശ്വാസിയാണ്; ഇവനൊരു വിശുദ്ധനാണ്; ഇവനൊരു വ്യതസ്തനാണ്; ഇവനെന്റെ സ്നേഹം അറിഞ്ഞവനാണ്; ഇവളെന്റെ സ്നേഹം അറിഞ്ഞവളാണ്. ആകുലങ്ങളും രോഗങ്ങളുമുള്ള ജീവിതത്തിൽ, ദുരിതവും വേദനയും കഷ്ടപ്പാടുമുള്ള ജീവിതത്തിൽ ഇവൾ സാക്ഷാത്തായ ആശ്വാസമനുഭവിക്കുന്നു; ഇവൻ സാക്ഷാത്തായ സ്നേഹമനുഭവിക്കുന്നു; എന്റെ സ്വർഗ്ഗീയ സ്നേഹം അനുഭവിച്ചു കഴിയുന്നു എന്ന് നമ്മെ നോക്കി ദൈവം അഭിമാനം കൊള്ളുമാറ് നിങ്ങൾക്ക് ഒരു പുതിയ ജീവിതം നയിക്കാം. സമാധാനമുള്ള ഒരു ജീവിതം നിങ്ങൾക്ക് കൈവരിക്കാം.

“ദൈവം അവരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല.”

അബ്രാഹാം ഈ ഭൂമിയിൽ നിന്ന് 175-ാം വയസ്സിൽ കടന്നുപോയി. അബ്രാഹാം കടന്നുപോകുമ്പോൾ പിൽക്കാല തലമുറയ്ക്ക് ചില അവകാശങ്ങൾ, ചില അനുഗ്രഹങ്ങൾ കൊടുത്തിട്ടാണ് പോയത്. അബ്രാഹാം അടുത്ത തലമുറയ്ക്ക് കൊടുത്ത അനുഗ്രഹങ്ങൾ, കൈമാറിയ സന്ദേശങ്ങൾ, ശ്രേഷ്ഠമായ അനുഭൂതികൾ എന്തെല്ലാമെന്ന് നമുക്ക് ഒന്നൊന്നായി ചിന്തിക്കാം.

ദൈവം, അബ്രാഹാമിന്റെ ജീവിതത്തിലെ വ്യക്തമായ കാഴ്ചപ്പാടുകൾ സാക്ഷിക്കുന്ന സന്ദർഭങ്ങൾ.

1. A Godly example.

*"യഹോവ അബ്രാഹാമിനെക്കുറിച്ച് അരുളിച്ചെയ്തത് അവന് നിവർത്തിച്ചു കൊടുപ്പാൻ തക്കവണ്ണം അബ്രാഹാം തന്റെ മക്കളോടും തനിക്ക് പിമ്പുള്ള കുടുംബത്തോടും നീതിയും ന്യായവും പ്രവർത്തിച്ചു കൊണ്ട് യഹോവയുടെ വഴിയിൽ നടപ്പാൻ കല്പിക്കേണ്ടതിന്നു ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നു."* *ഉല്പത്തി 18 : 19*

ദൈവം അബ്രാഹാമിനെ തിരഞ്ഞെടുത്തത് അവന്റെ മക്കളോടും പിൽക്കാല തലമുറയോടും ഉപദേശിച്ചു കൊടുക്കണം, അവരോടു കല്പിച്ചു കൊടുക്കണം. അബ്രാഹാം അതാണ് ചെയ്തത്. നീതിയും ന്യായവും പ്രവർത്തിച്ചുകൊണ്ട് യഹോവയുടെ വഴിയിൽ നടക്കാൻ അബ്രാഹാം മക്കളോടും പിൽക്കാല തലമുറകളോടും കൽപ്പിച്ചുകൊടുത്തു.

യാക്കോബിന് പതിനഞ്ച് വയസ്സാകുന്നതുവരെയും അബ്രാഹാമിനോടുകൂടെ യാക്കോബുണ്ടായിരുന്നു. യിസ്ഹാക്കിന്റെ മകനായ യാക്കോബിന് പതിനഞ്ചു വയസ്സുള്ളപ്പോഴാണ് അബ്രാഹാം 175-ാം വയസ്സിൽ മരിക്കുന്നത്.

പതിനഞ്ചാമത്തെ വയസ്സുവരെയും അപ്പന്റെ അപ്പനായ അബ്രാഹാമിന്റെ കൂടെ യാക്കോബ് കഴിഞ്ഞു. യാക്കോബിനെ അബ്രാഹാം മടിയിലിരുത്തി ലാളിച്ചുകൊണ്ട് പറഞ്ഞു കൊടുക്കാറുണ്ട് എന്ന് എന്റെ മനസ്സിലെ ചിന്തയിൽ എനിക്ക് തോന്നാറുണ്ട്. മോന്റെ മോനെ മടിയിൽ ഇരുത്തിക്കൊണ്ട് അബ്രാഹാം ചില കാര്യങ്ങളെല്ലാം പറഞ്ഞുകൊടുക്കും!

“മോനേ, നിന്റെ അപ്പൻ യിസ്ഹാക്ക് എന്തൊരു അനുസരണമുള്ള മോനായിരുന്നു എന്നറിയാമോ? നിന്റെ അപ്പന് ഇത്രയും പ്രായം ആകുന്നതിനുമുമ്പ്, നിന്റെ അപ്പനായ യിസ്ഹാക്ക് നിന്നെപ്പോലെ കൊച്ചുകുട്ടിയായിരുന്ന കാലത്ത് അവനെ കൊല്ലാൻ ഞാൻ കൊണ്ടുപോയതാണ്.” യാക്കോബ് അമ്പരപ്പോടെ നോക്കുകയാണ്. അതെന്തിനാണ് എന്റെ അപ്പനെ കൊല്ലുന്നത്?

മോനേ, അങ്ങനെയല്ല, യാഗം കഴിക്കാനാണ് കൊണ്ടു പോയത്. അത് ദൈവം കല്പിച്ചിട്ടാണ് കൊണ്ടുപോയത്. “അയ്യോ, അങ്ങനെ കൊല്ലാൻ ദൈവം കല്പിക്കുമോ?” “മോനേ, ദൈവം സ്നേഹമാണ്. ദൈവം കൊല്ലാൻ പറഞ്ഞത് കൊന്നുനശിപ്പിക്കാനല്ല, ഒരു പുതിയ സൃഷ്ടിയായി ഉയിർ ത്തെഴുന്നേൽപ്പിക്കാനാണ്. നമ്മുടെ കുടുംബത്തെക്കുറിച്ച്, നമ്മുടെ തലമുറയെക്കുറിച്ച് ദൈവത്തിന് വലിയ കാര്യപരി പാടിയുണ്ട്. എന്റെ മോൻ യിസ്ഹാക്ക് അത് പാലിച്ചു. അവൻ ഇന്ന് ഐശ്വര്യമായിക്കഴിയുന്നു. മോനേ, നീ അടുത്ത തലമുറയാണ്, നീയും അത് പാലിച്ചു കൊള്ളണം.”

ഇങ്ങനെയൊന്നും പറഞ്ഞതായി വേദപുസ്തകത്തിൽ തെളിവില്ല. എന്നാൽ ഞാൻ ചിന്തിക്കുകയാണ്, അപ്പന്റെ അപ്പൻ ആ കൊച്ചുമോനോട് എന്തെല്ലാം കാര്യങ്ങൾ പറഞ്ഞുകൊടുത്തു കാണാം! കൊച്ചുമോനെക്കുറിച്ചുള്ള എന്തെല്ലാം വിഭാവനകളാണ് അപ്പന്റെ മനസ്സിലുണ്ടായി ഒഴുകിയൊഴുകിപ്പോകുന്നത്! ഈ മോൻ വളർന്നു വരുമ്പോൾ

ദൈവത്തിന്റെ ഒരു സാക്ഷിയായി നിൽക്കണമെന്ന്, ദൈവത്തിന് അഭിമാനഭാജനമായി, ദൈവത്തിന്റെ ഒരു അവകാശപാത്രമായി, ദൈവത്തിന്റെ ശ്രേഷ്ഠനായ ഒരു വ്യക്തിയായി മാറണമെന്നെല്ലാം ഈ അപ്പൻ ആഗ്രഹിക്കുക യാണ്.

തലമുറയ്ക്ക് കൈമാറുന്ന അനുഗ്രഹം! ദൈവമക്കളേ, നിങ്ങൾ നിങ്ങളുടെ മക്കൾക്ക്, മക്കളുടെ മക്കൾക്ക് കൊടുക്കുന്ന അനുഗ്രഹം എന്താണ്?

ചിലർ പറയും: ഞാൻ കുറെ സമ്പാദിച്ചിട്ടുണ്ട്. ഞാൻ അദ്ധ്വാനിച്ച് വിയർപ്പൊഴുക്കി കുറച്ചെല്ലാം നേടിയിട്ടുണ്ട്. എന്റെമോന് അല്ലെങ്കിൽ മോൾക്കുവേണ്ടി, അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി, എം.ബി.ബി.എസിനോ എഞ്ചിനീയ റിങ്ങിനോ അല്ലെങ്കിൽ മറ്റേതെങ്കിലും കോഴ്സിനോ പഠിക്കാനുള്ള രൂപയൊക്കെ ഞാൻ കഷ്ടപ്പെട്ട് സംഭരിച്ച് വച്ചിട്ടുണ്ട്.

ദൈവപൈതലേ, നീ പലതും നേടി, പലതും ചെയ്തു. പലതും സമ്പാദിച്ചു. പക്ഷേ, നിലനിൽക്കുന്നതെന്താണ് നീ മക്കൾക്കുവേണ്ടി സമ്പാദിച്ചു വച്ചിട്ടു പോകുന്നത്? ഇന്നിന്ന ഭാഗങ്ങൾ ഭൂമിയുടേത് ഇന്ന മോന്, അല്ലെങ്കിൽ ഇന്ന മോൾക്ക് എന്നെല്ലാം തിരിച്ചു വച്ചിട്ടുണ്ടാകും. പക്ഷേ, ഭാവികാല തലമുറയ്ക്ക് നിങ്ങൾ കൈമാറിയ അനുഗ്രഹം എന്താണ്? നീതിയും ന്യായവും പ്രവർത്തിച്ചു നടക്കാൻ തക്കവണ്ണം നിങ്ങൾ ഉപദേശിച്ചുവോ? ശ്രേഷ്ഠമായ മാതൃക നിങ്ങൾ മക്കൾക്ക് കാണിച്ചുകൊടുത്തുവോ?

അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിന്റെ മകനായ യാക്കോബ് ഒരവസരത്തിൽ ഏങ്ങലടിച്ചുകൊണ്ട് പറഞ്ഞു: “ഇനി ഞാൻ എന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും?” ഇതുവരെ അമ്മാവനുവേണ്ടി അദ്ധ്വാനിച്ചു.

വർഷങ്ങൾ വർഷങ്ങൾ – അമ്മാവനും അമ്മാവന്റെ മക്കൾക്കും വേണ്ടി കരുതി. ഞാൻ ധാരാളം അദ്ധ്വാനിച്ചു, കഷ്ടപ്പെട്ടു. ഇനി എന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും?

ദൈവപൈതലേ, ഇന്ന് നിനക്ക് തിരിഞ്ഞു നിന്ന് ഓർക്കാനുണ്ടോ, കരുതേണ്ടത് ഞാൻ കരുതിയില്ലല്ലോ! മക്കൾക്കു കൊടുക്കേണ്ട ആത്മീയപാഠങ്ങൾ ഞാൻ കൊടുത്തില്ലല്ലോ! എന്റെ ജീവിതം ഒരു മാതൃകയായി, ക്രിസ്തു വസിക്കുന്ന ഹൃദയം എന്താണ് എന്ന് അവർക്ക് വെളിപ്പെടുത്തി കൊടുത്തില്ലല്ലോ! യേശു വാഴുന്ന മനുഷ്യന്റെ മനോഭാവം എന്താണ് എന്ന് അവർക്ക് ഞാൻ തെളിയിച്ചു കൊടുത്തില്ലല്ലോ!

എന്റെ ഭർത്താവിനും മക്കൾക്കും മാതാപിതാക്കൾക്കും ഞാൻ ഒരു മാതൃക കാണിച്ചു കൊടുത്തില്ലല്ലോ. എന്റെ കൂടെ പഠിക്കുന്നവർക്ക് യേശു ആരാണെന്ന് എന്റെ ജീവിതത്തിൽ ക്കൂടി കാണിച്ചു കൊടുക്കാൻ എനിക്ക് കഴിഞ്ഞില്ലല്ലോ. എന്റെ കൂടെ ജോലി ചെയ്യുന്നവർക്ക് യേശു ഒരുവന്റെ ഹൃദയത്തിൽ വന്നാൽ എങ്ങനെയെല്ലാമാണ് പ്രവർത്തിക്കുന്നത് എന്ന് കാണിച്ചുകൊടുക്കാൻ എനിക്ക് കഴിഞ്ഞില്ലല്ലോ!

നിങ്ങളുടെ ജീവിതത്തിലേക്ക് നിങ്ങൾ തിരിഞ്ഞുനോക്കൂ. നിങ്ങൾ നിവർത്തിക്കേണ്ടത് നിവർത്തിച്ചുവോ? നീതിയും ന്യായവും പ്രവർത്തിച്ചു നടക്കാൻ തക്കവണ്ണം നിങ്ങൾ അടുത്ത തലമുറയ്ക്ക് സന്ദേശം കൈമാറിയോ? അവർക്ക് എന്ത് സമ്പത്താണ് നിങ്ങൾ നേടിവച്ചിരിക്കുന്നത്? പണമാണോ? അത് നിലനിൽക്കുകയില്ലല്ലോ. നിങ്ങൾ ഭൂമിയാണോ നേടിയത്? വീടാണോ നേടിയത്? എല്ലാമെല്ലാം കത്തിയഴിയാ നുള്ളതാണ്.

കത്തിയഴിയാത്ത സമ്പത്ത് നിങ്ങൾ എന്തു നേടി? കള്ളന്മാർ തുരന്നു മോഷ്ടിക്കുന്ന, പുഴുവും തുരുമ്പും

കെടുക്കുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിച്ചു കൊണ്ട് പലതും പലതും അദ്ധ്വാനിച്ച് കഷ്ടപ്പെട്ട് ക്ലേശിച്ച് ജീവിതം ഇതുവരെയും തള്ളിത്തള്ളി നീക്കിക്കൊണ്ടു വന്നു. എന്നാൽ ദൈവപൈതലേ, ഇപ്പോൾ ദൈവത്തിന്റെ ആത്മാവ് നിന്നോട് ചോദിക്കുകയാണ്: നീ അടുത്ത തലമുറയ്ക്ക് എന്താണ് കൈമാറുന്നത്? അടുത്ത തലമുറയ്ക്ക് നീ ഒരു ദൈവികമായ മാതൃക കാണിച്ചു കൊടുത്തുവോ?

A Godly Example! ഒരു ദൈവികമാതൃക!

അബ്രാഹാമിന്റെ ജീവിതം എന്നും Godly ആയിരുന്നു. ദൈവാഭിമുഖമായിരുന്നു, ദൈവികമായിരുന്നു. നിങ്ങളിൽനിന്ന് മാറി നിന്നുകൊണ്ടല്ല, നിങ്ങളിൽ ഒരാളെപ്പോലെ നിന്നുകൊണ്ട് ഞാനും എന്നെത്തന്നെ ശോധന ചെയ്തു കൊണ്ട്, അങ്ങോട്ട് വെട്ടുന്ന ഇരുവായ്ത്തലയുള്ള വാളിന്റെ ഒരു വായ്ത്തല എന്റെ നേരെയും ചൂണ്ടിക്കൊണ്ട് ഞാൻ നിങ്ങളോട് ചോദിക്കുകയാണ്: നിങ്ങൾ എന്ത് മാതൃകാജീവിതം നയിച്ചു? ഇത്രയുംകാലംകൊണ്ട് നിങ്ങൾ എന്ത് സമ്പാദിച്ചു? നിങ്ങൾ മക്കൾക്കുവേണ്ടി എന്തു നേടി?

മക്കളില്ലാത്തവർ, മക്കളുണ്ടാകാത്തവർ, മക്കളുണ്ടാകാൻ സാദ്ധ്യമല്ല എന്ന് ഡോക്ടർമാർ പറഞ്ഞവർ ഒരുപക്ഷേ ഈ വാക്കുകൾ വായിക്കുന്നുണ്ടാകും. നിങ്ങളോട് ഒരു വാക്ക് പറയാനുണ്ട്. നിങ്ങൾ ആത്മാവിൽ മക്കളെ ജനിപ്പിക്കുക. ദൈവം മക്കളെ തരുന്നോ, കൈ നീട്ടി വാങ്ങിക്കൊള്ളുക. ഇതുവരെയും മക്കളുണ്ടായില്ലേ? ദൈവത്തോട് ചോദിക്കാം. നിങ്ങൾക്കപേക്ഷിക്കാം. എന്റെ കർത്താവേ, എനിക്ക് ഒരു അനന്തര തലമുറയെ, ഒരു സന്തതിയെ തരണമേ. തീർച്ചയായും നിങ്ങൾക്ക് ചോദിക്കാം. കിട്ടുന്നില്ലേ, നിങ്ങൾ നിരാശപ്പെടരുത്. നിങ്ങൾ ആത്മാവിൽ സന്തതിയെ ജനിപ്പിക്കണം.

“തടവിലിരിക്കുമ്പോൾ ഞാൻ ജനിപ്പിച്ച എന്റെ മകനായ

ഒനേസിമോസിനു വേണ്ടിയാകുന്നു ഞാൻ നിന്നോടപേക്ഷിക്കുന്നത്.'' അപ്പൊസ്തലനായ പൗലോസ് വിവാഹം കഴിച്ചവനല്ല. അപ്പൊസ്തലന് ജഡികമായി മക്കളില്ല. പക്ഷേ, അനേകം മക്കളെ ആത്മാവിൽ ജനിപ്പിച്ചു.

"എന്റെ മകനേ, ക്രിസ്തു യേശുവിന്റെ കൃപയാൽ ശക്തിപ്പെടുക." "എന്റെ മകനേ, ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക." മകനേ എന്ന് വിളിക്കുന്നു. അപ്പൊസ്തലനായ പൗലോസിന്റെ ആത്മികമകനാണ് തിമോഥെയോസ്. അപ്പൊസ്തലനായ പൗലോസിന്റെ ആത്മികമകനാണ് സില്വാനോസ് അല്ലെങ്കിൽ ശീലാസ്. അപ്പൊസ്തലനായ പൗലോസിന്റെ ആത്മികമകനാണ് അടിമയായ ഒനേസിമോസ്.

നിങ്ങൾ ആത്മാവിൽ മക്കളെ ജനിപ്പിക്കുക. നിങ്ങളുടെ ജീവിതത്തിന്റെ മാതൃക കണ്ടുകൊണ്ട്, നിങ്ങളുടെ സൽസ്വഭാവം കണ്ടുകൊണ്ട്, നിങ്ങളിൽക്കൂടി ക്രിസ്തു പ്രതിഫലിക്കുന്നത് കണ്ടുകൊണ്ട് ക്രിസ്തുവിന്റെ സ്വഭാവം നിങ്ങളുടെ സ്വഭാവത്തിൽക്കൂടെ പ്രതിബിംബിക്കുന്നത് കണ്ടുകൊണ്ട് ചിലരെങ്കിലും യേശുവിനെ കണ്ടെത്തട്ടെ. ചിലരെങ്കിലും യേശുവിന്റെ ക്രൂശിൻചുവട്ടിലേക്ക് ഓടിയണയട്ടെ.

മകളേ, മകനേ, ഇന്ന് നിനക്കാ തീരുമാനമെടുക്കാം: കർത്താവേ, എന്റെ ജീവിതത്തിന്റെ നിഷ്ഠ കണ്ട്, എന്റെ ജീവിതത്തിലെ യേശുവിനെ കണ്ട്, എന്റെ പാപത്തോടുള്ള വെറുപ്പ് കണ്ട്, എന്റെ ആത്മാർത്ഥത കണ്ട്, ഉത്തരവാദിത്വബോധം കണ്ട്, കാര്യക്ഷമത കണ്ട്, എന്റെ സത്യസന്ധത കണ്ട് യേശുവിനെ അനേകർ കാണാൻ ഇടയാകണമേ.

മറ്റുള്ളവർ, എന്റെ മക്കൾ, മക്കളുടെ മക്കൾ യേശുവിനെ എന്നിൽക്കൂടി പ്രതിഫലിക്കുന്നത് കണ്ട് യേശുവിന്റെ അരികിലേക്ക് വരാൻ ഇടയാകണമേ.

നിങ്ങൾ പ്രാർത്ഥിക്കൂ, നിങ്ങളുടെ കുടുംബജീവിതം ധന്യമാകും. നിങ്ങളുടെ തലമുറകൾ നിങ്ങൾമൂലം അനുഗ്രഹിക്കപ്പെടട്ടെ. ദൈവവഴിയിലേക്ക് തിരിയട്ടെ. അവർ മൂലം ദൈവനാമം മഹത്വപ്പെടട്ടെ.

നിങ്ങളേയും നിങ്ങളുടെ മക്കളെയും കണ്ട് ദൈവം അഭിമാനിക്കട്ടെ. ജീവനുള്ള ദൈവം നിങ്ങളെക്കുറിച്ച് ലജ്ജിക്കാൻ ഇടവരാതിരിക്കട്ടെ. മക്കൾക്കുവേണ്ടി സ്വർഗ്ഗീയ സമ്പത്ത് നിങ്ങൾ നേടിയെടുക്കുക.

അബ്രാഹാമിനെ ദൈവം തിരഞ്ഞെടുത്തു. ഈ നിസ്സാരനായ എന്നെയും നിങ്ങളേയും ദൈവം തിരഞ്ഞെടുത്തിരിക്കുന്നു, അടുത്ത തലമുറയ്ക്ക് ചില സന്ദേശങ്ങൾ കൈമാറാൻ. ചില അനുഗ്രഹങ്ങൾ കൈമാറാൻ. ഞാൻ എന്റെ ആശ പറയട്ടെ: കർത്താവ് വരുവാൻ താമസിക്കുന്നെങ്കിൽ നിങ്ങളുടെ അനന്തര തലമുറ പറയണം: ഞങ്ങളുടെ കുടുംബത്തിൽ, ഞങ്ങളുടെ ദേശത്തിൽ, ഞങ്ങളുടെ കൂട്ടായ്മയിൽ ഒരു വിശുദ്ധനുണ്ടായിരുന്നു, ഒരു ശുദ്ധിമതി ഉണ്ടായിരുന്നു എന്ന്.

അടുത്ത തലമുറയിലേക്ക് ആനന്ദത്തിന്റെ ആവേശം പകരാൻ നിങ്ങൾക്ക് സാധിക്കട്ടെ. അതിനായി യേശുവിന്റെ തിരുരക്തം നിങ്ങളെ ഇന്ന് സ്പർശിക്കുകയാണ്. യേശുവിന്റെ തിരുരക്തം നിങ്ങളെ രൂപാന്തരപ്പെടുത്തുകയാണ്. ആ തിരുരക്തം നിങ്ങളിൽ അത്ഭുതം സൃഷ്ടിക്കുകയാണ്. തിരുരക്തത്തിന് കഴിയാത്തതായി ഒന്നുമില്ല.

ഇതുവരെ അസാദ്ധ്യമെന്ന് കരുതിയത് എല്ലാം സാദ്ധ്യമാക്കിത്തരാൻ യേശുവിന്റെ ചങ്കുപൊട്ടിയൊഴുകിയ തിരുരക്തം മതിയായതാണ്. നിങ്ങളുടെ പഴയ സ്വഭാവം മാറ്റി യേശുവിന്റെ തനിസ്വഭാവമുള്ളവരാക്കി തീർത്തുതരും. നിങ്ങളിൽ സ്നേഹം നിറച്ചു തരും. ക്ഷമിക്കാൻ മനസ്സില്ലാത്തവർ ക്ഷമാശീലം കൈമുതലാക്കിയവരായിത്തീരും.

ഇതുവരെയും പൊറുക്കാൻ കഴിയാതെ ചിലരോട് വൈരാഗ്യം വച്ചുകൊണ്ടിരുന്നവർ സ്നേഹത്തിന്റെ ഉദാത്തഭാവം പുലർത്തുന്നവരായിത്തീരും.

അഹങ്കരിച്ച് ഡംഭിച്ച് നടന്നവർ, വിനീതരായി എളിമയുള്ളവരായിത്തീരും. ദ്രവ്യാഗ്രഹികളായി, സ്വസ്നേഹികളായി, ലോകത്തിന്റെ അടിമകളായി ജീവിച്ചവർ, വെറിക്കൂത്തിൽ മുഴുകിക്കഴിഞ്ഞവർ, പാപത്തിൽ മുഴുകിക്കഴിഞ്ഞവർ പാപത്തോട് യാത്രപറഞ്ഞ് എല്ലാ തിന്മകളും വിട്ട് സത്യപാതയിലേക്ക് തിരിഞ്ഞുവരും.

ദൈവത്തിന്റെ വഴിയിലേക്ക് നിങ്ങൾ തിരിയുവിൻ. ദൈവത്തിന്റെ കരങ്ങളിലേക്ക് നിങ്ങളെ ഏൽപ്പിക്കുവിൻ. ക്രിസ്തു ഇതാ നിങ്ങളുടെ മുന്നിൽ വന്നു നിൽക്കുന്നു. അവന്റെ കരങ്ങളിലേക്ക് നിങ്ങളെ വച്ചു കൊടുക്കുവിൻ. ദേഹവും ദേഹിയും ആത്മാവും സമ്പൂർണ്ണയാഗമായി അവിടുത്തെ കരങ്ങളിലേക്ക് നിങ്ങൾ ഏൽപ്പിച്ചു കൊടുക്കുവിൻ. അവനോട് വാക്ക് പറയുവിൻ: യേശുവേ, നിന്റെ തിരുരക്തം എനിക്കുവേണ്ടി ഒഴുക്കിയതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.

# അഞ്ച്

*"ഞാൻ അവരോട് ചെയ്തിരിക്കുന്ന നിയമമോ ഇതാകുന്നു എന്ന് യഹോവ അരുളിച്ചെയ്യുന്നു: നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽ നിന്നും നിന്റെ സന്തതിയുടെ വായിൽനിന്നും നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽ നിന്നും ഇന്നുമുതൽ ഒരു നാളും വിട്ടുപോകയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു."*

*യെശയ്യാവ് 59 : 21*

എന്തൊരു വാഗ്ദത്തമാണത്! നിന്റെമേൽ ഞാൻ പകർന്ന എന്റെ ആത്മാവുണ്ടല്ലോ, നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളുണ്ടല്ലോ, അത് നിന്റെ മേൽ നിന്ന്, നിന്റെ സന്തതിയുടെ വായിൽനിന്ന്, നിന്റെ സന്തതിയുടെ സന്തതി യുടെ വായിൽനിന്ന് ഒരു നാളും വിട്ടുപോകയില്ല.

എത്ര ആശ്വാസകരമായ, പ്രത്യാശാനിർഭരമായ ഒരു വാഗ്ദത്തം! ദൈവം ആ വാഗ്ദത്തം നമുക്ക് തരികയാണ്!

മക്കളെയോർത്ത് ആകുലപ്പെടുന്ന അനേകരുണ്ട്. അന ന്തര തലമുറകളെയോർത്ത് ആശങ്കാകുലരാകുന്ന ആളുകളു ണ്ട്. അയ്യോ, എന്റെ കുഞ്ഞുങ്ങളെങ്ങനെ? അവരുടെ ഭാവി യെന്ത്? അവർ ചുമതലാബോധമില്ലാതെ ജീവിക്കുന്നല്ലോ. അവർ സത്യദൈവത്തെ അറിയാതെ ജീവിക്കുന്നല്ലോ. അവർ ദൈവവഴികളിലേക്ക് തിരിയുന്നില്ലല്ലോ. അവർ ലോകത്തിന്റെ ഇമ്പങ്ങളിൽ കുടുങ്ങിക്കിടക്കുന്നല്ലോ. അവർ പാപത്തിന്റെ

ഭോഗലാലസകളിൽ മുഴുകിക്കഴിയുന്നല്ലോ.

അവർ ഭൗതികസുഖങ്ങളിൽ ലയിച്ച് ജീവിതം തകർത്തുകളയുന്നല്ലോ. അവരുടെ ഭാവി മുടിഞ്ഞുകൊണ്ടിരിക്കുന്നല്ലോ. നാളെയെക്കുറിച്ചുള്ള യാതൊരു പ്രതീക്ഷയുമില്ലാതെ നിരാശാഭരിതരായി ആത്മഹത്യ തന്നെ ശരണമെന്ന നിലയിൽ മയക്കുമരുന്നിന് അടിമപ്പെട്ടവരായി, കഞ്ചാവിന് വിധേയപ്പെട്ടവരായി മദ്യത്തിന്റെ ഭീകരമായ നീരാളിപ്പിടുത്തത്തിൽ ഉലഞ്ഞുപോകുന്നവരായി എന്റെ ഭാവികാല തലമുറകൾ തീർന്നുപോകുന്നല്ലോ. അയ്യോ, എന്റെ മക്കളുടെ അവസ്ഥ എന്താണ്? ഇങ്ങനെ ആകുലമനസ്കരായി, ചിന്താഭാരത്തിൽ കഴിയുന്ന ആളുകളുണ്ട്.

ഈ വാക്കുകളെ വായിക്കുന്ന നിങ്ങളിൽ അനേകർ മക്കളെയോർത്ത് വ്യാകുലപ്പെടുന്നവരായിരിക്കും. എന്നാൽ ദൈവത്തിന്റെ വചനം പറയുന്നു: മകനേ, നീ എന്റെ വചനം അനുസരിക്കുമെങ്കിൽ, മകളേ, നീ എന്റെ വചനം സ്വീകരിക്കുമെങ്കിൽ, വചനം വിശ്വസിക്കുമെങ്കിൽ, നീ എന്റെ ആത്മാവിനെ കൈക്കൊള്ളുമെങ്കിൽ, എന്റെ വചനത്തെ നീ ഉൾക്കൊള്ളുമെങ്കിൽ, നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽ നിന്ന് നിന്റെ മകനിലേക്കും നിന്റെ മകന്റെ മകനിലേക്കും വ്യാപിക്കും. ഇതാണ് ദൈവം തരുന്ന അരുളപ്പാട്.

സ്നേഹവാനായ ദൈവം നമുക്ക് വാഗ്ദത്തം തരികയാണ്. ദൈവം അബ്രാഹാമിന് വാഗ്ദത്തം കൊടുത്തു. അബ്രാഹാമിന് ദൈവം വാഗ്ദത്തം കൊടുത്തത് അനന്തര തലമുറയിലേക്ക് വലിയ അനുഗ്രഹം പകരാനാണ്. ഭാവികാല തലമുറകളിലേക്ക് നീണ്ടു നിൽക്കുന്ന അനുഗ്രഹം!

മോശയിൽക്കൂടി ദൈവം ജനത്തിന് അരുളപ്പാട് കൊടുക്കുന്നു.

*“നിന്റെ ദൈവമായ യഹോവയായ ഞാൻ*

*തീക്ഷ്ണതയുള്ള ദൈവമാകുന്നു; എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ച് എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യുന്നു."*

*പുറപ്പാട് 20 : 5, 6*

എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തേയും നാലാമത്തേയും തലമുറവരെ മക്കളുടെമേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ച് എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യുന്നു.

അബ്രാഹാം ദൈവത്തെ വിശ്വസിച്ചു. ദൈവത്തെ അനുസരിച്ചു. അബ്രാഹാമിന്റെ അനന്തരതലമുറകൾ അനുഗ്രഹിക്കപ്പെട്ടു. ഓരോ തലമുറയിലും അനുഗ്രഹം പിൻപറ്റി വരികയാണ്. അബ്രാഹാം വളരെ ശ്രേഷ്ഠമായ ചില അവകാശങ്ങൾ അടുത്ത തലമുറയ്ക്ക് കൈമാറി. അപ്പൻ മക്കൾക്ക് അവകാശം കൈമാറും. അബ്രാഹാം കൈമാറിയ അവകാശങ്ങൾ, അബ്രാഹാം നൽകിയ Heritage എന്തെല്ലാമാണ്?

1. A Godly example:

നമ്മുടെ മക്കൾക്കും മക്കളുടെ മക്കൾക്കും അനുകരണീയമായ ഒരു മാതൃക നാം കാണിച്ചു കൊടുക്കണം.

മാതൃക കാണിച്ചു കൊടുക്കാൻ ദൈവം അബ്രാഹാമിനെ തിരഞ്ഞെടുത്തു. അപ്പൊസ്തലനായ പൗലോസ് പറയും:

*"ഞാൻ സ്വതന്ത്രൻ അല്ലയോ? ഞാൻ അപ്പൊസ്തലൻ അല്ലയോ? നമ്മുടെ കർത്താവായ യേശുവിനെ ഞാൻ കണ്ടിട്ടില്ലയോ? കർത്താവിൽ ഞാൻ ചെയ്ത പ്രവൃത്തിയുടെ ഫലം നിങ്ങൾ അല്ലയോ? മറ്റുള്ളവർക്കു ഞാൻ അപ്പൊസ്തലൻ അല്ലെന്നു*

*വരികിൽ എങ്ങനെയെങ്കിലും നിങ്ങൾക്ക് ആകുന്നു; കർത്താവിൽ എന്റെ അപ്പൊസ്തലത്വത്തിന്റെ മുദ്ര നിങ്ങളല്ലോ?" 1 കൊരിന്ത്യർ 9 : 1, 2*

അപ്പൊസ്തലൻ പറയുകയാണ്: ഞാൻ യേശുവിനെ കണ്ടവനാണ്. ഞാൻ യേശുവിനെ അറിഞ്ഞവനാണ്. യേശു എനിക്ക് സ്വാതന്ത്ര്യം തന്നതാണ്. ദൈവം എന്നെ തന്റെ മഹത്വകരമായ ശുശ്രൂഷയ്ക്ക് തിരഞ്ഞെടുത്തതാണ്. തന്റെ നാവിൽക്കൂടി വന്ന ദൈവികവചനം കേട്ട് അനുതപിച്ച് മാനസാന്തരപ്പെട്ട് ദൈവിക വഴിയിലേക്ക് തിരിഞ്ഞ ആളുകളോട് അപ്പൊസ്തലൻ പറയുകയാണ്: എന്റെ അപ്പൊസ്തലത്വത്തിന്റെ മുദ്ര നിങ്ങളാണ്.

എന്തൊരു പ്രാഗത്ഭ്യം! പിന്നീട് അപ്പൊസ്തലൻ കാരാഗൃഹത്തിൽ കിടന്ന് എഴുതി:

*"സഹോദരന്മാരേ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ; ഞങ്ങൾ നിങ്ങൾക്കു കാണിച്ച മാതൃകപ്രകാരം നടക്കുന്നവരെയും കുറിക്കൊൾവിൻ." ഫിലിപ്പിയർ 3 :17*

അപ്പൊസ്തലൻ തന്റെ പിന്നാലെ വരുന്നവർക്ക് ഒരു നല്ല മാതൃക കാണിച്ചു കൊടുത്തു. അതുകൊണ്ട് ആ പ്രാഗത്ഭ്യത്തോടും ധൈര്യത്തോടും പരിശുദ്ധാത്മാവിൽ നിന്നുകൊണ്ട് പറയുകയാണ്: "എന്നെ അനുകരിപ്പിൻ".

അബ്രാഹാം അടുത്ത തലമുറയ്ക്കു കൊടുത്ത രണ്ടാമത്തെ അവകാശമാണ്,

*2. "അവിടെ അവൻ ഒരു യാഗപീഠം പണിതു."*

*ഉല്പത്തി 26 : 25*

അബ്രാഹാം യാഗപീഠം പണിതതുപോലെ യിസ്ഹാക്കും ഒരു യാഗപീഠം പണിതു. അപ്പൻ ചെന്നേടത്തെല്ലാം യാഗപീഠം പണിതവനാണ്. മിസ്രയീമിലേക്ക് പോകുന്നതിനുമുമ്പ് യാഗപീഠം പണിതു; മിസ്രയീമിൽനിന്ന് തിരികെ വന്നപ്പോൾ യാഗ

പീഠം പണിതു; ബേഥേലിൽ യാഗപീഠം പണിതു. അബ്രാഹാം എല്ലായിടത്തും യാഗപീഠം പണിയുന്നവനായിരുന്നു; ദൈവത്തെ ആരാധിക്കുന്നവനായിരുന്നു.

യിസ്ഹാക്കും യാഗപീഠം പണിതു. അപ്പൻ കാണിച്ച മാതൃക മോനും പിന്തുടരുകയാണ്. ഉല്പത്തി 28–ാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ യാക്കോബ് യാഗപീഠം പണിയുന്നു. യാക്കോബും ചെല്ലുന്നിടത്തെല്ലാം യാഗപീഠം പണിയുകയാണ്. എന്നാൽ യാക്കോബിന്റെ സഹോദരനായ ഏശാവ്, ജ്യേഷ്ഠാവകാശത്തിന് അർഹനായിരുന്ന ഏശാവ് യാഗപീഠം പണിയുന്നില്ല. നല്ല മാതൃകയുണ്ടായിരുന്നിട്ടും അത് കൈക്കൊള്ളാതെ ചീത്ത മാതൃകയിലൂടെ ഏശാവ് പോയി.

പല പോരായ്മകളും യാക്കോബിനുണ്ട്. യാക്കോബിന് പല വീഴ്ചകളുമുണ്ട്. പല തരത്തിലുള്ള സ്വഭാവത്തിന്റെ ദോഷങ്ങളുണ്ട്. യാക്കോബ് തന്ത്രശാലിയാണ്, ഉപായിയാണ്. പക്ഷേ, അപ്പൻ കാണിച്ച മാതൃക പിന്തുടരുന്നതിൽ യാക്കോബ് ഉത്സാഹിച്ചു. അതുകൊണ്ട് യാക്കോബ് അനുഗൃഹീതനായി. യാക്കോബിന് പുതിയ പേര് ലഭിച്ചു. അപ്പന്റെ മാതൃക മക്കൾ പിൻതുടരുകയാണ്. യാഗപീഠം പണിതു.

3. മൂന്നാമതായി കൊടുത്ത അവകാശം, ആരാധന!

*"അവിടെ അവൻ ഒരു യാഗപീഠം പണിതു; യഹോവയുടെ നാമത്തിൽ ആരാധിച്ചു. അവിടെ തന്റെ കൂടാരം അടിച്ചു." ഉല്പത്തി 26 : 25*

അബ്രാഹാം കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു എന്ന് അപ്പൊസ്തലനായ പൗലോസ് പറയുന്നു. അബ്രാഹാം ധനികനായിരുന്നു പക്ഷേ, ആ ധനത്തിൽ അവന്റെ ഹൃദയം തറ്റുനിന്നില്ല. അവൻ കൂടാരവാസിയായിരുന്നു. അബ്രാഹാമിനുശേഷം യിസ്ഹാക്കും കൂടാരവാസിയായിരുന്നു.

അബ്രാഹാമിന്റെ മാതൃക പിന്തുടർന്നുകൊണ്ട് മകനായ യിസ്ഹാക്ക് കൂടാരമടിച്ചുപാർത്തു; സ്ഥിരപാർപ്പിടം ഉണ്ടാക്കി യില്ല. ഞാൻ ഒരു പരദേശിയാണ്, നിസ്സാരനാണ്, ശാശ്വത ഭവ നത്തിലേക്ക് പോകുന്നവനാണ്, ഇവിടം എന്റെ പാർപ്പിടമല്ല എന്നുറച്ച് കൂടാരവാസിയായി ജീവിച്ചു. നല്ല മാതൃക പിന്തുടരു കയാണ്.

സഹോദരങ്ങളേ, നാം നമ്മുടെ മക്കൾക്ക് എന്ത് മാതൃക കാണിച്ചുകൊടുക്കുന്നു? പണം സമ്പാദിക്കുന്നതിന്റെ മാതൃക യാണോ നാം കാണിച്ചു കൊടുക്കുന്നത്? ഈ ലോകത്തിലെ ജീവിതത്തിന്റെ സുഖഭോഗങ്ങളിലേക്ക് മക്കളുടെ ഹൃദയത്തെ ആനയിക്കുന്ന വാസനയാണോ കാണിച്ചു കൊടുക്കുന്നത്? പണം വേണ്ട എന്നോ ജോലി ചെയ്ത് പണം സമ്പാദിക്കണ്ട എന്നോ അല്ല പറഞ്ഞത്. ഈ ലോകത്തിൽ വീട് വയ്ക്കണ്ട എന്നല്ല പറഞ്ഞത്.

എന്നാൽ യേശുക്രിസ്തുവിനേക്കാൾ കൂടുതലായി മറ്റൊന്നിനും പ്രാധാന്യം കൊടുക്കാത്ത ഒരു ജീവിതം. സക ലവും പിന്നിലേക്ക് മാറ്റിയിട്ട് കർത്താവായ യേശുവിനു മാത്രം ഒന്നാംസ്ഥാനം കൊടുക്കുന്ന ജീവിതം. അതെന്തൊരു ശ്രേഷ്ഠ മായ ജീവിതമാണ്! പ്രിയപ്പെട്ടവരേ, എല്ലാം മായയാണെന്ന് എണ്ണുന്ന ജീവിതം. എല്ലാം മാറി മറയാനുള്ളത്. ഒരു നിമിഷം കൊണ്ട് ഞാൻ എല്ലാം വിട്ടു പോകേണ്ടിയവൻ. ഇവിടെ ഞാൻ കൂടാരവാസിയായി പാർക്കുകയാണ്.

ഈ ഒരു കാഴ്ചപ്പാട് ലഭിക്കുമ്പോൾ ഇതെല്ലാം വെറും മണ്ണാങ്കട്ടയാണെന്ന് നമുക്ക് തോന്നും. പത്തുപൈസ കൈയിൽ വന്നാലും പ്രശംസയില്ല, അഭിമാനമില്ല, അഹന്ത യില്ല. പൈസയുണ്ടാക്കാനുള്ള വ്യഗ്രതയില്ല. തിന്നാലും കുടി ച്ചാലും എല്ലാം ദൈവമഹത്വത്തിനായി. വാക്കിനാലോ ക്രിയ യാലോ എന്തുചെയ്താലും എല്ലാം യേശുക്രിസ്തുവിന്റെ മഹ ത്വത്തിനായി. കൊലൊസ്യർ 3 : 17

ദാവീദ് പാടി: “ഞങ്ങൾക്കല്ല, യഹോവേ ഞങ്ങൾക്കല്ല,

നിന്റെ ദയയും വിശ്വസ്തതയും നിമിത്തം നിന്റെ നാമത്തിനു തന്നേ മഹത്വം വരുത്തണമേ.”

ദൈവത്തിന്റെ മഹത്വം മാത്രം ലാക്കാക്കുന്നു. കർത്താവേ, നിന്റെ ഹിതപ്രകാരം ഞാൻ സമ്പാദിക്കുന്നു, നിന്റെ ഹിതപ്രകാരം ഞാൻ ചിലവഴിക്കുന്നു. എന്റെ അഭിപ്രായപ്രകാരല്ല, സ്വന്തം താത്പര്യപ്രകാരമല്ല.

ഈ കാഴ്ചപ്പാടിലേക്ക് വരാൻ നിങ്ങൾക്ക് പറ്റുന്നുണ്ടോ? എന്തിനുവേണ്ടി, ആർക്കുവേണ്ടി നാം ജീവിക്കുന്നു? ജീവിതത്തിന്റെ പരമമായ ലാക്ക് എന്താണ്?

ഭാര്യയെ സ്നേഹിക്കുന്നുണ്ട്, ഭർത്താവിനെ സ്നേഹിക്കുന്നുണ്ട്. വേണ്ട എന്നല്ല. പക്ഷേ, യേശുവിനേക്കാൾ കൂടുതൽ ഭാര്യയെ സ്നേഹിക്കുന്നെങ്കിൽ ഭാര്യ വിഗ്രഹമാണ്. യേശുവിനേക്കാൾ കൂടുതൽ ഭർത്താവിനെ സ്നേഹിക്കുന്നെങ്കിൽ ഭർത്താവ് വിഗ്രഹമാണ്. യേശുവിനേക്കാൾ കൂടുതൽ മക്കളെ സ്നേഹിക്കുന്നെങ്കിൽ മക്കൾ വിഗ്രഹമാണ്.

യേശുവിനേക്കാൾ കൂടുതൽ പണത്തെ സ്നേഹിക്കുന്നെങ്കിൽ പണം വിഗ്രഹമാണ്. യേശുവിനേക്കാൾ കൂടുതൽ ജോലിയെ സ്നേഹിക്കുന്നെങ്കിൽ ജോലി വിഗ്രഹമാണ്. യേശുക്രിസ്തുവിനേക്കാൾ കൂടുതൽ നാം എന്തിനെ സ്നേഹിക്കുന്നോ അത് നമ്മുടെ വിഗ്രഹമാണ്. വിഗ്രഹങ്ങളെല്ലാം തകർക്കുക. ദൈവത്തെ സ്നേഹിക്കാൻ ഒരുങ്ങുക. ജീവനുള്ള ദൈവത്തിന് ഒന്നാംസ്ഥാനം കൊടുക്കുക.

അബ്രാഹാം മാതൃക കാണിച്ചു കൊടുത്തു. The Heritage! അബ്രാഹാം വച്ചേച്ചുപോയ പാരമ്പര്യത്തിന്റെ അവകാശം അതാണ്.

നിങ്ങളുടെ ജീവിതം ഇന്ന് അവസാനിക്കുന്നുവെങ്കിൽ അല്ല, നാളെയൊരു ദിവസം വചനം ശ്രവിക്കുന്നതിനുമുമ്പ് നിങ്ങളുടെ ജീവിതം അവസാനിക്കുന്നുവെങ്കിൽ അനന്തരതലമുറയ്ക്ക് നിങ്ങൾ എന്താണ് കൊടുത്തിട്ട് പോകുന്നത്? യേശു

ക്രിസ്തുവിനെ നിത്യസമ്പാദ്യമായി നിങ്ങൾ സ്വീകരിച്ചുവോ?

നിങ്ങളുടെ ഏക സമ്പാദ്യമായ യേശുക്രിസ്തുവിനെ നിങ്ങളുടെ മക്കൾക്ക് ലഭിച്ചുവോ? ആ സമ്പാദ്യം നിങ്ങളുടെ മക്കൾക്കുവേണ്ടി നിങ്ങൾ വച്ചേച്ചു പോകുന്നുവോ? തലമുറയ്ക്ക് അനുഗൃഹീത സമ്പാദ്യം യേശുക്രിസ്തുവാണ്. സ്വർഗ്ഗ മഹാസൗഭാഗ്യം തരുന്ന ക്രിസ്തു! നിത്യജീവൻ തരുന്ന ക്രിസ്തു! സമാധാനം തരുന്ന ക്രിസ്തു! പാപിക്കുവേണ്ടി ജീവരക്തം ഊറ്റിയ ക്രിസ്തു! പാപിയെ വീണ്ടെടുക്കാൻ ക്രൂശിന്മേൽ ഇരു കൈകളും വിരിച്ച് മൂന്നാണികളിൽ തൂങ്ങിക്കിടക്കുന്ന കർത്താവായ യേശുക്രിസ്തു! ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തു! ഈ ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വന്നുവോ?

ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വസിക്കുന്നുവോ? ക്രിസ്തു നിങ്ങളുടെ നാഥനായി തീർന്നുവോ? ക്രിസ്തു നിങ്ങളെ ഭരിക്കുന്നുവോ? ക്രിസ്തു നിങ്ങളെ നിയന്ത്രിക്കുന്നുവോ? ക്രിസ്തുവിനായി നിങ്ങളുടെ ജീവിതം നിങ്ങൾ ഭരമേല്പിച്ചുവോ?

ഇന്ന്, ഇപ്പോൾ തന്നെ, ഈ നിമിഷം തന്നെ നിങ്ങളുടെ ജീവിതം ക്രിസ്തുവിന് കൊടുക്കുവിൻ. ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നിങ്ങളെ ഏല്പിക്കുവിൻ. ക്രിസ്തുവിനോട് വാക്ക് പറയുവിൻ: നാഥാ, ഞാൻ ഇതുവരെയും ലോകത്തിനുവേണ്ടി മാത്രം ജീവിച്ചുപോയി. ഇന്നിതാ എന്നെത്തന്നെ നിനക്കു തരുന്നു. എന്റെ ആയുസ്സ്, എന്റെ ഭാവി, എന്റെ ജീവിതം യേശുവേ, നിനക്കുവേണ്ടി. എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു.

എന്നെത്തന്നെ സന്നിധിയിൽ കാഴ്ചയണപ്പാനും നാഥാ!
എന്നെ നിനക്കു സുഗന്ധമതായ് അർപ്പിപ്പാനും കൃപചെയ്ക
ഐഹിക നേട്ടത്തിനു പകരം നിന്നെ സമ്പാദിപ്പാനും
നിന്നെ സ്നേഹിച്ചീ ലോകം നിരസിപ്പാനും കൃപ ചെയ്ക.

# ആറ്

*“യഹോവ അവനു പ്രത്യക്ഷനായി അരുളിച്ചെയ്തതെന്തെന്നാൽ: നീ മിസ്രയീമിലേക്ക് പോകരുത്; ഞാൻ നിന്നോട് കല്പിക്കുന്ന ദേശത്ത് പാർക്ക. ഈ ദേശത്ത് താമസിക്ക; ഞാൻ നിന്നോടുകൂടെയിരുന്ന് നിന്നെ അനുഗ്രഹിക്കും; നിനക്കും നിന്റെ സന്തതിക്കും ഈ ദേശമൊക്കെയും തരും; നിന്റെ പിതാവായ അബ്രാഹാമിനോട് ഞാൻ ചെയ്ത സത്യം നിവർത്തിക്കും. അബ്രാഹാം എന്റെ വാക്കുകേട്ട് എന്റെ നിയോഗവും കല്പനകളും ചട്ടങ്ങളും പ്രമാണങ്ങളും ആചരിച്ചതുകൊണ്ട് ഞാൻ നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ വർദ്ധിപ്പിച്ച് നിന്റെ സന്തതിക്ക് ഈ ദേശമൊക്കെയും കൊടുക്കും; നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും.”* *ഉല്പത്തി 26 : 2 – 5*

അബ്രാഹാം ദൈവത്തിന്റെ വാഗ്ദത്തവചനം പ്രാപിച്ച ശ്രേഷ്ഠനായ ഒരു വംശത്തലവനാണ്. അബ്രാഹാമിനോട് ദൈവം പറഞ്ഞു: നിന്റെ സന്തതിയെ ഞാൻ വർദ്ധിപ്പിക്കും; ആകാശത്തിലെ നക്ഷത്രങ്ങളെ എണ്ണാൻ കഴിയുമെങ്കിൽ നിന്റെ സന്തതിയെയും എണ്ണാം. കടൽക്കരയിലെ മണൽത്തരിയെ എണ്ണാൻ കഴിയുമെങ്കിൽ നിന്റെ സന്തതിയെയും എണ്ണാം; എണ്ണമില്ലാത്ത സന്തതി പരമ്പരകളെ ഞാൻ നിനക്ക് തരും. അതേ വാഗ്ദത്തം ദൈവം യിസ്ഹാക്കിന് വീണ്ടും ഉറപ്പിച്ചു

കൊടുക്കുകയാണ്. അപ്പന് ലഭിച്ച അതേ വാഗ്ദത്തം മകനും കൊടുക്കുന്നു.

അബ്രാഹാം, മക്കൾക്ക് ദിവ്യമായ ഒരു മാതൃക കാണിച്ചു കൊടുത്തു. അബ്രാഹാം കൂടാരങ്ങളിൽ പാർത്തു. കൂടാരജീവിതം യിസ്ഹാക്കും അനുവർത്തിച്ചു.

അബ്രാഹാം യാഗപീഠം പണിതു. യാഗപീഠം പണിത് ആരാധിക്കുന്ന സമ്പ്രദായം യിസ്ഹാക്കും നിവർത്തിച്ചു. അബ്രാഹാമിന് ദൈവിക വാഗ്ദത്തം ലഭിച്ചു. ആ വാഗ്ദത്തം അബ്രാഹാമിന്റെ സന്തതിയായ യിസ്ഹാക്കിനും ദൈവം നൽകുകയും ആവർത്തിച്ചുറപ്പിക്കുകയും ചെയ്തു.

എന്താണ് അബ്രാഹാമിന്റെ സന്തതി പരമ്പരകൾ എന്നു പറയാൻ കാരണം? അതിന്റെ അർത്ഥമെന്താണ്? അതിന്റെ ആത്മീയമായ ഉൾക്കാഴ്ച എന്താണ്? അബ്രാഹാം വിശ്വാസികളുടെ പിതാവായിരുന്നു. അനേകമനേകം വിശ്വാസികൾ, അനേകമനേകം വിശുദ്ധന്മാർ അബ്രാഹാമിന്റെ തലമുറയിൽ ഉണ്ടാകും. അബ്രാഹാമിന്റെ വിശ്വാസത്തിൽ തുടരുന്ന സന്തതിപരമ്പരകളുണ്ടാകും.

നിലനിൽക്കുന്ന ഉത്തമ സമ്പത്ത് അനുഭവിച്ചുകൊണ്ട് നാം ദൈവത്തിന്റെ വചനം പ്രമാണിച്ചു ജീവിക്കുമെങ്കിൽ നമ്മുടെ അനന്തര തലമുറയിലേക്ക് ഈ അനുഗ്രഹങ്ങളും ദൈവിക വാഗ്ദത്തങ്ങളും കൈമാറാൻ കഴിയും.

4. ദൈവികവാഗ്ദത്തങ്ങൾ അനന്തര തലമുറയ്ക്ക് അവകാശമായി അബ്രാഹാം നൽകി.

*"അബ്രാഹാം എന്റെ വാക്കു കേട്ട് എന്റെ നിയോഗവും കല്പനകളും ചട്ടങ്ങളും പ്രമാണങ്ങളും ആചരിച്ചതുകൊണ്ട് ഞാൻ നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ വർദ്ധിപ്പിച്ച് നിന്റെ സന്തതിക്ക് ഈ ദേശമൊക്കെയും കൊടു*

*ക്കും; നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും."*

*ഉല്പത്തി 26 : 4, 5*

ന്യൂയോർക്ക് നഗരത്തിൽനിന്ന് പ്രസിദ്ധപ്പെടുത്തുന്ന ഒരു journal ഞാൻ വായിച്ചു. അതിൽ വളരെ ശ്രദ്ധേയമായ നിഗമനങ്ങളാണ് കണ്ടത്. 1720 – ൽ ഒരു കുടുംബത്തിലുണ്ടായ ആറുപേർ പല ക്രിമിനൽ കേസുകളിലും പ്രതികളായി. അതിൽ രണ്ടുപേർ ആത്മഹത്യചെയ്തു. രണ്ടുപേർ അനേക വർഷത്തെ തടവിനു ശിക്ഷിക്കപ്പെട്ടു. രണ്ടുപേർ മയക്കുമരുന്നുപയോഗിച്ച് ജീവിതം താറുമാറായി, നരകദുരിതമനുഭവിച്ച് തീരാരോഗിക ളായി മാറി.

പിന്നീട് അവരുടെ അനന്തര തലമുറയും വലിയ ക്രിമിന ലുകളായി. അവർ മയക്കുമരുന്നിനും മദ്യത്തിനും മറ്റും അടിമ കളായി ഏറ്റവും വലിയ സാമൂഹ്യദ്രോഹികളായി നാട്ടിൽ ആകെ പേടിസ്വപ്നമായി മാറി. അവർ അനേകരെ ഉപദ്രവിക്കു ന്നതിനും അനേകർ അവരെ ഉപദ്രവിക്കുന്നതിനും കാരണ മായി. അവർ കഠിനമായ ശിക്ഷകളേറ്റു.

രണ്ടായിരമാണ്ടു വരെയുള്ള അവരുടെ തലമുറകളുടെ ചരിത്രം പഠിച്ചു ഗവേഷണം നടത്തിയ ആളുകൾ ആ ജേർണ ലിൽ പ്രസിദ്ധപ്പെടുത്തി, എല്ലാ തലമുറയിലും അധികം പേരും സാമൂഹ്യദ്രോഹികളായിരുന്നു. അധികം പേരും ആത്മഹ ത്യക്ക് മുതിർന്നവരായിരുന്നു. അധികം പേരുടേയും കുടുംബ ങ്ങളിൽ ഛിദ്രം ഉണ്ടായി. ചിലർ വിവാഹമോചനം നേടി. ചിലർ മാതാപിതാക്കളെ കൊല്ലുകയോ ഉപദ്രവിക്കുകയോ ചെയ്തു. ചിലർ തടവുപുള്ളികളായി മാറി. അനേകം പേർ ക്രിമിനൽ കേസുകളിൽ പ്രതികളായി.

എന്നാൽ ആ വർഷം തന്നെ 1720–ാം ആണ്ടിൽ ജനിച്ച ജോനാഥാൻ എഡ്വേർഡ്സ് എന്ന ഭക്തനായ ഒരു ദൈവപൈ

തലിന്റെ തലമുറയിൽ, ഓരോ തലമുറയിലും അനേകർ ദൈവത്തിന് പ്രയോജനമുള്ളവരായിത്തീർന്നു.

പലരും ഉയർന്ന തലങ്ങളിൽ പ്രയോജനമുള്ള ഉദ്യോഗങ്ങൾ നിർവ്വഹിച്ചു. ചിലർ ജഡ്ജിമാരായിത്തീർന്നു, ചിലർ സുവിശേഷകരായിത്തീർന്നു. ചിലർ ഉയർന്ന ഉദ്യോഗസ്ഥരായി മാറി. ചിലർ കമ്പനി മാനേജിംഗ് ഡയറക്ടേഴ്സ് ആയി മാറി. ഭൗതികമായി ഉയർന്ന തലങ്ങളിലെത്തി. ജോനാഥാൻ എഡ്വേർഡ്സ് ഒരാൾ ദൈവഭക്തനായി ജീവിച്ചു, ദൈവത്തിനായി സമർപ്പിച്ചു, ദൈവത്തിനായി പ്രവർത്തിച്ചു. ഒരാൾ ദൈവത്തിനായി സമർപ്പിച്ചപ്പോൾ മക്കളും മക്കളുടെ മക്കളും ഭൗതികമായും ആത്മീയമായും അനുഗ്രഹിക്കപ്പെട്ടു.

തലമുറകളിലേക്ക് അനുഗ്രഹം പകരുകയാണ്. ഞാൻ നിങ്ങളോട് സ്നേഹത്തോടെ ചോദിക്കട്ടെ, നിങ്ങൾ ഒരാൾക്ക് നിങ്ങളുടെ വീട്ടിൽ വിളക്കായി നിൽക്കാൻ കഴിയുമോ? ഒരു ദീപസ്തംഭമായി, മാർഗ്ഗദീപമായി നിൽക്കാൻ കഴിയുമോ? വഴിയറിയാതെ ഉഴലുന്ന അനേകർക്ക് മാർഗ്ഗം കാണിച്ചുകൊടുക്കുന്ന ഒരു വെളിച്ച മാളികയായി നിങ്ങൾക്ക് നിൽക്കാൻ കഴിയുമോ? നിങ്ങൾ ഒരാളുടെ ജീവിതം എത്രയോ പേരെ സ്വാധീനിക്കും!

തലമുറകൾ തലമുറകളായി, പരമ്പരാഗതമായി അനുഗൃഹീതമായ അനുഭവവിശേഷങ്ങളിലേക്ക് നിങ്ങളുടെ ഭാവികാല തലമുറകളെ നയിക്കാൻ നിങ്ങൾക്ക് സാധിക്കും. നിങ്ങളുടെ കുഞ്ഞുങ്ങൾ, ഇന്ന് അവർ ദയനീയമായ സ്ഥിതിയിൽ കഴിയുന്നവരായിരിക്കും. ഇന്ന് ഒരു പക്ഷേ പഠിക്കാൻ മോശമായിരിക്കും. ഇന്ന് അവർ ആരോഗ്യം കുറഞ്ഞവരായിരിക്കും, മനസ്സിന് കട്ടിയില്ലാത്തവരായിരിക്കും. ഭീരുത്വമുള്ളവരായിരിക്കും.

എന്നാൽ മകനേ, നീ ഒരാൾ ക്രിസ്തുവിനുവേണ്ടി നിന്റെ

ജീവിതം സമർപ്പിച്ചു കൊടുത്താൽ ഭാവികാല തലമുറകൾ അനുഗ്രഹിക്കപ്പെടും. അവരുടെ ബുദ്ധി തെളിയുന്നത് കാണാം. അവരുടെ പഠിത്തം നന്നാകുന്നത്, ആരോഗ്യം ശരിയാകുന്നത്, അവർ സമൂഹത്തിന്റെ ഉന്നത ശ്രേണികളിൽ വിരാജിക്കുന്നത് കാണാം. ഉയർന്ന തലങ്ങളിൽ, ഉയർന്ന രംഗങ്ങളിൽ അവർ പ്രശോഭിക്കുന്നതു കാണാം.

അബ്രാഹാം അടുത്ത തലമുറയ്ക്ക് കൊടുത്തത് അനുഗ്രഹത്തിന്റെ ഒരു നല്ല പാരമ്പര്യമാണ്. അനുഗ്രഹത്തിന്റെ ഒരു നല്ല അനുഭവമാണ്. അനുഗ്രഹം പകരാൻ, അടുത്ത തലമുറയ്ക്ക് ആവേശം പകരാൻ നമുക്ക് കഴിയണം.

ഇപ്പോൾ നിങ്ങളിൽ ചിലർ, എനിക്ക് മക്കളില്ലല്ലോ, പിന്നെ ഞാൻ എങ്ങനെ അനുഗ്രഹം പകരും? എനിക്ക് മക്കളോ, മക്കളുടെ മക്കളോ ഇല്ല. ഞാൻ വിവാഹിതനല്ല. എനിക്ക് മക്കളുണ്ടാകയില്ല. പിന്നെ ഞാൻ എങ്ങനെ അടുത്ത തലമുറയ്ക്ക് അനുഗ്രഹം പകരും, എന്നു ചോദിച്ചേക്കാം. പ്രിയരേ, നിങ്ങൾ ആത്മാവിൽ സന്തതിയെ ജനിപ്പിക്കുന്നവരായി തീരണം. ആത്മാവിൽ മക്കളെ ജനിപ്പിക്കണം.

“മക്കളെക്കൊണ്ട് തന്റെ ആവനാഴി നിറച്ചിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ” എന്ന് 128-ാം സങ്കീർത്തനത്തിൽ ദാവീദ് പാടുന്നുണ്ട്.

> *“യഹോവയെ ഭയപ്പെട്ട്, അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ; നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും; നീ ഭാഗ്യവാൻ; നിനക്കു നന്മ വരും. നിന്റെ ഭാര്യ നിന്റെ വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്ക് ചുറ്റും ഒലിവുതൈകൾ പോലെയും ഇരിക്കും.”*
>
> *സങ്കീർത്തനങ്ങൾ 128 : 1 – 3*

എന്താണ് നിബന്ധന? യഹോവയെ ഭയപ്പെട്ട് അവന്റെ വഴികളിൽ നടക്കണം. അവൻ ഭാഗ്യവാൻ. നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും. അത് അന്യന് പോവുകയില്ല. നിന്റെ കൈകൊണ്ട് നീ അദ്ധ്വാനിച്ചു, ആ കൈ ചോർന്നു പോകയില്ല; നിന്റെ കൈയിൽ തന്നെ ഇരിക്കും. അന്യൻ അപഹരിച്ചുകൊണ്ടു പോകയില്ല. നീ ഭാഗ്യവാൻ നിനക്ക് നന്മ വരും. നിന്റെ ഭാര്യ നിന്റെ വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്ക് ചുറ്റും ഒലിവു തൈകൾ പോലെയും ഇരിക്കും.

മക്കൾ മേശയ്ക്ക് ചുറ്റും ഒലിവു തൈകൾ പോലെയിരിക്കട്ടെ. സന്തോഷത്തോടെ, ഒരുമിച്ചിരുന്ന് ദൈവത്തെ സ്തുതിക്കുന്നു. ഒരുമിച്ച് ദൈവത്തെ ആരാധിക്കുന്നു. ഒരുമിച്ച് ദൈവത്തിന്റെ മഹത്വം വർണ്ണിക്കുന്നു. സ്നേഹത്തോടെ, നന്ദിയോടെ, ആഘോഷത്തോടെ, ആരവാരത്തോടെ ദൈവത്തെ ഒരുമിച്ചിരുന്ന് സ്തുതിക്കുന്നു.

തിമൊഥെയൊസിന് ലേഖനം എഴുതുമ്പോൾ അപ്പൊസ്തലൻ പറയുകയാണ്: മോനേ, നിനക്കൊരു നിർമ്മല വിശ്വാസം, ഒരു നിഷ്ക്കളങ്ക വിശ്വാസം ലഭിച്ചിട്ടുണ്ട്. ഭാഗ്യവശാൽ ഒരു ശുദ്ധഹൃദയം ലഭിച്ചിട്ടുണ്ട്. ഒരു നിഷ്ക്കളങ്കമായ മനസ്സാക്ഷി ലഭിച്ചിട്ടുണ്ട്.

> *"എന്റെ പ്രാർത്ഥനയിൽ രാവും പകലും ഇടവിടാതെ നിന്നെ സ്മരിച്ചു നിന്റെ കണ്ണുനീർ ഓർത്തും നിന്നെ കണ്ടു സന്തോഷപൂർണ്ണനാകുവാൻ വാഞ്ഛിച്ചുംകൊണ്ട് ഞാൻ പൂർവ്വന്മാരുടെ ദൃഷ്ടാന്തം അനുസരിച്ചു നിർമ്മല മനസ്സാക്ഷിയോടെ ആരാധിക്കുന്ന ദൈവത്തിന് നിന്റെ നിർവ്യാജവിശ്വാസത്തിന്റെ ഓർമ്മ നിമിത്തം സ്തോത്രം ചെയ്യുന്നു."  2 തിമൊഥെയൊസ് 1: 3, 4*

മകനേ, തിമൊഥെയൊസേ, ഞാൻ നിന്നെ ആത്മാവിൽ ജനിപ്പിച്ചതല്ലേ? നിനക്ക് ഒരു വിശ്വാസം ദൈവം ദാനമായി തന്നിട്ടുണ്ട്. നിന്നിലുള്ള ആ നിർവ്യാജ വിശ്വാസം കണ്ട് എന്റെ മകനേ, ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ദൈവത്തിന് സ്തോത്രം കരേറ്റുന്നു. നിന്റെ നിർവ്യാജ വിശ്വാസത്തിന്റെ ഓർമ്മ നിമിത്തം ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു.

ഞാൻ രാവും പകലും എന്റെ പ്രാർത്ഥനയിൽ ഇടവിടാതെ നിന്നെ ഓർക്കുന്നുണ്ട്. ഞാൻ ഈ കാരാഗൃഹത്തിൽ കിടക്കുമ്പോൾ എഫെസൊസിൽ നീ ബിഷപ്പായി വാഴുകയാണ്. അനേകം പാവപ്പെട്ട ദൈവമക്കളെ നേർപാതയിൽ നടത്തുവാൻ നിർവ്യാജ വിശ്വാസത്തോടെ നീ അദ്ധ്വാനിക്കുകയാണ്.

മകനേ, അത്രയും ദൂരെ നീ താമസിക്കുമ്പോൾ, ഞാൻ ഇവിടെ റോമൻ കാരാഗൃഹത്തിൽ കിടന്നുകൊണ്ട് നിന്നെ പ്രാർത്ഥനയിൽ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഇടവിടാതെ രാവും പകലും ഞാൻ നിന്നെ പ്രാർത്ഥനയിൽ ഓർക്കുന്നു. നിന്നെ ഇടവിടാതെ സ്മരിച്ച് ഞാൻ ഓർക്കുന്നത് നിന്റെ കണ്ണുനീരാണ്.

നീ അനേകം പട്ടക്കാരെയും ശെമ്മാശന്മാരെയും അഭിഷേകം ചെയ്യുന്ന ബിഷപ്പാണ്. എന്നാൽ നിനക്ക് എപ്പോഴും കണ്ണുനീരുണ്ട്. ജനത്തെ ഓർത്തുള്ള കണ്ണുനീർ! ദൈവം തന്ന നന്മകളെ ഓർത്തുള്ള നന്ദിയുടെ കണ്ണുനീർ! ആരാധനയുടെ കണ്ണുനീർ! അതിനെക്കാൾ ഉപരിയായി പാവപ്പെട്ട ജനത്തെ ഓർത്തുള്ള സ്നേഹത്തിന്റെ കണ്ണുനീർ! നിന്റെ കണ്ണുനീരോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

നിന്നെ കണ്ട് സന്തോഷ പൂർണ്ണനാകുവാൻ വാഞ്ഛിച്ചുകൊണ്ട് ഞാൻ ഈ കാരാഗൃഹത്തിൽ കിടക്കുകയാണ്. ഇതാ, ശീതകാലം വരാൻ പോകുന്നു. കർപ്പൊസിന്റെ പക്കൽ

വച്ചേച്ചു പോന്ന പുതപ്പും പുസ്തകങ്ങളും ചർമ്മ ലിഖിത ങ്ങളും നീ വരുമ്പോൾ കൊണ്ടുവരണം.

മർക്കോസ് എനിക്ക് ശുശ്രൂഷയ്ക്ക് ഉപയോഗമുള്ളവനാകയാൽ അവനെക്കൂടി നീ കൊണ്ടുവന്നാൽ എനിക്ക് സഹായമായിരിക്കും. മകനേ, നീ ശീതകാലം കഴിയുംമുമ്പേ വരണേ.

*"ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യുനീക്കയിലും ഉണ്ടായിരുന്നു; നിന്നിലും ഉണ്ടെന്ന് ഞാൻ ഉറച്ചിരിക്കുന്നു."*

*2 തിമൊഥെയോസ് 1 : 5*

എന്റെ മോനേ, ഞാൻ നിന്റെ മേൽ കൈവച്ചതല്ലേ? ഞാൻ നിന്നെ അനുഗ്രഹിച്ചതല്ലേ? ഞാൻ നിന്നെ അഭിഷേകം ചെയ്തതല്ലേ? അങ്ങനെ എന്റെ കൈവെപ്പിനാൽ നിന്നിൽ കൃപാവരം പകർന്നിട്ടുണ്ട്. ആ കൃപാവരം നീ ജ്വലിപ്പിക്കേണം.

*"അതുകൊണ്ട് എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു."*

*2 തിമോഥെയോസ് 1 : 6*

ദൈവത്തിന്റെ വേല ചെയ്യാൻ കുഞ്ഞേ, നീ ഭയപ്പെടണ്ട. നീ പേടിച്ചു വേല ചെയ്യണ്ട. ഭീരുത്വം വേണ്ട. നിന്റെ മേൽ ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ആവാസം ലഭിച്ചിരിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ അഭിഷേകം നിനക്ക് ലഭിച്ചിരിക്കുകയാണ്.

*"ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നത്."*

*2 തിമൊഥെയൊസ് 1 : 7*

അപ്പൊസ്തലൻ പറയുകയാണ്: മോനേ, നിനക്കും

എനിക്കും ദൈവം തമ്പുരാൻ തന്നത്, ശക്തിയുടെ ആത്മാവിനെയാണ്. ധൈര്യത്തിന്റെ ആത്മാവിനെയാണ്. സുബോധത്തിന്റെ ആത്മാവിനെയാണ്. നിന്റെ മേൽ ഈ ദൈവത്തിന്റെ അഭിഷേകത്തിന്റെ ആത്മാവുണ്ട്. ഈ ആത്മാവിൽ നിന്നുകൊണ്ട് നീ ദൈവത്തെ സ്തുതിക്കണം. നിർവ്യാജ വിശ്വാസത്തിന്റെ ആ ശക്തിയിൽ നിന്നുകൊണ്ട് ദൈവത്തെ നീ മഹത്വപ്പെടുത്തണം. ഭീരുത്വമില്ലാതെ നീ ധീരതയോടെ മുന്നേറിക്കൊള്ളൂ.

അമ്മ യുനീക്കയിൽ, വലിയമ്മ ലോവീസിൽ ഈ നിർവ്യാജ വിശ്വാസം ഉണ്ടായിരുന്നു. തലമുറകളിലേക്ക് പകർന്ന വിശ്വാസം!

സ്നേഹിതരേ, നിങ്ങളിൽനിന്ന് വിശ്വാസം മക്കളിലേക്ക് പകരുമോ?

5. വിശ്വാസം

അബ്രാഹാം മക്കളിലേക്കും അനന്തര തലമുറകളിലേക്കും വിശ്വാസം പകർന്നു. അബ്രാഹാമിന്റെ വിശ്വാസം!

അപ്പൊസ്തലൻ തിമൊഥെയോസിനോട് പറയുന്നുണ്ട്: ആകെ നീ ഒരു കാര്യം ഓർത്താൽ മതി. ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതാകുന്നു എന്റെ സുവിശേഷം. എനിക്ക് വേറെ ഒരു വിഷയമില്ല. വേറൊരു കാര്യം പറയാനില്ല. ''എന്റെ മകനേ തിമൊഥെയൊസേ, യേശുക്രിസ്തുവിന്റെ കൃപയാൽ നീ ശക്തിപ്പെടുക. എന്റെ മകനേ, ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക.''

മകനേ, നിനക്കതിന് മനസ്സ് വരുന്നുണ്ടോ? കഷ്ടം സഹിക്കാൻ മനസ്സ് വരുന്നുണ്ടോ? ഞാനിപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടാൻ പോകുകയാണ്. അധികം താമസമൊ

ന്നുമില്ല. റോമൻ പടയാളികൾ എന്റെ കഴുത്തു വെട്ടും, എന്നെ കൊല്ലും. എന്റെ നിര്യാണ കാലം അടുത്തു.

എന്നാൽ എനിക്കൊരുറപ്പുണ്ട്: "ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും. എനിക്ക് മാത്രമല്ല; അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ."

സഹോദരങ്ങളേ, അടുത്ത തലമുറയിലേക്ക് ഈ ഓട്ടം തികയ്ക്കുന്ന വിശ്വാസത്തിന്റെ പൂർണ്ണത പകരാൻ നിങ്ങൾക്ക് കഴിയുമോ? നിർവ്യാജ വിശ്വാസം പകരാൻ നിങ്ങൾക്ക് കഴിയുമോ? അബ്രാഹാം അത് പകർന്നു. പൗലോസ്ശ്ലീഹാ അത് പകർന്നു. തിമൊഥെയോസ് അത് പകർന്നു. തലമുറകൾ തലമുറകൾ, വിശുദ്ധന്മാർ അത് പകർന്നു. അതുകൊണ്ട് ഇന്ന് വിശുദ്ധന്മാരുടെ ഒരു വലിയ സമൂഹം നമുക്കുചുറ്റും നിൽക്കുന്നത് കാണാം. സാക്ഷികളുടെ വലിയോരു സമൂഹം ചുറ്റും നിൽക്കുന്നു. എന്നാൽ ആ സാക്ഷികളിലേക്ക് നോക്കണ്ട. നമുക്ക് വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കാം.

എല്ലാം താത്ക്കാലികമത്രേ. എന്നാൽ നിലനിൽക്കുന്നത് ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തുമാത്രം. അവനെ നോക്കിക്കൊണ്ട് നമുക്ക് മുന്നോട്ടോടാം. ശോഭനതീരത്തേക്ക്! ബെയൂലാനാട്ടിലേക്ക്!

കരുണയുള്ള കർത്താവിന്റെ രണ്ടാമത്തെ വരവിൽ കാഹളനാദം കേൾക്കുമ്പോൾ മദ്ധ്യാകാശത്തിൽ മണിത്തേരിൽ പറന്നുചെന്ന് നാഥനെ സ്തുതിക്കാം. വലിയോരു മഹാസമ്മേളനം മദ്ധ്യാകാശത്തിൽ ഉണ്ടാകുമ്പോൾ അന്ന് നമുക്കും ചേർന്നു നിൽക്കാം. ആ കൂട്ടത്തിൽ നാമാരും പെട്ടില്ല

എന്ന് വരരുത്. നാമാരും ഉപേക്ഷിക്കപ്പെടരുത്; പുറന്തള്ളപ്പെട്ടു പോകരുത്. നമുക്കെല്ലാവർക്കും ഒരുമിച്ചുചേരാം. ഒരുമിച്ച് തിരുരക്തത്താലുള്ള കഴുകൽ പ്രാപിക്കാം. ഒറ്റയൊറ്റയായി യേശുവിനെ വിളിച്ചപേക്ഷിക്കുക.

യേശുവേ, നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തത്താൽ ഇപ്പോൾ എന്നെ കഴുകണമേ. കഴിഞ്ഞകാല ജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം കഴുകിത്തരണമേ. എന്നെ വെടിപ്പാക്കണമേ. എന്നെ വിശുദ്ധീകരിക്കണമേ. ഒരു പുതിയ ജീവിതത്തിന് എന്നെ യോഗ്യനാക്കിത്തീർക്കണമേ. അടുത്ത തലമുറയിലേക്ക് നിർവ്യാജ വിശ്വാസം പകരാൻ എനിക്ക് ഭാഗ്യം തരണമേ. സുവിശേഷത്തിന്റെ ആവേശം എന്റെ ഹൃദയത്തിൽ പാകണമേ. സുവിശേഷത്തിന്റെ ആവേശം എന്റെ ജീവിതത്തിൽനിന്ന് തലമുറകളിലേക്ക് പകരാനുള്ള കൃപ എനിക്ക് തരണമേ. എന്നെ അനുഗ്രഹിക്കണമേ.

# ഏഴ്

അബ്രാഹാമിന്റെ കുടുംബം ശ്രേഷ്ഠമായ ഒരു കുടുംബമായിരുന്നു. എല്ലാവിധത്തിലും ഐശ്വര്യം നിറഞ്ഞ, സമാധാനവും സന്തോഷവും നിറഞ്ഞ ഒരു കുടുംബം.

കുടുംബം സന്തോഷമുള്ളതായിരിക്കണം, സ്നേഹമുള്ളതായിരിക്കണം, സമാധാനമുള്ളതായിരിക്കണം, ഐശ്വര്യമുള്ളതായിരിക്കണം. അത് നാം ഒരു പകൽക്കിനാവുപോലെ സ്വപ്നലോകത്തിരുന്നുകൊണ്ട് കണ്ടാൽ പോരാ, യഥാർത്ഥമായി അനുഭവിക്കേണ്ടതാണ്.

അബ്രാഹാമിന്റെ കുടുംബത്തിൽ ഐശ്വര്യം ലഭിച്ചതിന്റെ രഹസ്യം എന്താണ്? അബ്രാഹാം ദൈവത്തെ അനുസരിച്ചു. അബ്രാഹാം ദൈവത്തെ വിശ്വസിച്ചു.

ഒരാളെ വിശ്വാസമുണ്ടെങ്കിലേ അനുസരിക്കൂ. വെറുതെയങ്ങ് അനുസരിക്കാൻ പറ്റുകയില്ല. നാം അനുസരിക്കണമെന്നുണ്ടെങ്കിൽ ആ ആളെ നമുക്ക് വിശ്വാസം വേണം. അബ്രാഹാമിന്റെ ജീവിതത്തിലെ ഓരോ ചുവടുവയ്പ്പും വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ചുവടുവയ്പ്പുകളായിരുന്നു. നാം വിശ്വാസമുള്ളവരായിരിക്കണം, അനുസരണമുള്ളവരായിരിക്കണം.

അബ്രാഹാമിന്റെ കുടുംബത്തിൽ കുറച്ചുനാൾ നെടുവീർപ്പിന്റെ ഒരു കാലമുണ്ടായിരുന്നു. സഹോദരപുത്രനായ ലോത്ത് പിരിഞ്ഞുപോയി, വേദനാകരമാണ്. ഹാഗാർ വീട്ടിലെ അന്ത:സംഘർഷത്തിന് കാരണമായി; വേലക്കാരിമൂലം കുടും

ബത്തിൽ ചില അലോസരങ്ങൾ ഉണ്ടായി. മക്കളില്ലാത്തതു കൊണ്ട് അബ്രാഹാമിനും സാറയ്ക്കും ഒരു depression ഉണ്ടായി. എന്നാൽ പിന്നീടൊരു സമയം വന്നപ്പോഴേക്കും ആ കുടുംബത്തിന്റെ മ്ലാനത മാറി, വാട്ടം മാറി, ക്ഷീണം മാറി, തളർച്ച മാറി, ചിരി ഉണ്ടാക്കി എന്നാണ് തിരുവചനം പറയുന്നത്.

നമ്മുടെ പലരുടേയും കുടുംബത്തിലങ്ങനെയാണ്. ചില കാര്യങ്ങളിൽ അസ്വസ്ഥതകൾ ഉണ്ടായിട്ടുണ്ട്. പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. പണത്തിന് ഞെരുക്കം വന്ന കുടുംബങ്ങളുണ്ട്. പരസ്പരഭിന്നതമൂലം അന്ത:സംഘർഷമുണ്ടായ കുടുംബങ്ങളുണ്ട്. ആന്തരികമായ പോരാട്ടങ്ങൾ! കുടുംബത്തിനുള്ളിൽ തന്നെ ചില പോരാട്ടങ്ങളുണ്ടായി എന്നുവരാം. ഭാര്യയും ഭർത്താവും തമ്മിൽ ഭിന്നതയുള്ള കുടുംബങ്ങളുണ്ട്. സഹോദരങ്ങൾ തമ്മിൽ പലതരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഉള്ള കുടുംബങ്ങളുണ്ട്. ചിലപ്പോൾ ചില പോരായ്മകൾ, ഇല്ലായ്മകൾ, അത് ജീവിതത്തെ ഞെരുക്കി എന്ന് വരാം.

എന്നാൽ ദൈവത്തെ വിശ്വസിക്കുകയും ദൈവത്തെ അനുസരിക്കുകയും ചെയ്യാനുള്ള വ്യക്തമായ ഒരു സമർപ്പണമുണ്ടെങ്കിൽ, നിങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ തികച്ചും താത്ക്കാലികമായിരിക്കും. അല്പനേരത്തേക്ക് ചില പ്രയാസങ്ങൾ വന്നു എന്നുവരാം. പക്ഷേ, നിരാശപ്പെടേണ്ട.

ക്രിസ്തുവിൽ ഒരു വിശ്വാസവും ക്രിസ്തുവിനോടുള്ള ഒരു പ്രതിബദ്ധതയുമുണ്ടെങ്കിൽ, ക്രിസ്തുവിനോട് ഒരു കടപ്പാട് നിങ്ങൾക്കുണ്ടെങ്കിൽ, ക്രിസ്തുവിനോട് ഒരു സ്നേഹബന്ധമുണ്ടെങ്കിൽ, അനുസരണമുണ്ടെങ്കിൽ നിങ്ങൾക്ക് ഏറെ സമയം ദു:ഖിച്ചിരിക്കേണ്ടി വരികയില്ല. പോംവഴികൾ തെളിഞ്ഞുവരും.

വഴിയിൽ മുള്ളുകളുണ്ട്. പക്ഷേ, ആ മുള്ളുകളുടെ ഇടയിൽക്കൂടി നിന്റെ ഓരോ കാൽ ചുവടും എടുത്തെടുത്ത് വയ്ക്കാൻ ചില പഴുതുകൾ തന്ന് കർത്താവ് നടത്തുന്നത്

കാണാം.

അബ്രാഹാമിന്റെ ജീവിതം മനോഹരമായിരുന്നു. അബ്രാഹാമിന്റെ ഭവനത്തെക്കുറിച്ച് വേദവ്യാഖ്യാതാക്കൾ പറയുന്ന ഒരു വാക്കുണ്ട്: A distinguished home! പ്രശസ്തമായ, സവിശേഷതയുള്ള, ശ്രേഷ്ഠതയുള്ള ഒരു ഭവനം!

നമ്മുടെയൊക്കെ കുടുംബം distinguished ആയിരിക്കട്ടെ. അത് സവിശേഷതയുള്ള, പ്രശസ്തമായ ഒരു കുടുംബമായിരിക്കട്ടെ. പണംകൊണ്ടോ, ഭൗതിക പ്രതാപങ്ങൾകൊണ്ടോ, ധാടിമോടികൾകൊണ്ടോ, ലോകത്തിന്റെ ഔന്നത്യംകൊണ്ടോ ഉള്ള പ്രശസ്തിയല്ല പറഞ്ഞത്. എന്നാൽ ആത്മീയതേജസ്സിന്റെ പ്രശസ്തികൊണ്ട് ധന്യമായ, ശ്രേഷ്ഠമായ, ഉദാത്തമായ അനുഭൂതികൾ പകരുന്ന ഒരു നല്ല കുടുംബമായി നമ്മുടെ കുടുംബങ്ങൾ തീരേണ്ടതാണ്.

അബ്രാഹാമിന്റെ കുടുംബം – It was a distinguished home. യിസ്ഹാക്കിന്റെ കാലമായപ്പോഴേക്കും ആ കുടുംബത്തിന്റെ പശ്ചാത്തലത്തിൽ അബ്രാഹാമിന്റെ കുടുംബത്തിന്റെ ശ്രേഷ്ഠതയുണ്ടെങ്കിലും കുറെ പ്രശ്നങ്ങൾ നാം കാണുകയാണ്. തലമുറകൾ മുന്നോട്ടു വരുമ്പോൾ പിന്നെയും പ്രശ്നങ്ങൾ കരിനിഴൽ വീശിക്കൊണ്ട് കയറി വരുന്നത് കാണാം.

യിസ്ഹാക്കിന്റെ കുടുംബത്തിലേക്ക് വരുമ്പോൾ നാം കാണുന്നത്, it was a disappointed home. അത് നിരാശയുള്ള ഒരു കുടുംബമായിട്ട് നാം കാണുന്നു. കാരണം പഴയത് തന്നെ. അബ്രാഹാമിന്റെ ഭാര്യയായ സാറ മച്ചിയായിരുന്നു. അന്ന് അബ്രാഹാമിനും ഉണ്ടായി വിഷാദാത്മകത്വം. യിസ്ഹാക്കിനും അതുതന്നെ.

> *"യിസ്ഹാക്കിന് നാല്പതു വയസ്സായപ്പോൾ അവൻ പദ്ദൻ- അരാമിലുള്ള അരാമ്യനായ ബെഥൂവേലിന്റെ പുത്രിയും അരാമ്യനായ ലാബാന്റെ സഹോദരിയുമായ റിബെക്കായെ ഭാര്യയായി പരി*

*ഗ്രഹിച്ചു.”* *ഉല്പത്തി 25 : 20*

യിസ്ഹാക്ക് റിബെക്കായെ ഭാര്യയായി പരിഗ്രഹിച്ചു. യിസ്ഹാക്കിന് വിവാഹം കഴിഞ്ഞ് ഇരുപത് വർഷം മക്കൾ ഉണ്ടായില്ല. ദൈവം യിസ്ഹാക്കിന് നല്ല വാഗ്ദാനം കൊടുത്ത താണ്. നിനക്ക് എണ്ണമറ്റ സന്തതിയെ തരുമെന്ന് അപ്പനായ അബ്രാഹാമിന് കൊടുത്ത വാഗ്ദത്തം യിസ്ഹാക്കിന് അബ്രാ ഹാമിൽക്കൂടി വ്യക്തമായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് കൊടുത്തതാണ്.

പക്ഷേ, യിസ്ഹാക്കിന് വിശ്വാസത്തിൽ അബ്രാഹാ മിനെപോലെ ഉറയ്ക്കാൻ കഴിയുന്നില്ല. യിസ്ഹാക്കിന് എന്തെ ങ്കിലും പോരായ്മയുണ്ട് എന്നല്ല പറഞ്ഞത്. പക്ഷേ, അബ്രാ ഹാമിനെപോലെ പ്രത്യാശയോടെ വിശ്വാസത്തിലുറയ്ക്കാൻ ആദ്യസമയത്ത് കഴിയുന്നില്ല. എന്നാൽ ഒരു കാര്യത്തിൽ അപ്പനെ ഈ മകൻ ശരിക്കും അനുകരിച്ചു.

> *“തന്റെ ഭാര്യ മച്ചിയായിരുന്നതുകൊണ്ട് യിസ്ഹാക്ക് അവൾക്കുവേണ്ടി യഹോവയോട് പ്രാർത്ഥിച്ചു; യഹോവ അവന്റെ പ്രാർത്ഥന കേട്ടു; അവന്റെ ഭാര്യ റിബെക്കാ ഗർഭം ധരിച്ചു.”* *ഉല്പത്തി 25 : 21*

യിസ്ഹാക്ക് യഹോവയോടു പ്രാർത്ഥിച്ചു. അപ്പനെപോലെ തന്നെ മകനും പ്രാർത്ഥിച്ച് കാര്യങ്ങൾ സാധിക്കുന്ന ഒരു നല്ല പ്രകൃതമുണ്ടായിരുന്നു. എല്ലാം ദൈവത്തോട് ചോദിച്ചു വാങ്ങുന്നു.

അത് ഹൃദയത്തെ സ്പർശിക്കുന്ന കാര്യമാണ്. എല്ലാം ദൈവത്തോട് ചോദിച്ചു വാങ്ങണം. പഠിക്കുന്ന കുട്ടികൾ പരീ ക്ഷയിലെ വിജയം ദൈവത്തോട് ചോദിച്ചു വാങ്ങണം. പരീക്ഷ എന്നു കേൾക്കുമ്പോൾ അമ്പരക്കേണ്ട ആവശ്യമില്ല. പരീക്ഷാ ഹാളിൽ ചെല്ലുമ്പോൾ നിങ്ങളുടെ കൈ വിറയ്ക്കേണ്ട ആവ ശ്യമില്ല.

നിങ്ങൾക്ക് ജീവിതത്തിൽ ഒരു നിഷ്ഠയുണ്ടെങ്കിൽ, വ്യക്തമായ ഒരു വാക്ക് കർത്താവിനോടു പറഞ്ഞിട്ടുണ്ടെങ്കിൽ, മനസ്സറിഞ്ഞ് ശരീരത്തെയോ മനസ്സിനെയോ എന്റെ ഹൃദയ ത്തെയോ ശത്രുവായ പിശാച് തൊടുവാൻ, ഒരു പാപം വരു വാൻ ഞാൻ സമ്മതിക്കയില്ല എന്ന തീരുമാനമുണ്ടെങ്കിൽ നിങ്ങൾ ഭയപ്പെടണ്ട. ഒട്ടും അധീരത വരണ്ട. ഒരു കാരണവ ശാലും നിങ്ങൾ ഭീരുക്കളാകണ്ട. ക്രിസ്തു നിങ്ങളുടെ കൂടെയി രിക്കും. ക്രിസ്തുവിനെ നിങ്ങളുടെ ഭാവി ഏൽപ്പിച്ചെങ്കിൽ, നിങ്ങളുടെ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടു ത്തെങ്കിൽ നിങ്ങൾ ഭയപ്പെടണ്ട. ക്രിസ്തുവിന്റെ സാന്നിദ്ധ്യം നിങ്ങളോടുകൂടെ പോരും. നിങ്ങൾ പരീക്ഷാഹാളിലേക്ക് ചെല്ലുമ്പോൾ നിങ്ങളുടെ മുന്നിൽ യേശു കടന്നു ചെല്ലും.

നിങ്ങൾ പരീക്ഷാഹാളിലിരിക്കുമ്പോൾ യേശു നിങ്ങ ളുടെ ഒപ്പം വന്നിരിക്കും. നിങ്ങൾ പേനയെടുക്കുമ്പോൾ യേശു വിന്റെ കരം ആ പേനയിൽ പിടിച്ചിരിക്കും. പ്രിയപ്പെട്ടവരേ, ഇതു നിങ്ങൾക്ക് അനുഭവിക്കാം.

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ ഏതേതു രംഗങ്ങളിൽ നിൽക്കുമ്പോഴും, ചില ഊരാക്കുടുക്കുകളിൽ പെട്ട് ഉഴലു മ്പോൾ, മനസ്സ് വലയുമ്പോൾ, സങ്കീർണ്ണമായ പ്രശ്നങ്ങ ളിൽപ്പെട്ട് ഹൃദയം വേവലാതിപ്പെട്ട് അഴലുമ്പോൾ നിങ്ങൾ ദൈവത്തെ വിളിച്ചുകൊള്ളൂ.

*"കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തു കയും ചെയ്യും." സങ്കീർത്തനം 50 : 15*

ദൈവത്തോട് ചോദിക്കുക. ദൈവത്തോട് യാചിച്ചു വാങ്ങുക. ദൈവത്തോട് അപേക്ഷിച്ചു വാങ്ങുക.

യിസ്ഹാക്ക് ചോദിച്ചു വാങ്ങി. ഭാര്യയ്ക്കുവേണ്ടി അപേ ക്ഷിച്ചു. കർത്താവേ, എന്നെ പ്രസവിക്കുന്നതിനുമുമ്പ് വർഷ ങ്ങൾ എന്റെ അമ്മ മച്ചിയായിരുന്നു. ഒരു പ്രതീക്ഷയുമില്ലായി

രുന്നു എന്നൊക്കെ അപ്പൻ പറഞ്ഞു കേട്ടിട്ടുണ്ട്. അമ്മയും ദൈവത്തെ സ്തുതിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്റെ അപ്പന്റെയും അമ്മയുടെയും അനുഭവം ഞാൻ കേട്ടിട്ടുണ്ട്. ഇപ്പോൾ ഞാനും ഏതാണ്ട് അതേ അനുഭവത്തിൽക്കൂടെ പോകുന്നല്ലോ.

എന്റെ ഭാര്യയും വന്ധ്യയായിരിക്കുന്നു. ഒരു കുഞ്ഞിനെ പ്രസവിക്കാനുള്ള കഴിവില്ലാതിരിക്കുന്നു. ദൈവമേ, നിനക്ക് അസാദ്ധ്യമായിട്ട് എന്തുണ്ട്? നിന്റെ കരമല്ലേ ഞങ്ങളെ സൃഷ്ടിച്ചുണ്ടാക്കിയത്. കർത്താവേ, എന്റെ ഭാര്യയുടെമേൽ നിന്റെ കരമൊന്ന് വയ്ക്കണമേ. മെനഞ്ഞ കൈ തന്നെ ഒന്ന് വയ്ക്കണമേ.

അങ്ങനെ യിസ്ഹാക്ക് പ്രാർത്ഥിച്ചു കാണും. നാം അത്രയ്ക്കൊന്നും വായിക്കുന്നില്ല. “ഭാര്യ മച്ചിയായിരുന്നതുകൊണ്ട് യിസ്ഹാക്ക് അവൾക്കുവേണ്ടി യഹോവയോട് പ്രാർത്ഥിച്ചു. യഹോവ അവന്റെ പ്രാർത്ഥന കേട്ടു.”

ആ കുടുംബത്തിൽ കുറേക്കാലം ആന്തരികമായ ഒരു സംഘർഷാവസ്ഥ നിലനിന്നിരുന്നു. ഒരു നല്ല ആരംഭമുള്ള കുടുംബമാണ്. പക്ഷേ കുറച്ചുകഴിഞ്ഞപ്പോൾ അവിടെ നിരാശ നിഴലിട്ടു.

നന്നായിട്ട് ആരംഭിച്ച ദൈവമക്കളുണ്ട്. നിങ്ങളിൽ പലരും നന്നായി ആരംഭിച്ചവരാണ്. നല്ല ഒരു ജീവിതം തുടങ്ങിയതാണ്. വായിൽ വെള്ളിക്കരണ്ടിയുമായി ജനിക്കുക എന്ന് പറയുന്നതുപോലെ നല്ല സമൃദ്ധിയിൽ ജനിച്ചവരുണ്ട്. നല്ല സന്തോഷത്തിന്റെ തികവിൽ ജനിച്ചവരുണ്ട്. വളരെ സന്തോഷസമൃദ്ധിയിൽ കഴിയുന്നവരുണ്ട്. പക്ഷേ, ഈ സമൃദ്ധിയും സന്തോഷവും ഏറെക്കാലം നിലനിൽക്കണമെന്നില്ല. ഇന്നുള്ള സന്തോഷവും സമൃദ്ധികളും എല്ലാക്കാലവും നിലനിൽക്കും എന്ന് പ്രതീക്ഷിക്കരുത്. ഓർത്തുകൊള്ളൂ. നിങ്ങളുടെ സുഖകാലത്തും ദു:ഖകാലത്തും ഒരുപോലെ

ക്രിസ്തുവിൽ ശരണപ്പെട്ടു കൊള്ളൂ. ക്രിസ്തുവിനെ നിങ്ങൾ ആശ്രയിച്ചുകൊള്ളൂ. ക്രിസ്തുവിനോട് നിങ്ങൾ അപേക്ഷിച്ചു കൊള്ളൂ.

നല്ല കാലമാണ്, പ്രാർത്ഥന കുറയരുത്. എല്ലാം ജയിച്ചു ജയിച്ചു വരുന്ന സമയമാണ്, ദൈവാശ്രയം കുറയരുത്. നല്ല കാലമാണ്, ഇപ്പോൾ എനിക്കെല്ലാം തികവാണ് എന്നു നീ ചിന്തിക്കരുത്. ദൈവത്തിന്റെ കരമൊന്ന് മാറിയാൽ മതി എല്ലാം തകിടം മറിയാൻ. ഇന്നുള്ള സൗകര്യങ്ങൾ, ഇന്നുള്ള സന്തോഷങ്ങൾ, ഇന്നുള്ള സൗഖ്യങ്ങൾ, എല്ലാം തിരിഞ്ഞുവ രാൻ ഒരു സെക്കന്റ് നേരം പോലും വേണ്ട.

ദൈവപൈതലേ, എപ്പോഴും കുരിശിലെ സ്നേഹത്തിൽ നീ മുറുകെ പിടിച്ചുകൊള്ളുക. കുരിശിലെ സ്നേഹത്തിൽ നീ ചാരിക്കൊള്ളുക. എപ്പോഴും രക്ഷകന്റെ തിരുവിലാവിൽ നീ അണഞ്ഞുകൊൾക. എപ്പോഴും യേശുവിന്റെ ആണിപ്പാടുള്ള പാദത്തിൽ നീ വീണുകൊള്ളുക. നിന്റെ ഹൃദയം പ്രാർത്ഥന യിൽ എപ്പോഴും ഉറ്റിരിക്കട്ടെ.

സഹോദരങ്ങളേ, നമ്മൾ പാടുന്നതുപോലെ, “വിളിച്ചാൽ വിളികേൾക്കുന്നോരപ്പൻ.” ഇത് നിങ്ങൾ വിശ്വസിക്കണം. നിങ്ങൾ വിളിക്കുമ്പോൾ നിങ്ങളുടെ ഭൂമിയിലെ അപ്പൻ വിളി കേൾക്കുമല്ലോ. കരയുമ്പോൾ നിങ്ങളുടെ കരച്ചിൽ കാണുമ ല്ലോ. വിളിച്ചാൽ വിളി കേൾക്കുന്ന ഒരപ്പൻ നമുക്ക് സ്വർഗ്ഗത്തി ലുണ്ട്.

നമുക്കാർക്കും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസി ക്കുന്ന നിത്യപരിശുദ്ധനായ തേജോമയനായ ദൈവത്തെ അപ്പാ, എന്ന് വിളിക്കാനുള്ള പദവിയാണ് വെറും മൺകീട മായ, മൺതരിയായ നമുക്ക് ദൈവം തന്നിരിക്കുന്നത്. മറക്കരുത്, അത് ഒരു പദവിയാണ്. അപ്പാ, എന്ന് വിളിക്കുമ്പോൾ മോളേ, മോനേ, എന്ന് വിളികേട്ടുകൊണ്ട് ഓടി അരികിലേക്കു വരുന്ന ദൈവം! So near a God, so dear a God and so real a God.

ദൈവം അത്രമാത്രം അടുത്താണ്. അത്രമാത്രം സാക്ഷാത്തായ അനുഭവമാണ്. അത്രമാത്രം പ്രിയപ്പെട്ടവനാണ്.

അത്രമാത്രം നിങ്ങൾ ദൈവത്തെ അടുത്തറിയുക. ദൈവത്തെ നിങ്ങൾ സ്നേഹിക്കാൻ തുടങ്ങുക. Come close to Jesus! യേശുവിനോട് ഏറ്റവും അടുത്തടുത്ത് വരുക. Keep close to Jesus ! യേശുവിനോട് അടുത്തു വന്ന് അവന്റെ പാദം കെട്ടിപ്പിടിക്കുക. ആ ആണിപ്പാടുള്ള പാദത്തിൽ എപ്പോൾ വേണമെങ്കിലും നിങ്ങൾക്ക് വന്നണയാം. എപ്പോൾ വേണമെങ്കിലും പ്രാർത്ഥനയിൽ അടുത്തുചെല്ലാം.

യിസ്ഹാക്കിന്റെ കുടുംബം distinguished home അല്ല, disappointed home ആയിരുന്നു. എന്നാൽ നിരാശ മാറി മക്കളെ കിട്ടി. ഒരു പ്രസവത്തിൽ തന്നെ രണ്ടു മക്കൾ. പക്ഷേ സംഭവിച്ചതെന്താണ്? ആറ്റുനോറ്റു കിട്ടിയ രണ്ടു മക്കൾ പരസ്പരം പോര്. രണ്ടുപേരും രണ്ട് സ്വഭാവക്കാർ. It was a divided home.

നമ്മുടെ പലരുടേയും കുടുംബങ്ങൾ divided ആണ്. ഭിന്നതയുള്ള കുടുംബങ്ങൾ! അകൽച്ചയുള്ള കുടുംബങ്ങൾ! സഹോദരങ്ങൾ പല പ്രകൃതമുള്ളവർ, ഭിന്ന സ്വഭാവമുള്ളവർ. പരസ്പരവിരുദ്ധമായ അഭിപ്രായഗതിയുള്ളവർ. യിസ്ഹാക്കിന്റെ മകനായ ഏശാവ്, ലോകപ്രകാരം ഒരു success ആണ്. എന്നാൽ ദൈവസംബന്ധമായി നോക്കുമ്പോൾ, he was a failure.

പല മക്കളും, അനേകം കുടുംബങ്ങളിൽ ലോകപ്രകാരം വിജയികളാണ്. അവർ business -ൽ കയറിക്കയറി വരുന്നുണ്ട്. കൃഷിയിൽ കയറിക്കയറി വരുന്നുണ്ട്. വിദ്യാഭ്യാസത്തിൽ ഉയർന്നുയർന്നു വരുന്നുണ്ട്; ഔദ്യോഗികമായ പദവികളിൽ വളർന്നു വരുന്നുണ്ട്; ആരോഗ്യത്തിൽ മികവുള്ളവരായി വരുന്നുണ്ട്. അവർക്ക് നല്ല മനോഹരമായ വീടുകളും സൗകര്യങ്ങളുമുണ്ട്. ലോകം നോക്കുമ്പോൾ he is a success. അവനൊരു വിജയിയാണ്, അവനൊരു ജേതാവാണ്, അവനൊരു ജയാളി

യാണ് എന്ന് പറയും.

എന്നാലോ, ദൈവം നോക്കുമ്പോൾ he is a failure. ആത്മീയമായി ഒന്നുമില്ല. ദൈവരാജ്യമുണ്ടോ, ആർക്കറിയാം? ഉണ്ട് എന്നൊക്കെ പറയുന്നു. ചടങ്ങുപോലെ നമസ്കാരങ്ങൾ ചൊല്ലും, ആരാധനകളിൽ പങ്കെടുക്കും. ചടങ്ങുപോലുള്ള ചില അനുഷ്ഠാനങ്ങൾ നിർവ്വഹിക്കും. ചടങ്ങുപോലെ എല്ലാ മുണ്ട്. ആന്തരികമായി ജീവനില്ല. അന്ത:സത്ത എന്ത് എന്ന് ഗ്ര ഹിക്കുന്നില്ല. ക്രിസ്തു ഉള്ളിൽ വസിക്കാതെ ആരാധനകൾ ചൊല്ലുന്നു. ക്രിസ്തു ഇല്ലാതെ പ്രാർത്ഥനകൾ ചൊല്ലി തിക യ്ക്കുന്നു.

ടിബറ്റിൽ ലാമമാർ ഏതോ ഒരു യന്ത്രത്തിൽ പ്രാർത്ഥന കൾ എഴുതിവച്ചിട്ട് അത് ഒരു പ്രാവശ്യം കറക്കുമ്പോൾ ആ ചുരുൾ നിവർന്നു വരും. അങ്ങനെ പ്രാർത്ഥന ഒരു തവണ ചൊല്ലിത്തീർത്തതായി കണക്കാക്കും. വീണ്ടും യന്ത്രം കറ ക്കും ആ ചുരുൾ പിന്നെയും നിവരും. അങ്ങനെ രണ്ടു പ്രാവ ശ്യമായി കണക്കാക്കും. ഇങ്ങനെ ചൊല്ലിത്തീർക്കുന്ന പ്രാർത്ഥ നകൾ ഹൃദയത്തെ തൊടുന്ന പ്രാർത്ഥനകളല്ല. ഹൃദയ ത്തിൽനിന്ന് വരുന്ന പ്രാർത്ഥനകളല്ല.

അനേകം പേരുടെ പ്രാർത്ഥനകളും ചില ചടങ്ങുകളായി തീരുകയാണ്. ഒരറ്റത്ത് നിന്നു തുടങ്ങിയ പ്രാർത്ഥന ചൊല്ലി ത്തീരുന്നതിനുമുമ്പ് എവിടെയെങ്കിലും മുറിഞ്ഞുപോയാൽ പിന്നെ ആദ്യം മുതൽ ചൊല്ലണം. അല്ലാതെ ഇടയ്ക്കുനിന്ന് ചൊല്ലാൻ അറിഞ്ഞുകൂടാ. ഹൃദയത്തിൽ നിന്നല്ല വരുന്നത്. അർത്ഥം അറിഞ്ഞുകൊണ്ടല്ല പ്രാർത്ഥിക്കുന്നത്.

യിസ്ഹാക്കിന്റെ വീട്ടിൽ എല്ലാമുണ്ട്. പക്ഷേ, ആ വീടൊരു divided home ആണ്. ആന്തരികമായ അകൽച്ചയുള്ള ഭവനം!

ഇന്ന് നമ്മുടെ കുടുംബങ്ങൾ എങ്ങനെയാണ്? നമ്മുടെ കുടുംബങ്ങളിൽ ആന്തരികമായ ഒരുമനസ്സ് (oneness) ഉണ്ടോ?

കൂറിണക്കം (harmony) ഉണ്ടോ? ഭാര്യയും ഭർത്താവും ഒരു ഹൃദയമാണോ? ഭാര്യയും ഭർത്താവും ഒരുമനസ്സായിത്തീരാൻ പറ്റുന്നുണ്ടോ? പരസ്പര സ്നേഹത്തിൽ നിറഞ്ഞു നിൽക്കാൻ പറ്റുന്നുണ്ടോ? സ്നേഹത്തിൽ ഇഴുകിച്ചേരാൻ പറ്റുന്നുണ്ടോ? അഭിപ്രായത്തിൽ വൈവിധ്യങ്ങൾ ഒരു പക്ഷേ വന്നാലും ഒന്നായിത്തീരാൻ പറ്റുന്നുണ്ടോ? ഇണക്കത്തിൽ മുന്നോട്ടു പോകാൻ പറ്റുന്നുണ്ടോ?

നിങ്ങളുടെ ഭവനം എങ്ങനെയിരിക്കുന്നു? നിങ്ങളുടെ കുടുംബം എങ്ങനെയിരിക്കുന്നു? നിങ്ങൾ ഓരോ ആവശ്യവും പേറിക്കൊണ്ട് ദൈവസന്നിധിയിൽ ചെന്ന് ആവശ്യങ്ങൾ ചോദിച്ചു വാങ്ങാറുണ്ടോ? ഹൃദയം തൊട്ടുള്ള പ്രാർത്ഥന, ഉള്ളുരുകിയുള്ള പ്രാർത്ഥന, ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുയർന്നു വരുന്ന പ്രാർത്ഥന ദൈവസന്നിധിയിലേക്ക് സമർപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്ന് നമുക്കത് തുടങ്ങാം.

ആന്തരികമായി ക്രിസ്തുവിനോടുള്ള ബന്ധത്തിലുള്ള ഒരു പ്രാർത്ഥനയിലേക്ക് നമുക്ക് വരാം. നമ്മുടെ കുടുംബം divided home ആണെങ്കിൽ, പരസ്പരം അകൽച്ചയുണ്ടെങ്കിൽ, സഹോദരങ്ങൾ തമ്മിൽ ഭിന്നതയുണ്ടെങ്കിൽ, ഭാര്യയും ഭർത്താവും തമ്മിൽ അകൽച്ചയുണ്ടെങ്കിൽ, മാതാപിതാക്കളും മക്കളും തമ്മിൽ ഇഷ്ടക്കുറവുണ്ടെങ്കിൽ, എല്ലാമെല്ലാം മാറ്റി ഐക്യം പുലരുന്ന, നല്ല സമാധാനവും സന്തോഷവും സ്നേഹവും സൗഹൃദവും തിങ്ങുന്ന ഒരു നല്ല കുടുംബാന്തരീക്ഷം നമുക്കിന്ന് തുടങ്ങാം. വേണമെങ്കിൽ നമുക്ക് സാധിക്കും. യേശുക്രിസ്തു അത് തരുവാനാണ് ക്രൂശിൽ മരിച്ചത്.

ക്രൂശിലെ സ്നേഹം നിങ്ങളെ സമീപിക്കുകയാണ്. ആ സ്നേഹം നിങ്ങളെ മാടിയടുപ്പിക്കുകയാണ്. ആ സ്നേഹം നിങ്ങളോട് വാദിക്കുകയാണ്. മകനേ, മകളേ വരിക. ഐക്യത്തിൽ പുലരുക. പരസ്പരം അകന്നു കഴിയല്ലേ. പരസ്പരം ഭിന്നിച്ചു കഴിയല്ലേ. പുറമേ ഒരുമയുണ്ടെങ്കിലും അകത്ത് ഒരുമ

യില്ലാതെ, harmony ഇല്ലാതെ ഇനിയും കുഞ്ഞേ നീ കഴിയല്ലേ. അകമേ ഒന്നായിരിക്കുക.

ഒരു ലക്ഷ്യമായി, ഒരു ലാക്കായി, ഒരു ഹൃദയത്തോടെ നിങ്ങൾ മുന്നോട്ടുപോവുക. അതിനായി നിങ്ങളുടെ ജീവിതം സമർപ്പിക്കുക. അത് സാധിപ്പിച്ചു തരാമെന്ന് കർത്താവ് പറയുന്നു. മകനേ, മകളേ, നീ എന്റെ അടുക്കലേക്ക് വരിക. എന്റെ ക്രൂശിൻ ചുവട്ടിൽ എല്ലാ പ്രശ്നവും തീരും എന്ന് കർത്താവ് പറയുന്നു. എല്ലാം മാറി പുതിയ ജീവിതം തുടങ്ങാമെന്ന് കർത്താവ് പറയുന്നു.

ഈ മഹാസൗഭാഗ്യത്തിലേക്ക് യേശുനാഥൻ നിങ്ങളെ ക്ഷണിക്കുന്നു. യേശു നിങ്ങളെ മാടി വിളിക്കുന്നു. വരുവിൻ യേശുവിനരികിലേക്ക്. വരുവിൻ യേശുവിന്റെ പാദപീഠത്തിങ്കലേക്ക്. സ്നേഹത്തിൽ ഒന്നായിത്തീരുവിൻ. സ്നേഹത്തിൽ യോജിക്കുവിൻ. ഇന്നുമുതൽ പുതിയ ജീവിതം തുടങ്ങുവിൻ. ദൈവകരങ്ങളിലേക്കേൽപ്പിക്കുവിൻ.

നമുക്ക് പ്രാർത്ഥിക്കാം. കരുണയുള്ള കർത്താവേ, ഈ നല്ല സമയത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. വചനത്താൽ എല്ലാവരെയും വാഴ്ത്തണമേ. എല്ലാവരെയും അനുഗ്രഹിക്കണമേ. കർത്താവേ, അകന്നുപോയവരെ അടുപ്പിക്കണമേ. ഭിന്നിച്ചുപോയവരെ ഒന്നിപ്പിക്കണമേ. ദു:ഖിച്ചിരിക്കുന്നവരെ വിഷാദവൈവശ്യം മാറ്റി സമാധാനത്തിലേക്ക് നയിക്കണമേ. എല്ലാവരെയും തലോടണമേ. കണ്ണുനീർ തുടയ്ക്കണമേ. രോഗങ്ങൾ മാറ്റണമേ. കുടുംബസമാധാനം നൽകണമേ. കുടുംബങ്ങളിലേക്ക് ഐക്യവും ശാന്തിയും പകരണമേ. തിരുനാമം മഹത്വപ്പെടുത്തണമേ. യേശുക്രിസ്തുവിന്റെ ജയകരമായ നാമത്തിൽ തന്നേ, ആമ്മേൻ.

# എട്ട്

*''തന്റെ ഭാര്യ മച്ചിയായിരുന്നതുകൊണ്ട് യിസ്ഹാക്ക് അവൾക്കുവേണ്ടി യഹോവയോട് പ്രാർത്ഥിച്ചു; യഹോവ അവന്റെ പ്രാർത്ഥന കേട്ടു; അവന്റെ ഭാര്യ റിബെക്കാ ഗർഭം ധരിച്ചു. അവളുടെ ഉള്ളിൽ ശിശുക്കൾ തമ്മിൽ തിക്കിയപ്പോൾ അവൾ: ഇങ്ങനെയായാൽ ഞാൻ എന്തിന് ജീവിക്കുന്നു എന്നു പറഞ്ഞ്, യഹോവയോട് ചോദിപ്പാൻ പോയി. യഹോവ അവളോട്: രണ്ടു ജാതികൾ നിന്റെ ഗർഭത്തിൽ ഉണ്ട്. രണ്ട് വംശങ്ങൾ നിന്റെ ഉദരത്തിൽനിന്നു തന്നെ പിരിയും."*

*ഉല്പത്തി 25 : 21 – 23*

നല്ല ഒരു തറവാടായിരുന്നു; നല്ല ആഢ്യത്വമുള്ള, പാരമ്പര്യമുള്ള ഒരു കുടുംബം! നല്ലൊരു പിതാവിന്റെ മകനായ യിസ്ഹാക്ക്, അപ്പന്റെ ഹിതമൊക്കെയും അനുസരിച്ച യിസ്ഹാക്ക്, പക്ഷേ നിരാശനായിപ്പോയി.

നിരാശയുണ്ടാകാൻ കാരണം, ഒരു പിഞ്ചോമന കുഞ്ഞിക്കാൽ കാണാൻ യിസ്ഹാക്കിനും ഭാര്യ റിബെക്കായ്ക്കും കഴിഞ്ഞില്ല എന്നുള്ളതാണ്. ഇരുപത് വർഷത്തെ കാത്തിരിപ്പിനുശേഷം, നെടുനാളത്തെ പ്രാർത്ഥനയുടെ ഫലമായി ദൈവം അവർക്ക് രണ്ട് കുഞ്ഞുങ്ങളെ കൊടുത്തു.

"തന്റെ ഭാര്യ മച്ചിയായിരുന്നതുകൊണ്ട് യിസ്ഹാക്ക് അവൾക്കുവേണ്ടി യഹോവയോട് പ്രാർത്ഥിച്ചു. യഹോവ

അവന്റെ പ്രാർത്ഥന കേട്ടു. അവന്റെ ഭാര്യ റിബെക്കാ ഗർഭം ധരിച്ചു." ഇവിടെ റിബെക്കാ പ്രാർത്ഥിച്ചതായി നാം കാണുന്നില്ല. പിന്നീട് വായിച്ചു വരുമ്പോൾ റിബെക്കാ ദൈവത്തോടു ചോദിക്കുന്നതായിട്ടും പ്രാർത്ഥിക്കുന്നതായിട്ടും കാണാം.

റിബെക്കാ തീർത്തും നിരാശയിലാണ്ടു പോയിരുന്നു. ഞാനിനി പ്രാർത്ഥിച്ചിട്ട് എന്തു കാര്യം? വർഷങ്ങൾ ഇത്രയുമായില്ലേ? ഇനി പ്രതീക്ഷയ്ക്ക് വകയില്ലല്ലോ. പ്രാർത്ഥനയെല്ലാം നിർത്തി, പ്രാർത്ഥനയുടെ താത്പര്യമെല്ലാം കുറഞ്ഞു, പ്രാർത്ഥനക്കുള്ള ഉത്സാഹമെല്ലാം പോയി.

അനേകം ദൈവമക്കൾ അങ്ങനെയാണ്. ജീവിതത്തിൽ ഒരു കാലത്തുണ്ടായിരുന്ന പ്രത്യാശ ക്ഷയിച്ചു; വിശ്വാസം തണുത്തു, ആത്മീയതീക്ഷ്ണത നിർജ്ജീവമായി, മുന്നോട്ടുള്ള ഗതിയറ്റു കഴിഞ്ഞു. പ്രതീക്ഷകളെല്ലാം അസ്തമിച്ചു. ഇനി ആശയ്ക്കു വകയില്ല. അനേകർ ഇങ്ങനെ നിരാശയിൽ തകർന്നും തളർന്നും ജീവിതം വഴിമുട്ടി നിൽക്കുന്നവരുണ്ട്. നാളെയെക്കുറിച്ചുള്ള മോഹന സ്വപ്നങ്ങളെല്ലാം കരിഞ്ഞുണങ്ങി. എല്ലാ പ്രതീക്ഷകളും തീർന്നു.

റിബെക്കാ പ്രാർത്ഥിച്ചില്ല പക്ഷേ, യിസ്ഹാക്ക് തണുത്തില്ല. ഒരു വലിയ പാഠം നമുക്കവിടെ കാണാം. ആ ഭവനം desperate ആയപ്പോൾ, ഭവനം മൊത്തത്തിൽ നിരാശയിൽ കുമിഞ്ഞപ്പോൾ, ഒരാൾ അവിടെ ജ്വലിച്ചു നിന്നു. ഒരാൾ തളരാതെ നിന്നു. ഭാര്യ ക്ഷീണിച്ചപ്പോഴും ഭർത്താവ് തളരാതെ നിന്നു.

നമ്മുടെ കുടുംബങ്ങളിൽ അങ്ങനെയാകട്ടെ. രണ്ടു പേരും ഒപ്പം ഊർജ്ജസ്വലതയോടെ, ആത്മീയമായ തീക്ഷ്ണതയിൽ നിൽക്കാൻ പറ്റുമെങ്കിൽ നല്ലതാണ്. അതാണല്ലോ ഒരു കുടുംബത്തിന്റെ ശക്തി! പരസ്പര സ്നേഹവും സൗഹൃദവും സൗമനസ്യവും സൗശീല്യവും ഒത്തിണക്കവും ചേർന്നു വരിക. ആന്തരികമായ harmony പുലർത്താൻ സാധിക്കുക. അതൊരു

കുടുംബത്തിന്റെ ശക്തിയാണ്.

ഗാഢവും ദൃഢവുമായ സ്നേഹം ഭാര്യയും ഭർത്താവും തമ്മിൽ ഉണ്ടായിരിക്കുക. അനേകം കുടുംബങ്ങളിൽ വന്നിരിക്കുന്ന ഒരു വലിയ കെടുതി, പരസ്പരമുള്ള ഐക്യം നഷ്ടപ്പെട്ടു, പരസ്പരമുള്ള ഒരു മനസ്സ് നഷ്ടപ്പെട്ടു, സ്നേഹം നഷ്ടപ്പെട്ടു എന്നതാണ്. ഒരുകാലത്ത് എന്ത് ഊഷ്മളമായിരുന്നു സ്നേഹം! എന്നാൽ ഇന്നത് തണുത്തുറഞ്ഞുപോയി.

സ്നേഹം നിർജ്ജീവമായിക്കൊണ്ടിരിക്കുന്നു. സ്നേഹം പോയ്പ്പോയിരിക്കുന്നു. ഏങ്ങലടികൾ ഉയരുന്നു. നിശബ്ദപരിദേവനങ്ങൾ. ഏകാന്തതയിലിരുന്ന് മൂകമായി കരയുന്നു. പുറമേ കരയാൻപോലും അനുവാദമില്ല. കരഞ്ഞു കണ്ടാൽ തല്ലുകൊള്ളും. അങ്ങനെയുള്ള കുടുംബങ്ങളുണ്ട്. ഉള്ളം ഏങ്ങലടിക്കുന്നു. ഹൃദയം വിങ്ങുന്നു; തകർന്നടിയുന്നു. കുടുംബബന്ധങ്ങൾ ഉലയുന്നു. സ്നേഹം തകർന്നു പോകുന്നു; കുറഞ്ഞു പോകുന്നു.

എന്നാൽ ഈ കുടുംബത്തിൽ നിരാശയുണ്ടെങ്കിലും അവിടെ ഒരു ഗുണമുണ്ട്. യിസ്ഹാക്കും റിബെക്കായും ഒരു ഹൃദയമായിരുന്നു. റിബെക്കാ തളർന്നെങ്കിലും യിസ്ഹാക്ക് തളർന്നില്ല. ഏകഹൃദയമായിരുന്നതുകൊണ്ട് ഒരാൾ തളരാതെ പ്രാർത്ഥിച്ചത് മറ്റേയാൾക്കും അനുഭവമായിത്തീർന്നു.

നിരാശമുറ്റിയ കുടുംബങ്ങൾ! നിങ്ങൾക്ക് ഒരു മനസ്സുണ്ട് എന്ന് പറഞ്ഞാലും ചില കാര്യങ്ങളിൽ ചില ഇണക്കക്കേടുകളുണ്ട്. നിങ്ങൾക്ക് കർത്താവിന്റെ സന്നിധിയിൽ ഒരുമിച്ച് മുട്ടുമടക്കി പ്രാർത്ഥിക്കാമല്ലോ. ഒരുമിച്ച് ദൈവസന്നിധിയിൽ ഹൃദയം പകരാമല്ലോ. നിങ്ങൾക്ക് ഒരുമനസ്സ് നേടിയെടുക്കാമല്ലോ.

ഏകഹൃദയം നഷ്ടപ്പെടുത്തിക്കളയുന്നത് പിശാചിന്റെ ഒരു കെണിയാണ്. കൂട്ടായ്മയിൽ ഭിന്നത വരുത്തുന്നത്, കുടും

ബത്തിൽ ഭിന്നത വരുത്തുന്നത് പിശാചിന്റെ കെണിയാണ്. സാത്താൻ കടന്നുവരുന്ന ഒരു വലിയ പഴുതാണ് പരസ്പര മുള്ള ഭിന്നത. പരസ്പരമുള്ള അഭിപ്രായവ്യത്യാസം. കുടുംബ ത്തിൽ പിശാച് കയറി വരും. കൂട്ടായ്മയിൽ പിശാച് കയറി വരും. സ്ഥാപനത്തിൽ പിശാച് കയറി വരും. പള്ളിയിൽ പിശാച് കയറിവരും, സഭയിൽ പിശാച് കയറിവരും. എങ്ങനെ? പരസ്പരം ഭിന്നത വരുമ്പോൾ.

ഇവിടെ ഭിന്നതയുണ്ടായില്ല. മഹാഭാഗ്യം! "യിസ്ഹാക്ക് അവൾക്കുവേണ്ടി യഹോവയോട് പ്രാർത്ഥിച്ചു. യഹോവ അവന്റെ പ്രാർത്ഥന കേട്ടു."

എന്തു മനോഹരമാണ് ആ വാക്യം! യിസ്ഹാക്ക് തന്റെ ഭാര്യയ്ക്കുവേണ്ടി, അവളുടെ ഗർഭം തുറന്നുകിട്ടുന്നതിനു വേണ്ടി പ്രാർത്ഥിച്ചു. അവളുടെ തളർച്ച മാറുന്നതിനുവേണ്ടി പ്രാർത്ഥിച്ചു. അവളുടെ നിരാശ മാറുന്നതിനുവേണ്ടി പ്രാർത്ഥി ച്ചു. നിർജ്ജീവത്വം മാറി അവളുടെ ശരീരം ഊർജ്ജസ്വലമാകു ന്നതിനുവേണ്ടി പ്രാർത്ഥിച്ചു. അവളുടെ തളർന്നുപോയ ശരീരകോശങ്ങളിൽ ജീവൻ പകരുന്നതിനുവേണ്ടി പ്രാർത്ഥിച്ചു.

പ്രാർത്ഥന കേൾക്കുന്ന ദൈവം! അത് സന്തോഷകര മായ കാര്യമാണല്ലോ.

ഒരിക്കൽ ഒരു കൊച്ചുകുട്ടി വീട്ടിൽ നിന്നിറങ്ങി. വളരെ അസ്വസ്ഥതയോടെയാണ് ഇറങ്ങിയത്. കാരണം, അപ്പൻ ശാപ വാക്കേ പറയൂ. ഒരിക്കലെങ്കിലും ഒരു നല്ല വാക്ക് പറഞ്ഞിരു ന്നെങ്കിൽ! ഇല്ല, നല്ല വാക്ക് പറയില്ല. വിതുമ്പിവിതുമ്പി കരഞ്ഞു കൊണ്ട് അവൻ വീട്ടിൽ നിന്നിറങ്ങി.

കണ്ണുനീർ തുടച്ചുകൊണ്ട് അവൻ പോകുമ്പോൾ വഴിയ രികിൽ വൃദ്ധനായ ഒരു ഭിക്ഷക്കാരൻ ഇരിക്കുന്നത് കണ്ടു. ആ ഭിക്ഷക്കാരന്റെ അടുക്കൽ ചെന്നിട്ട് ഈ കൊച്ചുകുട്ടി പറഞ്ഞു: "എന്റെ തലയിൽ ഈ കൈ ഒന്ന് എടുത്തു വച്ചോട്ടെ? എന്റെ

അപ്പൻ എന്നെ ശപിച്ചു, അങ്ങെങ്കിലും എന്റെ തലയിൽ കൈവച്ച് എന്നെയൊന്ന് അനുഗ്രഹിക്കാമോ?"

ആ വൃദ്ധയാചകൻ, ജീവിതത്തിൽ ദുരിതം അനുഭവിച്ച് വലഞ്ഞുപോയ, എന്നും കഷ്ടപ്പാടുകളും യാതനയുമായി വലഞ്ഞ് ആളുകളുടെ അടുക്കൽ ഭിക്ഷയാചിച്ച് കിട്ടുന്നതു കൊണ്ടുമാത്രം ഉപജീവനം കഴിക്കുന്ന ആ സാധു മനുഷ്യൻ ജീവിതത്തിന്റെ യാതനകൾ എല്ലാം ഉണ്ടായിരിക്കെ, സർവ്വ ഐശ്വര്യങ്ങളും നേർന്നുകൊണ്ട് ഈ കുട്ടിയുടെ തലയിൽ തന്റെ രണ്ടു കൈയും വച്ചു. "നല്ലത് വരട്ടെ മോനേ" എന്ന് പറ ഞ്ഞു.

നല്ലത് വന്നു. അസീസ്സിയിലെ ഫ്രാൻസിസ് ആയി ത്തീർന്നത് ഈ കുട്ടിയാണ്. ഇദ്ദേഹത്തിന്റെ അടുക്കൽ ഒരി ക്കൽ അസുഖമുള്ള ഒരു കുട്ടിയെ മാതാപിതാക്കൾ കൊണ്ടുവ ന്നു. ഈ കുഞ്ഞിന്റെമേൽ ഒന്ന് കൈവച്ച് അനുഗ്രഹിക്കണം എന്ന് പറഞ്ഞു. ഫ്രാൻസിസ് ഓഫ് അസീസ്സി ആ കുട്ടിയുടെ തലയിൽ കൈവച്ചനുഗ്രഹിച്ചു.

പണ്ട് താൻ കുട്ടിയായിരുന്നപ്പോൾ ആ വൃദ്ധയാചകൻ തലയിൽ കൈവച്ച് അനുഗ്രഹിച്ചതുകൊണ്ട് തനിക്ക് ക്രിസ്തു വിന്റെ ഒരു വിശുദ്ധനാകാൻ കഴിഞ്ഞല്ലോ എന്നോർത്തുകൊ ണ്ട്, സർവ്വ അനുഗ്രഹങ്ങളും നേർന്നുകൊണ്ട് പറഞ്ഞു: "ബൊനവെന്തുരെ" ലാറ്റിൻ ഭാഷയിലെ ആ വാക്കിന്റെ അർത്ഥം, "നല്ലതു വരട്ടെ" എന്നാണ്. ഈ രോഗിയായ കുട്ടി സുഖം പ്രാപിച്ചു. ആ കുട്ടി വളർന്നു വന്നപ്പോൾ സെന്റ് ബൊനവെഞ്ചർ എന്ന പേര് സ്വീകരിച്ച് ഒരു വിശുദ്ധനായി.

ഈ സെന്റ് ബൊനവെഞ്ചർ അദ്ദേഹത്തിന്റെ അടുക്കൽ വരുന്നവരെയെല്ലാം "ബൊനവെന്തുരെ" എന്നുപറഞ്ഞ് അനു ഗ്രഹിക്കാൻ തുടങ്ങി. വരുന്നവർക്കെല്ലാം നല്ലതുവരട്ടെ എന്ന ആശംസ നൽകി. അങ്ങനെ അനുഗ്രഹങ്ങൾ പകർന്നു

കൊടുത്ത് തലമുറകളിലൂടെ അനുഗ്രഹങ്ങൾ പകർന്നു.

പ്രിയപ്പെട്ടവരേ, നമുക്ക് അനുഗ്രഹിക്കാം. എല്ലാവരേയും അനുഗ്രഹിക്കാം. നല്ലതു വരട്ടെ, നല്ലതു ലഭിക്കട്ടെയെന്ന് ആശംസിക്കാം. നന്മ നേരാം. എല്ലാവർക്കും അനുഗ്രഹം നേരാം. എല്ലാവർക്കും ഐശ്വര്യം നേർന്നുകൊടുക്കാം. നന്മയുടെ ആശീർവ്വാദം നമുക്ക് പകരാം.

ഈ ലോകത്ത് നന്മ പകരുന്നവരായി നമുക്ക് പാറിപ്പറന്നുനടക്കാം. ഓടിനടന്ന് അനുഗ്രഹം പകരാം. സഭകൾ തോറും സമുദായങ്ങൾ തോറും മതങ്ങൾ തോറും ദേശങ്ങൾ തോറും ഭവനങ്ങൾ തോറും ഓടി നടക്കാം. “ബൊനവെന്തുരെ!” അനുഗ്രഹം വരട്ടെ, നല്ലതു വരട്ടെ എന്ന് നമുക്കാശംസിക്കാം.

> *“അവളുടെ ഉള്ളിൽ ശിശുക്കൾ തമ്മിൽ തിക്കിയപ്പോൾ അവൾ: ഇങ്ങനെയായാൽ ഞാൻ എന്തിന് ജീവിക്കുന്നു എന്നു പറഞ്ഞ്, യഹോവയോട് ചോദിപ്പാൻ പോയി.” ഉല്പത്തി 25 : 22*

ഉള്ളിൽ ശിശുക്കൾ തമ്മിൽ തിക്കി. ഇരട്ടപ്പിള്ളേർ ആയിരുന്നു. ഒന്നിനെയാണ് ചോദിച്ചത്. ദൈവം തന്നപ്പോൾ രണ്ട്. കുഞ്ഞുങ്ങൾ തമ്മിൽ ഗർഭത്തിൽ തിക്കാൻ തുടങ്ങിയപ്പോൾ ഇങ്ങനെയായാൽ ഞാൻ എന്തിന് ജീവിക്കുന്നു എന്ന് പറഞ്ഞ് യഹോവയോട് ചോദിക്കാൻ പോയി. അവൾക്ക് ഒരനുഭവം കിട്ടി. പ്രാർത്ഥിക്കുന്ന ഭർത്താവിന്റെ കൂടെ ജീവിച്ച് പ്രാർത്ഥിക്കാൻ പഠിച്ചു.

സഹോദരങ്ങളേ, നിങ്ങളുടെ പ്രാർത്ഥനാജീവിതം കണ്ട് നിങ്ങളുടെ ഇണയാളി പ്രാർത്ഥിക്കാൻ പഠിക്കട്ടെ. നിങ്ങളുടെ ജീവിതത്തിന്റെ സൗരഭ്യം നുകർന്ന് നിങ്ങളുടെ പങ്കാളി സൗരഭ്യമുള്ളവരായിത്തീരട്ടെ. നിങ്ങളുടെ ജീവിതത്തിലെ നന്മകൾ അനുഭവിച്ച്, മാതൃകാജീവിതം കണ്ട്, നിങ്ങളുടെ കൂട്ടാളി നന്മ

കൾ അനുഭവിക്കാൻ ഇടവരട്ടെ.

നിങ്ങളുടെ ജീവിതംകൊണ്ട് നിങ്ങളുടെ വീട്ടിൽ ഉള്ളവരിലേക്ക് സ്വാധീനം പകരാൻ, നന്മകൾ പകരാൻ നിങ്ങൾക്ക് സാധിക്കട്ടെ. നിങ്ങളുടെ പ്രാർത്ഥനാജീവിതം, വേദപുസ്തകം വായിക്കാനുള്ള നിങ്ങളുടെ താത്പര്യം, നിങ്ങളുടെ നീതിനിഷ്ഠ, നിങ്ങളുടെ സത്യസന്ധത, നിങ്ങളുടെ വിശ്വസ്തത, നിങ്ങളുടെ കൃത്യനിഷ്ഠ, നിങ്ങളുടെ സമയനിഷ്ഠ, ചിട്ടയുള്ള ജീവിതം, ചുമതലാബോധമുള്ള ജീവിതം, ഉത്തരവാദിത്വത്തോടുകൂടിയുള്ള, ശരിയായ അടുക്കും ചിട്ടയുമുള്ള ജീവിതം, അത് നിങ്ങളുടെ വീട്ടിലുള്ളവർ കാണട്ടെ, കണ്ട് പഠിക്കട്ടെ. അവർ അവരുടെ ജീവിതത്തിൽ ഈ നന്മകൾ സ്വാംശീകരിക്കട്ടെ.

ഭർത്താവിന്റെ പ്രാർത്ഥന കേട്ട് റിബെക്കായും പ്രാർത്ഥിക്കാൻ പഠിച്ചു. ഞാൻ എന്തിന് ജീവിക്കുന്നു എന്നു പറഞ്ഞ് അവൾ ദൈവത്തോട് ചോദിപ്പാൻ പോയി.

> *"യഹോവ അവളോട്: രണ്ടു ജാതികൾ നിന്റെ ഗർഭത്തിൽ ഉണ്ട്. രണ്ട് വംശങ്ങൾ നിന്റെ ഉദരത്തിൽ നിന്നു തന്നേ പിരിയും; ഒരു വംശം മറ്റേ വംശത്തിലും ശക്തിപ്പെടും, മൂത്തവൻ ഇളയവനെ സേവിക്കും എന്ന് അരുളിച്ചെയ്തു."*
>
> *ഉല്പത്തി 25 : 23*

രണ്ടു ജാതികൾ നിന്റെ ഗർഭത്തിലുണ്ട്, രണ്ട് വംശങ്ങൾ നിന്റെ ഉദരത്തിൽ നിന്ന് തന്നേ പിരിയും. Desperate home ഇപ്പോൾ divided home ആയി. അത് ഭിന്നതയുടെ കുടുംബമായി. ഗർഭത്തിലുള്ള രണ്ടു കുഞ്ഞുങ്ങൾ; ഒന്ന് ഏശാവ്, മറ്റേത് യാക്കോബ്. ഏശാവ് ലോകപ്രകാരം ഒരു വിജയമാണ്. He was a success in this world and failure with God.

ഇന്നനേകർ അങ്ങനെയാണ്. പഠിക്കാൻ നല്ല സാമർത്ഥ്യ

മുള്ളവരുണ്ട് പക്ഷേ, ദൈവസന്നിധിയിൽ പൂജ്യമാണ്. നല്ല കഴിവും നൈപുണ്യവും പ്രാവീണ്യവും ഉള്ളവരുണ്ട്. അവർ ദൈവസന്നിധിയിൽ വിലയില്ലാത്തവരാണ്. കാരണം, ദൈവ വിഷയമായി ഒന്നുമല്ല, പൂജ്യമാണ്.

ലോകത്തിൽ പരാജയമായാലും നാം ദൈവസന്നിധി യിൽ പരാജയമാകരുത്. പഠിക്കാൻ ഇത്തിരി മോശമായിക്കൊ ള്ളട്ടെ. നിങ്ങൾ വിഷമിക്കണ്ട. ദൈവസന്നിധിയിൽ നിങ്ങൾക്ക് പരാജയമാകാതിരിക്കാമോ? ജീവിതവിശുദ്ധിയുടെ കാര്യ ത്തിൽ, ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ കാര്യത്തിൽ, ക്രിസ്തുവിനോടുള്ള കടപ്പാടിന്റെ കാര്യത്തിൽ നിങ്ങൾക്ക് വിജയികളാകാമോ? നിങ്ങളുടെ ബലഹീനതകളെല്ലാം കർത്താവ് മാറ്റിത്തരും.

എവിടെ കുറവുണ്ടെങ്കിലും ചോദിക്കൂ പ്രിയപ്പെട്ടവരേ. നിങ്ങൾ പരീക്ഷിച്ചു നോക്കൂ. ദൈവസന്നിധിയിൽ ചെന്ന് നിങ്ങൾ യാചിക്കൂ. നിങ്ങളുടെ ജീവിതം വിശുദ്ധമാക്കി ക്കൊണ്ട്, പാപത്തോട് യാത്രപറഞ്ഞുകൊണ്ട്, ഇനി പാപ മെന്റെ ജീവിതത്തിൽ വരികയില്ലെന്ന് ഉറപ്പു കൊടുത്തു കൊണ്ട്, ദൈവത്തിന്റെ പരിശുദ്ധാത്മാവിന് പ്രവർത്തിക്കാൻ ഇടം കൊടുത്തുകൊണ്ട്, യേശുക്രിസ്തുവിന് നിങ്ങളുടെ ഹൃദയത്തിൽ സ്ഥാനം കൊടുത്തുകൊണ്ട് നിങ്ങൾ പ്രാർത്ഥി ക്കൂ. കാണാം വിജയം വരുന്നത്.

എവിടെയാണോ നിങ്ങളുടെ കുറവ്, നിങ്ങൾ ചോദിക്ക ണം. കർത്താവേ, എന്റെ ആയുസ്സ് ഞാൻ നിനക്ക് തന്നതല്ലേ? എന്റെ ഈ ജീവിതം ഞാൻ നിനക്ക് തന്നതല്ലേ? ഇനി ജീവി തത്തിൽ ഒരു കറ പിണയില്ലെന്ന് ഞാൻ നിന്നോട് വാക്കു പറ ഞ്ഞതല്ലേ? മനസ്സറിഞ്ഞ് ഒരു തെറ്റു വരികയില്ലെന്ന് നിന്നോട് പറയാൻ നീ എനിക്ക് ഭാഗ്യം തന്നതല്ലേ? ഒരു സത്യസമർപ്പണം എടുക്കാൻ നിന്റെ പരിശുദ്ധാത്മാവ് എന്നെ നടത്തിയതല്ലേ?

ആ സമർപ്പണത്തിന്റെ അടിസ്ഥാനത്തിൽ; നിന്റെ സ്നേഹം എന്നെ വശീകരിച്ച് ഒരു സമർപ്പണത്തിലേക്ക് നടത്തിയെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ, നീ എന്നെ സ്നേഹിക്കുന്നു എന്നുള്ളതിന്റെ ഏക അടിസ്ഥാനത്തിൽ ഞാൻ തിരുമുമ്പാകെ വന്ന് യാചിക്കുന്നു: എനിക്ക് ഇന്ന കാര്യത്തിൽ ബലഹീനതയുണ്ട്. ഇന്ന കാര്യത്തിൽ കുറവുണ്ട്. നിന്റെ കരം എന്നെ തൊടണം. ഈ കാര്യത്തിൽ നീ എന്നെ പരാജയത്തിൽനിന്ന് വിജയത്തിലേക്ക് നടത്തണം.

നാളിതുവരെ പരാജയം മാത്രം ഏറ്റുവാങ്ങിയവർ ഈ വാക്കുകളെ വായിക്കുന്നുണ്ടോ? കുടുംബജീവിതം പരാജയപ്പെട്ടവർ ഈ വാക്കുകളെ വായിക്കുന്നുണ്ടോ? ബിസിനസ്സിൽ പരാജയപ്പെട്ടവർ, ഭാര്യാഭർതൃബന്ധത്തിൽ പരാജയപ്പെട്ടവർ, മാതാപിതാക്കളോടുള്ള ബന്ധത്തിൽ പരാജയം വന്നവർ, ജീവിതത്തിൽ പല മേഖലകളിൽ പരാജയം നേരിട്ടവർ ഇത് വായിക്കുന്നുണ്ടോ?

ഇനി ഞാൻ മദ്യപാനത്തിലേക്കില്ല എന്ന് തീരുമാനിച്ചു പക്ഷേ, പിന്നേയും മദ്യപാനത്തിലേക്ക് തിരിഞ്ഞുപോയി. ഇനി ഞാൻ വൃത്തികെട്ട ജീവിതത്തിലേക്കില്ല എന്ന് തീരുമാനിച്ചു പക്ഷേ, പിന്നേയും വൃത്തികെട്ട ജീവിതത്തിലേക്ക് തിരിഞ്ഞുപോയി. ഇനി മ്ലേച്ഛതയിലേക്കില്ല എന്ന് തീരുമാനിച്ചു പക്ഷേ, പിന്നെയും മ്ലേച്ഛതകളിലേക്ക് തിരിഞ്ഞുപോയി.

ഞാൻ പരാജയപ്പെട്ടുപോയല്ലോ എന്ന് വിലപിച്ചുകൊണ്ട് നിരാശയോടെയിരിക്കുന്ന ആരെങ്കിലും ഇത് വായിക്കുന്നുണ്ടോ? നിങ്ങൾ പരാജയപ്പെട്ടിടത്ത് വിജയം കൊയ്യാൻ ദൈവം നിങ്ങളെ ക്ഷണിക്കുകയാണ്. വിജയം തരാമെന്നാണ് കർത്താവ് പറയുന്നത്. എവിടെയെല്ലാമാണോ നിങ്ങൾക്ക് തോൽവി പറ്റിയത് അവിടെയെല്ലാം നിങ്ങൾക്ക് പുതിയ ജീവിതം തരാം എന്ന് കർത്താവ് പറയുന്നു.

നിങ്ങൾ വിജയം നേടുന്നവരായി, ജയഭേരി മുഴക്കുന്നവ രായിത്തീരുവിൻ. ക്രിസ്തുവിന്റെ സന്നിധിയിൽ സ്തുതിഗാന ങ്ങൾ പൊഴിക്കുന്നവരായി, നന്ദിയോടെ ആരാധിക്കുന്നവ രായിത്തീരുവിൻ.

പാപമില്ലാത്ത ജീവിതത്തിന്റെ സന്തോഷമനുഭവിച്ചു കൊണ്ട് ദൈവത്തെ സ്തുതിക്കുവിൻ. ക്രിസ്തുവിന്റെ തിരു രക്തം തരുന്ന പാപക്ഷമയും ജയജീവിതവും അനുഭവിച്ചു കൊണ്ട് ദൈവത്തെ സ്തുതിക്കുവിൻ. യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ അത്ഭുത ശക്തിയും ജയമുള്ള സ്ലീബായുടെ ജയകരമായ അടയാളവും തരുന്ന വിശുദ്ധസ്തുതികൾ അനു ഭവിച്ചുകൊണ്ട് ദൈവത്തെ സ്തുതിക്കുവിൻ. ദൈവകരങ്ങളി ലേക്ക് നിങ്ങളെ ഏല്പ്പിക്കുവിൻ.

# ഒൻപത്

*"യഹോവ അവളോട്: രണ്ടു ജാതികൾ നിന്റെ ഗർഭത്തിൽ ഉണ്ട്. രണ്ട് വംശങ്ങൾ നിന്റെ ഉദരത്തിൽനിന്നു തന്നെ പിരിയും; ഒരു വംശം മറ്റേ വംശത്തിലും ശക്തിപ്പെടും, മൂത്തവൻ ഇളയവനെ സേവിക്കും എന്ന് അരുളിച്ചെയ്തു."*

*ഉല്പത്തി 25 : 23*

ഇരട്ടക്കുട്ടികളായിരുന്നു. വയറിൽ ഈ ശിശുക്കൾ തമ്മിൽ തിക്കിയപ്പോൾ റിബെക്കാ ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നതായി കാണുന്നു. അവൾ പ്രാർത്ഥിക്കുന്നത് ഞാനെന്തിന് ജീവിക്കുന്നു എന്നാണ്. വഹിക്കാൻ വയ്യാത്ത വേദനയായിരുന്നു റിബെക്കാ അനുഭവിച്ചത്. ദുസ്സഹമായ ആ വേദനയുടെ പാരമ്യത്തിൽ റിബെക്കാ ദൈവസന്നിധിയിൽ പോയിരുന്ന് പ്രാർത്ഥിച്ചു.

പക്ഷേ, ആ പ്രാർത്ഥന ഒരു ദൈവദാസിയുടെ ഹൃദയത്തിൽനിന്ന് വരേണ്ട പ്രാർത്ഥനയല്ല. ഞാൻ എന്തിന് ജീവിക്കുന്നു എന്നൊക്കെ പറയുന്നത് ശരിയാണോ? എനിക്കിനി ജീവിക്കണമെന്നില്ല, മരിച്ചാൽ മതി. ഇങ്ങനെയുള്ള വാക്കുകൾ ദൈവവിശ്വാസത്തിലും സ്നേഹത്തിലും നിൽക്കുന്ന ഒരു കുടുംബത്തിൽ കേൾക്കാൻ പാടില്ലാത്തതാണ്. നിരാശ മുറ്റിയ, ഹൃദയത്തെ പിളർക്കുന്ന വാക്കുകൾ!

ആ വാക്കുകൾ കേട്ടാൽ യിസ്ഹാക്കിന്റെ പ്രതികരണം എങ്ങനെയായിരിക്കും? യിസ്ഹാക്കിന്റെ ഉള്ളത്തെ എത്ര മാത്രം നോവിക്കും? പുറമെ വാക്കുകൾ വന്നില്ലെങ്കിൽ പോലും

അവളുടെ മുഖത്തെ ഭാവവും പെരുമാറ്റവുമെല്ലാം വേദന തിങ്ങിയതും നിരാശപുരണ്ടതുമായതുകൊണ്ട് യിസ്ഹാക്ക് എത്ര വേദനിച്ചിരിക്കണം! ആ കുടുംബത്തിന്റെ അന്തരീക്ഷം ആകെ കലങ്ങിപ്പോയി. മച്ചിയാണെന്നുള്ള വേദനയും പ്രയാസവും മാറി, വേറൊരു പ്രയാസമായി. ഇപ്പോഴും കുടുംബത്തിന്റെ disappointment മാറിയില്ല, നിരാശ മാറിയില്ല.

പ്രിയപ്പെട്ടവരേ, ഏതൊരു സാഹചര്യത്തിലും നിങ്ങൾ എപ്പോഴും പ്രത്യാശയുള്ളവരായിരിക്കുക. ഒരു better future (ശുഭഭാവി) ഉണ്ട് എന്ന് പ്രത്യാശിക്കുക. എന്റെ ഹൃദയത്തിൽ യേശു ഉണ്ട് എന്ന് ഉറപ്പുള്ളവന് എന്നും പ്രത്യാശയായിരിക്കും. എന്നെ സ്നേഹിക്കുന്ന ഒരു ദൈവമുണ്ട്. എന്റെ ഓരോ ചുവടുവയ്പും കാണുന്ന, ഓരോ അണുവിലും എന്നെ നിരീക്ഷിക്കുകയും എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി കരുതുകയും ചെയ്യുന്ന ദൈവമുണ്ട്. സ്നേഹവാനായ ദൈവം എന്നെ സ്നേഹിക്കുന്നു എന്ന് ഒരു വിശ്വാസം പുലർത്തിയാൽ നാം ഒരിക്കലും നിരാശയുടെ കയത്തിലേക്ക് താണു പോകാൻ ഇടവരികയില്ല.

അനേകം ആളുകളും നിരാശപ്പെടുകയാണ്. രോഗം വരുമ്പോൾ അയ്യോ, എനിക്ക് ഭയങ്കരമായ രോഗം വന്നുവല്ലോ, ഇനി ഞാൻ എന്ത് ചെയ്യും? കടം വരുമ്പോൾ നിരാശപ്പെടുന്നവർ! അയ്യോ ഈ കടം മുഴുവനും ഞാൻ എങ്ങനെ തീർക്കും? ഞാൻ എന്തു ചെയ്യും? മക്കൾ വഴിതെറ്റിപ്പോകുമ്പോൾ, അനുസരണത്തിൽ നിൽക്കാതെ അവരുടെ ജീവിതം നശിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ നിരാശപ്പെടുന്നവർ! അയ്യോ ഞാൻ ആറ്റുനോറ്റു വളർത്തിയ മക്കൾ ഇങ്ങനെ നഷ്ടപ്പെടുന്നല്ലോ. വേദനാകരമായ കാര്യങ്ങൾ തന്നെയാണ് ഇതെല്ലാം. ഒരു വിധത്തിൽ പറഞ്ഞാൽ യാതൊരാൾക്കും സഹിക്കാവുന്നതല്ലതാനും. പക്ഷേ, ഒരിക്കലും നിരാശപ്പെട്ടു പോകരുത്.

ക്രിസ്തുവിൽ വിശ്വസിക്കൂ, ക്രിസ്തുവിൽ ആശ്രയിക്കൂ. കർത്താവായ യേശുക്രിസ്തുവിനെ നിങ്ങളുടെ നാഥനും

കർത്താവുമായി ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് ഈ സാഹചര്യം നന്മയ്ക്കായി മാറ്റിത്തരാൻ എന്റെ കർത്താവിനു കഴിയും എന്ന് നിങ്ങൾ വിശ്വസിക്കൂ. വിശ്വാസത്തിൽ ഉറയ്ക്കൂ. ഈ സാഹചര്യത്തിലും കർത്താവിന്റെ അത്ഭുതകൃപ പകർന്ന്, യേശുവിന്റെ സ്നേഹം അവിടെ നിക്ഷേപിച്ച് എനിക്ക് ഒരു കരേറ്റം തരും. യേശുവിന് അസാദ്ധ്യമായിട്ട് ഒന്നുമില്ല.

എന്റെ ജീവിതം ഞാൻ സമ്പൂർണ്ണമായിട്ട് യേശുവിന് നൽകിയിരിക്കുന്നു. എന്റെ കുടുംബം, എന്റെ ഭാര്യ, മക്കൾ, ഭർത്താവ്, കുഞ്ഞുങ്ങൾ, ജോലി, എല്ലാ സാഹചര്യങ്ങളും ഞാൻ യേശുവിനെ ഏൽപ്പിച്ചിരിക്കുന്നു. കർത്താവേ, ഇനി ഞാൻ എന്റെയല്ല, നിന്റേത് എന്ന് സമർപ്പിച്ചിരിക്കുന്നു എന്ന ഉറപ്പ് നിങ്ങൾക്കുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾ കലങ്ങേണ്ടി വരില്ല; നിങ്ങൾ കുലുങ്ങേണ്ടി വരില്ല.

മുഴുവനായി യേശുവിനു കൊടുത്തെങ്കിൽ പിന്നെ അവിടെ ആകുലമില്ല, ആശങ്കയില്ല, ആവലാതിയില്ല. എല്ലാം യേശുവിന് ഭരമേൽപ്പിച്ചു കഴിഞ്ഞു. സർവ്വവല്ലഭന്റെ കൈയിലേക്ക് കൊടുത്തുകഴിഞ്ഞു. എന്റെ ശരീരം ഞാൻ കൊടുത്തുകഴിഞ്ഞു. ഈ ശരീരത്തിന്റെ ആരോഗ്യത്തെക്കുറിച്ച് ഞാനിനി ഭാരപ്പെടേണ്ട ആവശ്യമില്ല. എന്റെ ഭാവി ഞാൻ ഏൽപ്പിച്ചു കഴിഞ്ഞു.

എന്റെ മക്കളെക്കുറിച്ചു ഞാൻ ആവലാതിപ്പെടേണ്ടി വരികയില്ല. എന്നെ ഞാൻ യേശുവിന് കൊടുത്തുകഴിഞ്ഞാൽ എന്റെ കാര്യം യേശു ഏറ്റെടുത്തു. എന്നെ ഏറ്റെടുത്തു കഴിഞ്ഞാൽ ഞാനും എന്റെ കുടുംബവും എന്റെ മക്കളും എന്റെ ഭാവിയും എല്ലാം യേശു ഏറ്റെടുത്ത് ഏറ്റവും മനോഹരമാക്കിത്തീർക്കും സംശയമില്ല. കാരണം, യേശു ഒന്നും മറന്നുപോകുകയില്ല. എല്ലാം നന്നായി ചെയ്യുന്നവനാണ് യേശുക്രിസ്തു.

സഹോദരങ്ങളേ, ഏതെങ്കിലും കാര്യങ്ങളിൽ നിങ്ങൾക്ക് നിരാശ വരുന്നുണ്ടോ? നിങ്ങളുടെ ആത്മീയജീവിതത്തെക്കു

റിച്ചു നിരാശ വരുന്നുണ്ടോ? അയ്യോ, എനിക്ക് ജയം കിട്ടുന്നില്ല. എന്റെ കോപം മാറുന്നില്ല. എന്റെ ശാഠ്യസ്വഭാവം മാറുന്നില്ല. എന്റെ ആത്മീയതീക്ഷ്ണത കുറഞ്ഞു പോകുന്നു. എനിക്ക് കർത്താവിനുവേണ്ടി വേണ്ടത്ര പ്രയോജനപ്പെടാൻ പറ്റുന്നില്ല; എന്റെ സ്വഭാവത്തിന്റെ മാലിന്യങ്ങൾ ഇടയ്ക്കിടക്ക് കയറി വരുന്നു. എന്റെ ചിന്തകളെ അടക്കാൻ സാധിക്കുന്നില്ല. ചിന്തകളുടെമേലും വികാരങ്ങളുടെമേലും എനിക്ക് നിയന്ത്രണം കിട്ടുന്നില്ല. ഇങ്ങനെ പല ആശങ്കകൾ നിങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടോ?

പ്രിയപ്പെട്ടവരേ, നിങ്ങൾ തളരണ്ട. നിങ്ങൾ സമർപ്പണത്തിലിനിയും ശരിയാകാനുണ്ട്. സമർപ്പണം യഥാർത്ഥമായ അനുഭവമായി മാറുമ്പോൾ സകലതും യേശു ഏറ്റെടുക്കും. യേശുക്രിസ്തുവിന്റെ കരങ്ങളിലെടുത്താൽ എല്ലാം പൊന്നാക്കും. എല്ലാം മനോഹരമാകും.

മരിച്ചു കിടക്കുന്ന മനുഷ്യന് എന്തെങ്കിലും ഭാരം വരുമോ? മരിച്ചു കിടക്കുന്ന മനുഷ്യന്റെ ശവശരീരത്തിലേക്ക് കുത്തിയാൽ വേദനയെടുക്കുമോ? അടിച്ചാൽ വേദനിക്കുമോ? ഇല്ലല്ലോ. ശവശരീരം നഗ്നമായി കിടന്നാൽ നാണം തോന്നുന്നില്ലല്ലോ. എന്നതുപോലെ നമ്മുടെ ആന്തരിക മനുഷ്യൻ, നമ്മുടെ ലോകമയത്വം - worldliness, നമ്മുടെ ജഡമയത്വം, പഴയ മനുഷ്യൻ, സ്വയം, നമ്മുടെ self, ego, ഇതെല്ലാം മരിച്ചു എന്നുള്ള ഉറപ്പ് നമുക്ക് വരണം.

അതിലേക്കുള്ള പാതയിലായോ നിങ്ങൾ? തികഞ്ഞവരായിത്തീർന്നു എന്നല്ല, പക്ഷേ ആ പാതയിലായോ? ഞാൻ ആ പാതയിൽ ആയിരിക്കുകയാണ്. ഞാൻ ദിവസം പ്രതി എന്റെ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിക്കുകയാണ്. ദിവസം പ്രതി ഞാൻ രക്ഷയുടെ യഥാർത്ഥമായ ആനന്ദാനുഭൂതിയിലൂടെ എന്റെ ജീവിതം നയിച്ചുകൊണ്ടിരിക്കുകയാണ്. ക്രിസ്തു എന്റെ കാര്യം ഏറ്റെടുത്ത് എന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഉറപ്പ് നിങ്ങൾക്ക് കിട്ടിയോ?

ഇല്ലെങ്കിൽ നിങ്ങളുടെ ക്രിസ്തീയജീവിതം പരാജയമായിരിക്കും.

ഈ ലോകം മായയാണ് എന്ന് നാം പറയുമ്പോൾ തന്നെ മായയായ ലോകത്ത് നമ്മുടെ ജീവിതത്തിൽ എന്തെല്ലാം പച്ചയായിട്ടുണ്ട് എന്ന് കണ്ടെത്തി അതെല്ലാം മരിപ്പിക്കാനായി നാം ക്രിസ്തുവിന്റെ ബലിവേദിയിലേക്ക്, ക്രൂശിൻ ചുവട്ടിലേക്ക് അർപ്പിക്കുകയാണ് വേണ്ടത്. അങ്ങനെ നമ്മുടെ ജീവിതം സമർപ്പിക്കുമ്പോഴാണ് പടിപടിയായി നമ്മുടെ പോരായ്മകൾ കർത്താവ് കാണിച്ചു തരുന്നതും നമ്മെ വളർച്ചയിലേക്ക് നയിച്ചുകൊണ്ട് പോകുന്നതും.

ഈ അനുഭവം നമുക്ക് പ്രാപിക്കണം. അപ്പോൾ പിന്നെ നിരാശ വരികയില്ല. ഏതു സാഹചര്യത്തിലും തളർച്ച വരികയില്ല. പ്രിയപ്പെട്ടവർ വിട്ടുപോകുമ്പോഴും തളർച്ച വരികയില്ല; ദു:ഖമില്ലെന്നല്ല ഞാൻ പറഞ്ഞത്. ദു:ഖമുണ്ട് പക്ഷേ, തളർച്ച വരികയില്ല. നിരാശ വരില്ല. ഏറ്റവും കൊടിയ ആപത്തുകൾ വരുമ്പോഴും തളർച്ച വരികയില്ല.

നമ്മുടെ ഹൃദയം ക്രിസ്തുവിൽ സമാധാനപ്പെടും. ക്രിസ്തുവിൽ ഉറയ്ക്കും. ലോകം തരുന്ന സമാധാനമല്ല ക്രിസ്തു തരുന്നത്. അത് പ്രത്യാശയാണ്. വിശ്വാസമാണ്. മുഴുവനായും ഏൽപ്പിച്ചു കൊടുത്തു എന്നുള്ള ഉറപ്പ്.

നിങ്ങളുടേതായി യാതൊന്നും ബാക്കിയില്ലാതെ സമ്പൂർണ്ണമായി യേശുവിന് കൊടുത്തു എന്നുള്ള ഉറപ്പ്. ശരീരക്ഷീണം അപ്പോൾ മാറുകയാണ്. ആത്മാവിന്റെ ബലം വർദ്ധിക്കുകയാണ്. മനസ്സിന് കരുത്ത് കൂടിക്കൂടി വരികയാണ്. ആന്തരിക മനുഷ്യൻ ശക്തിപ്പെടുകയാണ്. ജീവിതം വീര്യമുള്ളതായിത്തീരുകയാണ്. ഏതു സാഹചര്യം വന്നാലും എന്തെല്ലാം പ്രതിസന്ധികൾ വന്നാലും പ്രശ്നങ്ങൾ തെറുത്തുയർന്നു വന്നാലും അതിന്റെ മുമ്പിൽ പതറാതെ നിൽക്കാനുള്ള കരുത്ത് ലഭിക്കുകയാണ്.

റിബെക്കാ നിരാശപ്പെട്ടുപോയി. ഞാൻ എന്തിന് ജീവിക്കുന്നു? മരിക്കുകയല്ലേ നല്ലതെന്നാണ് അവൾ ചിന്തിക്കുന്നത്.

നമ്മുടെ ജീവിതത്തിൽ ചിലപ്പോൾ നിരാശകൾ വന്നിട്ടുണ്ട്. നിരാശകൊണ്ട് തളർന്നു പോകുന്നു. നമുക്ക് സമസ്വഭാവമുള്ള, ഭക്തനായ വിശ്വാസവീരനായ ഏലിയാവ് പോലും ഒരവസരത്തിൽ പറഞ്ഞു: “മതി യഹോവേ, എന്റെ പ്രാണനെ എടുത്തു കൊള്ളേണമേ.”

നമുക്കും അങ്ങനെയുള്ള അവസരങ്ങൾ വന്നിട്ടുണ്ട്. പക്ഷേ, ദൈവത്തിന്റെ വചനം നമ്മെ ശക്തിപ്പെടുത്തട്ടെ. വചനം നമ്മെ ബലപ്പെടുത്തട്ടെ. നമ്മെക്കൊണ്ട് വൻകാര്യങ്ങൾ ഇനിയും നിവർത്തിക്കാനുണ്ട്.

ഇന്നീ വാക്കുകളെ വായിക്കുന്ന നിങ്ങളാരെല്ലാം തളർന്ന് മനസ്സ് മടുത്തിരിക്കുന്നുണ്ട്? ലോകത്തിലെ അനേകമനേകം കാര്യങ്ങളിൽ ഉള്ള് നീറിപ്പുകഞ്ഞിരിക്കുന്നുണ്ട്?

ഒരു പക്ഷേ, പ്രിയപ്പെട്ടവർ വിട്ടുപോയതിൽ, മരണത്തിന്റെ, വിയോഗത്തിന്റെ ദു:ഖമാകാം. ഓരോ തരത്തിൽ മനസ്സു തളർന്നും വിഷമിച്ചുമിരിക്കുന്നവർ ആരെല്ലാമുണ്ട്? നിങ്ങൾക്ക് പ്രത്യാശ തരാൻ കർത്താവാഗ്രഹിക്കുന്നു. ക്രിസ്തുവിനോട് നിങ്ങൾ യാചിക്കൂ. കർത്താവേ, എന്റെ ഹൃദയത്തെ ഒന്നുണർത്തണമേ. എന്റെ ഹൃദയത്തിന്റെ ഭാരത്തെ, എന്റെ മനസ്സിന്റെ ആകുലതയെ, എന്റെ ശരീരത്തിന്റെ വേദനയെ, എന്റെ ജീവിതത്തിന്റെ ആവലാതികളെ നീ നീക്കിത്തരണമേ.

പ്രത്യാശയുള്ളവനായി, വിശ്വാസമുള്ളവനായി ഈ നിമിഷം മുതൽ ജീവിക്കാൻ എന്റെമേൽ നിന്റെ ആത്മാവിന്റെ ശക്തി പകരണമേ. ആത്മാവിന്റെ തീ എന്റെ മേൽ പകരണമേ. ഏലിയാവിനെ ബലപ്പെടുത്തിയ ദൈവമേ, റിബെക്കായ്ക്ക് പ്രത്യാശ നൽകിയ ദൈവമേ, അനുഗൃഹീതമായ ഭാവിജീവിതം നൽകുന്ന ദൈവമേ, ഇപ്പോൾ തന്നെ എന്റെ ഹൃദയത്തിലേക്ക് പ്രത്യാശയുടെ തേൻതുള്ളികൾ വർഷിച്ചു തരണമേ.

സ്വർഗ്ഗീയ തേൻമൊഴികൾ എന്റെ ഹൃദയത്തെ ഇന്ന് ആനന്ദിപ്പിക്കണമേ. പ്രത്യാശയും ധൈര്യവും പകരണമേ.

നിങ്ങളുടെ ഹൃദയത്തിലേക്ക് പ്രത്യാശ തരുവാൻ യേശു വന്നിരിക്കുന്നു. ആകുലങ്ങൾ മാറും. ഇന്നത്തെ കാർമേഘ പടലങ്ങളെല്ലാം മാറും. സൂര്യപ്രകാശം നേരിട്ടു ലഭിക്കും. കരിനിഴലുകൾ മാറും. ഇന്നത്തെ ആകുലതകൾ മാറും. മ്ലാനതകൾ മാറും. ഇന്നത്തെ വാട്ടങ്ങളും കേടുകളും കെടുതികളും മാറും. ഒരു നല്ല നാളെ നിങ്ങൾക്കുവേണ്ടി കാത്തു നിൽക്കുന്നു. ശോഭനമായ ഒരു സുപ്രഭാതം, അനുഗൃഹീതമായ പൊന്നുഷസ്സ് വിരിയാൻ പോകുന്നു.

മകനേ, നല്ല കാലം നിന്റെ മുന്നിലേക്ക് വരാൻ പോകുന്നുണ്ട്. മകളേ, നല്ല ഭാവി നിന്നെ തേടി നിൽക്കുന്നുണ്ട്. നീ അതിലേക്ക് കുതിച്ചു ചെല്ലുവാൻ ദൈവം നിന്നെ മാടി വിളിക്കുന്നു. ആനന്ദൈശ്വര്യങ്ങളെഴുന്ന മാസാബ്ദങ്ങളെ തരുവാൻ ദൈവം നിങ്ങളെ വിളിക്കുന്നു.

ആ നല്ല നാളെയിലേക്ക് യേശു നിങ്ങളെ കരം പിടിച്ചു നടത്താമെന്നാണ് പറയുന്നത്. ഇന്നത്തെ ആകുലതകൾ മാറും. ഇന്നത്തെ ദു:ഖങ്ങൾക്ക് അറുതി കിട്ടും. നിന്റെ ജീവിതത്തിലേക്ക് നല്ല കാലങ്ങൾ തന്ന് നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും എന്ന് കർത്താവ് ഉറപ്പ് പറയുന്നു.

# പത്ത്

*"യഹോവ അവളോട്: രണ്ടു ജാതികൾ നിന്റെ ഗർഭത്തിൽ ഉണ്ട്. രണ്ട് വംശങ്ങൾ നിന്റെ ഉദരത്തിൽനിന്നുതന്നേ പിരിയും; ഒരു വംശം മറ്റേ വംശത്തിലും ശക്തിപ്പെടും. മൂത്തവൻ ഇളയവനെ സേവിക്കും എന്ന് അരുളിച്ചെയ്തു."* *ഉല്പത്തി 25 : 23*

ഹൃദയനൊമ്പരത്തോടെ ദൈവസന്നിധിയിൽ ചെന്ന് പ്രാർത്ഥിച്ച റിബെക്കായോട്, ജീവനുള്ള ദൈവം ദൈവിക വാഗ്ദത്തങ്ങൾ, ചില ഭാവികാല വാഗ്ദാനങ്ങൾ അരുളിച്ചെയ്യുന്നു:

വളരെ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്ന ഒരു വാഗ്ദാനമാണ് റിബെക്കായ്ക്ക് അപ്പോൾ കിട്ടിയത്. രണ്ടു പ്രജകൾ നിന്റെ ഗർഭത്തിലുണ്ട്. അതിൽ ആദ്യജാതൻ, അവൻ ഇളയവനെ സേവിക്കുന്നവനായിത്തീരും. ജ്യേഷ്ഠാവകാശം മൂത്തവനാണെങ്കിലും ഇളയവനായിരിക്കും ജ്യേഷ്ഠാവകാശത്തിന്റെ പദവി ലഭിക്കാൻ പോകുന്നത് എന്ന് ദൈവം വരാനിരിക്കുന്ന കാര്യം റിബെക്കായോട് അരുളിച്ചെയ്തു. റിബെക്കാ അത് മനസ്സിൽ സംഗ്രഹിച്ചു.

നിങ്ങൾ പ്രാർത്ഥനയ്ക്കായി, വാസ്തവത്തിൽ ഞാൻ യേശുനാഥന്റെ പാദപീഠത്തിൽ വന്നിരിക്കുന്നു എന്ന ബോദ്ധ്യത്തോടെ മുട്ടുമടക്കുന്നു എങ്കിൽ, ഹൃദയം പകരുന്നു എങ്കിൽ, ദൈവികവാഗ്ദാനങ്ങൾ നിങ്ങൾക്ക് ലഭിക്കും. നിങ്ങളുടെ ഭയപ്പാടുകൾ മാറും; മനശ്ചാഞ്ചല്യങ്ങൾ മാറും; ഹൃദയത്തിന് നല്ല കെട്ടുറപ്പ് ലഭിക്കും.

എന്താണ് എന്റെ പ്രശ്നങ്ങൾക്കൊരു പരിഹാര മെന്നോർത്ത് വേദനിച്ച് വിങ്ങിപ്പൊട്ടി കർത്താവിന്റെ പാദപീഠ ത്തിൽ ചെന്ന് അഭയപ്പെട്ട് നിങ്ങൾ നിലവിളിക്കുമ്പോൾ നിങ്ങ ളുടെ ആന്തരാത്മാവിൽ ചില വ്യക്തമായ ബോദ്ധ്യങ്ങൾ കർത്താവ് തരും. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങൾക്ക് ധൈര്യം തരും. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ചെയ്യുന്ന അത്ഭുതമതാണ്.

പ്രിയപ്പെട്ടവരേ, ഇപ്പോൾത്തന്നെ നിങ്ങൾക്കതനുഭവിച്ചു തുടങ്ങാം. നിങ്ങളുടെ ഹൃദയത്തിൽ വന്നലയടിക്കുന്ന ഈ വാക്കുകൾ, നിങ്ങളുടെ ഹൃദയത്തിലേക്ക് കടന്നുചെല്ലുന്ന ഈ വാക്കുകൾ, ഈ വചനം, അത് നിങ്ങളുടെ ഹൃദയത്തിൽ പുത്തൻ പ്രതീക്ഷകൾ ഉണർത്തുകയും പ്രത്യാശയുടെ പുതു നാമ്പുകൾ വിരിയിക്കുകയും ചെയ്യും. ഈ പുതുനാമ്പുകളിൽ പുതുപുഷ്പങ്ങൾ വിടരുകയും അതെല്ലാം പുതിയ വാഗ്ദാന ങ്ങളായി നിങ്ങളുടെ മുമ്പിൽ തെളിഞ്ഞു പ്രശോഭിക്കുകയും ചെയ്യും.

റിബെക്കാ ഉള്ളുനൊന്തു പ്രാർത്ഥിച്ചു. കർത്താവ് പറ ഞ്ഞു: വിഷമിക്കേണ്ട. വരുംകാലത്തേക്കുള്ള, ദീർഘദീർഘ വർഷങ്ങളിലേക്കുള്ള കാര്യങ്ങൾ ഇപ്പോൾ ഞാൻ നിന്നെ അറി യിക്കാം. ജീവനുള്ള ദൈവം ഒരു പാവപ്പെട്ട മനുഷ്യനോട് സംസാരിക്കുക! ദൈവം ഒരു പാവപ്പെട്ട സ്ത്രീയോട് സംസാരി ക്കുക! വേദനിച്ചുപുളയുന്ന ഒരു സ്ത്രീയോട് സംസാരിക്കുക! ഈ ഭൂമിയിലെ ഒരു സാധുമനുഷ്യനോട് ദൈവം സംസാരി ക്കുക! ഇതെല്ലാം വാസ്തവമാണോ?

പ്രിയപ്പെട്ടവരേ, ഇതെല്ലാം സജീവയാഥാർത്ഥ്യങ്ങളാണ്. നൂറ്റാണ്ടുകൾക്കുമുമ്പ് യിസ്ഹാക്കിന്റെ കൂടാരത്തിന്റെ പിൻഭാഗത്ത് പോയിരുന്ന് കരഞ്ഞ റിബെക്കായ്ക്ക് കിട്ടിയ വാഗ്ദാനങ്ങൾ പോലെതന്നെ, ഇന്നും ജീവിതത്തിന്റെ ചില പിന്നാമ്പുറങ്ങളിലേക്ക് മാറി നിന്നിട്ട് നിങ്ങൾ മുട്ടുമടക്കി കര യാൻ തുടങ്ങുമ്പോൾ നിങ്ങൾക്കും ദൈവിക വാഗ്ദാനങ്ങൾ

ലഭിക്കും. നിങ്ങൾക്കും ദൈവം പ്രത്യാശ തരും. വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള സമുന്നതമായ കാഴ്ചപ്പാടുകൾ കർത്താവ് നിങ്ങളുടെ മുന്നിലേക്ക് എറിഞ്ഞുതരും.

ഗർഭത്തിൽ വച്ചുതന്നെ അവർ തിക്കിത്തുടങ്ങി. ഏശാവും യാക്കോബും അമ്മയുടെ ഗർഭത്തിൽ വച്ചുതന്നെ പരസ്പരം പോരുതുടങ്ങി. ഗർഭത്തിൽനിന്നു പുറത്തുവരുമ്പോൾ പോര് വെളിച്ചത്തായി. എങ്ങനെ?

> *"അവൾക്കു പ്രസവകാലം തികഞ്ഞപ്പോൾ ഇരട്ടപ്പിള്ളകൾ അവളുടെ ഗർഭത്തിൽ ഉണ്ടായിരുന്നു. ഒന്നാമത്തവൻ ചുവന്നവനായി പുറത്തുവന്നു, മേൽ മുഴുവൻ രോമംകൊണ്ടുള്ള വസ്ത്രംപോലെ ഇരുന്നു; അവന്നു ഏശാവ് എന്നു പേരിട്ടു. പിന്നെ അവന്റെ സഹോദരൻ പുറത്തുവന്നു; അവന്റെ കൈ ഏശാവിന്റെ കുതികാൽ പിടിച്ചിരുന്നു; അവന്നു യാക്കോബ് എന്നു പേരിട്ടു. അവൾ അവരെ പ്രസവിച്ചപ്പോൾ യിസ്ഹാക്കിനു അറുപതു വയസ്സ് ആയിരുന്നു."* *ഉല്പത്തി 25 : 24 – 26*

ഒന്നാമത്തവൻ ഏശാവ്! ശരീരമാസകലം ഒരു ശിശു ജനിക്കുമ്പോൾ തന്നെ രോമങ്ങൾ ഉണ്ടാകുമോ? ചുവന്ന രോമമുള്ള ഒരു ശരീരത്തോടുകൂടിയാണ് അവൻ പുറത്തുവന്നത്. പിന്നെ രണ്ടാമൻ പുറത്തുവന്നു. പുറത്തുവന്നപ്പോൾ തന്നെ ചേട്ടന്റെ കാലിൽ പിടിച്ചിരിക്കുകയാണ്. അവിടെ മത്സരം തുടങ്ങിക്കഴിഞ്ഞു. പുറത്തുവന്നപ്പോൾ തന്നെ യാക്കോബിന്റെ കൈ ഏശാവിന്റെ കുതികാലിൽ പിടിച്ചിരിക്കുകയാണ്.

അത് വളരെ ശ്രദ്ധേയമായ കാര്യമാണ്. ഗർഭത്തിൽ വച്ചുതന്നെ തിക്കിത്തുടങ്ങി. പുറത്തുവന്നപ്പോൾ, ജന്മസമയത്ത് ഏശാവിന്റെ കുതികാൽ പിടിച്ചിരിക്കുന്നു യാക്കോബ്. ഒന്നും യാദൃച്ഛികമല്ല. പിന്നെയുള്ള ചരിത്രം നോക്കുമ്പോൾ എല്ലായിടത്തും ജ്യേഷ്ഠാവകാശത്തിനുവേണ്ടിയുള്ള ഒരു പോരാട്ട

മാണ് നാം കാണുന്നത്. ഈ ശിശുവിന് ജ്യേഷ്ഠാവകാശം എന്താണ് എന്നറിഞ്ഞിട്ടല്ല, ദൈവം അവനെ ജ്യേഷ്ഠാവകാശത്തിനുവേണ്ടി കണ്ടിരിക്കുകയാണ്. നിത്യനായ ദൈവം അവനെ അതിന് നിയമിച്ചിരിക്കുകയാണ്; ദൈവത്തിന്റെ മുൻനിയമനമാണത്, മുൻനിർണ്ണയമാണത്.

ജീവനുള്ള ദൈവം യാക്കോബിനെ ജ്യേഷ്ഠാവകാശം പ്രാപിക്കത്തക്കവണ്ണം മുന്നമേ കണ്ടിരിക്കുന്നതുകൊണ്ട് അതിന്റെ എല്ലാ അനുരണനങ്ങളും അതിന്റെ എല്ലാ നിഴൽപ്പാടുകളും യാക്കോബിന്റെ ജീവിതത്തിൽ നാം തുടർന്ന് കാണുകയാണ്. വരുംകാലത്തേക്കുള്ള, ഭാവികാലത്തേക്കുള്ള അനന്തസാദ്ധ്യതകളാണ് ദൈവം കാണുന്നത്. അറുതിയില്ലാത്ത ഭാവിജീവിതത്തിലെ തലമുറതലമുറയായിട്ടുള്ള മുന്നേറ്റങ്ങളുടെ ചരിത്രമാണ് ദൈവം കാണുന്നത്.

സ്വർഗ്ഗത്തിലെ ദൈവം, നിത്യനായ ദൈവം യാക്കോബിൽ ഒരു വലിയ കാര്യം കാണുകയാണ്. യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും എന്ന് സംഖ്യാപുസ്തകത്തിൽ ജീവനുള്ള ദൈവം പ്രവാചകനിലൂടെ അരുളിച്ചെയ്യുകയാണ്. ഉദിക്കാൻ പോകുന്ന ആ നക്ഷത്രം, പ്രവാചകന്റെ നാവിൽക്കൂടി വരുന്ന വാക്കുകളിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രം കർത്താവായ യേശുക്രിസ്തുവാണ്! യേശുക്രിസ്തു ജനിക്കുവാനുള്ള ഒരു തലമുറയുടെ, ആദ്യഭാഗത്തെ കണ്ണിയായാണ് യാക്കോബിനെ ഇവിടെ പ്രകാശിപ്പിച്ചു കാണിക്കുന്നത്.

കർത്താവായ യേശുക്രിസ്തുവിന്റെ ജനനം, തന്റെ ഏകജാതനായ പുത്രന്റെ ജനനം സ്വർഗ്ഗത്തിലെ ദൈവം ലോകാരംഭത്തിനുമുമ്പേ നിരൂപിച്ചതാണ്. ലോകാരംഭത്തിനുമുമ്പേ യേശുക്രിസ്തുവിന്റെ ക്രൂശുമരണം നിരൂപിച്ചതാണ്. ലോകാരംഭത്തിനുമുമ്പേ കുരളറുക്കപ്പെട്ട ദൈവകുഞ്ഞാട്! മനുഷ്യജാതിയുടെ പാപം വഹിക്കുന്ന ദൈവകുഞ്ഞാട്! അത് നിത്യനായ ദൈവത്തിന്റെ യുഗപരിപാടിയാണ്.

യേശുക്രിസ്തു ജനിക്കുന്നതിന് ജീവനുള്ള ദൈവം ഒരു തലമുറയെ ഒരുക്കുകയായിരുന്നു. അതിന് ദൈവം ജാതികളിൽ നിന്ന്, മെസപ്പൊട്ടോമിയൻ സമതലത്തിൽനിന്ന് ഒരു വിജാതീയ പുരുഷനെ വിളിച്ചു പുറപ്പെടുവിച്ചു. അബ്രാഹാമിന് ശേഷം യിസ്ഹാക്ക്, യിസ്ഹാക്കിന് ശേഷം യാക്കോബ്; ദൈവം തലമുറ തലമുറയായി ഇങ്ങനെ കൊണ്ടുവന്ന് ഒടുവിൽ കർത്താവായ യേശുക്രിസ്തു ജനിക്കുന്നു.

സ്നേഹിതരേ, നിങ്ങളെ ഓരോരുത്തരേയും ദൈവം ചില അത്ഭുതകാര്യങ്ങൾക്കുവേണ്ടി ഒരുക്കിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ പറയും: ഞാൻ എന്തിനു കൊള്ളാം? എനിക്കു പ്രായമായില്ലേ? എനിക്കു വാർദ്ധക്യമായില്ലേ? എനിക്ക് കഴിവില്ലല്ലോ, എനിക്ക് വിദ്യാഭ്യാസമില്ലല്ലോ, എനിക്ക് ആരോഗ്യമില്ലല്ലോ, എനിക്ക് പണമില്ലല്ലോ, പ്രാപ്തിയില്ലല്ലോ, എനിക്ക് രണ്ടു വാക്ക് മിണ്ടാനറിയില്ലല്ലോ, എന്നെ എന്തിനുകൊള്ളാം? എന്നെക്കൊണ്ട് ഒന്നും സാധിക്കയില്ല. ഇത്രയുംകാലം പാപത്തിൽ ജീവിച്ച മനുഷ്യനല്ലേ?

എത്രയോ പാപത്തിൽ, ഏതെല്ലാം തിന്മയിൽ, ഏതെല്ലാം അശുദ്ധമായ വഴികളിലൂടെ ഞാൻ ജീവിച്ചവനാണ്. ഞാനോ, യേശുവിന് കൊള്ളാകുന്നവനായിത്തീരാൻ പോകുന്നത്? ദൈവപൈതലേ, നീ അങ്ങനെ ചിന്തിക്കരുത്. ഇത്രയുംകാലം നീ തിന്മയ്ക്കടിമപ്പെട്ട് ജീവിച്ചുവെങ്കിലും നിന്നെക്കുറിച്ച് ദൈവത്തിന് വളരെ അത്ഭുതകരമായ ഒരു നിർണ്ണയമുണ്ട്. നിന്നെക്കുറിച്ച് ദൈവത്തിന് വളരെ ആശാവഹമായ ഒരു പ്രതീക്ഷയുണ്ട്. നിന്നെ ദൈവം അതിനുവേണ്ടി ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

യാദൃച്ഛികമായിട്ടല്ല നീ ഈ വചനം, ജീവന്റെ വചനം വായിക്കാനിടയായത്. ജീവന്റെ ആത്മാവ് നിന്നെ തൊടുന്നത്, ജീവന്റെ വചനം നിന്റെ ഹൃദയഭിത്തികളെ തുളച്ച് കടന്ന് നിന്റെ ഹൃദയത്തിൽ വന്ന് ആഞ്ഞടിക്കുന്നത്. ദൈവത്തിന് നിന്നെക്കുറിച്ച് വളരെ നിയതമായ ഒരു കാര്യപരിപാടിയുണ്ട്.

അനേകം പ്രശ്നങ്ങളിലൂടെ, പല പ്രതിസന്ധികളെ നീ അതിജീവിച്ച് നീ കടന്നുവന്നു. മകളേ, നിന്നെക്കുറിച്ച് ദൈവത്തിന് ചില ഉദ്ദേശ്യങ്ങളുണ്ട്. ഒന്നും യാദൃച്ഛികമല്ല. നിന്നെ ഉയർന്നതലത്തിൽ ഉപയോഗിക്കാൻ, ഉന്നതമായ കാര്യപരിപാടിക്കുവേണ്ടി ഉയർത്തിക്കൊണ്ടുവരാൻ ദൈവം ആഗ്രഹിക്കുന്നു.

യാക്കോബിന്റെ തുടർന്നുള്ള ജീവിതം നാം കാണുമ്പോൾ ഏതെല്ലാം അബദ്ധങ്ങളിലാണ് അവൻ കുടുങ്ങിയത്! ഏതെല്ലാം തെറ്റുകളിലാണ് അവൻ വീണത്! എങ്കിലും ദൈവം അവനെ വിട്ടില്ല. ഏതെല്ലാം കുതന്ത്രങ്ങളിൽ അവൻ പെട്ടുപോയി! ഏതെല്ലാം ചതിവുകൾ അവൻ ചെയ്തു! ആരെയെല്ലാം അവൻ വഞ്ചിച്ചു!

അവൻ അവന്റെ അപ്പനായ യിസ്ഹാക്കിനെ വഞ്ചിച്ചു. യിസ്ഹാക്കിന്റെ മുമ്പിൽ നുണപറഞ്ഞു. അപ്പനെ കബളിപ്പിച്ചു. അപ്പന്റെ മുമ്പിൽ പച്ചക്കള്ളം പറഞ്ഞു. ഒന്നല്ല, മൂന്നു കള്ളം ഒരുമിച്ചുപറഞ്ഞു. ലാബാനെ - സ്വന്തം അമ്മാവനെ പറ്റിച്ചു. അമ്മാവന്റെ ഭവനത്തിൽ ജീവിച്ചപ്പോൾ അവൻ തന്ത്രവും കൗശലവും മെനഞ്ഞു. ചതിവിന്റെ ഒരു ചരിത്രമാണ് യാക്കോബിന്റെ ചരിത്രം! വക്രതയുടെയും സൂത്രത്തിന്റെയും ചരിത്രം! സ്വയശക്തിയുടെ ചരിത്രം!

ഇങ്ങനെയെല്ലാം കടന്നുവന്ന യാക്കോബിനെ സ്വർഗ്ഗത്തിലെ ദൈവം മറന്നില്ല. ഏതൊരു കാര്യത്തിനുവേണ്ടി അവനെ ഒരുക്കിയോ ആ കാര്യത്തിലേക്ക് ദൈവം അവനെ corner ചെയ്ത് കൊണ്ടുവരികയായിരുന്നു.

സ്നേഹിതാ, ഇന്ന് ഈ വാക്കുകളെ വായിക്കുമ്പോൾ നിനക്ക് മനസ്സിലാകുന്നുണ്ടോ? ദൈവം നിന്നെ corner ചെയ്ത് കൊണ്ടുവന്ന് നിന്നോട് ചില കാര്യങ്ങൾ പറയുകയാണ്: ഇത്രയുംകാലം നീ ചതിയനായിരുന്നു. ഇത്രയുംകാലം നീ മറ്റുള്ളവരെ വഞ്ചിച്ചവനായിരുന്നു. ഇത്രയുംകാലം നീ മറ്റുള്ളവരെ

തെറ്റിദ്ധരിപ്പിച്ചവനായിരുന്നു. ഇത്രയുംകാലം നീ കാപട്യ ത്തിന്റെ മുഖംമൂടി അണിഞ്ഞവനായിരുന്നു.

ഇത്രയുംകാലം നീ സൂത്രവും കൗശലവും പേറിയവനാ യിരുന്നു. ഇത്രയുംകാലം നീ വ്യാജവും കളവും ചെയ്തവനാ യിരുന്നു. ഇത്രയുംകാലം നീ അരുതാത്ത മോഹങ്ങൾക്ക് അടി മപ്പെട്ട് ജീവിച്ചവനായിരുന്നു. ലോകമേ, ശരണം എന്നുപറഞ്ഞ് ഓടിയവനായിരുന്നു. ജീവിതം പാഴാക്കിക്കളഞ്ഞവനായി രുന്നു.

എന്നാൽ സ്നേഹവാനായ ദൈവം പറയുന്നു: നീ ഗർഭ ത്തിൽ ഉരുവാകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞ താണ്; ഞാൻ നിന്നെ കണ്ടതാണ്. ഞാൻ നിന്നെക്കുറിച്ച് മുൻനിർണ്ണയിച്ചതാണ്, മുൻനിയമനം ചെയ്തതാണ്. നിന്നെ ക്കുറിച്ച് എനിക്ക് വളരെ വ്യക്തമായ ഒരു കാര്യപരിപാടിയുണ്ട്. അതിലേക്ക് ഞാൻ നിന്നെ അടുപ്പിച്ചുകൊണ്ടിരിക്കുകയാണ്. മകനേ, നിന്റെ തോൽവിയുടെ സമയത്തുപോലും ഞാൻ നിന്റെ പിറകിൽ നിന്നു മാറിയില്ല. നീ എന്നെ മറന്നുപോയ കാലത്തും ഞാൻ നിന്നെ മറന്നില്ല.

എന്നോടുപറഞ്ഞ വാക്ക് മറന്നിട്ട് നീ നിന്റെ സ്വന്തം വഴി യിലേക്കും ലോക ഇമ്പങ്ങളുടെ വഴിക്കും ഓടി. നീ എന്നെ മറന്ന് ജീവിച്ചെങ്കിലും ഞാൻ നിന്നെ ഒറ്റദിവസംപോലും മറ ന്നില്ല. എന്നാൽ ഇന്ന് നിന്നെ ഞാൻ കടന്നുപിടിച്ചിരിക്കയാണ്. നിന്റെ അരികത്തേക്ക് വന്ന് നിന്നോട് സംസാരിക്കുകയാണ്. എന്റെ വലങ്കരം കൊണ്ട്, ആണിപ്പാടുള്ള കരംകൊണ്ട് നിന്നെ മുറുകെപ്പിടിക്കുകയാണ്.

ദൈവപൈതലേ, നിന്നെക്കുറിച്ച് എനിക്ക് വളരെ വ്യക്ത മായ പരിപാടിയുണ്ട്. നിന്നിൽ നിന്നുകൊണ്ട് ഒരു വൻവേല നിവർത്തിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ തലമുറയിൽ വലിയോരു ചൈതന്യവത്തായ വേലയുടെ മുഖത്ത് നിന്നെ ഉപയോഗപ്പെടുത്തുവാൻ എനിക്കാഗ്രഹമുണ്ട്. നിന്റെമേൽ

ചവിട്ടിനിന്നുകൊണ്ട് നിന്നിൽക്കൂടി അത്ഭുതങ്ങൾ നിവർത്തിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇപ്പോൾ അവൻ നിങ്ങളെ സമീപിക്കുന്നു. നിങ്ങൾ സഭ മാറണമെന്നില്ല; സഭയല്ല, സമുദായമല്ല മാറേണ്ടത്, നിങ്ങളുടെ ഹൃദയമാണ്. ജീവിതമാണ് മാറേണ്ടത്. ഹൃദയത്തിൽ രൂപാന്തരം വരുത്തുവാൻ യേശു ആഗ്രഹിക്കുന്നു. ഇപ്പോൾ നിങ്ങൾ ആയിരിക്കുന്നപ്രകാരം യേശുവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കാമോ? യേശുവിന്റെ കാൽപ്പാടുകളും കരങ്ങളും നിന്നെ തൊടട്ടെ; നിന്നെ സ്പർശിക്കട്ടെ. യേശുവിന്റെ പാദം നീ മുത്തുവിൻ. ആ പാദത്തിൽ നീ വീഴുവിൻ. അവനോട് വാക്കു പറയുവിൻ.

നാഥാ, ഇത്രയും കാലം വെറുമയിൽ ഞാൻ ജീവിച്ചുപോയി. എന്നെത്തന്നെ മറന്ന്, നിന്നെയും മറന്ന് ജീവിച്ചുപോയി. പാപത്തിന്റെ അടിമയായി ഞാൻ ജീവിച്ചുപോയി. തിന്മയുടെ, അന്ധകാരത്തിന്റെ അധിപതിയുടെ മുമ്പിൽ വീണുവണങ്ങി ഞാൻ ജീവിച്ചുപോയി. എന്നോടു നീ കരുണ തോന്നണമേ. എന്നെ നീ കൈക്കൊള്ളണമേ. എന്നെ നീ എഴുന്നേല്പിക്കണമേ.

# പതിനൊന്ന്

*"കുട്ടികൾ വളർന്നു; ഏശാവ് വേട്ടയിൽ സമർത്ഥനും വനസഞ്ചാരിയും യാക്കോബ് സാധുശീലനും കൂടാരവാസിയും ആയിരുന്നു. ഏശാവിന്റെ വേട്ട യിറച്ചിയിൽ രുചിപിടിച്ചിരുന്നതുകൊണ്ട് യിസ്ഹാക്ക് അവനെ സ്നേഹിച്ചു; റിബെക്കയോ യാക്കോബിനെ സ്നേഹിച്ചു."* *ഉല്പത്തി 25 : 27, 28*

ഏശാവും യാക്കോബും! മക്കളില്ലാതിരുന്ന ആ ഭവന ത്തിൽ രണ്ടുകുട്ടികൾ ഒരുമിച്ചു പിറന്നു. ഇരട്ടക്കുട്ടികളുണ്ടായി, നല്ലത്. പക്ഷേ, ആ ഭവനത്തിൽ പ്രശ്നങ്ങൾ ഉരുണ്ടുകൂടുക യാണ്. ഇതുവരെ നിരാശയായിരുന്നു, മക്കളില്ലല്ലോ എന്ന ദുഃഖമായിരുന്നു. മക്കളെക്കുറിച്ചുള്ള ആവലാതി ഇതാ തുട ങ്ങുകയായി. മാതാപിതാക്കൾക്ക് - യിസ്ഹാക്കിനും റിബെക്ക യ്ക്കും - മക്കൾ രണ്ടുപേരും രണ്ട് ഭിന്നസ്വഭാവമുള്ളവരാണ് എന്നുള്ളത് വലിയ ഒരു പ്രശ്നമായിത്തീരുന്നത് നാം തുടർന്ന് വായിക്കുമ്പോൾ കാണാൻ സാധിക്കും.

എന്നാൽ ഈ മക്കൾ ഭിന്നപ്രകൃതിയുള്ളവരാണെങ്കിലും മാതാപിതാക്കൾ ഐക്യമുള്ളവരായിരുന്നെങ്കിൽ ആ കുടുംബം ഐശ്വര്യത്തിലേക്കും സമൃദ്ധിയിലേക്കും വരുമാ യിരുന്നു.

നാം വളരെ സൂക്ഷിക്കേണ്ട ഒരു കാര്യമാണത്. മാതാപി താക്കൾ ഐക്യമുള്ളവരാണെങ്കിൽ, സ്നേഹത്തിന്റെ സുദൃ ഢബന്ധമുള്ളവരാണെങ്കിൽ തീർച്ചയായിട്ടും മക്കൾ നന്മ യുടെ വഴിയിലേക്ക് തിരിഞ്ഞുപോകും. മക്കൾ സാക്ഷാത്തായ

ആദ്ധ്യാത്മിക അനുഭവത്തിലേക്ക് വന്നുപോകും. പക്ഷേ, നിർഭാഗ്യവശാൽ ഇവിടെ പ്രായമേറി വരുന്തോറും യിസ്ഹാക്കിന്റെ ശരിയായ ബോധം നഷ്ടപ്പെട്ടുപോകുന്നതുപോലെ തോന്നുന്നു. നിശ്ശേഷം പോയി എന്നല്ല.

അബ്രാഹാം പിതാവിന്റെ ഹിതം മുഴുവനും നിവർത്തിച്ച അനുസരണശീലമുള്ള മകൻ! തന്റെ പിതാവിന്റെ ആഗ്രഹം നിവർത്തിക്കാൻ യാഗമായിത്തീരുന്നതിന് മോറിയാമലമേൽ യാഗപീഠത്തിന്മേൽ കൈനീട്ടിക്കൊടുത്ത് കിടന്ന മകൻ! അബ്രാഹാം കൊല്ലുവാൻ കത്തിയോങ്ങിയപ്പോൾ ഇറുകെ കണ്ണുപൂട്ടിയടച്ചുകൊണ്ട് പുഞ്ചിരിയോടെ കിടന്ന മകൻ! ആ യിസ്ഹാക്കിനെയാണോ ഇപ്പോൾ ഈ വീട്ടിൽ നാം കാണുന്നത്? എന്തൊരു മാറ്റം!

യിസ്ഹാക്കിന്റെ പ്രകൃതം തന്നെയങ്ങ് മാറി. പ്രായമായി വരികയാണ്. പക്ഷേ, പ്രായം വർദ്ധിക്കുമ്പോൾ സ്വഭാവം മാറേണ്ടതുണ്ടോ? ഒരു ആത്മികന് പ്രായം വർദ്ധിച്ചു വരുന്തോറും സ്വഭാവം നന്നായി നന്നായി വരും. സ്നേഹിതരേ, പ്രായം വർദ്ധിച്ചു വരുന്തോറും നിങ്ങളുടെ സ്വഭാവം നന്നായി വരികയാണോ? കൂടുതൽ സ്നേഹം, കൂടുതൽ ഐക്യം, മക്കളെക്കുറിച്ച് കൂടുതൽ കരുതൽ, കൂടുതൽ വാത്സല്യം, കൂടുതൽ ചുമതലാബോധം, ഇതാണോ പ്രായമായി വരുമ്പോൾ ലഭിക്കുന്നത്?

യിസ്ഹാക്ക് അപ്പനാണ്; യിസ്ഹാക്ക് ഏശാവിനെ കൂടുതൽ സ്നേഹിച്ചു. റിബെക്ക യാക്കോബിനെ കൂടുതൽ സ്നേഹിച്ചു. മാതാപിതാക്കൾക്ക് അത് നല്ലതല്ല. മക്കളെക്കുറിച്ച് ഒരു മുഖപക്ഷം വരാൻ പാടില്ല. ഒന്നിൽക്കൂടുതൽ മക്കളുള്ളവർ ദയവായി ശ്രദ്ധിക്കുക. നിങ്ങളുടെ ജീവിതത്തിൽ മക്കളെക്കുറിച്ച് ഒരു കാരണവശാലും സ്നേഹത്തിന് ഏറ്റക്കുറച്ചിൽ വരാൻ പാടില്ല. യിസ്ഹാക്ക് ഏശാവിനെ കൂടുതൽ സ്നേഹിച്ചു. അതിന് കാരണം കർത്താവിന്റെ വചനത്തിൽ എഴുതിയിരിക്കുന്നത് വായിക്കുമ്പോൾ നാം ഞെട്ടിപ്പോകും.

ഏശാവിന്റെ വേട്ടയിറച്ചിയിൽ രുചിപിടിച്ചിരുന്നതു കൊണ്ട് യിസ്ഹാക്ക് അവനെ സ്നേഹിച്ചു; അത്രയേയുള്ളോ ഒരു പിതാവിന്റെ സ്നേഹം! വെറും ഒരു ആഹാരത്തിന്റെ രുചി യിൽ പക്ഷഭേദം വരാനേ ഉള്ളോ ഒരു പിതാവിന്റെ സ്നേഹം! അനുഗൃഹീതമായ, ഏറ്റവും ശ്രേയസ്ക്കരമായ അനുഭവ ത്തിൽ കഴിഞ്ഞുകൂടേണ്ട ഒരു ഭവനത്തിൽ ഏശാവിന് അപ്പന്റെ സ്നേഹം കിട്ടുന്നുണ്ട്. പക്ഷേ, അതിന് കാരണം എന്താണ്? അപ്പന് വേട്ടയിറച്ചിയിൽ രുചിപിടിക്കുന്നു.

ഭക്ഷണത്തോടുള്ള കൊതികൊണ്ടും ആർത്തികൊണ്ടും ആസക്തികൊണ്ടും പല പല പാപങ്ങൾ വന്നുചേരും. ഭക്ഷണം നമുക്ക് വിഗ്രഹമായിക്കൂടാ. ഭക്ഷണത്തോട് അമിതാസ ക്തിയും കൊതിയും ആർത്തിയും വരാൻ പാടില്ല. കർത്താ വായ യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷാവേളയിൽ ഒടു വിലത്തെ കാലയളവിൽ ഇങ്ങനെ പറഞ്ഞു: "നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചി ന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്ക് കെണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ."

കർത്താവിന്റെ രണ്ടാമത്തെ വരവ്, കർത്താവിന്റെ ദിവസം ഒരു കെണിപോലെ ആയിത്തീരും, അമിതഭോജനപ്രി യമുള്ളവർക്ക്, ഭക്ഷണം ഒരു വിഗ്രഹമായവർക്ക്. നമ്മുടെ നാവിന് ചില ഭക്ഷണങ്ങളോട് രുചി കൂടുതലുണ്ടാകും. അത് സ്വാഭാവികമാണ്. മനുഷ്യപ്രകൃതിയാണ്. എന്നാൽ അതു നമ്മുടെ ആന്തരിക സംസ്ക്കാരത്തെ കെടുത്തുന്നതാകരുത്. നമ്മുടെ മക്കളോടുള്ള സ്നേഹത്തെയോ കുടുംബത്തിലുള്ള സമാധാനത്തെയോ കെടുത്തുന്നതാകരുത്. എത്രയോ കുടും ബങ്ങളിൽ വഴക്ക് തുടങ്ങുന്നതും ഭാര്യയും ഭർത്താവും പിണ ക്കമാകുന്നതും ഭക്ഷണമേശയിലാണ്!

ഞാനൊരിക്കൽ അല്പം ഹാസ്യാത്മകമായ ഒരു സംഭവം വായിച്ചു. അങ്ങനെ നടന്നതായിരിക്കില്ല. ഒരു വീട്ടിൽ ഭാര്യയ്ക്കും ഭർത്താവിനും ജോലിയുണ്ട്. പക്ഷേ, കുറേ നാളാ

യിട്ട് ഭാര്യ ജോലിക്ക് പോകുന്നില്ല. വീട്ടിൽ ധാരാളം പണിയുണ്ട്. ഭർത്താവ് ജോലിക്ക് പോയിട്ട് വരും. ഒരു ദിവസം ഭാര്യ ആഹാരം തയ്യാറാക്കി മേശപ്പുറത്ത് വച്ചു. ഭാര്യയും ഭർത്താവും ഭക്ഷണം കഴിക്കാനിരുന്നു.

ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ ഭർത്താവ് പറഞ്ഞു: "ഓ ഇന്നത്തെ ഈ ഭക്ഷണത്തിന് ഉപ്പ് വല്ലാതെ കൂടിപ്പോയി. നീ എന്നാ നോക്കിയാ ഉപ്പിട്ടത്? ഒന്ന് വൃത്തിയായിട്ട് ഒരു ഭക്ഷണം ഉണ്ടാക്കാൻ നിനക്കിതുവരെ അറിയാൻ പാടില്ലല്ലോ?" ഭാര്യയ്ക്ക് വല്ലാതെ ചൊടിച്ചു: ഞാനീ ഭക്ഷണമെല്ലാം ഉണ്ടാക്കാൻ വേണ്ടിയല്ലേ ജോലിക്കു പോകണ്ട എന്നു വച്ച് ഇവിടെയിരിക്കുന്നത്? നിങ്ങളെന്താ ഒരു മാന്യതയില്ലാതെ സംസാരിക്കുന്നത്? ഭാര്യ തിരിച്ചു പറഞ്ഞു.

ഭർത്താവിന് ഒട്ടും ഇഷ്ടപ്പെട്ടില്ല. ആ സ്ത്രീ മിണ്ടാതിരുന്നാൽ മതിയായിരുന്നു. അതായിരുന്നു പക്വത, അതാണ് വിവേകം. പക്ഷേ, അവൾ തിരിച്ചു പറഞ്ഞു. ഭർത്താവ് വിട്ടില്ല. അദ്ദേഹവും തുടർന്ന് സംസാരിച്ചു. ഏതായാലും കുറച്ചു കഴിഞ്ഞപ്പോൾ അവൾ തീരുമാനിച്ചു: 'മിണ്ടുന്നില്ല.' അദ്ദേഹവും തീരുമാനിച്ചു, മിണ്ടുന്നില്ല. ഭക്ഷണം കഴിക്കാതെ എഴുന്നേറ്റു. കൈകഴുകി പോയിക്കിടന്നു.

വളരെ സ്നേഹമുള്ള, ഐക്യമുള്ള ഒരു കുടുംബമായിരുന്നു. അല്പം ഉപ്പു കൂടിപ്പോയി എന്നുള്ളത് ഒന്ന് പറഞ്ഞുപോയി. പറഞ്ഞത് അല്പം പരുഷമായ രീതിയിലായിപ്പോയി. അങ്ങനെ പറയരുതായിരുന്നു.

പിറ്റേദിവസം നേരം വെളുക്കുന്നതുവരെ മിണ്ടിയില്ല. നേരം വെളുത്തു അദ്ദേഹത്തിന് ഒന്ന് മിണ്ടണമെന്നുണ്ട്. ഇവൾക്കും മിണ്ടണമെന്നുണ്ട്. പക്ഷേ, എങ്ങനെയാ? ആരാ തുടങ്ങുന്നത്? രണ്ടുപേരും മിണ്ടിയില്ല. അവസാനം അവൾ ഒരു കാര്യം ചെയ്തു. ഒരു കടലാസിൽ എഴുതി മേശപ്പുറത്ത് വച്ചു: 'ഇന്ന് ഇന്നിന്ന സാധനങ്ങൾ വാങ്ങിച്ചുകൊണ്ടുവരണം.'

ഇദ്ദേഹം ഉടനെതന്നെ എഴുതിവച്ചു: "വാങ്ങിക്കാനുള്ള

സഞ്ചിയെടുത്തു മേശപ്പുറത്തു വച്ചാൽ വാങ്ങിച്ചുകൊണ്ടുവ രാം.” സഞ്ചിയെടുത്തുവച്ചു. അദ്ദേഹം സാധനങ്ങൾ വാങ്ങിച്ചു കൊണ്ടുവന്നു. ഒന്നും മിണ്ടിയില്ല. പിറ്റേന്നായി. പറയാനുള്ള തെല്ലാം അല്പസ്വല്പം വാക്കുകളിലങ്ങ് എഴുതിവയ്ക്കും. മിണ്ടില്ല.

ഒരു ദിവസം രാത്രിയിൽ കിടക്കാൻ നേരത്ത് അദ്ദേഹം എഴുതി വച്ചു: “നാളെ വെളുപ്പിന് 4.30 നുള്ള ട്രെയിനിന് അത്യാ വശ്യമായി തിരുവനന്തപുരം വരെ പോകാനുള്ളതാണ്. എന്നെ നാലുമണിക്ക് എഴുന്നേല്പിക്കണം.” അവൾ സമയത്ത് എഴു ന്നേറ്റു എന്നിട്ട് എഴുതി വച്ചു: “ഇപ്പോൾ സമയം നാലുമണി. എഴുന്നേൽക്കൂ.” ആ കുടുംബം കലങ്ങി.

ഞാൻ വേറെ ഒരു സംഭവം വായിച്ചു. വളരെ നിസ്സാര മായ ഒരു കാര്യത്തിന് ഭർത്താവും ഭാര്യയും പരസ്പരം മിണ്ടാ തായി. എന്തോ ഒന്ന് അരിശപ്പെട്ട് ഭർത്താവ് പറഞ്ഞു. അവൾ അവളുടെ വീട്ടിലേക്ക് പോയി. നല്ല സ്നേഹമാണ് അവർ തമ്മിൽ. പിണങ്ങി വീട്ടിലേക്ക് പോയപ്പോൾ അവൾ വിചാ രിച്ചത് ഭർത്താവ് വന്ന് വിളിച്ചുകൊണ്ടു പോകുമെന്നാണ്. അദ്ദേഹം വിചാരിച്ചു: അവൾ തനിയെ പോയതല്ലേ, തന്നെ തിരിച്ചു വരട്ടെ. അവർ രണ്ടുപേരും ഇന്നും യോജിച്ചിട്ടില്ല. നിസ്സാര കാര്യത്തിന് പിണങ്ങിപ്പാർക്കുന്നു.

കുടുംബത്തിൽ പലപ്പോഴും അഭിപ്രായവ്യത്യാസമുണ്ടാ കുന്നത് അപകടകരമായ, ദൂഷ്യഫലങ്ങളിലേക്ക് നയിക്കുന്ന തായിരിക്കും. ഭക്ഷണത്തിന്റെ രുചിയിൽ, ഭക്ഷണത്തെക്കുറി ച്ചുള്ള അഭിപ്രായവ്യത്യാസത്തിൽ, ഏതെങ്കിലും ഭക്ഷണ ത്തോട് അമിതമായ പ്രിയമുള്ളതുകൊണ്ട് അതിൽക്കൂടി കുടുംബത്തിന്റെ സമാധാനം കെട്ടുപോകുന്നു. ഭക്ഷണത്തോ ടുള്ള നിങ്ങളുടെ ആസക്തി എങ്ങനെയിരിക്കുന്നു? ഭക്ഷണ ത്തോടുള്ള കൊതികൊണ്ട് ഏതെങ്കിലും തരത്തിൽ നിങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ടായിട്ടുണ്ടോ?

ഏശാവിന്റെ വേട്ടയിറച്ചിയിൽ രുചി പിടിച്ചിരുന്നതുകൊണ്ട്

യിസ്ഹാക്ക് അവനെ സ്നേഹിച്ചു. സ്നേഹിക്കുന്നതുപോലും ഭക്ഷണത്തെ ആശ്രയിച്ചിരിക്കുന്നു. ഇന്നും നമ്മിൽ അനേകം പേർക്കും ചില പ്രത്യേക കാര്യങ്ങളോടുള്ള അമിതാസക്തിയുണ്ട്. അതപകടമാണ്. ഏതെല്ലാം കാര്യങ്ങളോടാണ് ഹൃദയം കൂടുതൽ പറ്റുമാനം പിടിച്ചിരിക്കുന്നത്? അവിടെ നിങ്ങൾ കത്തി വയ്ക്കണം. അവിടെ ഫുൾസ്റ്റോപ്പ് ഇടണം. ഇതെന്റെ ബന്ധനമാണ്, ഇതെന്റെ സ്വഭാവത്തിൽ മാറ്റം വരുത്തേണ്ട ഒരു കാര്യമാണ് എന്ന് തന്നെത്താൻ കണ്ടുപിടിച്ച് മാറ്റുമ്പോൾ നിങ്ങളുടെ സ്വഭാവം തേജസ്സുള്ളതായി മാറും.

മോളോട് ഒരു പ്രത്യേക ഇഷ്ടമുള്ള അപ്പനും അമ്മയുമുണ്ട്. മോനോട് ഒരു പ്രത്യേക ഇഷ്ടമുള്ള അപ്പനും അമ്മയുമുണ്ട്. ഒരു കുട്ടിയോടുള്ള ഇഷ്ടക്കൂടുതൽ കൊണ്ട് മറ്റു കുട്ടികൾ – frustrated – നിരാശരായിപ്പോകുന്ന കുടുംബങ്ങളുണ്ട്. ഇന്നയാളെയല്ലേ അപ്പനും അമ്മയ്ക്കും സ്നേഹം? എന്നെ സ്നേഹമില്ലല്ലോ, എന്നെ കരുതലില്ലല്ലോ എന്നു ചിന്തിച്ച് സ്വയം ചെറുതായിപ്പോകുന്ന കുട്ടികൾ! മനസ്സിടിഞ്ഞ് പോകുന്നവർ!

സ്വത്ത് വീതം വയ്ക്കുമ്പോൾ ചില മക്കൾക്കു കൂടുതലും ചില മക്കൾക്ക് കുറവും കൊടുക്കുന്നവരുണ്ടോ? ചില മക്കളോട് കൂടുതൽ സ്നേഹം കാണിച്ച് ചില നല്ല ഭാഗങ്ങൾ അവർക്കു കൊടുക്കും. ചില മോശപ്പെട്ട സ്ഥലങ്ങൾ മറ്റ് മക്കൾക്ക് കൊടുക്കും. അങ്ങനെയുള്ളവരുണ്ടോ? അനേകം കുടുംബങ്ങളിൽ കുടുംബവഴക്കുകൾക്ക് കാരണം ഇതാണ്. എനിക്ക് തരേണ്ടത് തന്നില്ല. അപ്പന് എന്നോട് സ്നേഹമില്ല. എന്നെ കരുതലില്ല. എന്നെക്കുറിച്ച് വാത്സല്യമില്ല എന്നൊക്കെ ചിന്തിക്കുന്ന ധാരാളം ആളുകളുണ്ട്.

ഇവിടെ യിസ്ഹാക്ക് ഏശാവിനെ കുടുതൽ സ്നേഹിച്ചു. റിബെക്കയോ യാക്കോബിനെ സ്നേഹിച്ചു. അതും പാടില്ലായിരുന്നു. അവിടെയും തെറ്റുപറ്റി. ഏശാവും യാക്കോബും രണ്ടുപേരും മക്കൾതന്നെ. രണ്ടുപേരേയും അപ്പനും അമ്മയും ഒരുപോലെ സ്നേഹിക്കേണ്ടതായിരുന്നു.

റിബെക്കയ്ക്ക് വേണമെങ്കിൽ ഒരു ന്യായം പറയാം. ഞാൻ യാക്കോബിനെ സ്നേഹിക്കാൻ കാരണം, ഞാൻ ഗർഭിണിയായിരുന്നപ്പോൾ പ്രാർത്ഥിക്കാൻ ദൈവസന്നിധിയിൽ ചെന്നപ്പോൾ കർത്താവ് എനിക്ക് ഒരു അരുളപ്പാട് തന്നു.

മൂത്തവൻ ഇളയവനെ സേവിക്കും. ആദ്യജാതനേക്കാൾ രണ്ടാമത് പിറക്കുന്ന ആളായിരിക്കും ഉന്നതനാകാൻ പോകുന്നത്. അതുകൊണ്ടാണ് ഞാൻ യാക്കോബിനെ കൂടുതൽ സ്നേഹിച്ചത്.

നമ്മുടെ പല തെറ്റുകൾക്കും നമുക്ക് ന്യായം പറയാനുണ്ടെങ്കിലും തെറ്റ്, തെറ്റ് തന്നെയാണ്. പാപം, പാപം തന്നെയാണ്. എന്നോടങ്ങനെ പെരുമാറിയതുകൊണ്ടാണ് എനിക്ക് അമർഷം വന്നത്. എന്നോടങ്ങനെ സംസാരിച്ചതു കൊണ്ടാണ് എനിക്ക് ഇഷ്ടക്കുറവു വന്നത്. എന്നോടങ്ങനെ പെരുമാറിയപ്പോൾ ഏതൊരു മനുഷ്യനാണെങ്കിലും മാലാഖയൊന്നുമല്ലല്ലോ. അതുകൊണ്ടാണ് എനിക്ക് അരിശം വന്നത് എന്നൊക്കെ ചിന്തിക്കുന്ന ആളുകളുണ്ട്.

സ്നേഹിതരേ, നിങ്ങൾക്കെന്തെല്ലാം ന്യായീകരണമുണ്ടെങ്കിലും, വേദപുസ്തകത്തിലെ വാക്യങ്ങൾ വച്ച് ന്യായം പറയാനുണ്ടെങ്കിലും നിങ്ങളുടെ ഹൃദയത്തിൽ ദൈവം പ്രസാദിക്കാത്ത ഒരു സ്വഭാവം വരാൻ പാടില്ല. ജീവനുള്ള ദൈവം, എന്നെ ഈ ഭൂമിയിൽ സൃഷ്ടിച്ചാക്കിയ ദൈവം പ്രസാദിക്കുന്ന സ്വഭാവമായിരിക്കണം എന്നിൽനിന്നു വരുന്നത്.

അനേകമാളുകൾ ചില വേദവാക്യങ്ങളുടെ പിൻബലത്തിൽ തെറ്റുകൾ ചെയ്യുന്നതിന് മടിക്കാത്തവരുണ്ട്. "കോപിക്കുന്നത് തെറ്റൊന്നുമല്ല. മോശ കോപിച്ചല്ലോ" എന്നു പറയുന്ന ആളുകളുണ്ട്. മോശയുടെ കോപം എന്താണ്? നിങ്ങളുടെ കോപം എന്താണ്? എന്താണെന്നറിഞ്ഞിട്ടല്ല പറയുന്നത്. അതിന്റെ ആത്മീയമായ അർത്ഥതലങ്ങൾ ഗ്രഹിച്ചിട്ടല്ല പറയുന്നത്.

മദ്യപാനം ചെയ്യുന്നത് കുഴപ്പമില്ല, കൂടുതൽ കുടിക്കരു

തെന്നേയുള്ളൂ എന്ന് ചിലർ പറയുന്നു. “നിന്റെ അജീർണ്ണതയും കൂടെക്കൂടെയുള്ള ക്ഷീണവും നിമിത്തം അല്പം വീഞ്ഞും സേവിച്ചുകൊൾക” എന്ന് പൗലോസ് ശ്ലീഹാ പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ട് അല്പമൊക്കെ ആകാം എന്ന് പറഞ്ഞ് ചില ആളുകൾ വേദവാക്യങ്ങളുടെ പിൻബലത്തിൽ തെറ്റ് ചെയ്യാൻ പ്രേരിപ്പിക്കപ്പെടുന്നുണ്ട്.

വചനത്തെ നമ്മുടെ ഇഷ്ടത്തിനൊത്ത് കോട്ടി മാറ്റരുത്. ദൈവത്തിന്റെ വചനത്തെ എടുത്ത് നാം കളിക്കരുത്. നമ്മുടെ ചില ആഗ്രഹങ്ങൾ സാധിക്കുന്നതിനൊത്തവണ്ണം ദൈവത്തിന്റെ വചനത്തെ കൂട്ടുപിടിക്കരുത്. തെറ്റു ചെയ്യാതിരിക്കാനാണ് വചനം പറയുന്നത്.

ആത്യന്തികമായി പറഞ്ഞിരിക്കുന്നു: “മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല.” വ്യക്തമാണ്. എത്ര ഉന്നതനായ വ്യക്തിയായിരുന്നാലും, ഭൗതികമായോ ആത്മികമായോ ഔന്നത്യതലങ്ങളിൽ പ്രശോഭിക്കുന്ന വ്യക്തിയായാലും മദ്യപാനമുണ്ടോ, ദൈവരാജ്യത്തിൽ കാണുകയില്ല.

നിങ്ങളുടെ ജീവിതത്തിൽ മുഖപക്ഷം പാടില്ല. ഭക്ഷണത്തോടോ ഈ ലോകത്തിലെ മറ്റ് ഏതെങ്കിലും താത്പര്യമുളവാക്കുന്ന വസ്തുക്കളോടോ പറ്റുമാനം പാടില്ല. ഒന്നും വിഗ്രഹമാകാൻ പാടില്ല. പൂജാവിഷയമാകാൻ പാടില്ല. ആകെ ഒരു ലക്ഷ്യം മാത്രം.

എന്നെ സ്നേഹിക്കുന്ന, എനിക്കുവേണ്ടി ജീവൻ വെടിഞ്ഞ, എനിക്ക് സ്വർഗ്ഗം തരുന്ന, നരകം ഒഴിവാക്കിത്തരുന്ന, നിത്യശിക്ഷ ഒഴിവാക്കിത്തരുന്ന കർത്താവായ യേശുവിന്റെ ഒരു വിശുദ്ധനായി, ഒരു ശുദ്ധിമതിയായി എനിക്ക് ഈ തലമുറയിൽ നിൽക്കണം. മരിക്കുന്നതിനുമുമ്പ് എന്റെ കർത്താവിന്റെ കൃപ എന്നിൽ നിറഞ്ഞ്, വിശുദ്ധി എന്നിൽ തിങ്ങി, വിശുദ്ധി തികച്ച് എന്റെ കരുണയുള്ള കർത്താവിന്റെ സന്നിധിയിലേക്ക് പറന്നുപോകാൻ ഒരുങ്ങി എനിക്ക് കഴിയണം.

## പന്ത്രണ്ട്

*"ആരും ദൈവകൃപ വിട്ടു പിന്മാറുകയും വല്ല കൈപ്പുള്ള വേരും മുളച്ചു കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും ആരും ദുർന്നടപ്പുകാരനോ, ഒരു ഊണിന് ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ."*

*എബ്രായർ 12 : 15, 16*

"ആരും ഏശാവിനെപ്പോലെ അഭക്തനായിത്തീരാതിരിപ്പാൻ കരുതിക്കൊൾവിൻ." ഏശാവ് ഭക്തിയില്ലാത്തവനായിരുന്നു, ദൈവഭയമില്ലാത്തവനായിരുന്നു. ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കുന്നവനായിരുന്നില്ല. ദൈവം കൊടുത്ത പദവിയിൽ ഏശാവ് മാന്യത കൽപ്പിച്ചിരുന്നില്ല.

ജ്യേഷ്ഠാവകാശം ഏശാവിനുണ്ടായിരുന്നു. പക്ഷേ, ഏശാവ് ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കിക്കളഞ്ഞു.

*"യാക്കോബ് ഏശാവിന് അപ്പവും പയറുകൊണ്ടുള്ള പായസവും കൊടുത്തു; അവൻ ഭക്ഷിച്ചു പാനം ചെയ്ത്, എഴുന്നേറ്റുപോയി; ഇങ്ങനെ ഏശാവ് ജ്യേഷ്ഠാവകാശത്തെ അലക്ഷ്യമാക്കിക്കളഞ്ഞു."*

*ഉല്പത്തി 25 : 34*

ഉല്പത്തി പുസ്തകം 25-ാം അദ്ധ്യായത്തിലും 26-ാം അദ്ധ്യായത്തിലും ഏശാവിന്റെ ചരിത്രം നമുക്ക് വായിക്കാൻ സാധിക്കും. ഏശാവിന് പറ്റിയ അപകടവും വന്ന വീഴ്ചയും അതിൽ വിവരിക്കുന്നുണ്ട്.

അപ്പൊസ്തലനായ പൗലോസ് എബ്രായർക്ക് ലേഖനം എഴുതുമ്പോൾ അത് എടുത്ത് പറയുന്നുണ്ട്. ഒരു ഊണിന് ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ ആരും അഭക്തനായിത്തീരരുത്. ആരും ദൈവകൃപ വിട്ട് പിന്മാറിപ്പോകരുത്. അതു നിങ്ങൾ കരുതിക്കൊൾവിൻ എന്നാണ് പറയുന്നത്.

ദൈവം നമുക്ക് കൃപയാൽ ഒരു അവകാശം തന്നിട്ടുണ്ട്. നല്ലോരവകാശം!

> *"അളവുനൂൽ എനിക്ക് മനോഹരദേശത്തു വീണിരിക്കുന്നു; അതേ, എനിക്കു നല്ലോരവകാശം ലഭിച്ചിരിക്കുന്നു. എനിക്കു ബുദ്ധി ഉപദേശിച്ചു തന്ന യഹോവയെ ഞാൻ വാഴ്ത്തും."*
>
> *സങ്കീർത്തനങ്ങൾ 16 : 6, 7*

ദൈവത്തിന്റെ പ്രിയമക്കളാകുവാനുള്ള അവകാശം തന്നിരിക്കുന്നു. അന്യന്റെ ഭവനത്തിൽ പിറന്നവരായ നമ്മെ ദൈവം സ്വന്തഭവനത്തിലേക്ക് ദത്തെടുത്ത് ചേർത്തിരിക്കുന്നു. പൈശാചികശക്തിക്ക് അടിമപ്പെട്ടിരുന്ന നമ്മെ കരുണയുള്ള കർത്താവ് കൃപയാൽ തന്റെ രക്തത്താൽ വീണ്ടെടുത്ത് തന്റെ സ്വത്തിന് അവകാശികളാക്കി മാറ്റിയിരിക്കുന്നു.

> *"സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ: ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ല. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായത് തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു." 1 കൊരിന്ത്യർ 1 : 26 – 28*

ജീവനുള്ള ദൈവം നമ്മെ തിരഞ്ഞെടുത്തു. ദൈവം

നമ്മെ ദത്തെടുത്തു. ദൈവം നമ്മെ തന്റെ മക്കളാക്കിത്തീർത്തു. തന്റെ പുത്രന്റെ രക്തത്താൽ അവൻ നമ്മെ സ്വീകരിച്ചു. നിത്യ നായ ദൈവം സ്വർഗ്ഗത്തിന്റെ അവകാശം നമുക്ക് തന്നു.

*"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകു വാൻ അവൻ അധികാരം കൊടുത്തു."*

*യോഹന്നാൻ 1 : 12*

*"നാം മക്കൾ എങ്കിലോ അവകാശികളും ആകു ന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും തന്നെ."* *റോമർ 8 : 17*

നാം മക്കൾ എങ്കിൽ ദൈവത്തിന് അവകാശികളായി ത്തീരുന്നു. ക്രിസ്തുവിന് കൂട്ടവകാശികളായിത്തീരുന്നു. സ്വർഗ്ഗത്തിന്റെ അവകാശം, ജ്യേഷ്ഠാവകാശം നമുക്ക് സിദ്ധി ക്കുന്നു. മറ്റാരേക്കാൾ കൂടുതൽ, ഇരട്ടി അവകാശം നമുക്ക് ലഭിക്കുന്നു. ആവർത്തനപുസ്തകത്തിൽ വ്യക്തമായി ആ കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

*"തനിക്കുള്ള സകലത്തിലും രണ്ടു പങ്ക് അനിഷ്ട യുടെ മകനു കൊടുത്ത് അവനെ ആദ്യജാത നെന്നു സ്വീകരിക്കേണം; അവൻ അവന്റെ ബല ത്തിന്റെ ആരംഭമല്ലോ; ജ്യേഷ്ഠാവകാശം അവനു ള്ളതാകുന്നു."* *ആവർത്തനപുസ്തകം 21 : 17*

ആദ്യജാതനെന്നു സ്വീകരിക്കുന്നവന് രണ്ട് പങ്ക് ലഭിക്കു കയാണ്. അവൻ വ്യക്തിപരമായി യോഗ്യതയുള്ളവനല്ല. അനി ഷ്ടയുടെ മകനാണ്. പക്ഷേ, ആദ്യജാതനെന്ന നിലയ്ക്ക് അവന് രണ്ടു പങ്ക് ലഭിക്കുകയാണ്. ഇത് മോശക്ക് ന്യായപ്രമാ ണത്തിൽക്കൂടി ലഭിച്ച കൽപ്പനയാണ്.

*"യിസ്രായേലിന്റെ ആദ്യജാതനായ രൂബേന്റെ പുത്രന്മാർ:– അവനല്ലോ ആദ്യജാതൻ; എങ്കിലും അവൻ തന്റെ പിതാവിന്റെ ശയ്യയെ അശുദ്ധമാക്കി*

*യതുകൊണ്ട് അവന്റെ ജ്യേഷ്ഠാവകാശം യിസ്രാ യേലിന്റെ മകനായ യോസേഫിന്റെ പുത്രന്മാർക്കു ലഭിച്ചു.” 1 ദിനവൃത്താന്തം 5 : 1*

രൂബേൻ ആദ്യജാതനാണെങ്കിലും രൂബേന് ആദ്യജാത നെന്ന പദവി കിട്ടിയില്ല. ആദ്യജാതന്റെ പദവി കിട്ടുന്നത് യോസേഫിനാണ്. കാരണം, രൂബേൻ വലിയോരു മഹാപാപം ചെയ്തുപോയി. അവന്റെ ജീവിതത്തിൽ അശുദ്ധി സംഭവിച്ചു പോയി. അവനുണ്ടായിരുന്ന അവകാശം അവൻ നഷ്ടപ്പെടു ത്തിക്കളഞ്ഞു.

നമുക്ക് വേണ്ടി ദൈവം തന്നിരിക്കുന്ന അവകാശം അന്യന് പോകാൻ ഇടവരരുത്. ദൈവത്തിന്റെ മക്കളായി ദൈവം നമ്മെ മുദ്രയിട്ടു. നമുക്ക് വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനെ അച്ചാരമായി തന്നു. നാം ക്രിസ്തുവിനെ കൈക്കൊണ്ടപ്പോൾ, ക്രിസ്തുവിനെ സ്വീകരിച്ചപ്പോൾ, ക്രിസ്തുവിന്റെ തിരുരക്ത ത്തിൽ ആശ്രയിച്ചപ്പോൾ, ക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ ശരണപ്പെട്ടപ്പോൾ ക്രിസ്തുവിന്റെ അവകാശത്തിന് നാം പങ്കാ ളികളായിത്തീർന്നു. സ്വർഗ്ഗീയപിതാവിന്റെ സ്വത്തിന് നാം അവകാശികളായിത്തീർന്നു. സ്വർഗ്ഗത്തിന്റെ അവകാശം നമുക്ക് ലഭിച്ചു. ഇത് വിശ്വാസത്താൽ നാം പ്രാപിക്കേണ്ടതാണ്.

*“തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചക്കായിട്ട് നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.”*

*എഫെസ്യർ 1 : 14*

പരിശുദ്ധാത്മാവിന്റെ വാഗ്ദത്തം ലഭിച്ചിരിക്കുകയാണ്. അതിന്റെ അച്ചാരമായി ഇപ്പോൾ ഒരു മുദ്ര കിട്ടിയിരിക്കുന്നു. വചനം വായിക്കുമ്പോഴും കേൾക്കുമ്പോഴും ഒരു ആശ്വാസം കിട്ടുന്നത് എന്തുകൊണ്ടാണ്? വചനം വായിക്കുമ്പോൾ ചില പ്പോൾ നിങ്ങളുടെ വേദപുസ്തകത്തിൽ കണ്ണുനീർ തുള്ളികൾ വീഴുന്നതെന്തുകൊണ്ടാണ്? നിങ്ങളുടെ ഹൃദയം ലയിച്ച്

നിങ്ങൾ സ്തുതിക്കുന്നതെന്തുകൊണ്ടാണ്? ഈ വചനത്തോട് ഒരു മധുരം കിട്ടുന്നത് എന്തുകൊണ്ടാണ്? അത് പരിശുദ്ധാത്മാവിന്റെ ഒരു foretaste ആണ്. അത് പരിശുദ്ധാത്മവ്യാപാരമാണ്.

> *"അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു."*
>
> *2 കൊരിന്ത്യർ 1 : 22*

അവൻ നമ്മെ മുദ്രയിട്ടിരിക്കുന്നു. പരിശുദ്ധാത്മാവ് എന്ന അച്ചാരം ഹൃദയങ്ങളിൽ തന്നിരിക്കുന്നു. സ്വർഗ്ഗീയമായ അവകാശമാണ്. നിങ്ങൾക്കീ അവകാശം ലഭിച്ചുവോ? ദൈവത്തിന്റെ മകനെന്നുള്ള അവകാശം സ്വായത്തമാക്കിയോ?

സ്വർഗ്ഗത്തിലെ അപ്പന്റെ സ്വത്തിന്റെ അവകാശം! സ്വർഗ്ഗത്തിലെ അപ്പന്റെ സ്വത്ത് എന്താണ്? അത് ദൈവത്തിന്റെ വിശുദ്ധിയാണ്. ദൈവത്തിന്റെ സ്നേഹമാണ്; ദൈവത്തിലുള്ള വിശ്വാസമാണ്. ദൈവത്തിന്റെ സ്വത്ത് കർത്താവായ യേശുവാണ്. ഈ യേശുവിനെ നിങ്ങൾ സ്വീകരിച്ചുവോ?

യേശു നിങ്ങളുടെ ഹൃദയത്തിലുണ്ടെങ്കിൽ അവിടെ അന്ധകാരത്തിനിടമില്ല. പാപത്തിനിടമില്ല. വഴക്കിനിടമില്ല. നീരസത്തിനിടമില്ല. കയ്പിനും കലഹത്തിനും ഇഷ്ടക്കുറവിനും മുഷിച്ചിലിനും ഇടമില്ല. അവിടെ അഹങ്കാരത്തിനും ദ്രവ്യാഗ്രഹത്തിനും കോപത്തിനും ഇടമില്ല. അവിടെ അശുദ്ധിക്കും ഏറ്റവും മ്ലേച്ഛചിന്തകൾക്കും ഇടമില്ല.

നിങ്ങളുടെ ഹൃദയത്തിൽ പാപം വാഴുന്നു എങ്കിൽ അവിടെ യേശുവിന് ഇടമില്ല. യേശു നമ്മുടെ ഹൃദയത്തിൽ വസിപ്പാൻ ആഗ്രഹിക്കുന്നു. കർത്താവ് പറഞ്ഞു: ആകാശത്തിലെ പറവയ്ക്ക് കൂടുണ്ട്. കുറുനരിക്ക് കുഴിയുണ്ട്. മനുഷ്യപുത്രനോ തല ചായ്പ്പാൻ ഇടമില്ല.

ആകാശത്തിലെ പറവജാതി ദുരാത്മാക്കളെ കാണിക്കുന്നു. ദുരാത്മാക്കൾക്ക് നിങ്ങളുടെ ഹൃദയത്തിൽ ഇടമുണ്ട്. അവിടെ കോപവും വഴക്കും മുൻവിധിയുമുണ്ട്. പിണക്കവും അമർഷവും

നീരസവുമുണ്ട്.

പറവജാതി കൂടുകൂട്ടിയിരിക്കുന്നത് എവിടെയെല്ലാമാണ്? ധിക്കാരമനോഭാവം അവിടെയുണ്ടോ? ഭാര്യ ഭർത്താവിനെ ബഹുമാനിക്കുന്നുണ്ടോ? കരുതുന്നുണ്ടോ? ഭർത്താവ് ഭാര്യയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുണ്ടോ? അതോ, നിന്റെ ഇഷ്ടം മാത്രം ചെയ്യാനുള്ള ഒരു വേലക്കാരിയോ അടിമയോ ആയിട്ടാണോ നീ ഭാര്യയെ കാണുന്നത്? ദൈവപൈതലേ, നിന്റെ മാതാപിതാക്കളെ നീ ബഹുമാനിക്കുന്നുണ്ടോ? അവരെ അനുസരിക്കുന്നുണ്ടോ?

*"നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്നത് വാഗ്ദത്തത്തോടു കൂടിയ ആദ്യകൽപ്പന ആകുന്നു.*

*എഫേസ്യർ 6 : 2*

ഇന്ന് അനേകം ചെറുപ്പക്കാർ അഹങ്കാരികളായി മാറിയിരിക്കുന്നു. മദ്യപന്മാരായി മാറിയിരിക്കുന്നു. അവർ ജീവിതം ഉഴപ്പിക്കളയുന്നു. മാതാപിതാക്കളുടെ ഉപദേശം അവർക്ക് സ്വീകരിക്കാൻ മനസ്സില്ലാതെ പോകുന്നു.

പരിശുദ്ധാത്മാവിന്റെ മുദ്ര നിങ്ങളുടെ ഹൃദയത്തിൽ എപ്പോഴും തെളിഞ്ഞ് നിൽക്കണം. ഈ മുദ്ര പുറമേ കാണുന്നതല്ല, ആത്മാവിന്റെ മുദ്രയാണ്. അത് ശ്രേഷ്ഠമായ അനുഭവമാണ്. നിങ്ങളുടെ ആത്മാവിന് ഈ മുദ്രയുണ്ടോ? യേശുവിന്റെ അടയാളം!

ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു എന്ന് അപ്പൊസ്തലൻ പറഞ്ഞു. ഞാൻ വിലയ്ക്ക് വാങ്ങപ്പെട്ടിരിക്കുന്നു. അവന്റെ അടിമയാണ് എന്നുള്ള ചൂടടയാളം ശരീരത്തിൽ വഹിക്കുന്നു. ആദിമകാലത്ത് അടിമയുടെ ശരീരത്തിന്മേൽ ചൂടടയാളം വച്ചിരുന്നു. യേശുവിന്റെ അടിമയായ മനുഷ്യന് ഒരു ചൂടടയാളം ഉണ്ട്.

അത് പരിശുദ്ധാത്മാവിന്റെ അടയാളമാണ്.

ഈ അടയാളം പ്രാപിക്കുവാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? നിത്യതയിലേക്ക് ചെല്ലുമ്പോൾ, മരണത്തിന്റെ യോർദ്ദാൻ കടന്ന് അക്കരെ ചെല്ലുമ്പോൾ ഈ മുദ്രയില്ലെങ്കിൽ, "പോകുവിൻ, ഞാൻ നിങ്ങളെ അറിയുന്നില്ല" എന്നുള്ള കഠോരശബ്ദം കേൾക്കേണ്ടി വരും.

> *"കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോട് പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തുപറയും."* *മത്തായി 7 : 22, 23*

കർത്താവിന്റെ ആദ്യത്തെ മലപ്രസംഗത്തിലാണ് ഇത് പറഞ്ഞത്. നിങ്ങൾ എന്റെ നാമത്തിൽ പ്രവചിക്കുകയും അത്ഭുതപ്രവൃത്തികൾ ചെയ്യുകയും ചെയ്തു, ശരിയാണ്. പക്ഷേ പാപം വിട്ടില്ല. രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു, രോഗസൗഖ്യം കിട്ടുകയും ചെയ്തു, ശരിയാണ്. പല അത്ഭുതങ്ങളും വീര്യപ്രവൃത്തികളും നടന്നു. പക്ഷേ, അധർമ്മം മാറിയില്ല. അതുകൊണ്ട് വിശുദ്ധന്മാർക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ദൈവരാജ്യത്തിൽ നിങ്ങൾക്ക് പ്രവേശനമില്ല.

പിതാക്കന്മാർ ഇത് അറിഞ്ഞതുകൊണ്ടാണ് പാടിയത്.

ഞാനഞ്ചുന്നെൻ പാപത്താൽ
ശുദ്ധർക്കേകും–മോദപ്പൂങ്കാവിൽ
  വേലി–യ്ക്കൊത്തെന്നേ നാഥാ!
  എൻ പാ–പം രോധിക്കല്ലേ
രക്ഷിച്ചെന്നേ നരകത്തീ–

ന്നേകുകവാസം-തിരുഹിതമാം സ്ഥാനേ

പരിശുദ്ധന്മാർക്ക് വേണ്ടിയുള്ള ഉദ്യാനത്തിലേക്ക് ഞാൻ പ്രവേശിക്കാതിരിക്കാൻ എന്റെ പാപം വേലിപോലെ മുൻപിൽ തടുത്ത് നിൽക്കുന്നതുകണ്ട് ഞാൻ പേടിച്ചുപോകുന്നു. കർത്താവേ, നീ എന്നെ രക്ഷിക്കണമേ. എന്നെ വിടുവിക്കണമേ. എനിക്ക് പാപമോചനം തരണമേ. എന്റെ ബന്ധനങ്ങൾ അഴിച്ച് തരണമേ. എന്റെമേൽ നിന്റെ തിരുരക്തത്തിന്റെ മുദ്ര അണിയിച്ചു തരണമേ. തിരുരക്തത്താലുള്ള വീണ്ടെടുപ്പ് എനിക്ക് തരണമേ. അങ്ങനെ തിരുഹിതമാകുന്ന സ്ഥാനത്ത് എത്തിച്ചേരാൻ എനിക്ക് ഭാഗ്യം തരണമേ എന്നാണ് പൂർവ്വ പിതാക്കന്മാർ പ്രാർത്ഥിച്ചത്.

സഹോദരങ്ങളേ, ഈ അവകാശം നഷ്ടപ്പെടുത്തരുത്. നമുക്ക് നല്ലോരവകാശം ലഭിച്ചിരിക്കുന്നു. ജ്യേഷ്ഠാവകാശം!

ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുക. കർത്താവേ, എന്റെമേൽ നിന്റെ പരിശുദ്ധാത്മാവ് അധിവസിക്കുന്നുണ്ടോ? യേശുക്രിസ്തു എന്റെ ഹൃദയത്തിൽ ഇപ്പോൾ വാഴുന്നുണ്ടോ? മറ്റെല്ലാം നമുക്ക് മറക്കാം. ഞാനും എന്റെ യേശുവും. കുരിശിൽ മരിച്ചവൻ എന്റെ മാറിൽ തലചായ്ക്കുന്നുണ്ടോ? എന്റെ ഹൃദയത്തിൽ യേശു വാഴുവാൻ തക്കവണ്ണം എന്റെ ഹൃദയം ഞാൻ ഒരുക്കിയോ?

ഇന്ന് എന്തെല്ലാമാണ് അവിടെ തടസ്സമായി ഇരിക്കുന്നത്? ശാന്തമായി കണ്ടുപിടിക്കാം. നമ്മുടെ പാപങ്ങളെ ഏറ്റുപറയാം. പാപത്തോട് യാത്രപറയാം. സൗഭാഗ്യജീവിതം, സമാധാനജീവിതം, സന്തോഷജീവിതം നമുക്കാരംഭിക്കാം. ഈ സ്വർഗ്ഗീയസന്തോഷം ഇവിടെവച്ച് തന്നെ കരഗതമാക്കാം. കർത്താവിനെ എതിരേൽപ്പാൻ നമുക്കൊരുങ്ങാം. കർത്താവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി നമ്മെത്തന്നെ വിശുദ്ധീകരിക്കാം.

# പതിമൂന്ന്

*“ആകയാൽ യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിന്റെ ഭവനവും നിന്റെ പിതൃഭവനവും എന്റെ സന്നിധിയിൽ നിത്യം പരിചരിക്കുമെന്നു ഞാൻ കല്പിച്ചിരുന്നു നിശ്ചയം; ഇപ്പോഴോ യഹോവ അരുളിച്ചെയ്യുന്നത്: അങ്ങനെ ഒരിക്കലും ആകയില്ല; എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും; എന്നെ നിന്ദിക്കുന്നവർ നിന്ദിതരാകും.” 1 ശമൂവേൽ 2 : 30*

“എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും.” നിന്നെ മാനിക്കുമെന്ന് ഞാൻ തീരുമാനിച്ചിരുന്നതാണ്. നിനക്ക് ചില അനുഗ്രഹങ്ങൾ തരാൻ ഞാൻ നിരൂപിച്ചതാണ്. നിന്നെ ഉയർത്താനും വളർത്താനും ഉദ്ധരിക്കുവാനും ശ്രേഷ്ഠമായ അനുഭവങ്ങളിലൂടെ നിന്നെ നയിക്കുവാനും ഞാൻ ആശിച്ചിരുന്നതാണ്. പ്രതീക്ഷ പുലർത്തിയിരുന്നതാണ്. പക്ഷേ, അത് സാധിക്കാതെ പോയിരിക്കുന്നു.

എന്റെ സന്നിധിയിൽ നിത്യം പരിചരിക്കുന്ന ശ്രേഷ്ഠമായ പദവി നിനക്കും നിന്റെ സന്തതിപരമ്പരകൾക്കും ലഭിക്കുമെന്ന് ഞാൻ കൽപ്പിച്ചിരുന്നതാണ്. എന്നാൽ നിത്യനായ ദൈവം വേദനയോടെ പറയുകയാണ്: അങ്ങനെ ഒരിക്കലും ആകയില്ല. “എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും. എന്നെ നിന്ദിക്കുന്നവർ നിന്ദിതരാകും.”

ഏലി എന്നു പറയുന്ന മഹാപുരോഹിതനോട് ദൈവം പറയുന്ന വാക്കുകളാണിത്. ഏലിയുടെ മക്കളെക്കുറിച്ച് അതി

വേദനയോടെ ദൈവം പറയുകയാണ്:

ദൈവം അനുഗ്രഹിക്കാൻ ആഗ്രഹിച്ചു. പക്ഷേ, അനുഗ്രഹം ലഭിക്കാതെ പോയി. ഒരു അനുഗൃഹീതമായ കുടുംബത്തിൽ പിറന്നു. അനുഗൃഹീതമായ തലമുറയിൽ ജനിച്ചു. അനുഗൃഹീതമായ സാഹചര്യങ്ങളിൽ ജീവിച്ചു. പക്ഷേ, അനുഗ്രഹം കൈമോശം വന്നുപോയി.

യിസ്ഹാക്കിന്റെ മകനായ ഏശാവിന് അനുഗ്രഹം കിട്ടാതെ പോയി. ഏശാവിന് അനുഗ്രഹം കിട്ടേണ്ടതായിരുന്നു. ദൈവം മന:പൂർവ്വം അനുഗ്രഹം തടുത്തതല്ല. അനുഗ്രഹം ലഭിക്കുന്നില്ലെങ്കിൽ, ദൈവം മാനിക്കാനാഗ്രഹിക്കുന്നവർക്ക് ആ മാനം കിട്ടുന്നില്ലെങ്കിൽ തക്ക കാരണമുണ്ട്.

വിശ്വാസികളുടെ പിതാവായ അബ്രാഹാമിന്റെ കുടുംബത്തിലാണ് ഏശാവ് ജനിച്ചത്. അബ്രാഹാമിന് നൂറ് വയസ്സുള്ളപ്പോഴാണ് യിസ്ഹാക്ക് ജനിക്കുന്നത്. യിസ്ഹാക്കിന്റെ നാല്പതാമത്തെ വയസ്സിലാണ് റിബെക്കയെ വിവാഹം കഴിക്കുന്നത്. യിസ്ഹാക്കിന്റെ വിവാഹം കഴിഞ്ഞ് ഇരുപത് വർഷത്തേക്ക് കുഞ്ഞുങ്ങൾ ഉണ്ടായില്ല. യിസ്ഹാക്കിന് അറുപത് വയസ്സായപ്പോൾ ഏശാവും യാക്കോബും ജനിച്ചു. അന്ന് അബ്രാഹാമിന് നൂറ്റി അറുപത് വയസ്സാണ്.

അബ്രാഹാം മരിക്കുമ്പോൾ അബ്രാഹാമിന് നൂറ്റി എഴുപത്തിഅഞ്ച് വയസ്സായിരുന്നു. അബ്രാഹാമിന്റെ ജീവിതത്തിലെ ഒടുവിലത്തെ പതിനഞ്ച് വർഷം ഈ കൊച്ചുമക്കളെ നോക്കുകയും വളർത്തുകയും അവരെ വാത്സല്യത്തോടെ പരിചരിക്കുകയും ചെയ്തു. യിസ്ഹാക്കിന്റെ മക്കളായ ഏശാവിനും യാക്കോബിനും പതിനഞ്ച് വർഷം അപ്പന്റെ അപ്പനായ അബ്രാഹാമിന്റെ മടിയിലിരിക്കാൻ ഭാഗ്യം ലഭിച്ചതാണ്.

അബ്രാഹാമിന്റെ മുഖത്തുനിന്ന് അനുഗൃഹീതമായ വാക്കുകൾ കേൾക്കാൻ കൃപ ലഭിച്ചതാണ്. അത് ചെറിയ കാര്യമല്ല. വിശുദ്ധനായ ഒരു ദൈവദാസന്റെ കൊച്ചു മകനായി

പിറക്കുക എന്നത് വലിയ ഒരു കാര്യമാണ്. ദൈവത്തിന്റെ വ്രത സ്ഥനായ ഒരു വിശ്വാസവീരന്റെ തലമുറയിൽ പിറക്കാൻ ഇട യാവുക! വലിയൊരു പദവിയാണത്. ഏശാവിനും യാക്കോ ബിനും അബ്രാഹാം പിതാവിന്റെ കൂടെ പതിനഞ്ച് വർഷം ജീവിക്കാൻ കഴിഞ്ഞു.

അബ്രാഹാം പിതാവ് കൊച്ചുമക്കളെ മടിയിലിരുത്തി അവരോട് സംസാരിച്ചു കാണും. എന്തെല്ലാമായിരിക്കും അബ്രാഹാം പിതാവ് സംസാരിച്ചത്? അതെല്ലാം നമുക്ക് ഭാവന യിൽ കാണാവുന്നതാണ്. വേദപുസ്തകം അതിനെക്കുറി ച്ചൊന്നും പറയുന്നില്ല.

അബ്രാഹാം പിതാവ് പറഞ്ഞുകാണും: മക്കളേ, ഞാൻ ജീവനുള്ള ദൈവത്തിന്റെ വിളികേട്ട് പുറപ്പെട്ടവനാണ്. സ്വർഗ്ഗ ത്തിലെ ദൈവം എനിക്ക് പ്രത്യക്ഷനായി. ഏശാവും യാക്കോബും ഈ കഥ കേൾക്കും. ഞാൻ മെസൊപ്പൊത്താമ്യ യിൽ യൂഫ്രട്ടീസ് ടൈഗ്രീസ് നദികളുടെ അക്കരെ വിഗ്രഹാരാ ധിയായി പാർത്തുവന്നവനാണ്. സത്യദൈവത്തെ ഞാൻ അറി ഞ്ഞിരുന്നില്ല. മക്കളേ, ഞാനും നിങ്ങളുടെ അപ്പൻ യിസ്ഹാക്കും സത്യദൈവത്തെ അറിയാനിടയായി. നിങ്ങൾ ഭാഗ്യശാലികളാണ്.

ഞാൻ ദൈവത്തെ കണ്ടുമുട്ടിയ അന്നുമുതൽ എന്റെ ജീവിതത്തിൽ സത്യാരാധന തുടങ്ങി. ഞാൻ ചെന്നേട ത്തെല്ലാം യാഗപീഠം പണിതു. നിത്യനായ ദൈവത്തിന് ഞാൻ യാഗപീഠം പണിയുകയും യാഗപീഠത്തിൽ യാഗമർപ്പിക്കു കയും ചെയ്തു. നിങ്ങളുടെ അപ്പനായ യിസ്ഹാക്ക് കൊച്ചുകുട്ടിയായിരുന്ന കാലത്ത് ദൈവത്തിന്റെ കല്പനയനു സരിച്ച് ഞാൻ യിസ്ഹാക്കിനെയും കൊണ്ട് മോറിയാമല യിലേക്ക് പോയി.

മോറിയാമലയിൽ ചെന്ന് നിങ്ങളുടെ അപ്പനായ യിസ്ഹാക്കിനെ യാഗമർപ്പിക്കാൻ ഞാൻ തയ്യാറായി. ഞാൻ

യാഗപീഠത്തിൽ വിറകടുക്കി, നിങ്ങളുടെ അപ്പന്റെ കൈയും കാലും കെട്ടി യാഗപീഠത്തിൽ കിടത്തി. ഞാൻ കത്തി ഓങ്ങി. പെട്ടെന്ന് ദൈവം തമ്പുരാൻ കല്പിച്ചു: "അബ്രാഹാമേ, അബ്രാഹാമേ, ബാലന്റെമേൽ കൈവയ്ക്കരുത്". മക്കൾ ഈ കഥയെല്ലാം കേട്ട് അതിശയംകൂറി ഇരിക്കുകയാണ്.

പഴയ കഥകൾ! വിശ്വാസത്തിന്റെ മുന്നേറ്റത്തിന്റെ ചുവടുവയ്പ്പുകൾ! എന്തൊരാനന്ദകരമായ അനുഭവമാണ് ആ മക്കൾക്ക് അപ്പോഴുണ്ടായത്! അപ്പൻ പറയുന്ന കഥകൾ കേട്ട് മക്കൾ കോരിത്തരിച്ചുപോയി.

എന്നാൽ അപ്പന്റെ അപ്പനായ അബ്രാഹാം ദൈവത്തെ മാനിച്ചതും അപ്പനായ യിസ്ഹാക്ക് ദൈവത്തെ മാനിച്ചതും ഏശാവിന് ഒരു ചിന്താവിഷയമായില്ല. യാക്കോബിന് അത് ഗൗരവമേറിയ വിഷയമായി. അബ്രാഹാം പിതാവ് കഥകൾ വർണ്ണിക്കുന്നു. ഏശാവ് അതെല്ലാം കേട്ട് രസിക്കുന്നുണ്ടെങ്കിലും അവന്റെ ഹൃദയത്തിലേക്ക് ഒന്നും കടക്കുന്നില്ല. അവന്റെ ഉള്ളത്തിലേക്ക് ഒന്നും പ്രവേശിക്കുന്നില്ല.

അവന്റെ മനസിൽ വേട്ട തേടുവാനുള്ള ഉത്സാഹം. വീട്ടിൽ നിന്നിറങ്ങി ഓടാനുള്ള താത്പര്യം. പുറമേയെല്ലാം ഓടി നടന്ന് പല കാര്യങ്ങളും ചെയ്യുവാനുള്ള ഉത്സാഹം. അവന് അപ്പൻ പറയുന്ന കഥകളെല്ലാം കേട്ടിട്ട് ഇഷ്ടക്കുറവുണ്ടായി എന്നല്ല. പക്ഷേ, ഒന്നും അവന്റെ ഹൃദയത്തിൽ കടക്കുന്നില്ല.

അനുഗൃഹീതമായ നല്ല ചുറ്റുപാടുകൾ ദൈവം നമുക്ക് തന്നിട്ടുണ്ട്. നല്ല തലമുറയിൽ പിറക്കാൻ, അനുഗൃഹീതമായ വചനശുശ്രൂഷകളിൽ പങ്കെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ അരുളപ്പാടുകൾ നമുക്ക് കിട്ടുന്നുണ്ട്.

ദൈവത്തിന്റെ പ്രതീക്ഷകളും ആശകളും ദൈവം നമുക്ക് തരുന്നുണ്ട്. അനുഗ്രഹിക്കപ്പെടുവാനുള്ള വഴികളെന്തെല്ലാമാണെന്ന് ദൈവം നമുക്ക് പറഞ്ഞുതരുന്നുണ്ട്. പക്ഷേ, നിർഭാഗ്യവശാൽ നമ്മിൽ പലരും അനുഗ്രഹത്തിന്റെ പന്ഥാ

വിൽനിന്ന് വ്യതിചലിച്ചുപോവുകയാണ്. മുന്നറിയിപ്പുകളെ നാം അവഗണിച്ചുപോവുകയാണ്.

അബ്രാഹാം പിതാവ് പറഞ്ഞ വാക്കുകളിലെല്ലാം ചില മുന്നറിയിപ്പുകളുണ്ട്. മക്കളേ, നിങ്ങൾ വിശ്വാസികളായിക്കൊള്ളണം, യാഗപീഠം പണിതുകൊള്ളണം, നിങ്ങൾ യാഗം അർപ്പിച്ചുകൊള്ളണം, ദൈവത്തെ മാനിച്ചുകൊള്ളണം. ദൈവത്തെ അനുസരിക്കണം.

മക്കളേ, നിങ്ങൾ വളർന്നുവരുമ്പോൾ എന്നെപ്പോലെ വിശ്വാസവീരന്മാരായിക്കൊള്ളണം; വിശ്വാസത്തിന്റെ പ്രഘോഷകരായിക്കൊള്ളണം; വിശ്വാസത്തിന്റെ പ്രവാചകന്മാരായിക്കൊള്ളണം.

ഉന്നതമായ ആശകൾ ഈ കൊച്ചുമക്കളെക്കുറിച്ച് അബ്രാഹാം പിതാവ് പുലർത്തുന്നുണ്ട്. അത് അവരോട് അറിയിക്കുന്നുമുണ്ട്. പക്ഷേ, ഏശാവ് അതിന് ചെവികൊടുത്തില്ല. യാക്കോബ് അതെല്ലാം ഊറ്റിക്കുടിക്കുകയാണ്; എല്ലാമെല്ലാം കേൾക്കുകയാണ്.

അതെല്ലാം കേട്ടുകൊണ്ടിരിക്കുമ്പോൾ യാക്കോബിന്റെ മനസ്സിൽ രൂപപ്പെട്ടുവന്നു: ഈ അപ്പൻ നേടിത്തന്ന ആത്മീയ അവകാശത്തിന്റെ ശക്തി, ആ അനുഗ്രഹത്തിന്റെ സമൃദ്ധി മുഴുവൻ എനിക്ക് ലഭിക്കണം. അപ്പന്റെ അവകാശത്തിന്റെ ഇരട്ടി പങ്ക് ചേട്ടന് കിട്ടേണ്ടതാണ്. ആ ജ്യേഷ്ഠാവകാശം എനിക്കുവേണം.

അത് അസൂയയല്ല, വൈരാഗ്യമല്ല, അത് സ്വാർത്ഥതയല്ല. നേരെ മറിച്ച് അനുഗ്രഹത്തിനുവേണ്ടിയുള്ള വാഞ്ഛയാണ്. ദൈവത്തിന്റെ കരത്തിൽനിന്ന് ലഭിക്കുന്ന അനുഗ്രഹത്തിന് വേണ്ടിയുള്ള ദാഹം. ദൈവത്തിൽനിന്ന് നേരിട്ട് അനുഗ്രഹം ലഭിക്കുവാനുള്ള അത്യാകാംക്ഷ.

ഏശാവിന് അത് കിട്ടിയില്ല. ഭൗതികമായ കാര്യങ്ങളിൽ മാത്രം ഏശാവിന്റെ ചിന്തകൾ തങ്ങിനിന്നു; ഈ ലോകത്തിലെ

കാര്യങ്ങളിൽ മാത്രം അവന്റെ താത്പര്യങ്ങൾ തങ്ങിനിന്നു. അവന് രുചികരമായ ഭക്ഷണം വേണം, ആത്മാവിന്റെ ഭക്ഷണം വിഷയമല്ല. ആത്മാവിന്റെ ഉപജീവനം വിഷയമല്ല; ആത്മാവിന്റെ വളർച്ച വിഷയമല്ല. ആത്മാവിൽ ദൈവത്തോടുള്ള ബന്ധം വിഷയമല്ല. പ്രാർത്ഥനാജീവിതം വിഷയമല്ല; അവന് യാഗപീഠം വിഷയമല്ല; അവന് യാഗമർപ്പിക്കുക എന്നത് ഒരു വിഷയമായി വന്നിട്ടില്ല.

ലോകത്തിലെ പണം, സ്വത്ത്, ലോകത്തിലെ സുഖം, ഭക്ഷണം, വീട്, ലോകത്തിലെ ഔന്നത്യങ്ങൾ, ഉയർച്ചകൾ, ലോകത്തിന്റെ സ്ഥാനമാനങ്ങൾ, പദവിയും പ്രൗഢിയും, ഇതെല്ലാമാണ് നമ്മെ ഇന്ന് ആകർഷിച്ച് വശീകരിച്ച് വച്ചിരിക്കുന്നത്.

അതിനപ്പുറത്തേക്ക് ആത്മാവിന്റെ അനുഭവത്തിന്റെ സമൃദ്ധിയിലേക്ക് കടന്നുവരാൻ നമുക്ക് പലപ്പോഴും സാധിക്കുന്നില്ല. നാം ഇന്ന് ലോകത്തിൽ തറ്റ് നിൽക്കുകയാണ്. പൗലോസ് അപ്പൊസ്തലൻ കൊലോസ്യർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നു:

> *"ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ."*
>
> *കൊലൊസ്യർ 3 : 1, 2*

ഐഹിക ജീവിതം! സുഖലോലുപമായ, സന്തോഷസമൃദ്ധമായ ജീവിതം! ഭൗതികലാലസകളിൽ മുഴുകിക്കഴിയുന്ന ജീവിതം! അതിനപ്പുറത്തേക്ക് നിൽക്കുന്ന ആ പാരത്രിക ജീവിതത്തിന്റെ സൗഖ്യവും സമാധാനവും നിത്യജീവന്റെ സന്തോഷവും നമ്മുടെ വിഷയമായി മാറുന്നില്ല. ഇന്ന് വിശ്വാസികൾ എന്നു പറയുന്നവർ പോലും ലോകത്തിന്റെ ബന്ധനങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്.

അപ്പൊസ്തലനായ പൗലോസ് ഫിലിപ്പിയർക്ക് ലേഖന മെഴുതിയപ്പോൾ എഴുതി.

*"ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതു പോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിനു ശത്രു ക്കളായി നടക്കുന്നു എന്ന് ഇപ്പോൾ കരഞ്ഞും കൊണ്ട് പറയുന്നു. അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറ്; ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു; അവർ ഭൂമിയിലു ള്ളത് ചിന്തിക്കുന്നു. നമ്മുടെ പൗരത്വമോ സ്വർഗ്ഗ ത്തിൽ ആകുന്നു; അവിടെനിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശ ക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും." ഫിലിപ്പിയർ 3 : 18 – 21*

എന്തൊരു ഉന്നതമായ ലാക്കാണ് അപ്പൊസ്തലനുള്ളത്! നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു. ഉയർന്ന തലത്തി ലേക്ക് നമ്മെ ഉയർത്തി എടുക്കാൻ അപ്പൊസ്തലൻ അദ്ധ്വാനി ക്കുകയാണ്. ഇന്ന് നമ്മുടെ ദൈവം വയറാണ്. അതുവിട്ടിട്ട് ഉയ രത്തിലെ കാര്യങ്ങൾ, ആത്മീയകാര്യങ്ങൾ ചിന്തിക്കാൻ പറ യുന്നു.

എല്ലാം മാറും. ഈ ശരീരം മണ്ണോടുമണ്ണു ചേരും. മനു ഷ്യൻ പൊടിയാകുന്നു. പൊടിയിലേക്ക് തിരികെ ചേരും. ഇതെല്ലാം ഒരു ദിവസം തീരും. ഇന്നത്തെ പ്രൗഢിയെല്ലാം തീരും. ഇന്നത്തെ ശരീരത്തിന്റെ ആരോഗ്യം തീരും. ഇന്നത്തെ കരുത്തെല്ലാം ചോരും.

മനുഷ്യർ ഒരു പേക്കോലമായി മാറും. അവൻ കൈകാലി ട്ടടിക്കും. മരണത്തിന്റെ സമീപത്തേക്ക് അടുക്കുമ്പോൾ നിസ്സ

ഹായനായി കേഴും. ഒരിടത്തും പിടിക്കാൻ പറ്റുന്നില്ല.

ഒ. ഹെൻറി എന്നു പറയുന്ന ഒരു സാഹിത്യകാരനുണ്ടായിരുന്നു. അദ്ദേഹം മരിക്കാൻ കിടക്കുമ്പോൾ പറഞ്ഞു: "അയ്യോ, എനിക്ക് പിടുത്തം കിട്ടുന്നില്ല. പിടിക്കാൻ നോക്കുന്നുണ്ട്. പക്ഷേ പിടി കിട്ടുന്നില്ല. താണു താണു പോകുന്നു."

എന്നാൽ സ്വർഗ്ഗീയ പൗരത്വമുള്ള ദൈവത്തിന്റെ വിശ്വാസികൾ എങ്ങും പിടിക്കാൻ പോകണ്ട. യേശുവിന്റെ കരം അവരെ പിടിച്ചിരിക്കും.

യേശുവിന്റെ കരം നമ്മെ പിടിക്കണമെങ്കിൽ ഇന്ന് യേശുവിന്റെ കരത്തിലേക്ക് നമ്മെ ഏൽപ്പിക്കണം. യേശുവിന്റെ കരത്തിലേക്ക് കൊടുക്കുവാൻ, ആ കരത്തിലേക്ക് നമ്മെത്തന്നെ വിട്ടുകൊടുക്കാൻ നമുക്ക് തോന്നിയിട്ടുണ്ടോ?

കർത്താവേ, ഇത്രയും കാലം ലോകത്തിനുവേണ്ടി മാത്രം ഞാൻ ജീവിച്ചു. ലോകത്തിന്റെ അടിമയായി, ലോകത്തിന്റെ ദാസനും ദാസിയുമായി ഞാൻ ജീവിച്ചു. ലോകത്തിന്റെ സന്തോഷത്തിനുവേണ്ടി, ലോകത്തിലെ സുഖത്തിനുവേണ്ടി ഞാൻ ജീവിച്ചു.

ആത്മീയ കാര്യങ്ങൾക്ക് ഞാൻ ഒരു വിലയും കൊടുത്തില്ല. അതുകൊണ്ടാണ് എന്റെ ഹൃദയത്തിൽ സമാധാനമില്ലാതെ പോയത്. അതുകൊണ്ടാണ് എന്റെ ഹൃദയത്തിൽ സ്വസ്ഥതയില്ലാതെ പോയത്. അതുകൊണ്ടാണ് കുടുംബത്തിൽ ഐക്യമില്ലാതെ പോയത്.

ലക്ഷ്യം ശരിയായില്ലായിരുന്നു. ഉന്നതമായ ലാക്ക് നഷ്ടപ്പെട്ടുപോയിരുന്നു. അതുകൊണ്ട് എന്റെ ഹൃദയത്തിന് സ്വസ്ഥതയില്ല. കുടുംബത്തിൽ സ്വസ്ഥതയില്ല. ഭാര്യയും ഭർത്താവും തമ്മിൽ ഐക്യമില്ല. മാതാപിതാക്കളും മക്കളും തമ്മിൽ ഐക്യമില്ല. മക്കൾ നാനാവിധമായി പോകുന്നു. അവർ ദൈവവഴിയിൽ നിന്ന് വിട്ടു പോകുന്നു. അവർ പ്രാർത്ഥനയില്ലാത്തവ

രായിപ്പോകുന്നു. ആത്മീയതത്പരതയില്ലാത്തവരായിപ്പോകുന്നു. കർത്താവേ, ഇതിനെല്ലാം കാരണം, ഞാൻ ലോകത്തിലേക്ക് ഇറങ്ങിപ്പോയതാണ്.

ഞാൻ ഇന്ന് നിന്റെ സന്നിധിയിലേക്ക് മടങ്ങി വരുന്നു. ആത്മീയ നേതൃത്വത്തിന്റെ കീഴിലേക്ക്, ആ കുരിശിൻ ചുവട്ടിലേക്ക് ഞാൻ മടങ്ങി വരുന്നു.

ക്രൂശിൽനിന്ന് ഒഴുകി വരുന്ന തിരുരക്തത്താൽ നീ എന്നെ രൂപാന്തരപ്പെടുത്തണമേ. ആ തിരുരക്തം എന്നെയൊന്ന് സ്പർശിക്കണമേ. ഞാൻ കുരിശിന്റെ അർത്ഥം ഗ്രഹിച്ചില്ല. ഞാൻ ക്രൂശിന്റെ മിത്രമായിരുന്നില്ല. ഞാൻ ക്രൂശിന്റെ സാക്ഷിയായിരുന്നില്ല. ഞാൻ ക്രൂശിന്റെ ശത്രു ആയിരുന്നു.

ക്രൂശിക്കപ്പെടുക എന്ന് പറയുന്നത് എനിക്ക് തുലോം അപരിചിതമായിരുന്നു. എന്റെ നാഥാ, ക്രൂശിന്റെ അർത്ഥം ഞാൻ ഏറ്റെടുക്കുന്നു. യാതനകളും വേദനകളും, രോഗവും ദുരിതവും ദുഃഖവും കഷ്ടപ്പാടുമുള്ള ഈ ലോകജീവിതത്തിൽ യേശുവേ, നീ പോയ വഴിയിൽക്കൂടി അതേ കാൽച്ചുവടുകളിൽക്കൂടി ഗോഗുൽത്തായിലേക്കുള്ള പടവുകൾ കയറാൻ ഞാൻ ഇതാ ഒരുങ്ങുന്നു. യേശുവേ, എന്റെ ആയുസ്സ് ഞാനിതാ തരുന്നു.

കർത്താവേ, എന്നെ കഴുകണമേ, യേശുനാഥാ, എന്നെ ശുദ്ധീകരിക്കണമേ, നിന്റെ ആണിപ്പാടുള്ള കരം എന്റെ ശിരസ്സിൽ വച്ച് എന്നെ കഴുകണമേ. എന്നെ അനുഗ്രഹിക്കണമേ. എന്റെ മേൽ നിന്റെ കൃപ പകരണമേ. എണ്ണിയാൽ തീരാത്ത പാപങ്ങളാണ് എന്റെ ജീവിതത്തിൽ ഉള്ളതെന്ന് ഞാൻ ഏറ്റുപറയുന്നു. നാഥാ, നീ എന്നെ കഴുകണമേ.

യേശുവേ, ഇതുവരെ ഞാൻ ലോകത്തിന്റെ ദാസൻ. ഇതുവരെ ഞാൻ ക്രൂശിന്റെ ശത്രു. എന്നാൽ ഇന്നുമുതൽ യേശുവേ, ഞാൻ ക്രൂശിന്റെ സാക്ഷി, ക്രൂശിന്റെ മിത്രം.

## പതിനാല്

*"എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു: അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ച്, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നേ, കുഴിച്ചിരിക്കുന്നു."      യിരമ്യാവ് 2 : 13*

ദാഹം മാറ്റുന്ന ജീവ ഉറവ! അത് തെളിനീരരുവിയായി, അത് സുഖശീതളമായ ശുദ്ധജലമായി ആവശ്യക്കാരുടെ നേരെ ഒഴുകി വരുന്നുണ്ട്. എന്നാൽ എന്റെ ജനം ആ ജീവ ഉറവയെ ഉപേക്ഷിച്ചു.

അവർക്ക് ജീവജലം വേണ്ട. അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു. പൊട്ടക്കിണറുകളെ, വെള്ളമില്ലാത്ത കിണറുകളെ കുഴിക്കുന്നു.

ഏശാവിന് പറ്റിയ അപകടം അതാണ്. ഏശാവിന് അനുഗ്രഹം ലഭിക്കാതെ പോയത് അതാണ്. അനുഗ്രഹം ലഭിക്കാമായിരുന്ന ഒരു കുടുംബത്തിലാണ് ജനിച്ചത്. നല്ലൊരു കുലീനമായ പാരമ്പര്യമാണുള്ളത്.

വിശ്വാസവീരനായ അബ്രാഹാമിന്റെ, വിശ്വാസിയായ യിസ്ഹാക്കിന്റെ തലമുറയിലാണ് ഏശാവ് ജനിച്ചത്. എന്തുഭാഗ്യകരമായ ചുറ്റുപാടാണുള്ളത്! പക്ഷേ, ഏശാവിന് അനുഗ്രഹം ലഭിച്ചില്ല. ഏശാവ് ഏങ്ങലടിച്ചു കരയുന്നത് ഉല്പത്തി പുസ്തകത്തിൽ നാം കാണുന്നുണ്ട്. ഏശാവ് പറയുകയാണ് അപ്പാ, എന്നെ എന്നെയും കൂടെ അനുഗ്രഹിക്കണമേ.

*"അവനും രുചികരമായ ഭോജനം ഉണ്ടാക്കി*

*അപ്പന്റെ അടുക്കൽ കൊണ്ടുചെന്ന് അപ്പനോട്: അപ്പൻ എഴുന്നേറ്റ് മകന്റെ വേട്ടയിറച്ചി തിന്ന് എന്നെ അനുഗ്രഹിക്കേണമേ എന്ന് പറഞ്ഞു. അവന്റെ അപ്പനായ യിസ്ഹാക്ക് അവനോട്: നീ ആർ എന്നു ചോദിച്ചതിന്: ഞാൻ നിന്റെ മകൻ, നിന്റെ ആദ്യജാതൻ ഏശാവ് എന്ന് അവൻ പറഞ്ഞു."*

*ഉല്പത്തി 27 : 31, 32*

ഏശാവ് യിസ്ഹാക്കിന്റെ മുന്നിൽ ചെന്ന് എന്നെ അനുഗ്രഹിക്കണമേ എന്ന് പറഞ്ഞു. യിസ്ഹാക്കിന്റെ കണ്ണുകാഴ്ച മങ്ങിയിരിക്കുകയാണ്. ആളെ തിരിച്ചറിയാൻ വയ്യ. ഏശാവാണെന്ന് വിചാരിച്ച് യിസ്ഹാക്ക് യാക്കോബിനെ അനുഗ്രഹിച്ചു കഴിഞ്ഞിരുന്നു. ഇപ്പോൾ ഏശാവ് വന്നിരിക്കുന്നു.

നീ ആർ മകനേ, എന്ന് യിസ്ഹാക്ക് ചോദിച്ചു. ഞാൻ നിന്റെ ആദ്യജാതൻ ഏശാവ് എന്ന് അവൻ പറഞ്ഞു. ഞാൻ നിന്റെ ആദ്യജാതൻ ഏശാവ് എന്ന് ഇനി പറയാൻ ഏശാവിന് അവകാശമില്ല. കാരണം, ഏശാവ് ജ്യേഷ്ഠാവകാശത്തെ അലക്ഷ്യമാക്കി കളഞ്ഞവനാണ്.

ജ്യേഷ്ഠാവകാശം ഉണ്ടായിരുന്നു. അത് നിസ്സാരമാക്കിക്കളഞ്ഞവനാണ്; പൊട്ടക്കിണർ കുഴിച്ചവനാണ്; ജീവ ഉറവയെ ഉപേക്ഷിച്ചവനാണ്; ജ്യേഷ്ഠാവകാശത്തിന്റെ പദവി കൈവിട്ട് കളഞ്ഞവനാണ്. വാസ്തവത്തിൽ ജ്യേഷ്ഠാവകാശത്തിന്റെ പദവി അവൻ വിറ്റ് കളഞ്ഞവനാണ്.

*"ഒരിക്കൽ യാക്കോബ് ഒരു പായസം വച്ചു; ഏശാവ് വെളിമ്പ്രദേശത്തുനിന്നു വന്നു; അവൻ നന്നാ ക്ഷീണിച്ചിരുന്നു. ഏശാവ് യാക്കോബിനോട്: ആ ചുവന്ന പായസം കുറെ എനിക്ക് തരേണം; ഞാൻ നന്നാ ക്ഷീണിച്ചിരിക്കുന്നു എന്നു പറഞ്ഞു. അതുകൊണ്ട് അവന് ഏദോം (ചുവന്നവൻ) എന്നു പേരായി."* *ഉല്പത്തി 25 : 29, 30*

ഏശാവ് യാക്കോബിനോട് പറയുകയാണ്: നീ ഉണ്ടാക്കിയ ആ പായസമുണ്ടല്ലോ. ആ പായസം കാണുമ്പോൾ തന്നെ എന്റെ കണ്ണിന് ആനന്ദകരമാണ്. ആ ചുവന്ന പായസം കുറെ എനിക്ക് തരണം എന്ന് പറഞ്ഞു.

> *"നിന്റെ ജ്യേഷ്ഠാവകാശം ഇന്ന് എനിക്കു വിൽക്കുക എന്ന് യാക്കോബ് പറഞ്ഞു. അതിന് ഏശാവ്: ഞാൻ മരിക്കേണ്ടി വരുമല്ലോ; ഈ ജ്യേഷ്ഠാവകാശം എനിക്ക് എന്തിന് എന്നു പറഞ്ഞു. ഇന്ന് എന്നോട് സത്യം ചെയ്ക എന്ന് യാക്കോബ് പറഞ്ഞു. അവൻ അവനോട് സത്യം ചെയ്തു; തന്റെ ജ്യേഷ്ഠാവകാശം യാക്കോബിനു വിറ്റു. യാക്കോബ് ഏശാവിന് അപ്പവും പയറുകൊണ്ടുള്ള പായസവും കൊടുത്തു; അവൻ ഭക്ഷിച്ചു പാനം ചെയ്ത്, എഴുന്നേറ്റ് പോയി; ഇങ്ങനെ ഏശാവ് ജ്യേഷ്ഠാവകാശത്തെ അലക്ഷ്യമാക്കിക്കളഞ്ഞു."* *ഉല്പത്തി 25 : 31 – 34*

യാക്കോബ് ഏശാവിനോട് പറഞ്ഞു: നിന്റെ ജ്യേഷ്ഠാവകാശം എനിക്ക് തരിക. ഞാൻ പായസം തരാം. ഏശാവ് ചിന്തിച്ചു: "എനിക്ക് അല്പനേരത്തെ മധുരം മതി. ജ്യേഷ്ഠാവകാശം എനിക്ക് എന്തിന്?"

ആ വാക്ക് എത്ര അപകടകരമായിപ്പോയി. വിലപ്പെട്ടതിനെ നിസ്സാരമാക്കിക്കളഞ്ഞു. അനേകർക്ക് പറ്റുന്ന അപകടം അതാണ്. ഒരു നിമിഷനേരത്തെ രസവും മധുരവും സുഖവും. നൈമിഷികമായ ആനന്ദത്തിന് വേണ്ടി നിത്യമായ ശ്രേഷ്ഠതയെ ആണ് നഷ്ടപ്പെടുത്തിക്കളയുന്നത്.

ഏശാവ് യാക്കോബിനോട് സത്യം ചെയ്തു, തന്റെ ജ്യേഷ്ഠാവകാശം യാക്കോബിന് വിറ്റു. ഏശാവ് അപ്പം തിന്നു, പായസം കുടിച്ചു. എന്താണ് നഷ്ടപ്പെടുത്തിയതെന്ന്, വിലപ്പെട്ട നിധിയാണ് നഷ്ടപ്പെട്ടതെന്ന് അവൻ ചിന്തിക്കുന്നില്ല.

"അവൻ ഭക്ഷിച്ചു, പാനം ചെയ്തു, എഴുന്നേറ്റുപോയി" വേദപുസ്തകത്തിലെ ഓരോ വാക്കിന്റേയും അസ്ത്രസമാനമായ മൂർച്ച നാം ശ്രദ്ധിക്കേണ്ടതാണ്.

അനേകം ആളുകൾ ഇന്ന് നിമിഷനേരത്തെ സുഖത്തിനുവേണ്ടി നിത്യസന്തോഷം നഷ്ടപ്പെടുത്തിക്കളയുകയാണ്. ദൈവത്തിന്റെ വചനത്തെ ധിക്കരിച്ച് എഴുന്നേറ്റ് പോവുകയാണ്. ദൈവത്തിന്റെ വചനം കേൾക്കുമ്പോൾ പുച്ഛം മനസ്സിൽ നിറഞ്ഞുവരികയാണ്. വചനം കേൾക്കുമ്പോൾ മനസ്സിൽ പരിഹാസം തിളച്ചുവരികയാണ്. ഒരു കൂസലുമില്ല.

ഇന്ന് നിങ്ങൾ വിലപ്പെട്ടത് നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണോ എന്ന് ചിന്തിക്കൂ. തത്ക്കാലത്തേക്കുള്ള മനുഷ്യരുടെ ബഹുമതിക്കുവേണ്ടി, മനുഷ്യരുടെ അംഗീകാരത്തിനുവേണ്ടി നിത്യമായ സൗഭാഗ്യം നഷ്ടപ്പെടുത്തുകയാണോ?

നിങ്ങൾ ഹൃദയത്തിൽ തീരുമാനമെടുക്കുക. ഈ മണ്ണേപ്രതി മാണിക്യം ഞാൻ വെടിയുകയില്ല.

ഏശാവ് വന്നപ്പോഴേക്കും അനുഗ്രഹം യാക്കോബിനായിക്കഴിഞ്ഞു. നഷ്ടത്തിന്റെ ആ കനത്ത പ്രാധാന്യം അവൻ ചിന്തിച്ചില്ല. അവൻ അപ്പന്റെ അടുക്കൽ വന്ന് ഏങ്ങലടിക്കുകയാണ്.

> *"അവന്റെ അപ്പനായ യിസ്ഹാക്ക് അവനോട്: നീ ആർ എന്ന് ചോദിച്ചതിന്: ഞാൻ നിന്റെ മകൻ, നിന്റെ ആദ്യജാതൻ ഏശാവ് എന്ന് അവൻ പറഞ്ഞു. അപ്പോൾ യിസ്ഹാക്ക് അത്യന്തം ഭ്രമിച്ചു നടുങ്ങി: എന്നാൽ വേട്ടതേടി എന്റെ അടുക്കൽ കൊണ്ടുവന്നവൻ ആർ? നീ വരും മുമ്പേ ഞാൻ സകലവും തിന്ന് അവനെ അനുഗ്രഹിച്ചിരിക്കുന്നു; അവൻ അനുഗ്രഹിക്കപ്പെട്ടവനുമാകും എന്നു പറഞ്ഞു. ഏശാവ് അപ്പന്റെ വാക്ക് കേട്ടപ്പോൾ അതിദു:ഖിതനായി ഉറക്കെ നിലവിളിച്ചു: അപ്പാ,*

*എന്നെ, എന്നെയും കൂടെ അനുഗ്രഹിക്കേണമേ എന്ന് അപ്പനോട് പറഞ്ഞു.” ഉല്പത്തി 27 : 32 – 34*

ഏശാവ് ജ്യേഷ്ഠാവകാശം വിറ്റതൊന്നും അപ്പൻ യിസ്ഹാക്ക് അറിയുന്നില്ല. പക്ഷേ, നിസ്സാരമായ ഒരു കാര്യത്തിനുവേണ്ടി വിലപ്പെട്ടത് നഷ്ടപ്പെടുത്തി എന്ന് സ്വർഗ്ഗത്തിലെ ദൈവം അറിഞ്ഞു.

ഭൂമിയിൽ നിന്റെ ഭാര്യ അറിഞ്ഞില്ല. മകളേ, നിന്റെ ഭർത്താവ് അറിഞ്ഞില്ല. നിന്റെ മാതാപിതാക്കൾ അറിഞ്ഞില്ല. നിന്റെ കൂടെ ജോലി ചെയ്യുന്നവർ അറിഞ്ഞില്ല. കൂട്ടായ്മയിലുള്ള ദൈവമക്കൾ അറിഞ്ഞില്ല. പക്ഷേ വിലയേറിയ സ്വത്താണ് നീ നഷ്ടപ്പെടുത്തിയതെന്ന് സ്വർഗ്ഗത്തിലെ ദൈവം അറിഞ്ഞു.

ഏശാവിന് ഈ അബദ്ധം പറ്റിയതെന്തുകൊണ്ടാണെന്ന് യിസ്ഹാക്കിന് മനസ്സിലായില്ല. യിസ്ഹാക്ക് അത്യന്തം ഭ്രമിച്ചു നടുങ്ങി: മോനേ, നീ വരുംമുമ്പ് ഞാൻ സകലവും തിന്ന് അവനെ അനുഗ്രഹിച്ചിരിക്കുന്നു. അവൻ അനുഗ്രഹിക്കപ്പെട്ടവനാകും. സംശയമില്ല. പൈതൃകാനുഗ്രഹം അവന്റെ ശിരസ്സിന്മേൽ വന്നുകഴിഞ്ഞു. അനുഗ്രഹം കൊടുത്തുകഴിഞ്ഞു.

“ഏശാവ് അപ്പന്റെ വാക്കുകേട്ട് അതിദു:ഖിതനായി ഉറക്കെ നിലവിളിച്ചു:” അപ്പാ, എന്നെ എന്നെയും കൂടെ അനുഗ്രഹിക്കണമേ എന്ന് പറഞ്ഞു.” ഏശാവ് സമയം കഴിഞ്ഞ് നിലവിളിച്ചു.

*“അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു മാനസാന്തരത്തിന് ഇട കണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ.” എബ്രായർ 12 : 17*

പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു. കണ്ണുനീരോടെ അപേക്ഷിച്ചു തള്ളപ്പെട്ടു. അപ്പാ, എന്നേയും

കൂടെ അനുഗ്രഹിക്കണമേ എന്ന് അപ്പനോട് പറഞ്ഞു.

> *"അതിന് അവൻ: നിന്റെ സഹോദരൻ ഉപായത്തോടെ വന്നു നിന്റെ അനുഗ്രഹം അപഹരിച്ചുകളഞ്ഞു എന്നു പറഞ്ഞു. ശരി, യാക്കോബ് എന്നല്ലോ അവന്റെ പേർ; രണ്ട് പ്രാവശ്യം അവൻ എന്നെ ചതിച്ചു; അവൻ എന്റെ ജ്യേഷ്ഠാവകാശം അപഹരിച്ചു; ഇപ്പോൾ ഇതാ, എന്റെ അനുഗ്രഹവും അപഹരിച്ചുകളഞ്ഞു എന്ന് അവൻ പറഞ്ഞു. നീ എനിക്ക് ഒരു അനുഗ്രഹവും കരുതിവച്ചിട്ടില്ലയോ എന്ന് അവൻ ചോദിച്ചു. യിസ്ഹാക്ക് ഏശാവിനോട്: ഞാൻ അവനെ നിനക്കു പ്രഭുവാക്കി അവന്റെ സഹോദരന്മാരെയൊക്കെയും അവനു ദാസന്മാരാക്കി; അവന് ധാന്യവും വീഞ്ഞും കൊടുത്തു; ഇനി നിനക്കു ഞാൻ എന്തു തരേണ്ടൂ മകനേ എന്ന് ഉത്തരം പറഞ്ഞു. ഏശാവ് പിതാവിനോട്: നിനക്ക് ഒരു അനുഗ്രഹം മാത്രമേ ഉള്ളുവോ, അപ്പാ? എന്നെ, എന്നെയും കൂടെ അനുഗ്രഹിക്കേണമേ അപ്പാ എന്നു പറഞ്ഞ് പൊട്ടിക്കരഞ്ഞു."*
>
> *ഉല്പത്തി 27 : 35 – 38*

വാസ്തവത്തിൽ ജ്യേഷ്ഠാവകാശം യാക്കോബ് അപഹരിച്ചതല്ല, തന്ത്രത്തിൽ മേടിച്ചതല്ല, ഏശാവ് കൊടുത്തതാണ്. എന്നാൽ തന്റെ സൂക്ഷ്മതക്കുറവുകൊണ്ടും ശ്രദ്ധക്കുറവുകൊണ്ടും ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കിക്കളഞ്ഞതുകൊണ്ടാണ് അനുഗ്രഹം കിട്ടാത്തത് എന്ന് ഏശാവ് മനസ്സിലാക്കുന്നില്ല.

അത് മനസ്സോടെ മറന്നുകളയുകയാണ്. സ്വന്തം തെറ്റ് കാണാൻ സമ്മതമല്ല. സ്വന്തം തെറ്റ് മൂടിവയ്ക്കുകയാണ്. അവൻ രണ്ടുപ്രാവശ്യം എന്നെ ചതിച്ചു. എന്റെ ജ്യേഷ്ഠാവകാശം അപഹരിച്ചു. ഇപ്പോൾ ഇതാ, എന്റെ അനുഗ്രഹവും അപഹരിച്ചു കളഞ്ഞു എന്നുപറഞ്ഞു. നീ എനിക്ക് ഒരനുഗ്ര

ഹവും കരുതിവച്ചിട്ടില്ലയോ എന്ന് ഏശാവ് യിസ്ഹാക്കിനോട് ചോദിച്ചു.

ഞാൻ എല്ലാം കൊടുത്തുപോയല്ലോ. നിന്നെയും നിന്നോടുകൂടെയുള്ളവരെയും അവന്റെ അടിമകളാക്കി ത്തീർത്തിരിക്കുന്നു. ഞാൻ യാക്കോബിനെ നിന്റെ പ്രഭുവാക്കി തീർത്തിരിക്കുകയാണ്. അവന് ഞാൻ ധാന്യവും വീഞ്ഞും കൊടുത്തു. ഇനി ഞാൻ നിനക്ക് എന്തുതരേണ്ടൂ മകനേ എന്ന് യിസ്ഹാക്ക് പറഞ്ഞു.

"ഏശാവ് പിതാവിനോട്: നിനക്ക് ഒരു അനുഗ്രഹം മാത്രമേ ഉള്ളുവോ? അപ്പാ, എന്നെ, എന്നെയും കൂടെ അനുഗ്ര ഹിക്കേണമേ എന്നു പറഞ്ഞ് പൊട്ടിക്കരഞ്ഞു."

സഹോദരങ്ങളേ, ഇത് കൃപയുടെ കാലമാണ്. ഇന്ന് വേണമെങ്കിൽ അനുഗ്രഹം വാങ്ങാം. ഇന്ന് പെട്ടകത്തിൽ കട ക്കാം. ഇന്ന് രക്ഷപ്പെടാം. ഇന്ന് നമുക്ക് സമയമുണ്ട്. ഇത് ദുഷ്ക്കാലമാണ്. സമയം തക്കത്തിൽ നമുക്കുപയോഗിക്കാം. പെട്ടകത്തിന്റെ വാതിൽ തുറന്നിരിക്കുന്നുണ്ട്. ഇത് കൃപയുടെ കാലമാണ്. നിങ്ങളാരും പരിഭ്രമിക്കണ്ട. നിങ്ങളാരും ഭയപ്പെട ണ്ട. അനുഗ്രഹം വച്ചു നീട്ടുകയാണ്.

അനുഗ്രഹം കൈനീട്ടി യേശുവിന്റെ കരങ്ങളിൽ നിന്നു വാങ്ങാം. അനുഗ്രഹിക്കുവാൻ മനസ്സുള്ളവൻ, അനുഗ്രഹി പ്പാൻ അധികാരമുള്ളവൻ വന്നിട്ടുണ്ട്. സ്വർഗ്ഗാധിസ്വർഗ്ഗ ങ്ങൾക്ക് അടക്കുവാൻ വയ്യാത്തവൻ! അവൻ ഈ ഭൂമിയി ലേക്ക് കടന്നുവന്ന് ബേത്‌ലഹേം പുൽക്കൂട്ടിൽ പിറന്നു! മുപ്പ ത്തിമൂന്നരകൊല്ലം ജീവിച്ച് മൂന്നരകൊല്ലം പരസ്യശുശ്രൂഷ ചെയ്തു! അവൻ ഗോഗുൽത്തായിലെ കുരിശിൽ ഒതുങ്ങിക്കി ടന്നു! അവൻ അരിമത്യാക്കാരൻ യൗസേഫിന്റെ കല്ലറയിൽ അടക്കപ്പെട്ടു! മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു! യേശു ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നത് മകനേ, നിന്നെ അനുഗ്രഹി ക്കാൻ, നിന്റെ അടുക്കലേക്ക് വരാനാണ്. മകളേ, നിന്നെ അനു

ഗ്രഹിപ്പാൻ നിന്റെ അടുക്കലേക്ക് വരാനാണ്.

അനുഗ്രഹം കിട്ടിയേ അടങ്ങൂ എന്ന നിർബ്ബന്ധം നിങ്ങൾക്കുണ്ടോ, സ്വർഗ്ഗീയ അനുഗ്രഹം നിങ്ങൾക്ക് വേണമോ എന്ന് അവൻ നോക്കുകയാണ്. ഇത്രയും കാലം നീ എല്ലാം നഷ്ടപ്പെടുത്തിയെങ്കിലും എല്ലാം കളഞ്ഞുകുളിച്ചെങ്കിലും നിനക്കുള്ള അനുഗ്രഹങ്ങളും അവകാശങ്ങളും നിനക്ക് ദൈവം തരാൻ ആഗ്രഹിച്ചതെല്ലാം നീ നഷ്ടപ്പെടുത്തിക്കള ഞ്ഞെങ്കിലും ഇന്ന് പുതിയോരവകാശം തരാൻ യേശുക്രിസ്തു നിന്റെ സമീപത്ത് നിൽക്കുന്നു.

ദൈവപൈതലേ, ഈ സമയം നീ നഷ്ടപ്പെടുത്തരുത്. നിന്റെ അരികത്ത് നിൽക്കുന്ന യേശുവിനെ നിന്റെ ഹൃദയത്തി ലേക്ക് സ്വീകരിക്കുക. അവനായി നിന്റെ ഉള്ളം നീ തുറക്കുക. അവനോട് നീ വാക്ക് പറയുക. നാഥാ, ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടി. എന്റെ യേശുവേ, എനിക്കുവേണ്ടി നീ ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവി ക്കും. നിന്റെ തിരുരക്തം എനിക്കുവേണ്ടി ചിന്തിയതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.

## പതിനഞ്ച്

*"തന്റെ അപ്പൻ യാക്കോബിനെ അനുഗ്രഹിച്ച അനുഗ്രഹം നിമിത്തം ഏശാവ് അവനെ ദ്വേഷിച്ചു: അപ്പനെക്കുറിച്ച് ദു:ഖിക്കുന്ന കാലം അടുത്തിരിക്കുന്നു; അപ്പോൾ ഞാൻ എന്റെ സഹോദരനായ യാക്കോബിനെ കൊല്ലും എന്ന് ഏശാവ് ഹൃദയത്തിൽ പറഞ്ഞു."* *ഉല്പത്തി 27 : 41*

ഈ വാക്യത്തിൽ നിഴലിടുന്ന ആശയം ഇന്ന് മനുഷ്യജാതിയെ മുഴുവൻ ഗ്രസിച്ചിരിക്കുന്ന ഭയാനകമായ ഒരു വിപത്തിലേക്ക് വിരൽ ചൂണ്ടുന്നു. സഹോദരന്മാർ തമ്മിലുള്ള വൈരാഗ്യം.

ആദിമ മാതാപിതാക്കന്മാരുടെ ആദ്യത്തെ മക്കൾ കയീനും ഹാബെലും. വയലിൽ വച്ച് കയീൻ ഹാബെലിനെ കൊന്നു. സഹോദരനോട് വിദ്വേഷം. വിദ്വേഷത്തിന്റെ കാരണം ഹാബെലിലും അവന്റെ വഴിപാടിലും ദൈവം പ്രസാദിച്ചു, കയീനിലും അവന്റെ വഴിപാടിലും ദൈവം പ്രസാദിച്ചില്ല. കയീന് ഹാബെലിനോട് അസൂയയുണ്ടായി. കയീന് ഹാബെലിനോട് കോപമുണ്ടായി. നാം വയലിലേക്ക് പോക എന്നു പറഞ്ഞ് വയലിലേക്ക് വിളിച്ചുകൊണ്ടു പോയി. വയലിൽവച്ച് കയീൻ ഹാബെലിനോട് കയർത്തു. ഹാബെലിനെ കൊന്നു.

വേദപുസ്തകത്തിലുടനീളം ഈ ഭീകരമായ വിപത്ത് നാം കാണുന്നുണ്ട്. പരസ്പരമുള്ള വിദ്വേഷം, മത്സരം, അസൂയ, വൈരാഗ്യം! പകയും വിദ്വേഷവും ഹൃദയത്തിൽ കുമിഞ്ഞുകൂടി അത് പ്രതികാര ചിന്തയായി, പ്രതികാരാഗ്നി

യായി കത്തി അങ്ങനെ മനുഷ്യജീവിതങ്ങൾ നശിക്കുന്നു. അപകടത്തിൽ കലാശിക്കുന്നു. ഇവിടെ നാം അതാണ് കാണുന്നത്.

പരസ്പരം കിടമത്സരമാണ്. അത്ര വലിയ അംഗസംഖ്യകളൊന്നുമില്ല. വലിയ പ്രാരബ്ധങ്ങളുള്ള കുടുംബമല്ല. രണ്ട് മക്കൾ. ഏശാവും യാക്കോബും. പക്ഷേ, ജനിച്ചപ്പോൾ മുതൽ വൈരാഗ്യം വന്നുകഴിഞ്ഞു; ജനിച്ചപ്പോൾ മുതൽ ഭിന്നത ഉടലെടുത്തുകഴിഞ്ഞു.

അനേകം കുടുംബങ്ങൾ ഇന്ന് നശിച്ചുകൊണ്ടിരിക്കുന്നത് വൈരാഗ്യത്തിലാണ്. പരസ്പരമുള്ള ഭിന്നതയിലാണ്. കുടുംബങ്ങൾ തകർന്നുകൊണ്ടിരിക്കുകയാണ്. ഒരു പക്ഷേ, മദ്യപാനത്തിന് പോകുന്നില്ല. അല്ലെങ്കിൽ വേണ്ടാത്ത ജീവിതമില്ല. മ്ലേച്ഛമായ ദുഷ്കൃത്യങ്ങളില്ല. ദുഷ്ടതയുടെ മറ്റു പ്രവർത്തനങ്ങൾ ഒന്നുമില്ല.

ഭാര്യയും ഭർത്താവും തമ്മിലുള്ള ഭിന്നതകൊണ്ട് മുടിഞ്ഞുപോകുന്ന മക്കളുണ്ട്. ഭാര്യയും ഭർത്താവും തമ്മിലുള്ള അഭിപ്രായവ്യത്യാസംകൊണ്ട് മക്കൾക്കാണ് കേട് വരുന്നത്. മക്കൾക്ക് പഠിക്കാൻ പറ്റാതെ പോകുന്നു. അവർക്ക് ഒന്ന് ശാന്തമായിട്ടിരിക്കാൻപോലും പറ്റുന്നില്ല. അമ്മയും അപ്പനും തമ്മിലുള്ള തിക്കുകൊണ്ട് മക്കളുടെ സ്വഭാവം നശിക്കുന്നു എന്ന് മാതാപിതാക്കൾ അറിയുന്നില്ല. അവർ ചിന്തിക്കുന്നില്ല, അവർക്ക് അവരവരുടെ ന്യായങ്ങൾ കാണും.

ചിലപ്പോൾ നിസ്സാര കാര്യങ്ങളായിരിക്കും. ഒന്നു വിശകലനം ചെയ്ത് നോക്കിയാൽ ഇത്ര അർത്ഥശൂന്യമായ കാര്യങ്ങൾക്കാണോ വഴക്കടിച്ചത് എന്ന് തോന്നിപ്പോകും. ഒരു തീപ്പൊരി മതി ഒരു വീട് മുഴുവനും കത്തിക്കാൻ. “ഒറ്റ പൊരി വീടെ ചുറ്റും” എന്ന് പണ്ട് ടോൾസ്റ്റോയിയുടെ ഒരു കഥയിൽ പറയുന്നുണ്ട്. ഒരു നിസ്സാരകാര്യം മതി വഴക്ക് പെരുത്ത് പെരുത്ത് വലിയ നാശത്തിന് കാരണമാകുവാൻ.

സഹോദരങ്ങളേ, നമ്മുടെ കുടുംബങ്ങളിൽ ഐക്യം പുലർത്താൻ എന്താണ് വേണ്ടതെന്ന് നാം ചിന്തിക്കേണ്ടതാണ്. ഒരാൾ താണേ പറ്റുകയുള്ളൂ. രണ്ടുപേരും ഇന്നയാൾ താഴട്ടെ എന്ന് വിചാരിക്കണ്ട. ഒരാൾ താഴുക.

ജ്ഞാനിയായ ശലോമോൻ പറയുകയാണ്,

*"മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു."*
*സദൃശവാക്യങ്ങൾ 15 : 1*

മൃദുവായ ഉത്തരങ്ങൾ; മാർദ്ദവമുള്ള വാക്കുകൾ, മധുരമായ വാക്കുകൾ, സ്നേഹാർദ്രമായ വാക്കുകൾ, സ്നേഹം തുളുമ്പുന്ന വാക്കുകൾ. ആ വാക്കുകളിലൂടെ ക്രോധത്തെ ശമിപ്പിക്കാൻ കഴിയും.

നേരെ മറിച്ച് പലപ്പോഴും ഇങ്ങോട്ടൊന്ന് പറയുമ്പോൾ അങ്ങോട്ട് രണ്ട് പറഞ്ഞ് എരിതീയിൽ എണ്ണ ഒഴിക്കുന്നത് പോലെ കോപാഗ്നി കത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ അസൂയയാണ് കാരണം. ഏശാവിന് കിട്ടേണ്ട അനുഗ്രഹം യാക്കോബിന് കിട്ടിപ്പോയി.

*"എന്നാറെ അവന്റെ അപ്പനായ യിസ്ഹാക്ക് ഉത്തരമായിട്ട് അവനോടു പറഞ്ഞത്: നിന്റെ വാസം ഭൂമിയിലെ പുഷ്ടി കൂടാതെയും മീതെ ആകാശത്തിലെ മഞ്ഞുകൂടാതെയും ഇരിക്കും. നിന്റെ വാളുകൊണ്ടു നീ ഉപജീവിക്കും; നിന്റെ സഹോദരനെ നീ സേവിക്കും. നിന്റെ കെട്ട് അഴിഞ്ഞുപോകുമ്പോൾ നീ അവന്റെ നുകം കഴുത്തിൽ നിന്ന് കുടഞ്ഞുകളയും."* *ഉല്പത്തി 27 : 39 – 40*

അപ്പനായ യിസ്ഹാക് മകനോട് പറഞ്ഞു: മോനേ, നിനക്ക് അനുഗ്രഹം ഉണ്ടാവുകയില്ല. ഈ ഭൂമിയിലെ പുഷ്ടി നിനക്കു ലഭിക്കുകയില്ല. ആകാശത്തിലെ മഞ്ഞിന്റെ അനുഗ്രഹം നിനക്കു ലഭിക്കുകയില്ല. പ്രകൃതി പോലും നിനക്ക് എതിരായിരിക്കും. ഊഷര ഭൂമിയിൽ കൂടി നീ അലഞ്ഞ് തിരിയേണ്ടി

വരും. നീ വരണ്ടുണങ്ങിയ ഭൂമിയിൽക്കൂടി സഞ്ചരിക്കേണ്ടി വരും.

നിന്റെ വാളുകൊണ്ടു നീ ഉപജീവിക്കും. നീ വെട്ടിപ്പിടിക്കും. നിന്റെ ജീവിതത്തിൽ എന്നും കലക്കവും കലഹവുമായിരിക്കും, എന്നും പ്രശ്നമായിരിക്കും.

ഏശാവേ, എനിക്ക് നിന്നോട് പറയാതിരിക്കാൻ വയ്യ. വരാനിരിക്കുന്നത് ഞാൻ വെളിപ്പെടുത്തിക്കൊള്ളട്ടെ. നീ നിന്റെ സഹോദരന്റെ ദാസനായിത്തീരും. നീ നിന്റെ സഹോദരനെ സേവിക്കും. ഏശാവിന് ഞെട്ടൽ വരുന്ന വാക്കുകളാണ് അപ്പൻ പറയുന്നത്.

നീ ബന്ധനത്തിലാകും. ആ ബന്ധനമൊന്ന് അഴിഞ്ഞുകിട്ടാനായിട്ട് നീ ശ്രമിക്കും. സഹോദരന്റെ അടിമത്വത്തിൽനിന്ന് മോചനം കിട്ടാനുള്ള നിന്റെ യത്നം കുടഞ്ഞ് കളഞ്ഞ് പോകുന്നതുപോലെ നീ പരിശ്രമിച്ച് അതിൽനിന്ന് രക്ഷപ്പെടാൻ നോക്കും. എന്റെ മോനേ, നീ സഹോദരന്റെ ദാസനായിത്തീരുമല്ലോ. അപ്പന് സങ്കടമുണ്ട്. പക്ഷേ വരാൻ പോകുന്ന കാര്യം അപ്പൻ മുൻകൂട്ടി കാണുകയാണ്.

“നിന്റെ കെട്ട് അഴിഞ്ഞുപോകുമ്പോൾ നീ അവന്റെ നുകം കഴുത്തിൽനിന്ന് കുടഞ്ഞുകളയും.”

അവന് വരാൻ പോകുന്നത് ദൈവം കണ്ടു. ദൈവം അത് അപ്പനായ യിസ്ഹാക്കിന്റെ നാവിന്മേൽ വരച്ചുകൊടുത്തു. വരാനിരിക്കുന്ന കാര്യം പ്രവചനാത്മകമായി യിസ്ഹാക്ക് പറഞ്ഞതാണ്. എന്നാൽ യാക്കോബിന് അപ്പൻ കൊടുത്ത അനുഗ്രഹം എന്താണ്?

> *“അവൻ അടുത്ത് ചെന്ന് അവനെ ചുംബിച്ചു. അവൻ അവന്റെ വസ്ത്രങ്ങളുടെ വാസന മണത്ത് അവനെ അനുഗ്രഹിച്ചു പറഞ്ഞത്: ഇതാ, എന്റെ മകന്റെ വാസന യഹോവ അനുഗ്രഹിച്ചിരിക്കുന്ന വയലിലെ വാസനപോലെ. ദൈവം ആകാശ*

*ത്തിന്റെ മഞ്ഞും ഭൂമിയുടെ പുഷ്ടിയും അനവധി ധാന്യവും വീഞ്ഞും നിനക്കു തരുമാറാകട്ടെ. വംശ ങ്ങൾ നിന്നെ സേവിക്കട്ടെ; ജാതികൾ നിന്നെ വണ ങ്ങട്ടെ; നിന്റെ സഹോദരന്മാർക്കു നീ പ്രഭുവായിരി ക്ക; നിന്റെ മാതാവിന്റെ പുത്രന്മാർ നിന്നെ വണങ്ങ ട്ടെ. നിന്നെ ശപിക്കുന്നവൻ എല്ലാം ശപിക്കപ്പെട്ട വൻ; നിന്നെ അനുഗ്രഹിക്കുന്നവൻ എല്ലാം അനു ഗ്രഹിക്കപ്പെട്ടവൻ." ഉല്പത്തി 27 : 27 – 29*

യാക്കോബിന് അനുഗ്രഹം സമൃദ്ധിയായി കൊടുക്കുക യാണ്. ഏശാവ് ഇതെല്ലാം കേട്ടു. യാക്കോബിന് അനുഗ്രഹം കിട്ടി. എനിക്ക് അനുഗ്രഹം കിട്ടിയില്ല. ഏശാവിന്റെ ഉള്ള് അസൂ യകൊണ്ടും കോപാവേശം കൊണ്ടും നിറഞ്ഞു.

ഏശാവ് അപ്പനോട് കോപിക്കുകയാണ്; സഹോദര നോട് കോപിക്കുകയാണ്; ഹൃദയം നിറയെ പരിഭവമാണ്; ഉള്ള് നിറയെ പരാതിയാണ്; ഹൃദയത്തിൽ നിറഞ്ഞ കോപാവേ ശമാണ്.

പ്രിയപ്പെട്ടവരേ, നിങ്ങൾ ഇപ്പോൾ ചിന്തിക്കണം. എന്റെ ജീവിതത്തിൽ ഞാൻ ആരോടെല്ലാം ഹൃദയത്തിൽ ഈർഷ്യ വച്ചുകൊണ്ടിരിക്കുന്നുണ്ട്? സ്വന്തം സഹോദരന്മാരോട് അസൂ യയുണ്ടോ? അത് നിങ്ങളുടെ അമ്മയുടെ മക്കളായി പിറന്ന സഹോദരന്മാരോടാണോ അതോ ആത്മീയ സഹോദരന്മാരോ ടാണോ? നിങ്ങൾക്ക് ഇന്ന് ഐക്യം ലഭിക്കാതിരിക്കുന്നത് എവിടെയാണ്? ഒരുമനസ്സ് കിട്ടാതിരിക്കുന്നത് എവിടെയാണ്? ഒരു ഹൃദയമായി തീരാൻ പറ്റാതിരിക്കുന്നത് എവിടെയാണ്?

അപ്പൻ എനിക്ക് തന്നത് പോരാ, അനിയനാണ് കൂടുതൽ കൊടുത്തത്. അല്ലെങ്കിൽ ചേട്ടനാണ് കൂടുതൽ കൊടുത്തത്. അപ്പൻ എന്റെ കഷ്ടപ്പാട് കാണുന്നില്ല. അപ്പൻ ഭാഗം വച്ച പ്പോൾ എനിക്ക് കുറച്ചേ തന്നുള്ളൂ. ഇങ്ങനെ പരാതികളുള്ളവ രുണ്ട്. അപ്പനോട് പരിഭവമുള്ളവരുണ്ട്. അപ്പനോട് നിറഞ്ഞ

ദേഷ്യമുള്ളവരുണ്ട്.

പുറമേ പറയണമെന്നില്ല. ചിലർ പുറമേ പറയുകയും ചെയ്യും. നമ്മുടെ ഹൃദയം എങ്ങനെയാണ്? കുടുംബങ്ങൾ എങ്ങനെയാണ്?

വേദപുസ്തകം വായിക്കുമ്പോൾ കാണാം: ഏശാവിന്റെ സന്തതി പരമ്പരകൾ എക്കാലത്തും യിസ്രായേൽ ജാതിക്ക് അടിമകളായി നിൽക്കുന്നത്.

സഹോദരങ്ങളേ, ഇന്ന് അനേകം കുടുംബങ്ങൾ നശിക്കുന്നതെന്തുകൊണ്ടാണ്? അനേകം സ്ഥാപനങ്ങൾ മുടിയുന്നതെങ്ങനെയാണ്? ഭിന്നത അകത്ത് വന്നിരിക്കുന്നു. അനേകം കൂട്ടായ്മകൾ നശിക്കുന്നതെങ്ങനെയാണ്? കൂട്ടായ്മകളിൽ തൊഴുത്തിൽക്കുത്ത് നടക്കുന്നു. ഇന്ന് സഭകൾ വീര്യം കെട്ടുപോയത് എങ്ങനെയാണ്? പരസ്പരം ഭിന്നത വരുന്നു, ഐക്യം നഷ്ടപ്പെട്ടുപോകുന്നു.

നിങ്ങളുടെ കുടുംബത്തിലേക്ക് നോക്കൂ. അപ്പനും അമ്മയും മക്കളും ഒരു ഹൃദയമായി നിൽക്കാൻ പറ്റുന്നുണ്ടോ? കുടുംബത്തിൽ ദൈവരാജ്യം വരട്ടെ. കുടുംബം സ്വർഗ്ഗമായിത്തീരണം. കുടുംബത്തിൽ സ്വർഗ്ഗീയ സ്നേഹം നിറയണം. നമ്മുടെ കുടുംബം ഐക്യത്തിൽ പുലരാൻ സാധിക്കണം. ഐക്യം പുലർത്തുന്ന കുടുംബങ്ങളായിത്തീരണം.

ഒരു പ്രസിദ്ധനായ പ്രസംഗകൻ പറഞ്ഞ ഉദാഹരണ കഥയുണ്ട്. എന്താണ് ദൈവരാജ്യം? ഒരു ദൈവദാസനെ സ്വർഗ്ഗവും നരകവും കാണിച്ചു കൊടുക്കുവാൻ മാലാഖ കൂട്ടിക്കൊണ്ടുപോവുകയാണ്.

നരകത്തിലേക്കാണ് ആദ്യം കൂട്ടിക്കൊണ്ട് പോയത്. നരകം എന്ന് പറഞ്ഞാൽ ഭയങ്കരമായ നാശമാണ്, ഒരിക്കലും ഒരു സ്വസ്ഥതയില്ലാത്ത സ്ഥലമാണ് എന്നാണ് ധരിച്ചിരുന്നത്. ഭക്ഷണസമയത്താണ് ഈ ദൈവദാസനെ മാലാഖ കൂട്ടിക്കൊണ്ടുപോയത്. മേശകളിലെല്ലാം നല്ല സ്വാദിഷ്ടമായ, രുചി

കരമായ ഭക്ഷണം വിളമ്പിവച്ചിരിക്കുന്നു. ദൈവദാസനോട് മാലാഖ പറഞ്ഞു: നരകത്തിലുള്ളവരെല്ലാം ഇപ്പോൾ ഭക്ഷണം കഴിക്കാൻ വരും.

എല്ലാവരും വന്ന് ഭക്ഷണമേശയിൽ ഇരുന്നു. അവർ ഭക്ഷണം കഴിക്കാൻ ബദ്ധപ്പെട്ട് ഭക്ഷണം വാരി എടുക്കുക യാണ്. എടുക്കുമ്പോൾ അത് വായിലേക്ക് കൊണ്ടുവരുവാൻ പറ്റുന്നില്ല. കാരണം, കൈ മടങ്ങുന്നില്ല. കൈയുടെ രണ്ടുവ ശത്തും വലിയ ഓരോ വാരിക്കമ്പ് വച്ചുകെട്ടിയിരിക്കുകയാണ്. അതുകൊണ്ട് കൈ വളയ്ക്കാൻ പറ്റുകയില്ല. കൈ ഒരു ഭാഗ ത്തേക്ക് തിരിക്കാൻ പറ്റുകയില്ല. കൈ വളയ്ക്കാതെ വായുടെ അടുത്തേക്ക് കൊണ്ടുവരുവാൻ പറ്റുകയില്ലല്ലോ.

കൈയിൽ ഭക്ഷണം എടുത്തിട്ട് വായിലേക്ക് കൊണ്ടുവ രാൻ പറ്റാത്തതുകൊണ്ട് അവർക്ക് നിരാശ വരുന്നു. നിരാശ വന്നപ്പോൾ കോപം വരുന്നു. ഉടനെ ദേഷ്യം വന്ന് അങ്ങോട്ടും ഇങ്ങോട്ടും പാത്രങ്ങൾ വലിച്ചെറിയുകയാണ്. കോപാവേശ മായി, ആക്രോശങ്ങളായി, വലിയ ബഹളമായി. നരകത്തിന്റെ ഭീകരത ദൈവദാസനെ കാണിച്ചുകൊടുത്തു. നരകം ഇങ്ങനെ യാണ്. അങ്ങോട്ടും ഇങ്ങോട്ടും വഴക്കാണ്.

പിന്നെ മാലാഖ ദൈവദാസനെ സ്വർഗ്ഗത്തിലെത്തിച്ചു. അവിടെയും ഇതേ ആഹാരം, ഇതേപോലുള്ള ഭക്ഷണമേശ. ദൈവദാസൻ നോക്കിയപ്പോൾ അവരുടെ കൈയിലും വാരി ക്കമ്പ് വച്ചുകെട്ടിയിട്ടുണ്ട്. അവർ ആഹാരം എടുത്തു. ഒരാൾ മറ്റവന്റെ വായിലേക്ക് വച്ച് കൊടുത്തു. മറ്റവൻ ഇങ്ങോട്ടും വച്ചുകൊടുത്തു. അങ്ങോട്ടും ഇങ്ങോട്ടും കൊടുക്കുന്നു. അവിടെ സ്നേഹമാണ്, ഐക്യമാണ്. ഇതുപോലെ പരസ്പരം സ്നേഹത്തിന്റെ, ഐക്യത്തിന്റെ, വിട്ടുവീഴ്ചാമനോഭാവ ത്തിന്റെ നിസ്വാർത്ഥമായ സമീപനം നമുക്ക് വരുമ്പോൾ അവിടെ ഐശ്വര്യമാണ്; സമൃദ്ധിയാണ്, സന്തോഷമാണ്, സമാധാനമാണ്.

നമ്മുടെ കുടുംബങ്ങളുടെ അവസ്ഥ എങ്ങനെയിരിക്കുന്നു? പ്രിയപ്പെട്ടവരേ, നമ്മുടെ ഓരോരുത്തരുടേയും കുടുംബങ്ങളിൽ ഐക്യം പുലരണം; സമാധാനം പുലരണം. അതിനുള്ള മാർഗ്ഗമാണ് കർത്താവായ യേശു ക്രൂശിൽ കാണിച്ചു തന്നത്.

യേശുതമ്പുരാൻ ക്രൂശും പേറിപ്പോകുമ്പോൾ അവിടുത്തേക്ക് ആരോടും പരിഭവമുണ്ടായിരുന്നില്ല. ആരോടും പരാതിയുണ്ടായിരുന്നില്ല. എന്തിനെന്നോട് ഇങ്ങനെ ചെയ്തു? എന്തിനെന്റെ മുഖത്ത് തുപ്പി, എന്റെ കരണത്തേക്ക് അടിച്ചു എന്ന ചോദ്യമുണ്ടായിരുന്നില്ല.

കർത്താവ് കുരിശിൽ കിടന്നുകൊണ്ട് ആദ്യമായി പ്രാർത്ഥിച്ച പ്രാർത്ഥന: പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ എന്നാണ്. ഈ സ്നേഹമാണ് നമുക്കുവേണ്ടത്. അതിൽ കുറഞ്ഞൊന്നുമല്ല. ക്രൂശിൽ കാണിച്ചു തന്ന സ്നേഹം!

ഇത് പുസ്തകത്തിന്റെ പേജുകളിൽ തങ്ങിനിന്നാൽ പോരാ. അതിനപ്പുറത്തേക്ക്, നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ചെറുതും വലുതുമായ മേഖലകളിലൊക്കെയും ഈ സ്നേഹം വന്ന് വിടർന്ന് പ്രശോഭിച്ചു നിൽക്കണം.

യേശുക്രിസ്തുവിന്റെ നാമത്തിൽ ഹൃദയപൂർവ്വം ഞാനിതാ ക്ഷമിക്കുന്നു, പൂർണ്ണഹൃദയത്തോടെ ഞാനിതാ ക്ഷമിക്കുന്നു, ഞാൻ സ്നേഹിപ്പാൻ തുടങ്ങുന്നു. നിങ്ങൾക്ക് തീരുമാനിക്കാം. നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് വേണ്ടി നിങ്ങൾക്ക് പ്രാർത്ഥിക്കാം. അവരുടെ നന്മ ആഗ്രഹിക്കാം. അവരുടെ ശ്രേഷ്ഠമായ ഭാവി ആഗ്രഹിക്കാം. അതിനുവേണ്ടി നിങ്ങളെത്തന്നെ താഴ്ത്തികൊടുക്കൂ. കുരിശിൻ ചുവട്ടിൽ അർപ്പണം ചെയ്യുക. കുരിശിലെ താഴ്മയിലേക്ക്, കുരിശിലെ സ്നേഹത്തിലേക്ക് താഴുക.

## പതിനാറ്

*"നാളത്തെ ദിവസംചൊല്ലി പ്രശംസിക്കരുത്; ഒരു ദിവസത്തിൽ എന്തെല്ലാം സംഭവിക്കും എന്ന് അറിയുന്നില്ലല്ലോ." സദൃശവാക്യങ്ങൾ 27 : 1*

ലോകജീവിതം ക്ഷണികമാണ്. ഒന്നും മുൻകൂട്ടി പ്ലാൻ ചെയ്യാൻ നമുക്ക് സാദ്ധ്യമല്ല. നമ്മുടെ പദ്ധതികൾപ്രകാരം കാര്യങ്ങൾ നീങ്ങുമെന്ന് വിചാരിക്കാൻ നിർവ്വാഹമില്ല. അനേകമനേകം കാര്യങ്ങൾ നാം ചിന്തയിൽ പ്ലാൻ ചെയ്യും. പല പദ്ധതികളും നാം ആസൂത്രണം ചെയ്യും. പക്ഷേ, അവിചാരിതമായും ആകസ്മികമായും അപ്രതീക്ഷിതമായും പലതും നമ്മുടെ ജീവിതത്തിൽ സംഭവിച്ചു പോകും.

*"ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്ന് പറയുന്നവരേ, കേൾപ്പിൻ: നാളത്തേത് നിങ്ങൾ അറിയുന്നില്ലല്ലോ; നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ. കർത്താവിന് ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്ന് ഇന്നിന്നത് ചെയ്യും എന്നല്ലയോ പറയേണ്ടത്. നിങ്ങളോ വമ്പു പറഞ്ഞു പ്രശംസിക്കുന്നു; ഈ വക പ്രശംസ എല്ലാം ദോഷം ആകുന്നു." യാക്കോബ് 4 : 13 – 16*

*"സകലജഡവും പുല്ലുപോലെയും അതിന്റെ ഭംഗി*

*എല്ലാം പുല്ലിന്റെ പൂപോലെയും ആകുന്നു; പുല്ലു വാടി, പൂവുതിർന്നുപോയി; കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു.” അത് ആകുന്നു നിങ്ങളോടു പ്രസംഗിച്ച വചനം.”*

*1 പത്രോസ് 1 : 24, 25*

സകല ജഡവും പുല്ലുപോലെയാണ്. അതിന്റെ ഭംഗിയെല്ലാം പുല്ലിന്റെ പൂപോലെയാണ്. പുല്ല് വാടിപ്പോകും. പൂവ് ഉതിർന്ന് താഴെ വീണുപോകും. നിലനിൽക്കുന്നത് കർത്താവിന്റെ വചനം മാത്രം. പ്രിയപ്പെട്ടവരേ, നാളത്തെ ദിവസം ചൊല്ലി പ്രശംസിക്കരുത്.

യിസ്ഹാക്കിന്റെ ഭാര്യയായ റിബെക്കാ വിചാരിച്ചു, യാക്കോബിനെ തത്ക്കാലം പറഞ്ഞുവിട്ടാലും സാരമില്ല, ഏശാവിന്റെ കോപം അടങ്ങുമ്പോൾ യാക്കോബിനെ തിരികെ വരുത്താമല്ലോ എന്ന്. എന്നാൽ റിബെക്കായുടെ പദ്ധതി തെറ്റിപ്പോയി.

*“ആകയാൽ മകനേ, എന്റെ വാക്കു കേൾക്ക: നീ എഴുന്നേറ്റു ഹാരാനിൽ എന്റെ സഹോദരനായ ലാബാന്റെ അടുക്കലേക്ക് ഓടിപ്പോക. നിന്റെ സഹോദരന്റെ ക്രോധം ശമിക്കുവോളം കുറെ നാൾ അവന്റെ അടുക്കൽ പാർക്ക. നിന്റെ സഹോദരന് നിന്നോടുള്ള കോപം മാറി നീ അവനോട് ചെയ്തത് അവൻ മറക്കുംവരെ അവിടെ താമസിക്ക; പിന്നെ ഞാൻ ആളയച്ച് നിന്നെ അവിടെ നിന്നു വരുത്തിക്കൊള്ളാം.”* *ഉല്പത്തി 27 : 43 – 45*

യാക്കോബിനോട് റിബെക്കാ പറയുകയാണ്: നീ എന്റെ വാക്ക് കേൾക്കണം. നീ ദൂരെ ഹാരാനിലേക്ക് ഓടിപ്പോവുക. കുറച്ചുകാലം അവിടെ പാർക്കുക. ആ കുറച്ചുകാലംകൊണ്ട് നിന്റെ സഹോദരനായ ഏശാവിന്റെ കോപം ശമിച്ചുകൊള്ളും.

നിന്നെ കൊല്ലുവാൻ അവൻ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. അവന്റെ കോപം മാറുന്നതുവരെ എന്റെ സഹോദരനായ ലാബാന്റെ അടുക്കൽ പോയി നീ പാർത്തുകൊള്ളൂ. പിന്നെ ഞാൻ ആളയച്ച് നിന്നെ വരുത്തിക്കൊള്ളാം.

നല്ല ഒരു പ്ലാൻ ആയിരുന്നു റിബെക്കായുടെ മനസ്സിലുണ്ടായിരുന്നത്. മകനെ അവിടെനിന്ന് വിളിച്ചുകൊണ്ട് വരാൻ പറ്റും, ഏതാനും നാളത്തേക്ക് ഒന്ന് മാറി നിന്നുകൊള്ളട്ടെ എന്ന് മാത്രമേ റിബെക്കാ വിചാരിച്ചുള്ളൂ.

പക്ഷേ, ലാബാന്റെ അടുക്കൽനിന്ന് യാക്കോബ് മടങ്ങി വരുന്നതിന് ആളയയ്ക്കാൻ കഴിഞ്ഞില്ല. ആളുവിട്ടല്ല യാക്കോബ് മടങ്ങി വരുന്നത്. യാക്കോബ് മടങ്ങി വരുന്നതിനു മുമ്പ് അമ്മ റിബെക്കാ മരിച്ചുപോയിരുന്നു. ഈ മോനെ അമ്മയ്ക്ക് പിന്നെ കാണാൻ കഴിഞ്ഞില്ല. യാക്കോബിന് അമ്മയെയും കാണാൻ കഴിഞ്ഞില്ല.

അമ്മയുടെ ആഗ്രഹം മോനെ ആളയച്ചു വരുത്താം എന്നായിരുന്നു!

നമ്മുടെ ജീവിതത്തിൽ എന്തെല്ലാം കാര്യങ്ങൾ നാം പ്ലാൻ ചെയ്താലും എല്ലാം ക്ഷണികമായ, താത്ക്കാലികമായ കാര്യങ്ങൾ മാത്രം. നാളെ എന്ത് എന്ന് നമുക്കാർക്കും അറിഞ്ഞുകൂടാ. പല ചിന്തകൾ നമ്മുടെ മനസ്സിലുണ്ട്. പല കാര്യങ്ങൾ നാം ഭാവനയിൽ കാണുന്നുണ്ട്. നമ്മിൽ പലർക്കും പല സ്വപ്നങ്ങളുണ്ട്. നല്ല പ്രതീക്ഷകളുണ്ട്.

ഭാവിയെക്കുറിച്ച് ശോഭനമായ സ്വപ്നങ്ങൾ നാം നെയ്തെടുക്കുന്നുണ്ട്. പക്ഷേ, അതെല്ലാം സാധിക്കാൻ പോകുന്നോ ഇല്ലയോ എന്ന് നമുക്കാർക്കും അറിഞ്ഞുകൂടാ. ഓരോ ദിവസം കഴിയുന്തോറും എന്തെല്ലാം മാറ്റങ്ങളാണ് ഈ ഭൂമിയിൽ സംഭവിക്കുന്നത്? എത്രവേഗമാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്?

എല്ലാം ക്ഷണികമാണെന്നറിഞ്ഞുകൊണ്ട് നാം കർത്താവായ യേശുവിനെ മുറുകെപ്പിടിക്കണം. എന്തെല്ലാം മാറിയാലും യേശുക്രിസ്തു മാറുകയില്ല. ആരെല്ലാം വിട്ടുപോയാലും യേശു വിട്ടുപോവുകയില്ല. മനുഷ്യർ മറക്കും. മനുഷ്യർ മാറിപ്പോകും. മനുഷ്യന്റെ ആശയഗതികൾക്ക് മാറ്റം വരും. മനുഷ്യന്റെ സ്നേഹത്തിന് മാറ്റം വരും. മനുഷ്യന്റെ സഹായത്തിന് മാറ്റം വരും. മനുഷ്യന്റെ പ്രകൃതങ്ങൾക്ക് മാറ്റം വരും. പക്ഷേ, നിത്യനായ ക്രിസ്തുവിന്റെ സ്വഭാവം മാറുകയില്ല. ഇന്നലേയും ഇന്നും എന്നെന്നേക്കും മാറ്റമില്ലാത്തവനാണ് ക്രിസ്തു. Jesus Christ is the same yesterday, today and forever.

കർത്താവായ യേശുവിന്റെ കരങ്ങളിലേക്ക് നമ്മെ ഏല്പിക്കാൻ കഴിയുക. അത് എന്തൊരു സൗഭാഗ്യകരമായ അനുഭവമാണ്! യേശു ജീവിക്കുന്നു; ജീവിക്കുന്ന ക്രിസ്തുവിനായി നമ്മുടെ ജീവിതം വേർതിരിക്കുന്നതാണ് ഏറ്റവും മഹത്തായ അനുഭവം, ശ്രേഷ്ഠമായ അനുഭവം. വിലപ്പെട്ടതിനുവേണ്ടി നമ്മുടെ ജീവിതം വേർതിരിച്ച് വയ്ക്കുക. എല്ലാം മാറുമ്പോഴും മാറാത്തവനായ ക്രിസ്തുവിനെ നമ്മുടെ നാഥനും കർത്താവുമായി ഹൃദയത്തിലേക്ക് സ്വീകരിക്കാൻ സാധിക്കുക.

ക്രിസ്തുവിനോട് ചേർന്ന് നടക്കാൻ സാധിക്കുക. ക്രിസ്തു നമ്മുടെ കൂടെ നടക്കുന്നത്, ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമുക്ക് അനുഭവിക്കാൻ കഴിയും. വേദനിച്ചുപുളയുന്ന സമയങ്ങളിൽ, മനസ്സ് ദു:ഖിച്ചഴലുന്ന സമയങ്ങളിൽ, നാളെയെക്കുറിച്ചുള്ള ആശങ്കകൾ നമ്മെ ആകുലരാക്കുന്ന നിമിഷങ്ങളിൽ യേശുവിന്റെ തൃക്കരം നമ്മെ തലോടുന്നതും കണ്ണുനീർ തുടയ്ക്കുന്നതും നമുക്കനുഭവിക്കാൻ കഴിയും.

*"യഹോവ നല്ലവനെന്നു രുചിച്ചറിവിൻ; അവനെ ശരണംപ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ."*

*സങ്കീർത്തനങ്ങൾ 34 : 8*

ഈ മഹാഭാഗ്യം നാം അനുഭവിക്കുമ്പോഴാണ് കഷ്ടപ്പാട് നിറഞ്ഞ ലോകത്തിൽ, ദുരിതങ്ങളും ഞെരുക്കങ്ങളും യാതനകളുമുള്ള ഈ ലോകത്തിൽ അനേകം പ്രതിസന്ധികൾ വന്ന് ആഞ്ഞടിച്ച് നമ്മെ തകർക്കുന്ന ഈ ലോകത്തിൽ നമുക്ക് ധൈര്യം ലഭിക്കുന്നത്; അത്യുന്നതൻ കൂടെയുണ്ട് എന്നുള്ള ഉറപ്പ് നമുക്ക് ലഭിക്കുന്നത്. ഭക്തന്മാർ അങ്ങനെയായിരുന്നു. ഭക്തന്മാർ യേശുവിനോട് കൂടെ നടന്നവരായിരുന്നു. യേശുവിന്റെ സാന്നിദ്ധ്യം അനുഭവിച്ചവരായിരുന്നു.

സ്നേഹിതരേ, നിങ്ങൾക്ക് ഈ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ടോ? യേശുക്രിസ്തുവിന്റെ തൃക്കരത്തിന്റെ തലോടലേൽക്കാൻ കഴിഞ്ഞിട്ടുണ്ടോ? രോഗശയ്യയിൽ കിടക്കുമ്പോൾ യേശുവിന്റെ കരം നിങ്ങളെ തലോടുന്നത് നിങ്ങൾ അറിഞ്ഞിട്ടുണ്ടോ?

നിങ്ങൾ ഉറങ്ങാത്ത രാവുകളിൽ യേശുക്രിസ്തു വന്ന് നിങ്ങളെ താങ്ങുന്നതും നിങ്ങളെ തലോടുന്നതും നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? ക്രിസ്തീയജീവിതം കുറേ തത്വചിന്തകളിൽ മാത്രം അധിഷ്ഠിതമായതല്ല. ക്രിസ്തീയജീവിതം അനുഭവങ്ങളുടെ പിൻബലമുള്ളതാണ്. അനുഭവമില്ലെങ്കിൽ ക്രിസ്തീയ ജീവിതമില്ല.

നാം ഈ ഭൂമിയിൽ സ്വന്തം അമ്മയോട് അടുത്ത ബന്ധം പുലർത്തുന്നതുപോലെ, ഭർത്താവ് ഭാര്യയോട്, ഭാര്യ ഭർത്താവിനോട് അടുത്ത ബന്ധം പുലർത്തുന്നതുപോലെ, മക്കൾ മാതാപിതാക്കളോട്, മാതാപിതാക്കൾ മക്കളോട് ഏറ്റവും അടുത്ത intimacy പുലർത്തുന്നതുപോലെ ക്രിസ്തുവിനോട് നമുക്ക് ഏറ്റവും അടുത്ത ബന്ധം പുലർത്താം.

ക്രിസ്തുവിനെ നമുക്ക് തൊട്ടറിയാം.

*“ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും*

*ഞങ്ങളുടെ കൈതൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ച്" 1 യോഹന്നാൻ 1: 1, 2*

അത് ആദിമുതലുള്ളതാണ്. എത്ര വ്യക്തമായിട്ടാണ് അപ്പൊസ്തലൻ പറയുന്നത്: ഞങ്ങളുടെ കാത് കേട്ടത്, സ്വന്ത കണ്ണുകൊണ്ട് ഞങ്ങൾ കണ്ടത്, ഞങ്ങളുടെ കൈ തൊട്ടത്, ജീവന്റെ വചനം! പ്രിയപ്പെട്ടവരേ, ഈ വചനം ക്രിസ്തുവാണ്.

*"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവ ത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായി രുന്നു ." യോഹന്നാൻ 1: 1*

യേശു നമ്മുടെ ഹൃദയത്തിലുണ്ട് എന്ന് പറയുന്ന അനു ഭവം! ഇത് നമ്മുടെ ജീവിതത്തിൽ അനുഭവിക്കേണ്ടതാണ്. പ്രായോഗികമായി നാം സ്വന്തമാക്കേണ്ടതാണ്. ഈ അനു ഭവമാണ് ക്രിസ്തീയജീവിതം!

നാം വേദപുസ്തകം വായിക്കുന്നുണ്ട്, നമസ്കാരങ്ങൾ ചൊല്ലുന്നുണ്ട്, പ്രാർത്ഥനകൾ ചൊല്ലുന്നുണ്ട്, തിരുവചനം കേൾക്കുന്നുണ്ട്, ദൈവവേല ചെയ്യുന്നുണ്ട്. ഇതെല്ലാം നാം നിവൃത്തിക്കുന്ന കാര്യങ്ങളാണ്. ഇവിടംകൊണ്ടൊന്നും ക്രിസ്തീയജീവിതം നിൽക്കാൻ പാടില്ല. യേശുക്രിസ്തു എന്ന പരമോന്നത പുരുഷനുമായുള്ള ഒരു സ്നേഹത്തിന്റെ ബന്ധ മാണ് ക്രിസ്തീയജീവിതം. അത് സ്നേഹത്തിന്റെ ഗാഢമായ ബന്ധമാണ്.

നിങ്ങൾക്കതു കിട്ടിയിട്ടുണ്ടോ? ഹൃദയത്തിൽ ഭാരങ്ങൾ വരില്ല എന്നല്ല. ദു:ഖങ്ങളുണ്ട്, ദുരിതങ്ങളുണ്ട്, രോഗമുണ്ട്, വേദനയുണ്ട്, കടമുണ്ട്, ഞെരുക്കമുണ്ട്, പൈസയുടെ കഷ്ട പ്പാടുണ്ട്, അനേകം പ്രതിസന്ധികളുണ്ട്. ഈ ലോകജീവിതം അങ്ങനെയാണ്. പക്ഷേ, ഇതിന്റെയെല്ലാം മദ്ധ്യത്തിൽ ഒരു അദൃശ്യകരം നമ്മെ തലോടുന്നത്, യേശുവിന്റെ കരം നമ്മെ താങ്ങുന്നത് നമുക്കനുഭവിക്കാൻ കഴിയും.

ഇത് ഏതൊരാൾക്കും ലഭിക്കുന്നതാണ്. മുഖപക്ഷമില്ല. ദൈവസന്നിധിയിൽ ആര് യാചിച്ചാലും അവന്റെ അടുക്കലേക്ക് വരുന്നവനാണ് ദൈവം. ആരു ചോദിച്ചാലും തരുന്നവനാണ് ദൈവം.

അതിന് വിദ്യാഭ്യാസയോഗ്യത വേണ്ട. പണമോ സമ്പത്തോ വേണ്ട. ശരീര സൗന്ദര്യമോ ആരോഗ്യമോ വേണ്ട. അതിന് യാതൊരു വ്യവസ്ഥയുമില്ല. നിത്യനായ ദൈവത്തിന്റെ മുമ്പിൽ നാം എല്ലാവരും തുല്യരാണ്. ആരും ആരേക്കാൾ ഭേദമല്ല. ആരും ആരേക്കാൾ ഉയർന്നതല്ല. ആരും ആരേക്കാൾ താഴ്ന്നതല്ല.

ദൈവം നമ്മെ ഒരുപോലെ കാണുന്നു. ദൈവം നമ്മെ സ്നേഹിക്കുന്നു. ആ സ്നേഹത്തിന്റെ മകുടമായി നാം കാണുന്നത് ഗോഗുൽത്തായിലെ കുരിശിൽ കർത്താവായ യേശു പിടഞ്ഞ് മരിക്കുമ്പോഴാണ്. സ്നേഹമാണ് പിടയുന്നത്. മനുഷ്യന് വരുന്ന അനർത്ഥത്തെ കണ്ടുള്ള വേദന! മനുഷ്യൻ നരകത്തിന്റെ ഭീകരതയിലേക്ക് കൂപ്പുകുത്തുന്നത് കണ്ടുള്ള ദൈവസ്നേഹത്തിന്റെ വേദന! പാപത്തിന്റെ ഭയാനകമായ ശിക്ഷയാണ് കുരിശിന്മേൽ നാം കാണുന്നത്. പാപിയായ എന്റെ പാപത്തെ മുഴുവൻ വഹിച്ചുള്ള ദൈവപുത്രന്റെ അഗാധമായ സ്നേഹത്തിന്റെ പ്രദർശനമാണ് കർത്താവായ യേശു കുരിശിന്മേൽ കിടന്ന് പിടയുന്നത്.

പ്രിയപ്പെട്ടവരേ, ജീവരക്തം ഊറ്റിയ സ്നേഹം! ആ സ്നേഹം നിങ്ങളുടെ അരികത്തു വന്ന് നിങ്ങളുടെ ഹൃദയവാതിൽക്കൽ മുട്ടുകയാണ്. മകളേ, നീ എന്തിന് വാടിയിരിക്കുന്നു? യൗവ്വനക്കാരാ, നീ എന്തിന് മ്ലാനവദനനായി ഇരിക്കുന്നു? നീ എന്തിന് വിഷാദവിവശനായി ഇരിക്കുന്നു? നിനക്ക് നാഥനില്ലയോ, നിന്റെ ഹൃദയത്തിന്റെ നൊമ്പരം മാറ്റാൻ യേശു ഇല്ലയോ എന്നാണ് ചോദിക്കുന്നത്? നിന്റെ കഷ്ടപ്പാട് മാറ്റാൻ യേശു ഉണ്ടല്ലോ.

എല്ലാം നഷ്ടപ്പെടുമ്പോൾ നഷ്ടപ്പെടാത്ത ഒരു അത്ഭുത വ്യക്തി. അതാണ് കർത്താവായ യേശുക്രിസ്തു! ആരെല്ലാം മാറിയാലും മാറാത്തവൻ! എല്ലാമെല്ലാം ശവക്കുഴി വരെ മാത്രം നമ്മുടെ കൂടെ വരും. മരണത്തിന് ശേഷം ആർക്കും വരാൻ സാധ്യമല്ല. ആർക്കും സഹായിക്കാൻ സാധ്യമല്ല.

മരണത്തിന്റെ തണുത്ത കരങ്ങൾ നമ്മെ തലോടുമ്പോൾ ആർക്കും ഒന്നും ചെയ്യാൻ സാധ്യമല്ല. എല്ലാവരും നിസ്സഹായ രായിപ്പോകും. ഡോക്ടർമാർക്ക് ഒന്നും ചെയ്യാൻ സാധിക്കുക യില്ല. മക്കൾക്ക് ഏങ്ങലടിച്ചു കരയാൻ പറ്റും. ഭാര്യക്ക് അതിദു:ഖത്തോടെ വേദനിച്ചു വിതുമ്പാൻ പറ്റും. ഭർത്താവ് അതിദു:ഖത്തോടെ കണ്ണീരൊഴുക്കും. മാതാപിതാക്കൾ ഏങ്ങ ലടിച്ചു കരയും. അതിനപ്പുറം ചെയ്യാൻ ആർക്കും സാധ്യമല്ല. എന്നാൽ അതിനപ്പുറം ചെയ്യാൻ കഴിവുള്ളവൻ കർത്താവായ യേശുവാണ്.

മരണത്തിന്റെ തിരശ്ശീലക്കപ്പുറത്തേക്ക് നമ്മോടുകൂടെ പോരുവാൻ കഴിവുള്ളവൻ! മരണനേരത്തും നമ്മെ തലോടു ന്നവനായ ക്രിസ്തു! മരണത്തിന്റെ വിനാഴികയിലും നമ്മെ താങ്ങുന്നവനായ ക്രിസ്തു! ഈ ക്രിസ്തുവിനെ നാഥനായി നിങ്ങൾ കൈക്കൊള്ളുവിൻ.

നാളേയ്ക്ക് വേണ്ടി നിങ്ങൾ ഒന്നും കരുതണ്ട. നാളേയ്ക്ക് വേണ്ടി നിങ്ങൾ ഒന്നും പ്രതീക്ഷിക്കണ്ട. നിങ്ങ ളുടെ പ്രതീക്ഷകൾപോലെ നടക്കണമെന്നില്ല. നിങ്ങൾ ചിന്തി ക്കുന്നതുപോലെയും നിരൂപിക്കുന്നതുപോലെയും കരുതുന്ന തുപോലെയും എല്ലാം സംഭവിക്കണമെന്നില്ല. എല്ലാം മാറി മറ ഞ്ഞുപോകും. മാറാത്തവനായ ക്രിസ്തുവിനെ നിങ്ങളുടെ അരികത്ത് കിട്ടിയിരിക്കുന്ന ഈ സമയം നിങ്ങൾ അവനെ കൈനീട്ടി വാങ്ങുക. അവനെ നിങ്ങൾ ഹൃദയത്തിലേക്ക് എതി രേൽക്കുക. അവനായി നിങ്ങളുടെ ഉള്ളം തുറക്കുക. അവ നായി വഴി ഒരുക്കുക.

യേശു നിങ്ങളുടെ ഹൃദയത്തിലേക്ക് നടന്നുകയറട്ടെ. “കർത്താവിന് വഴി ഒരുക്കുവിൻ അവന്റെ പാത നിരപ്പാക്കുവിൻ.” യേശുവിന് നടന്നുവരാൻ കഴിയാത്തവിധം കല്ലും മുള്ളും വഴിയിൽ കിടക്കുന്നുണ്ട്. അതെല്ലാം നീ പെറുക്കി മാറ്റുക. അവിടെ കുണ്ടും കുഴിയും ഉണ്ട്. നിന്റെ ജീവിതത്തിൽ തടസ്സമായതെല്ലാം നീ മാറ്റുക. യേശുവിനെ നീ എതിരേൽക്കുക.

സഹോദരങ്ങളേ, ഇതിൽപരം ഭാഗ്യം എന്തുള്ളൂ! എല്ലാം മാറുമ്പോഴും മാറാത്തവനായ യേശുവിനെ കിട്ടുന്നതല്ലയോ മഹാഭാഗ്യം! യേശുവിനെ ലഭിക്കുന്നതല്ലയോ നിത്യസൗഭാഗ്യം!

യേശു നിങ്ങളുടെ നാഥനായിത്തീരട്ടെ. യേശു നിങ്ങളുടെ കർത്താവായിത്തീരട്ടെ. യേശു നിങ്ങളുടെ ഉടമസ്ഥനായിത്തീരട്ടെ. യേശു നിങ്ങളുടെ സ്നേഹിതനായിത്തീരട്ടെ. യേശു നിങ്ങളുടെ നായകനായി മാറട്ടെ. യേശു നിങ്ങളെ നിയന്ത്രിക്കട്ടെ, നിങ്ങളെ ഭരിക്കട്ടെ, നിങ്ങളുടെ കർതൃത്വം ഏറ്റെടുക്കട്ടെ. യേശുവിനായി നിങ്ങളെത്തന്നെ വിട്ടുകൊടുക്കുക.

## പതിനേഴ്

*"പിന്നെ റിബെക്കാ യിസ്ഹാക്കിനോട്: ഈ ഹിത്യ സ്ത്രീകൾ നിമിത്തം എന്റെ ജീവൻ എനിക്ക് അസഹ്യമായിരിക്കുന്നു; ഈ ദേശക്കാരത്തികളായ ഇവരെപ്പോലെയുള്ള ഒരു ഹിത്യസ്ത്രീയെ യാക്കോബ് വിവാഹം കഴിച്ചാൽ ഞാൻ എന്തിനു ജീവിക്കുന്നു? എന്നു പറഞ്ഞു." ഉല്പത്തി 27 : 46*

റിബെക്ക പറയുന്ന ഒരു വാക്യം: "ഞാൻ എന്തിന് ജീവിക്കുന്നു?" ഇതിന് മുൻപ് ഒരവസരത്തിൽ റിബെക്ക അങ്ങനെ പറഞ്ഞതാണ്. റിബെക്ക ഗർഭിണിയായിരുന്നപ്പോൾ ഇരട്ടപ്പിള്ളകൾ ഗർഭത്തിൽ പരസ്പരം തിക്കി റിബെക്കായ്ക്ക് വലിയ വേദനയും പ്രയാസവുമായി. ഞാനങ്ങ് മരിക്കുകയല്ലേ നല്ലത് എന്നുള്ള ചിന്ത. പ്രയാസങ്ങളും വേദനകളും ജീവിതത്തിൽ വന്നപ്പോൾ ഇനി ഞാൻ എന്തിന് ജീവിക്കുന്നു എന്നാണ് റിബെക്ക ചിന്തിക്കുന്നത്.

റിബെക്കായെ നാം പരിചയപ്പെടുന്നത് ഉല്പത്തി പുസ്തകം 24-ാം അദ്ധ്യായത്തിലാണ്. അന്ന് എന്തൊരു സൗശീല്യവും വിനയവുമുള്ള സത്സ്വഭാവിയായ പെൺകുട്ടിയായിരുന്നു. എന്തൊരു താഴ്മയും ശാന്തതയുമുള്ള പെൺകുട്ടി!

എല്യേസർ പറഞ്ഞ വാക്ക് കേട്ടുകൊണ്ട് ചുറുചുറുക്കോടെ കിണറ്റിലേക്ക് ഓടിച്ചെന്ന് വെള്ളം കോരിക്കൊണ്ടു വന്ന് ഒട്ടകങ്ങൾക്ക് കൊടുക്കുന്നു. പിന്നെയും പിന്നെയും ചെന്ന് വെള്ളം കോരിക്കൊണ്ടു വരുന്നു.

എന്തൊരുത്സാഹമുള്ള പെൺകുട്ടി! അതെല്ലാം മാറി. കുടുംബജീവിതത്തിൽ വന്ന പ്രാരബ്ധങ്ങളും ബദ്ധപ്പാടുകളും ക്ലേശങ്ങളും മൂലം റിബെക്കാ ശാരീരികമായും മാനസികമായും ആത്മീയമായും തളർന്നുപോയി. സങ്കടകരമാണത്. To begin is easy. But to maintain is difficult.

തുടങ്ങാൻ എളുപ്പമാണ്. പക്ഷേ, അത് നിലനിറുത്തിക്കൊണ്ട് പോകണ്ടേ? റിബെക്കായ്ക്ക് ആദ്യത്തെ വീര്യം നിലനിർത്താൻ കഴിഞ്ഞില്ല. യിസ്ഹാക്കോ? മോറിയാമലയിൽ വച്ച് അപ്പനായ അബ്രാഹാമിന്റെ വാക്കുകേട്ട് കൈ നീട്ടിക്കൊടുത്തു. അപ്പൻ കൈകളും കാലുകളും കൂട്ടിക്കെട്ടി യാഗപീഠത്തിൽ കിടത്തിയപ്പോൾ പുഞ്ചിരിച്ചുകൊണ്ട് കണ്ണ് ഇറുകെ പൂട്ടിക്കിടക്കുന്ന, വെട്ടിക്കൊല്ലുവാൻ സ്വയം തയ്യാറായിക്കിടക്കുന്ന, പൂർണ്ണമായി അർപ്പണബോധത്തോടെ കിടക്കുന്ന ആ യിസ്ഹാക്കാണോ ഉല്പത്തി പുസ്തകം 25,26,27 അദ്ധ്യായങ്ങളിൽ നാം കാണുന്ന യിസ്ഹാക്ക്?

A declining father and a declining mother.

യിസ്ഹാക്കിന്റെ കുടുംബം disappointed home ആയിരുന്നു. യിസ്ഹാക്കിന്റെ കുടുംബം ഒരു divided home ആയിരുന്നു. യിസ്ഹാക്ക് declining father ആയിപ്പോയി, യിസ്ഹാക്കിന്റെ ഭാര്യ റിബെക്കാ declining mother ആയിപ്പോയി.

സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ ക്ഷയിച്ചുകൊണ്ടിരിക്കുന്നോ, പുഷ്ടി പ്രാപിച്ചുകൊണ്ടിരിക്കുന്നോ? നീതിമാന്മാരെക്കുറിച്ച് സങ്കീർത്തനക്കാരൻ പറഞ്ഞു: "അവർ വാർദ്ധക്യത്തിലും പച്ചവച്ചും പുഷ്ടിവച്ചും ഇരിക്കും" എന്ന്.

നയവാൻ പനപോലെ തളിർത്തിടുമേ<br>
വളരുമവൻ ലെബനോൻ കാരകിൽപോൽ<br>
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ

വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും

നീതിമാന് തുഷ്ടി വർദ്ധിക്കും പുഷ്ടി വർദ്ധിക്കും. ഇവിടെ തുഷ്ടി വർദ്ധിക്കുകയല്ല, കുറഞ്ഞുപോയി. പുഷ്ടി വർദ്ധിച്ചില്ല, ക്ഷയിച്ചുപോയി.

എല്ലാവിധത്തിലും ഒരു തളർച്ച. കുടുംബത്തിൽ കലക്കം. മക്കൾ തമ്മിൽ അഭിപ്രായവ്യത്യാസം. രണ്ടു മക്കളേയുള്ളു. രണ്ടും തമ്മിൽ വൈരാഗ്യം. യാക്കോബ് ചേട്ടനെ ഭയന്നിതാ, ഓടിക്കഴിഞ്ഞിരിക്കുന്നു. രണ്ടു മക്കളുള്ളതിൽ ഇളയമകൻ വീട്ടിൽനിന്ന് പോയി. അവനങ്ങ് ദൂരെ ദേശത്തേക്ക് യാത്രയായി. ഇനി കാണാൻ പറ്റുമോ എന്നറിയില്ല.

> *"നിന്റെ സഹോദരനു നിന്നോടുള്ള കോപം മാറി നീ അവനോടു ചെയ്തത് അവൻ മറക്കുംവരെ അവിടെ താമസിക്ക; പിന്നെ ഞാൻ ആളയച്ചു നിന്നെ അവിടെനിന്നു വരുത്തിക്കൊള്ളാം; ഒരു ദിവസം തന്നെ നിങ്ങൾ ഇരുവരും എനിക്ക് ഇല്ലാതെയാകുന്നത് എന്തിന്?" ഉല്പത്തി 27 : 45*

റിബെക്കാ നിരാശയുടെ വാക്കുകളാണ് പറയുന്നത്. നീ ഇവിടെ നിന്നാൽ നിന്റെ സഹോദരൻ നിന്നെ കൊല്ലും. നീയും നിന്റെ സഹോദരനെ വെറുതെ വിടുകയില്ലല്ലോ. സ്വാഭാവികമായും നിന്റെ സഹോദരനെ നീയും കൊല്ലുകയില്ലേ? നിന്നെ തല്ലാൻ വരുമ്പോൾ നീയും അങ്ങോട്ട് ആക്രമിക്കുകയില്ലേ? നിങ്ങളുടെ രണ്ടുപേരുടേയും സ്വഭാവം എനിക്കറിയാമല്ലോ. ഒരു ദിവസം തന്നെ നിങ്ങൾ രണ്ടുപേരും എനിക്ക് നഷ്ടപ്പെടുന്നത് എന്തിന്? നിരാശ മുറ്റിയ ഭവനം! കലക്കമുള്ള ഒരു ഭവനം!

സഹോദരങ്ങളേ, നിങ്ങളുടെ വീടുകൾ അങ്ങനെയാണോ? വീട്ടിൽ കലക്കമാണോ? ഐക്യമില്ലാത്ത അനുഭവം. മാതാപിതാക്കൾ നിരാശരായിരിക്കുകയാണോ? പലതും സമ്പാദിച്ചു. വീടുകൾ മനോഹരമാക്കി. നിലം പുരയിടങ്ങൾ സമ്പാദിച്ചു.

മക്കൾക്ക് വിദ്യാഭ്യാസം നൽകി. അവർക്ക് നല്ല വരുമാനമാർഗ്ഗ ങ്ങൾ കൊടുത്തു. പക്ഷേ ഏതെല്ലാമോ ചില കാര്യങ്ങളിൽ ഉള്ളിൽ അക്കച്ചിക്കലുകൾ വന്ന് കുടുംബത്തിൽ അലോഹ്യം നിറഞ്ഞുനിൽക്കുകയാണോ? മാതാപിതാക്കൾക്ക് തീരാവേദ നയായിരിക്കുകയാണോ? മാതാപിതാക്കൾ നൊന്ത് കഴിയുക യാണോ?

റിബെക്കാ തീർത്തും അസ്വസ്ഥതയോടെ, നിരാശയോടെ, ആകുലതയോടെ, മനസ്സങ്ങനെ ആവലാതി പൂണ്ടു നിൽക്കുക യാണ്. ഒരു സമാധാനവുമില്ല. നിങ്ങൾ രണ്ടുപേരും ഒരു ദിവസം തന്നെ മരിക്കുന്നത് ഞാൻ എങ്ങനെ കണ്ടുനിൽക്കും? മക്കളേ, ഞാൻ എങ്ങനെ ഇത് സഹിക്കും?

റിബെക്കാ യാക്കോബിനെ പറഞ്ഞുവിട്ടു. യിസ്ഹാക്ക് അറിഞ്ഞല്ല പറഞ്ഞുവിട്ടത്. യിസ്ഹാക്കിന് അന്ന് 100 വയസ്സ് പ്രായമാണ്.

യിസ്ഹാക്കിന്റെ കണ്ണിന് കാഴ്ച മങ്ങി വളരെ ക്ഷീണിത നായിരിക്കുകയാണ്. ശരീരത്തിലും മനസ്സിലും decline.

ജീവിതത്തിൽ പ്രായം കൂടി വരുന്തോറും ശരീരത്തിന് ക്ഷീണം വരും. ശരീരം മെലിയും. ശരീരത്തിന്റെ സന്ധികളിൽ വേദനയുണ്ടായി എന്നു വരും. ജരാനരകൾ ബാധിക്കുന്നു. വാർദ്ധക്യത്തിന്റേതായ ലക്ഷണങ്ങൾ ഉണ്ടാകും. എന്നാൽ പ്രായം കൂടി വരുന്തോറും മനസ്സ് ജ്വലിച്ചു നിൽക്കും, സാക്ഷാൽ ക്രിസ്തു ഉള്ള ദൈവപൈതലിന്.

ക്രിസ്തുവിൽ ആശ്രയിക്കുന്ന ദൈവപൈതലിന് ക്ഷീണ മില്ല. ആത്മാവിൽ കരുത്തോടെ നിൽക്കും. പ്രായം കൂടി യാലും ശരീരം തളർന്നാലും ശരീരം ക്ഷീണിച്ചാലും ആത്മാ വിന് ക്ഷീണം വരികയില്ല.

ദൈവപൈതലേ, നിന്റെ പ്രാർത്ഥനാജീവിതം കുറ ഞ്ഞാൽ നീ ക്ഷീണിക്കും. നിന്റെ തിരുവചനത്തോടുള്ള മാധുര്യം

കുറഞ്ഞാൽ നീ ക്ഷീണിക്കും. നിന്റെ ഹൃദയത്തിൽ പാപം വന്നാൽ നീ ക്ഷീണിക്കും; ഏത് പ്രായത്തിലാണെങ്കിലും നീ ആത്മാവിൽ ക്ഷീണിക്കണമെങ്കിൽ പാപം നിന്റെ ജീവിതത്തിൽ വരണം.

ദൈവത്തോടുള്ള ബന്ധത്തിൽ വിടവുകൾ വരണം. പോരായ്മകൾ സംഭവിക്കണം. അല്ലെങ്കിൽ നിനക്കെന്നും പൂർണ്ണശക്തിയോടും നല്ല കരുത്തോടും കൂടെ ആത്മാവിൽ കത്തിനിൽക്കാം. ജ്വലിച്ചു നിൽക്കാം.

ഓരോരോ കാര്യങ്ങൾ വരുമ്പോൾ നമ്മൾ ക്ഷീണിച്ചു പോകാൻ പാടില്ല. ആത്മാവിൽ തളർന്ന് പോകാൻ പാടില്ല. പ്രാരബ്ധങ്ങളും കഷ്ടപ്പാടുകളും ഉണ്ടാകും. ചിലപ്പോൾ കടങ്ങളും രോഗങ്ങളും ഉണ്ടായെന്ന് വരും. ചിലപ്പോൾ ചികിത്സ ഫലിക്കുന്നില്ല എന്ന് വരും. അപ്പോൾ ഒരാശങ്കയുമില്ല, ഒരുത്കണ്ഠയുമില്ല. കാരണം, യേശു ഹൃദയത്തിലുണ്ട്. എപ്പോൾ കടന്നുപോയാലെന്താണ്? ഞാൻ ഈ ഭൂമിയിൽ ജീവിക്കുന്നെങ്കിൽ യേശുവിന്റെ കൂടെ. ഞാൻ കടന്നുപോയാലും യേശുവിനോട് കൂടെ.

ഈ ഉറപ്പ് അപ്പൊസ്തലനായ പൗലൊസിന് ഉണ്ടായിരുന്നതുകൊണ്ടാണ് അപ്പൊസ്തലൻ പറഞ്ഞത്: “എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.” എന്ന്.

ഏതുസമയത്തു കടന്നുപോകേണ്ടിവന്നാലും എന്റെ യേശുവിന്റെ സന്നിധിയിലേക്ക് പോകും എന്നുള്ള പ്രാഗത്ഭ്യം നിങ്ങൾക്കുണ്ടോ?

അയ്യോ, എനിക്ക് ഒരു നല്ല വാക്ക് പറഞ്ഞോളാമായിരുന്നു. എന്റെ ഭർത്താവിനോട് ഒരു മധുരവാക്ക് പറഞ്ഞോളാമായിരുന്നു. ഒന്ന് എളിമപ്പെട്ട് വിനയത്തോടെ നിന്നോളാമായിരുന്നു. അയ്യോ, നഷ്ടപ്പെട്ടുപോയല്ലോ എന്ന് ദു:ഖിക്കേണ്ടി വരാൻ ഇടവരരുത്. എന്റെ ഭാര്യയോട് സ്നേഹമായി ഒരു വാക്ക് പറ

ഞ്ഞോളാമായിരുന്നു. അവൾക്ക് ഒരു മാധുര്യം കൊടുത്തോളാമായിരുന്നു. അവൾക്ക് സൗമ്യമായ ഒരു പെരുമാററം കൊടുത്തോളാമായിരുന്നു.

എന്റെ മക്കളോട് വാത്സല്യത്തിൽ പെരുമാറിക്കോളാമായിരുന്നു. മാതാപിതാക്കന്മാരോട് വിനയത്തോടും അനുസരണത്തോടും കൂടെ പെരുമാറിക്കൊള്ളാമായിരുന്നു. അയ്യോ, എന്റെ ജീവിതത്തിൽ ചില കാര്യങ്ങൾ ചെയ്ത് തീർത്തില്ലല്ലോ. എനിക്ക് ചിലത് ചെയ്ത് തീർക്കാനുണ്ടായിരുന്നല്ലോ. എനിക്ക് ഒന്ന് മാപ്പു ചോദിക്കണമല്ലോ. പ്രിയപ്പെട്ടവരേ, നിങ്ങളെ തളർത്തുന്ന, നിരാശപ്പെടുത്തുന്ന വിഷയമെന്താണ്?

റിബെക്ക യാക്കോബിനെ പറഞ്ഞുവിട്ടു. യിസ്ഹാക്ക് യാക്കോബിനെ അന്വേഷിച്ചു, കാണുന്നില്ല. അപ്പോഴാണ് റിബെക്കാ പറഞ്ഞത്, യാക്കോബിനെ തന്റെ സഹോദരനായ ലാബാന്റെ അടുക്കൽ പറഞ്ഞുവിട്ടു എന്ന്. യിസ്ഹാക്കിന് തീർച്ചയായും കടുത്ത വേദന വന്നുകാണും. വലിയ പ്രയാസം വന്നുകാണും. അപ്പോൾ റിബെക്കാ ഒരു സൂത്രം കണ്ടുപിടിച്ചു.

*“പിന്നെ റിബെക്കാ യിസ്ഹാക്കിനോട്: ഈ ഹിത്യസ്ത്രീകൾ നിമിത്തം എന്റെ ജീവൻ എനിക്ക് അസഹ്യമായിരിക്കുന്നു; ഈ ദേശക്കാരത്തികളായ ഇവരെപ്പോലെയുള്ള ഒരു ഹിത്യസ്ത്രീയെ യാക്കോബ് വിവാഹം കഴിച്ചാൽ ഞാൻ എന്തിനു ജീവിക്കുന്നു? എന്നു പറഞ്ഞു.” ഉല്പത്തി 27 : 46*

യാക്കോബ് ഇതുപോലെയുള്ള പെൺകുട്ടികളെയാണ് വിവാഹം കഴിക്കുന്നതെങ്കിൽ അയ്യോ, കഷ്ടം! ഞാൻ എങ്ങനെ ജീവിക്കും? എന്റെ കുടുംബത്തിൽ മരുമക്കളായി വരുന്നവർ ഏശാവ് കൊണ്ടുവന്നവരെപ്പോലെ ആണെങ്കിൽ ഞാൻ എങ്ങനെ ജീവിക്കും?

*“ഏശാവിന് നാൽപതു വയസ്സായപ്പോൾ അവൻ*

*ഹിത്യനായ ബേരിയുടെ മകൾ യെഹൂദീത്തി നെയും ഹിത്യനായ ഏലോന്റെ മകൾ ബാസമത്തി നെയും ഭാര്യമാരായി പരിഗ്രഹിച്ചു. ഇവർ യിസ്ഹാക്കിനും റിബെക്കായ്ക്കും മനോവ്യസന കാരണമായിരുന്നു." ഉല്പത്തി 26 : 34, 35*

ഏശാവ് ഹിത്യരായ രണ്ടു പെൺകുട്ടികളെ ഭാര്യമാരായി പരിഗ്രഹിച്ചു. സ്വന്തം ഇഷ്ടപ്രകാരം രണ്ടു പെൺകുട്ടികളെ അവൻ വിവാഹം കഴിച്ചു. ഈ മരുമക്കൾ രണ്ടുപേരും അപ്പനും അമ്മയ്ക്കും മനോവ്യസനകാരണമായിത്തീർന്നു.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ വിവാഹം മാതാപിതാക്കൾക്ക് ആശ്വാസമായിരിക്കണം; സന്തോഷകരമായിരിക്കണം. നിങ്ങ ളുടെ ജീവിതത്തിലെ ഓരോ ചുവടും മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങുന്നതായിരിക്കണം. മാതാപിതാക്കളെ ആശ്വസിപ്പിക്കുന്നതായിരിക്കണം. അനുഗ്രഹത്തിന് കേട് വരു ത്തുന്നത് ഒന്നും നിങ്ങൾ ചെയ്യരുത്. മാതാപിതാക്കൾക്ക് മനോ വ്യസനകാരണമായി ഒന്നും നിങ്ങളുടെ ജീവിതത്തിൽ വന്നു പോകരുത്. അതെല്ലാം നാശമാണ്.

യിസ്ഹാക്കിന് എന്നും താങ്ങും തണലുമായിരുന്നു റിബെക്ക. അവൾ തക്ക തുണയായിരുന്നു. ഭാര്യ ഭർത്താവിന് തക്ക തുണയെന്നാണ് വേദപുസ്തകം പറയുന്നത്. എന്നും വളരെ ബുദ്ധിയോടെ, പരിജ്ഞാനത്തോടെ, എല്ലായിടത്തും നല്ല വിവേകപൂർവ്വം നിന്ന ഒരു ഭാര്യയാണ് റിബെക്ക. എന്നാൽ അവൾ അവിശ്വാസിയായ അമ്മയായി മാറി – A doubting mother. ദൈവത്തിന്റെ വചനത്തിൽ ഉറപ്പു പോരാതെയായി.

എന്തൊരു തീക്ഷ്ണതയുള്ള പെൺകുട്ടി ആയിരുന്നു വിവാഹത്തിനുമുമ്പ്. നീ ഈ പുരുഷനോടുകൂടെ പോകു ന്നുവോ എന്നു ചോദിച്ചപ്പോൾ "പോകുന്നു" എന്നു പറഞ്ഞവ ളാണ് റിബെക്ക. എത്ര സംശുദ്ധമായ ജീവിതത്തിന്റെ പശ്ചാ

ത്തലമാണ് റിബെക്കായ്ക്ക് ഉണ്ടായിരുന്നത്.

പക്ഷേ, വാർദ്ധക്യത്തിലേക്കു വന്നപ്പോൾ റിബെക്ക അവിശ്വാസിനിയായ അമ്മയായി. മകനായ യാക്കോബ് A deceiving son! ചതിക്കുന്ന മകനായി മാറി. നല്ല കുടുംബത്തിൽ പിറന്ന നല്ല മകൻ, ദൈവം മുൻകണ്ട മകൻ, ഉയർന്ന തലത്തിൽ വളർത്തിയെടുക്കാൻ ദൈവം പ്രതീക്ഷയോടെ നിന്ന മകൻ ചതിക്കുന്ന മകനായിത്തീർന്നു. ഏശാവോ, A despairing brother! നിരാശപ്പെടുന്ന സഹോദരനായിമാറി. ആ കുടുംബം ഒരു divided home ആയി മാറി.

സഹോദരങ്ങളേ, നിങ്ങൾക്കെല്ലാമുണ്ട് കൊച്ചു കൊച്ചു കുടുംബങ്ങൾ. നമ്മുടെ കുടുംബം decline ചെയ്തുകൊണ്ടിരിക്കുകയാണോ? ആത്മീയമായി താണുകൊണ്ടിരിക്കുകയാണോ? നമ്മുടെ കുടുംബത്തിൽ പ്രാർത്ഥനാജീവിതം എങ്ങനെയുണ്ട്? വ്യക്തിപരമായ പ്രാർത്ഥനാജീവിതം എങ്ങനെയുണ്ട്? അപ്പനും അമ്മയും മക്കളും ഒരുമിച്ച് കുടുംബപ്രാർത്ഥനയുണ്ടോ? പരസ്പരം സ്നേഹത്തിലാണോ? അതോ ചില കിറുകിറുപ്പുകൾ നിങ്ങളുടെ ഹൃദയത്തിലുണ്ടോ?

ചില പരിഭവങ്ങൾ! എന്നെ വേണ്ടപോലെ ഗൗനിച്ചില്ല, കരുതിയില്ല, സ്നേഹിച്ചില്ല, എന്നെക്കുറിച്ച് ഒരു പരിഗണനയില്ല; എന്നെ ഒരു വിലയില്ല, എന്നെ ഒരു പുറംകൊള്ളിയായി മാറ്റിയിരിക്കുകയാണ്. ഇങ്ങനെ ചിന്തിക്കുന്ന ആരെങ്കിലും ഇത് വായിക്കുന്നുണ്ടോ?

കുടുംബത്തിൽ വാസ്തവമായ ഐക്യം പുലരുന്നുണ്ടോ? ഭാര്യയും ഭർത്താവും തമ്മിൽ Harmony നിലനിൽക്കുന്നുണ്ടോ? ആത്മീയരായി ദൈവവചനം കേട്ട് ഇറങ്ങിപ്പുറപ്പെട്ടവരായ നിങ്ങളുടെ കുടുംബത്തിൽ, ആ harmony നിലനിൽക്കുന്നില്ലെങ്കിൽ കാതലായ കേട് എവിടെയോ ഉണ്ട് എന്ന് മനസ്സിലാക്കിക്കൊള്ളണം. അപകടകരമായ അവസ്ഥയി

ലേക്കു നിങ്ങളുടെ കുടുംബം എത്തിയിരിക്കുകയാണ്. Declining state! അധഃപ്പതിച്ച അവസ്ഥ!

മക്കളുമായി ഒരു മനസ്സ് വരുന്നുണ്ടോ? മക്കൾക്ക് അപ്പനെക്കുറിച്ചോ അമ്മയെക്കുറിച്ചോ പരിഭവം പറയാനുണ്ടോ? ഹൃദയത്തിന്റെ ഐക്യം നിലനിർത്താൻ പറ്റുന്നുണ്ടോ? അപ്പനും അമ്മയും പഴയ തലമുറ, മക്കൾ പുതിയ തലമുറ. തലമുറകൾ തമ്മിലുള്ള വിടവ് ഏതെങ്കിലും തരത്തിൽ അസ്വാരസ്യങ്ങൾ ഉണ്ടാക്കുന്നുണ്ടോ?

നമ്മുടെ കുടുംബങ്ങളെല്ലാം കൊച്ചു കൊച്ചു സ്വർഗ്ഗങ്ങളാകണം. സ്വർഗ്ഗീയമായ സ്നേഹവും ക്ഷമയും ത്യാഗവും ഇവിടെ അനുഭവിക്കാൻ കഴിയുന്നില്ലെങ്കിൽ, വിട്ടുവീഴ്ചാമനോഭാവം വരുന്നില്ലെങ്കിൽ, സഹിക്കാനും പൊറുക്കാനും പറ്റുന്നില്ലെങ്കിൽ സ്വർഗ്ഗത്തിൽ വസിക്കാമെന്ന് നിങ്ങൾ കരുതണ്ട. സ്വർഗ്ഗത്തിന്റെ സ്നേഹത്തിന്റെ ജ്വാലയിൽ കഴിയാൻ നിങ്ങൾക്കു കഴിയുകയില്ല. ആ സ്നേഹത്തിന്റെ അന്തരീക്ഷത്തിൽ പുലരാൻ പറ്റുകയില്ല.

A declining father and a doubting mother. അമ്മയ്ക്ക് വചനത്തിൽ ഉറപ്പില്ല. അപ്പനും declined ആകാൻ കാരണം ഇതുതന്നെയാണ്. ഒരിക്കൽ വചനം കിട്ടിയതാണ്. മൂത്തവൻ ഇളയവനെ സേവിക്കുമെന്ന് അമ്മയ്ക്ക് നേരിട്ട് ദൈവത്തിൽനിന്ന് അരുളപ്പാട് കിട്ടിയതാണ്. അമ്മ ആ വചനം അപ്പനുമായി share ചെയ്തതാണ്. പക്ഷേ, ഭാര്യയും ഭർത്താവും ഈ വചനം വേണ്ടപോലെ വിശ്വസിച്ചില്ല. അതാണ് decline ന് കാരണം.

വചനത്തിനു വിലകൊടുക്കാത്ത, വചനത്തെ മാനിക്കാത്ത, വചനത്തെ തരം താഴ്ത്തുന്ന, വചനത്തെ അനുസരിക്കാത്ത കുടുംബങ്ങൾ! പ്രിയപ്പെട്ടവരേ, നിങ്ങളുടെ കുടുംബങ്ങൾ എങ്ങനെയാണ്? ഈ വചനത്തെ മാനിക്കുന്നുണ്ടോ? വേദപുസ്തകത്തെ മാനിക്കുന്നുണ്ടോ? നിങ്ങൾ ദിവസേന വേദപു

സ്തകം വായിക്കുന്നുണ്ടോ? ഒരു ചടങ്ങുപോലെ വായിക്കാനല്ല, നിങ്ങൾ വായിച്ച്, ധ്യാനിച്ച് നിങ്ങളുടെ ജീവിതത്തിലേക്ക് അതു പകർത്താൻ ഉദ്യമിക്കുന്നവരാണോ? വേദപുസ്തകവചനങ്ങൾ നിങ്ങൾക്കു ജീവനും മധുരവുമായി തീർന്നിട്ടുണ്ടോ?

ഈ വചനം വായിച്ച് നിങ്ങൾ ആനന്ദം കൊള്ളാറുണ്ടോ? വചനം വായിച്ച് നിങ്ങൾ ഏങ്ങലടിക്കാറുണ്ടോ? വചനം വായിക്കുമ്പോൾ നിങ്ങൾ മുട്ടുകുത്തിയിരുന്ന് എന്റെ കർത്താവേ, ഈ വചനങ്ങൾ തന്നതിനായി നിനക്കു സ്തുതി എന്നു പറയാറുണ്ടോ? വചനത്തിൽക്കൂടിയുള്ള ആശ്വാസം പ്രാപിച്ചിട്ടുണ്ടോ? ദൈവ വചനം, അത് ആശ്വാസദായകമാണ്!

യിസ്ഹാക്കിന് വാർദ്ധക്യത്തിൽ ഭക്ഷണത്തോട് ആർത്തിയായി. രുചികരമായ ഭക്ഷണത്തോട് കൊതിയായി. അവന് വേട്ടയിറച്ചിയോട് പ്രത്യേക താത്പര്യമായി. യാക്കോബിനേക്കാൾ ഏശാവിനോട് കൂടുതൽ ഇഷ്ടമായി. അപ്പൻ declined ആയി അധ:പതിച്ചു. പക്ഷഭേദം വന്നു. എന്തുണ്ടായി? അപ്പന്റെ കാഴ്ചപ്പാടുകൾ മാറി. യിസ്ഹാക്കിന് ഏശാവിനെ അനുഗ്രഹിക്കണമെന്ന് ആഗ്രഹമുണ്ടായി. അത് ദൈവവചനത്തിനു വിരുദ്ധമാണ്. വചനം വിശ്വസിച്ചിരുന്നെങ്കിൽ യിസ്ഹാക്ക് അതിനുവേണ്ടി പോവുകയില്ലായിരുന്നു. യിസ്ഹാക്കിന്റെ ശരീരം ക്ഷീണിച്ചപ്പോൾ ആത്മാവും ക്ഷീണിച്ചു. ഒന്നാമത്, A declining father.

അമ്മയ്ക്കു കിട്ടിയ വചനമാണ്, മൂത്തവൻ ഇളയവനെ സേവിക്കുമെന്ന്. അമ്മയും ആ വചനം മറന്നുകളഞ്ഞു. അതുകൊണ്ട് യാക്കോബിനോടുള്ള പക്ഷഭേദം കാണിക്കാൻ അമ്മ സ്വന്തം ബുദ്ധി ഉപയോഗിച്ചു. യാക്കോബിനെ ചതി ചെയ്യുന്നവനാക്കി മാറ്റി. നല്ല മാതൃകയല്ല അമ്മ മകന് കൊടുത്തത്. നുണ പറയാൻ പ്രേരിപ്പിച്ചു. യാക്കോബ് നുണ പറഞ്ഞു. മൂന്നു നുണയാണ് പറഞ്ഞത്.

*"യാക്കോബ് അപ്പനോട്: ഞാൻ നിന്റെ ആദ്യജാതൻ ഏശാവ്; എന്നോട് കല്പിച്ചത് ഞാൻ ചെയ്തിരിക്കുന്നു; എഴുന്നേറ്റ് ഇരുന്ന് എന്റെ വേട്ടയിറച്ചി തിന്ന് എന്നെ അനുഗ്രഹിക്കേണമേ എന്നു പറഞ്ഞു."*

*ഉല്പത്തി 27 : 19*

വാർദ്ധക്യത്തിലിരിക്കുന്ന അപ്പനോട് യാക്കോബ് നുണ പറയുകയാണ്. ഒന്നാമത്തെ നുണ - "ഞാൻ നിന്റെ ആദ്യജാതൻ ഏശാവ്." രണ്ടാമത്തെ നുണ - "എന്നോട് കല്പിച്ചത് ഞാൻ ചെയ്തിരിക്കുന്നു." കല്പിച്ചത് ചെയ്തു എന്നു പറയാൻ യാക്കോബിനോട് യിസ്ഹാക്ക് ഒന്നും കല്പിച്ചിട്ടില്ല. മൂന്നാമത്തെ നുണ - "എഴുന്നേറ്റിരുന്ന് എന്റെ വേട്ടയിറച്ചി തിന്ന് എന്നെ അനുഗ്രഹിക്കണമേ." എന്റെ വേട്ടയിറച്ചി എന്നു പറയാൻ ഇവൻ വേട്ടതേടി പോയില്ല. അമ്മയുണ്ടാക്കി കൊടുത്ത കോലാടിന്റെ മാംസമാണ് പാകം ചെയ്തുകൊണ്ട് വന്നിരിക്കുന്നത്! കണ്ണിന്റെ കാഴ്ചമങ്ങിയ അപ്പനോട് യാക്കോബ് മൂന്നു പച്ചക്കള്ളം പറയുകയാണ്. അതിനു കാരണം റിബെക്ക യാക്കോബിനെ അതിനു പ്രേരിപ്പിച്ചതാണ്.

അമ്മ മകന് പറഞ്ഞുകൊടുത്ത മാതൃക വ്യാജത്തിന്റെ മാതൃകയാണ്. ആ കുടുംബം തകരാൻ വേറെ എന്തു വേണം? Distinguished home, desperate home ആകാൻ വേറെ എന്തു വേണം? അനുഗൃഹീതമായ ഭവനം നിരാശ മുറ്റിയ ഭവനമാകുന്നു. ആ വീട്ടിൽ കലഹമുണ്ടാകുന്നു. ചേട്ടനും അനിയനും തമ്മിൽ മത്സരമാകുന്നു. അപ്പന്റെ കാലം കഴിയുമ്പോൾ അനിയനെ കൊല്ലാൻ ചേട്ടൻ ഉപായം ആലോചിക്കുന്നു. അത് അവൻ ഉറക്കെ പറയുന്നു. അമ്മ അത് കേൾക്കുന്നു. കുടുംബം ആകെ കലങ്ങുന്നു.

വചനത്തിനു പ്രാമാണ്യം കൊടുക്കാത്ത കുടുംബങ്ങൾ അപകടകരമാണെന്നു മനസ്സിലാക്കൂ. നാശത്തിലേക്കു നീങ്ങുകയാണെന്നു മനസ്സിലാക്കൂ. വചനത്തെ തടുക്കല്ലേ. വച

നത്തെ ധിക്കരിക്കല്ലേ. വചനം മുടക്കല്ലേ. അപകടങ്ങൾ വർദ്ധിക്കും. പ്രതിസന്ധികൾ വർദ്ധിക്കും. പ്രശ്നങ്ങൾ വർദ്ധിക്കും. വരുംകാല തലമുറയ്ക്ക് ചീത്ത മാതൃകയായി പോകും. വചനത്തിന് പ്രാമാണ്യം കൊടുത്തില്ല എന്നു മാത്രമല്ല, ചീത്ത മാതൃക കാണിച്ചു കൊടുത്തു. രണ്ട്, A doubting mother, അവിശ്വാസിയായ അമ്മ!

മൂന്നാമത്തേത് – യാക്കോബ്, a deceiving son. അനുഗ്രഹിക്കപ്പെട്ട കുടുംബത്തിൽ പിറന്ന മകൻ ഒരു ചതിയനായി, വഞ്ചകനായി മാറി; നുണയനായി മാറി. നല്ല മാതൃക നിങ്ങൾ കാണിച്ചു കൊടുത്തില്ലെങ്കിൽ നിങ്ങളുടെ മക്കൾക്കു നാശം വരും. നിങ്ങളുടെ സ്നേഹം, സൗമ്യത, താഴ്മ, ഹൃദയത്തിന്റെ നൈർമ്മല്യം എല്ലാം മക്കൾ കാണട്ടെ. ക്രിസ്തുവിനെ നിങ്ങളിൽക്കൂടി മക്കൾ കാണട്ടെ. തീർച്ചയായും ആ മക്കൾ നശിക്കയില്ല. ആ മക്കൾ അഭിവൃദ്ധിപ്പെട്ട് ഉയർന്നുയർന്ന് വരും.

നാലാമത്തേത്, a despairing brother! നിരാശപ്പെടുന്ന സഹോദരൻ! ഏശാവിന്റെ കരച്ചിൽ. ഭയാനകമായ അവസ്ഥയാണത്. അപ്പാ, നിനക്ക് ഒരനുഗ്രഹം മാത്രമേയുള്ളോ? അപ്പാ, എന്നെയും കൂടി അനുഗ്രഹിക്കണമേ. അവൻ അനുഗ്രഹത്തിനുവേണ്ടി കേഴുന്നുണ്ട്.

അനുഗ്രഹം വേണമെന്നുണ്ട്. പക്ഷേ, അവന്റെ ജീവിതത്തിൽ അരുതാത്തത് പലതും സംഭവിച്ചുപോയി. അവൻ ദൈവത്തിന്റെ വചനത്തിന് വിലകൊടുത്തില്ല. അവൻ ജ്യേഷ്ഠാവകാശത്തിന് വില കൊടുത്തില്ല. അവൻ ദൈവം കൊടുത്ത വചനത്തേയും ജ്യേഷ്ഠാവകാശത്തെയും അലക്ഷ്യമാക്കിക്കളഞ്ഞു. ദൈവം കൊടുത്ത അനുഗ്രഹത്തെ അലക്ഷ്യമാക്കിക്കളഞ്ഞു.

നമ്മുടെ ജീവിതത്തിൽ ഒന്നാംസ്ഥാനം ദൈവത്തിനു കൊടുത്തില്ലെങ്കിൽ, ദൈവത്തിന്റെ വചനത്തിന് പ്രാധാന്യം

കൊടുത്തില്ലെങ്കിൽ നമുക്ക് നഷ്ടമായിരിക്കും. നിരാശപ്പെടേണ്ടി വരും. ഈ വാക്കുകളെ വായിക്കുന്നവരാരും നിരാശപ്പെടാൻ ഇടവരരുത്. അയ്യോ, വേണ്ടായിരുന്നു, അങ്ങനെ സംസാരിക്കേണ്ടായിരുന്നു, അയ്യോ, ഞാൻ അങ്ങനെ പറഞ്ഞുപോയല്ലോ, ഇനി തിരുത്താൻ പറ്റില്ലല്ലോ. ഞാൻ ആ വഴിയ്ക്കു നീങ്ങരുതായിരുന്നു. അങ്ങനെ നിരാശപ്പെടാൻ നിങ്ങളിൽ ആർക്കും ഇടവരരുത്.

നിങ്ങളുടെ അവിശ്വാസങ്ങളും അധ:പതനങ്ങളും, വഞ്ചനയും കാപട്യവും അസത്യവും എല്ലാം മാറ്റി നിങ്ങളെ എഴുന്നേല്പിക്കാൻ അവന് മനസ്സാണ്. പെരുവെള്ളത്തിൽനിന്നു വലിച്ചെടുക്കുന്ന കരം ഇപ്പോൾ നിങ്ങളുടെ നേരെ നീട്ടിയിരിക്കുകയാണ്. ആ കരം നിങ്ങളെ പിടിച്ചെഴുന്നേൽപ്പിക്കുകയാണ്. ആ തൃക്കരത്തിലേക്കു നിങ്ങൾ വിട്ടുകൊടുക്കുക. യേശുവിനോടു നിങ്ങൾ വാക്കു പറയുക. യേശുവേ, എന്റെ മേൽ നിന്റെ സ്നേഹം പകരണമേ. എന്റെ മേൽ നിന്റെ ആത്മാവിറങ്ങണമേ. നിന്റെ ദിവ്യജീവൻ പകരണമേ. എന്റെ അധ:പതനം മാറ്റണമേ. എന്നെ ഉയിർത്തെഴുന്നേൽപ്പിക്കണമേ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

| | |
|---|---|
| രണ്ടാം ശനിയാഴ്ച | 9.00am - 2.00pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |